www.malankaralibrary.com

# രണ്ടാം വത്തിക്കാൻ കൗൺസിൽ

## ഒരു പഠനം




പി. ഒ. സി. പ്രസിദ്ധീകരണം

www.malankaralibrary.com

**കവർചിത്രങ്ങൾ**

**1. ഫ്രണ്ട് കവർ ചിത്രം**

രണ്ടാം വത്തിക്കാൻ കൗൺസിൽ സമ്മേളനത്തിന്റെ ഒരു ദൃശ്യം. റോമിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിലായിരുന്നു സമ്മേളനം.

**2. ബാക്ക് കവർചിത്രം**

സഭയുടെ നവീകരണം, ആധുനികീകരണം എന്നിവയും സകല രോടും തുറവിയോടെയുള്ള സംവാദവും ലക്ഷ്യമാക്കിയ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ചൈതന്യം വ്യാപകമായും തീവ്ര മായും കാലദേശാനുസൃതമായി കേരളസഭയിൽ സ്വീകരിക്കപ്പെ ടുന്നതിനുവേണ്ടി 2005 ഡിസംബർ 9, 10 തീയതികളിൽ പി.ഒ.സി. സംഘടിപ്പിച്ച കൗൺസിൽ റൂബിജൂബിലി പഠനസംഗമം ഉദ്ഘാ ടനം ചെയ്യുവാൻ എത്തിച്ചേർന്ന വത്തിക്കാൻ പ്രതിനിധി ആർച്ച്ബി ഷപ്പ് ഡോ. പെദ്രോ ലോപ്പസ് ക്വിന്താനയെ സ്വീകരിച്ചാനയിക്കുന്നു. കെ.സി.ബി.സി. പ്രസിഡന്റ് മേജർ ആർച്ച്ബിഷപ്പ് സിറിൾ മാർ ബസേലിയോസ്, ആർച്ച്ബിഷപ്പ് ഡാനിയേൽ അച്ചാരുപറമ്പിൽ, ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്, ബിഷപ്പ് മാർ തോമസ് ചക്യ ത്ത്, ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്, മന്ത്രി ശ്രീ. കെ. എം. മാണി, ശ്രീ. കെ. ബാബു എം. എൽ. എ. തുടങ്ങിയവരും സംഗമകമ്മിറ്റി അംഗങ്ങൾ, പി.ഒ.സി. സ്റ്റാഫ്, സമ്മേളനാംഗങ്ങൾ എന്നിവർ ചേർന്നാണ് സ്വീകരിച്ചത്. സമാപനസമ്മേളനം കെ. സി.ബി.സി. വൈസ് പ്രസിഡന്റ് ബിഷപ്പ് മാർ ജോർജ്ജ് പുന്ന ക്കോട്ടിൽ ഉദ്ഘാടനം ചെയ്തു. ജസ്റ്റിസ് കുര്യൻ ജോസഫ് മുഖ്യ പ്രഭാഷകനായിരുന്നു.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# രണ്ടാം വത്തിക്കാൻ കൗൺസിൽ

## ഒരു പഠനം

പി.ഒ.സി. പ്രസിദ്ധീകരണം

www.malankaralibrary.com

# രണ്ടാം വത്തിക്കാൻ കൗൺസിൽ

## ഒരു പഠനം

**രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ റൂബി ജൂബിയോടനുബന്ധിച്ച്**
**പി.ഒ.സി.യിൽ നടത്തിയ സംഗമത്തിൽ**
**അവതരിപ്പിച്ച പ്രബന്ധങ്ങൾ**

### പ്രബന്ധാവതാരകർ


മേജർആർച്ച്ബിഷപ്പ് സിറിൽ മാർ ബസേലിയോസ്

ആർച്ച്ബിഷപ്പ് ഡാനിയേൽ അച്ചാരുപറമ്പിൽ

ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്

റവ. ഡോ. പോൾ പുത്തനങ്ങാടി എസ്.ഡി.ബി.

റവ. ഡോ. മാനുവേൽ റിബേരോ ഒ.സി.ഡി.

പ്രൊഫ. കെ. ടി. സെബാസ്റ്റ്യൻ

റവ. ഡോ. ജോർജ്ജ് കാരക്കുന്നേൽ

റവ. ഡോ. ജോസഫ് തൊണ്ടിപ്പറമ്പിൽ

റവ. ഡോ. ഫിലിപ്പ് ചെമ്പകശ്ശേരി

റവ. ഡോ. വിൻസെന്റ് കുണ്ടുകുളം

റവ. ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ

റവ. ഡോ. പോൾ പുളിക്കൽ

റവ. ഡോ. ആൻണി നരികുളം

ഡോ. പുഷ്പ ജോസഫ് എഫ്. എം. എം

റവ. ഡോ. സക്കറിയാസ് പറനിലം (എഡിറ്റർ)


**പി. ഒ. സി. പ്രസിദ്ധീകരണം**

www.malankaralibrary.com

**Randam Vatican Council: Oru Padhanam**
[*Collection of papers read in the II Vatican Council's Ruby Jubilee Congress held in P.O.C. on 9-10 December, 2005*]

Published by : The Director, P.O.C., Palarivattom, Kochi 862 025.
Copyright to : The Publisher
Publication : 24th July, 2006
Printed at : Viani Printings, Kochi 18
Copies : 3,000
Price : Rs. 50/-

www.malankaralibrary.com

# ഉള്ളടക്കം


അവതാരിക ........ 9

1. കൂട്ടായ്മയുടെ ദർശനം ........ 13
-മേജർ ആർച്ച്ബിഷപ്പ് സിറിൾ മാർ ബസേലിയോസ്

2. കൗൺസിൽ: ഒരു ദൈവശാസ്ത്രവീക്ഷണം ........ 17
-ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്

3. വിശ്വാസസത്യങ്ങളുടെ ആധുനികീകരണം ........ 25
-ആർച്ച്ബിഷപ്പ് ഡാനിയേൽ അച്ചാരുപറമ്പിൽ

4. കൗൺസിൽ ഒരു സമഗ്രവീക്ഷണം ........ 27
-റവ. ഡോ. പോൾ പുത്തനങ്ങാടി S.D.B.
വിവർത്തനം: റവ. ഡോ. ജോർജ്ജ് കുരുക്കൂർ

5. ആധുനികസഭയുടെ അവസാനിക്കാത്ത വസന്തം ........ 47
-റവ. ഡോ. സക്കറിയാസ് പറനിലം

6. കൗൺസിലും സഭാദർശനവും ........ 57
-റവ. ഡോ. മാനുവേൽ റിബേരോ O.C.D.

7. അല്മായരുടെ വിളിയും ദൗത്യവും ........ 73
-പ്രൊഫ. കെ. ടി. സെബാസ്റ്റ്യൻ

8. സഭ ആധുനികലോകത്തിൽ ........ 91
-റവ. ഡോ. ജോർജ്ജ് കാരക്കുന്നേൽ

9. ബൈബിൾ ദൈവാവിഷ്കരണം ........ 113
-റവ. ഡോ. ജോസഫ് തൊണ്ടിപ്പറമ്പിൽ

10. സഭൈക്യപ്രസ്ഥാനം ........ 127
-റവ. ഡോ. ഫിലിപ്പ് ചെമ്പകശ്ശേരി

11. സഭയും ഇതരമതങ്ങളും ........ 147
-റവ. ഡോ. വിൻസന്റ് കുണ്ടുകുളം

12. സഭയും പ്രേഷിതപ്രവർത്തനവും ........ 165
-റവ. ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ

13. സ്ത്രീകളുടെ പ്രശ്നങ്ങളും വത്തിക്കാൻ കൗൺസിലും ........ 175
-ഡോ. പുഷ്പ ജോസഫ് F.M.M

14. ആരാധനാക്രമം വത്തിക്കാൻ കൗൺസിലിലും ശേഷവും .... 187
-റവ.ഡോ. ആന്റണി നരികുളം

15. കൗൺസിൽ വീക്ഷണം പ്രയോഗത്തിൽ ........ 201
-റവ. ഡോ. പോൾ പുളിക്കൽ

www.malankaralibrary.com

# അവതാരിക

യോഹന്നാൻ 23-ാമൻ മാർപാപ്പ കണ്ണുതുറന്ന് സഭയെയും സമകാലികലോകത്തെയും നോക്കി. കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചറിഞ്ഞു. വാതായനങ്ങൾ തുറന്നിടണം, സഭയ്ക്കകത്തെ പൊടിപടലങ്ങൾ അടിച്ചകറ്റണം, ശുദ്ധവായു നിറയണം... ഇരുപതാം നൂറ്റാണ്ടിലൊരു സാർവത്രികസൂനഹദോസ് - രണ്ടാം വത്തിക്കാൻ കൗൺസിൽ. നവീകരണം, ആധുനികീകരണം, സ്നേഹസംവാദം, അനുരൂപണം... ഉറവിടങ്ങളിലേക്ക് വിശുദ്ധമായ ഒരു തീർത്ഥയാത്ര-വിശുദ്ധഗ്രന്ഥത്തിലേക്ക്, അപ്പസ്തോലികപാരമ്പര്യത്തിലേക്ക്, ആരാധനക്രമങ്ങളിലെ വിശ്വാസധാരയിലേക്ക്... യേശു വിഭാവന ചെയ്ത സഭയുടെ യഥാർത്ഥമുഖം. വികസിച്ചു നിൽക്കേണ്ടതായ സഭാജീവിതത്തിന്റെ മുഖം. ക്രൈസ്തവജീവിതത്തിന്റെ സർവമേഖലകളെയും സ്പർശിക്കുന്ന ഒരു സമഗ്ര പദ്ധതിക്കാണ് കൗൺസിൽ ആരംഭം കുറിച്ചത്. സകലവിശ്വാസികളിലും അലയടിക്കേണ്ട ഗുണപരമായ ഒരു മാറ്റത്തിന്റെ കാഹളം. അനേകവർഷം നീണ്ടുനിൽക്കുന്ന അലയടി. കൗൺസിലിൽ ആരംഭിച്ച ഈ ചലനം കേരള സഭ ഏറ്റുവാങ്ങുന്നതിന് കൗൺസിലിന്റെ സന്തതിയെന്ന് വിശേഷിപ്പിക്കാവുന്ന പി.ഒ.സി. കൗൺസിൽ സമാപനത്തിന്റെ റൂബിജൂബിലി അഖിലകേരളാടിസ്ഥാനത്തിൽ ആചരിക്കുകയുണ്ടായി. അതിനോടനുബന്ധിച്ച് 2005 ഡിസംബർ 9, 10 തീയതികളിൽ നടന്നതും വത്തിക്കാൻ പ്രതിനിധി പെദ്രോ ലോപ്പസ് ക്വിന്താന ഉദ്ഘാടനം ചെയ്തതുമായ സംഗമത്തിലെ പ്രസംഗങ്ങളും പ്രബന്ധങ്ങളും ഇപ്പോൾ ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിക്കുന്നത് സംഗമത്തിൽ പങ്കെടുക്കാൻ സാധിക്കാത്തവർക്കും പ്രയോജനകരമാകും. സംഗമത്തിൽ തീരുമാനിക്കപ്പെട്ട സുവർണജൂബിലിയുടെ ഒരുക്കമായ ദശവത്സരപദ്ധതി വിജയിപ്പിക്കാനും ഈ ഗ്രന്ഥം സഹായിക്കുമെന്ന് പ്രതീക്ഷയുണ്ട്.

www.malankaralibrary.com

റൂബിജൂബിലി സംഗമത്തിന്റെ ഉദ്ഘാടനസമ്മേളനത്തിൽ പങ്കെടുത്ത കെ.സി.ബി.സി പ്രസിഡന്റ് മേജർ ആർച്ച്ബിഷപ്പ് സിറിൽ മാർ ബസേലിയോസിന്റെയും, ആർച്ച്ബിഷപ്പ് ഡോ.ഡാനിയേൽ അച്ചാരുപറമ്പിലിന്റെയും, കെ.സി.ബി.സി തിയോളജി കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ടിന്റെയും ദൈവശാസ്ത്രപരവും അജപാലനപരവുമായ പ്രഭാഷണങ്ങൾ കൗൺസിലിന്റെ ആത്മാവിനെ കണ്ടെത്തുവാൻ സഹായിക്കുന്നു.

ബാംഗ്ലൂരിലുള്ള N.B.C.L.C കേന്ദ്രീകരിച്ച് അഖിലേന്ത്യാതലത്തിൽ കൗൺസിൽ പ്രബോധനങ്ങൾ പ്രചരിപ്പിക്കാനും പ്രാവർത്തികമാക്കാനും ദീർഘനാൾ നേതൃത്വം നൽകിയിട്ടുള്ള റവ.ഡോ.പോൾ പുത്തനങ്ങാടി S.D.B. കൗൺസിലിന്റെ വിജ്ഞാനപ്രദമായ ഒരു സമ്യഗ്ദർശനം അവതരിപ്പിക്കുന്ന പ്രബന്ധമാണ് "കൗൺസിൽ ഒരു സമഗ്രവീക്ഷണം". റൂബിജൂബിലിയോടനുബന്ധിച്ച് കൗൺസിലിന്റെ ആഭിമുഖ്യങ്ങളും നൂതനമായ സമീപനങ്ങളും തുടർപ്രസക്തിയും വിശദമാക്കിക്കൊണ്ട് കേരളത്തിലെ ആനുകാലികങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ട ലേഖനമാണ് ആവശ്യമായ ഭേദഗതികളോടെ ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ള ഫാ. സക്കറിയാസ് പറനിലത്തിന്റെ "ആധുനിക സഭയുടെ അവസാനിക്കാത്ത വസന്തം." കളമശ്ശേരിയിലെ ജ്യോതിർഭവൻ ഡയറക്ടർ ആയി സേവനം ചെയ്യുന്ന റവ. ഡോ. മാനുവൽ റിബേരോ O.C.D. ജനതകളുടെ പ്രകാശം (L.G) എന്ന താത്വിക (dogmatic) പ്രമാണരേഖ വിശകലനം ചെയ്ത് കൗൺസിലിന്റെ സഭാവിജ്ഞാനീയം വ്യക്തമാക്കുന്നു, "കൗൺസിലും സഭാദർശനവും" എന്ന പണ്ഡിതോചിതമായ പ്രബന്ധത്തിൽ. ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രൊഫസറും അന്തർദേശീയതലത്തിൽ അംഗീകാരം നേടിയിട്ടുള്ള ദൈവശാസ്ത്രജ്ഞനുമായ റവ. ഡോ. ജോർജ്ജ് കാരക്കുന്നേൽ സഭയെക്കുറിച്ചു തന്നെയുള്ള അജപാലനപരമായ പ്രമാണരേഖ (G.S) ആധികാരികമായി അവതരിപ്പിക്കുന്നു, "സഭ ആധുനികലോകത്തിൽ" എന്ന പ്രബന്ധത്തിലൂടെ. അല്മായ പ്രതിനിധിയായി റോമിലെ സിനഡിൽ പങ്കെടുക്കുകയും സഭയിലെ അല്മായ സ്ഥാനത്തെക്കുറിച്ച് ആധികാരിക ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തിട്ടുള്ള പ്രൊഫ. കെ. ടി. സെബാസ്റ്റ്യൻ അവതരിപ്പിച്ച ശ്രദ്ധേയമായ പ്രബന്ധമാണ് "അല്മായരുടെ വിളിയും ദൗത്യവും."

"ബൈബിൾ-ദൈവാവിഷ്കരണം" എന്ന പ്രബന്ധത്തിൽ കൗൺസിലിന്റെ അടിസ്ഥാനരേഖകളിലൊന്നായ ദൈവാവിഷ്കരണത്തിന്റെ ചുരുളഴിക്കുന്നു, ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ റവ. ഡോ. ജോസഫ് തൊണ്ടിപ്പറമ്പിൽ. സഭൈക്യം എന്ന ഡിക്രിയും അതേത്തുടർന്നുള്ള എക്യുമെനിക്കൽ വളർച്ചയും പഠനവിഷയമാക്കുന്നു, തിരുവനന്തപുരം സെന്റ് മേരീസ് മലങ്കര കത്തോലിക്കാ സെമിനാരിയിലെ റവ. ഡോ.

www.malankaralibrary.com

ഫിലിപ്പ് ചെമ്പകശ്ശേരി. സഭയ്ക്ക് ഇതരമതങ്ങളോടുള്ള ബന്ധത്തെക്കുറിച്ചുള്ള കൗൺസിൽ പ്രഖ്യാപനവും തുടർന്നുണ്ടായ ബന്ധപ്പെട്ട പ്രബന്ധങ്ങളും വിശകലനം ചെയ്യുകയാണ് ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ റവ. ഡോ. വിൻസന്റ് കുണ്ടുകുളം "സഭയും ഇതരമതങ്ങളും" എന്ന പ്രബന്ധത്തിൽ. പ്രേഷിതപ്രവർത്തനത്തെക്കുറിച്ചുള്ള കൗൺസിൽ പ്രബോധനവും കൗൺസിലിനുശേഷമുണ്ടായ സമീപനങ്ങളുമാണ് ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ റവ. ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ അവതരിപ്പിക്കുന്ന "സഭയും പ്രേഷിതപ്രവർത്തനവും" എന്ന പ്രബന്ധം. കൗൺസിലിന്റെ പ്രബോധനങ്ങളെ കേരള സഭ എത്രമാത്രം സ്വീകരിച്ചുവെന്നും എത്രമാത്രം നടപ്പിലാക്കിയെന്നും പരിശോധിക്കുകയാണ് റവ. ഡോ. പോൾ പുളിക്കന്റെ "കൗൺസിൽ വീക്ഷണം പ്രയോഗത്തിൽ" എന്ന പ്രബന്ധത്തിൽ.

രണ്ടു പ്രബന്ധങ്ങൾ "മതവും ചിന്തയും" എന്ന ദ്വൈമാസികയിൽനിന്ന് സാനുവാദം പുനഃപ്രസിദ്ധീകരിക്കുന്നവയാണ്. അവയിൽ ഒന്നാമത്തേത്, ആരാധനക്രമത്തെ സംബന്ധിച്ച് കൗൺസിലിനുണ്ടായിരുന്ന ആശയങ്ങളിലേക്കും അവയുടെ നടപ്പാക്കൽ പ്രക്രിയയിലേക്കും എത്തിനോക്കുകയാണ്, ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ദീർഘകാലമായി ആരാധനക്രമത്തിന്റെ പ്രൊഫസ്സറായിരിക്കുന്ന റവ.ഡോ. ആന്റണി നരികുളം. രണ്ടാമത്തെ പ്രബന്ധമാകട്ടെ, മദ്രാസ് യൂണിവേഴ്സിറ്റിയുടെ ക്രിസ്റ്റ്യൻ പഠനപീഠത്തിലെ അധ്യാപികയായ സിസ്റ്റർ ഡോ. പുഷ്പ ജോസഫ് എഫ്. എം. എം. അവതരിപ്പിച്ചതാണ്. വത്തിക്കാൻ കൗൺസിലിന് സ്ത്രീകളെ സംബന്ധിച്ചുണ്ടായിരുന്ന ഭാവാത്മകവും പ്രചോദനാത്മകവുമായ വീക്ഷണമാണതിൽ.

പ്രബന്ധകർത്താക്കൾക്ക് സ്നേഹാദരപൂർവം നന്ദി രേഖപ്പെടുത്തുന്നു. ഈ സംഗമത്തിന്റെ സംഘാടകരായ റവ. ഡോ. മരിയാൻ അറയ്ക്കലിനും, കമ്മിറ്റിക്കാർക്കും, പി.ഒ.സി.യുടെ സ്റ്റാഫ് മെമ്പേഴ്സിനും, പ്രബന്ധങ്ങളുടെ ഭാഷാപരിശോധന നടത്തിയ ജനറൽ എഡിറ്റർ റവ. ഡോ. ജോർജ്ജ് കുരുക്കൂറിനും, മിസ്സിസ് യുബി ലോറൻസിനും ടൈപ്പുസെറ്റിംഗ് നടത്തിയ മിസ്സ്. അന്ന മേരി, മിസ്സിസ്. ഷിൻസി ഡൊമിനിക്ക് എന്നിവർക്കും, അച്ചടി ഭംഗിയായി നടത്തിയ വിയാനി പ്രിന്റിംഗ്സ് പ്രവർത്തകർക്കും ഹൃദയപൂർവം കൃതജ്ഞതയുടെ നറുമലരുകളർപ്പിക്കുന്നു.

| | |
|---|---|
| പി.ഒ.സി. | ഫാ. സക്കറിയാസ് പറനിലം |
| പാലാരിവട്ടം | ഡയറക്ടർ, പി.ഒ.സി. |
| 19.07.2006 | ഡെപ്യൂട്ടി സെക്രട്ടറി, കെ.സി.ബി.സി. |

www.malankaralibrary.com

## കൂട്ടായ്മയുടെ ദർശനം

**മേജർ ആർച്ചുബിഷപ്പ് സിറിൾ മാർ ബസേലിയോസ്**
*(റൂബിജൂബിലി സംഗമത്തിന്റെ ഉദ്ഘാടന സമ്മേളനത്തിൽ നടത്തിയ അധ്യക്ഷപ്രസംഗത്തിൽ നിന്ന്)*

Your Grace the Apostolic Nuncio, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ റൂബി ജൂബിലി നാം ആഘോഷിക്കുകയാണല്ലോ. ഈ സൂനഹദോസ് കത്തോലിക്കാ സഭയുടെ ചരിത്രത്തിലെ ഏറ്റം പ്രധാനപ്പെട്ട സംഭവമാണ്. ഈ സംഭവത്തിന്റെ അലയടികൾ ഇന്നും ലോകത്ത് മാറ്റൊലി കൊള്ളുന്നു എന്നതിന്റെ അടയാളമാണ് ഈ സമ്മേളനം.

തിരുസ്സഭയെ സംബന്ധിച്ച് ഒരു നവദർശനം ലോകത്തിനു നല്കുവാൻ ഇതുവഴി കഴിഞ്ഞു എന്നത് എടുത്തുപറയേണ്ടതാണ്. സഭ ഒരു സംഘടനയല്ലെന്നും, അതൊരു കൂട്ടായ്മയാണെന്നും, സ്നേഹത്തിലധിഷ്ഠിതമായ കൂട്ടായ്മയിൽ സഭ ബന്ധിതമാണെന്നും സൂനഹദോസ് ലോകത്തെ പ്രത്യേകം അറിയിച്ചു. പഴയനിയമത്തിന്റെ നിഴലിലും പുതിയനിയമത്തിന്റെ തികവിലും ഈ കൂട്ടായ്മയെ എടുത്തു കാട്ടിയിട്ടുണ്ട്. മറ്റുവാക്കുകളിൽ പറഞ്ഞാൽ ദൈവികജീവനിൽ പങ്കാളികളാകുന്നവരുടെ സമൂഹമാണ് സഭയെന്ന് സൂനഹദോസ് തെളിയിച്ചു. ഈ ദൈവികജീവൻ മറ്റുള്ളവർക്കു മനസ്സിലാക്കി കൊടുക്കുകയും, അവരെ ഇതിൽ പങ്കാളികാളാക്കുകയും ചെയ്യുക എന്നതാണ് ഇന്ന് സഭയുടെ ഏറ്റവും

www.malankaralibrary.com



പ്രധാനപ്പെട്ട ദൗത്യം. ഈ ദൗത്യത്തിലേക്ക് നമ്മുടെ ശ്രദ്ധ തിരിയണം എന്നത് അനുപേക്ഷണീയമാണ്.

അങ്ങനെ ദൈവികജീവനിൽ നാം പങ്കുചേരുമ്പോൾ, സ്നേഹത്തിന്റെ കൂട്ടായ്മയായിട്ടാണ് സഭ തന്നെത്തന്നെ അനുഭവവേദ്യമാക്കുന്നത്. സഭ അങ്ങനെ സ്നേഹത്തിന്റെ കൂട്ടായ്മയായി നിലകൊള്ളുന്നു. വി.ഗ്രന്ഥത്തെ നാം പൊതുവേ അംഗീകരിച്ചിരിക്കുന്നത് പഴയനിയമത്തിന്റെയും പുതിയ നിയമത്തിന്റെയും സമുച്ചയമായിട്ടാണല്ലോ. പഴയനിയമത്തിൽ ഒരു പഴയനിയമമുണ്ട്. ദൈവികപ്രചോദനത്താൽ ദൈവത്തെ അന്വേഷിക്കുന്നവന്റെ ചരിത്രമാണ് അതിലുള്ളത്. അതിൽ മതത്തിനും സംസ്കാരത്തിനും ഭാഗഭാഗിത്വമുണ്ട്. ദൈവികസ്നേഹം അന്വേഷിച്ചിറങ്ങുന്നവന് അതുകാട്ടികൊടുക്കുകയെന്നത് ഏറ്റവും ഉത്തരവാദിത്വപൂർണമായ ദൗത്യമാണ്. ഈ ദൗത്യമാണ് പുതിയനിയമത്തിൽ സഭ ഏറ്റെടുത്തിരിക്കുന്നത്. ഈ ദൗത്യനിർവഹണത്തിന് എല്ലാ മതങ്ങളോടും, സംസ്കാരങ്ങളോടും ഒരു തുറവി ആവശ്യമാണ്. ഈ തുറവിയാണ് വത്തിക്കാൻ കൗൺസിൽ വ്യക്തമാക്കിയിരിക്കുന്നത്. ആയതിനാൽ മതാന്തരസംവാദത്തിന് പ്രാധാന്യം ഏറുന്നു. ഈ വസ്തുത എല്ലാവർക്കും അറിയുവാൻ പാടില്ലാത്തതുകൊണ്ട് ചില പ്രശ്നങ്ങളും ഉണ്ടാകാറുണ്ട്. എന്നാൽ നാം മനസ്സിലാക്കുവാൻ കടപ്പെട്ടവരാണ്. അപ്പോൾ, വത്തിക്കാൻ കൗൺസിലിന്റെ മാർഗരേഖ അനുസരിച്ച് ഈ വലിയ സമൂഹത്തോട് നാം സംവാദത്തിൽ ഏർപ്പെടേണ്ടതാണ്. "Some one with other religion, dialogue with everyone". ഇതായിരിക്കണം നമ്മുടെ മനസ്സുകളിൽ കുടികൊള്ളുന്ന തത്ത്വം.

എന്റെ ഈ ആശയം അവതരിപ്പിച്ചപ്പോൾ BBC വിളിച്ചു ചോദിച്ചു. Are you ready for dialogue with every one? Do you know the meaning of dialogue? അവരുടെ അഭിപ്രായത്തിൽ ആളുകളെ കണ്ടുപിടിച്ച്, തെരഞ്ഞെടുത്തു നടത്തുന്ന ഒരു സംഭാഷണമാണ് ഡയലോഗ്. Everybody. we are open to every one. അതുകൊണ്ട് ക്രിസ്ത്യാനികൾ മാത്രമല്ല, എല്ലാവരും നമ്മുടെ സംവാദത്തിൽ ഉൾപ്പെടണം. ഒരു പെന്തിക്കൊസ്തു പാസ്റ്റർ എനിക്കൊരു കത്തയച്ചുതന്നു. അതിൽ അദ്ദേഹം നീരസത്തോടെ പറഞ്ഞിരിക്കുന്നത്, "We are not ready to dialogue with Bejarangdal and RSS" എന്നാണ്. അദ്ദേഹം ആ കത്ത് അവസാനിപ്പിച്ചിരിക്കുന്നത്, "why don't you dialogue with devil"? എന്നു ചോദിച്ചുകൊണ്ടാണ്.

www.malankaralibrary.com



ഞാൻ ഉപസംഹരിക്കുകയാണ്. യേശുവിന്റെ വലിയ സുവിശേഷം എല്ലാവരും അറിയണമെങ്കിൽ ഡയലോഗിന്റെ തലങ്ങൾ നാം അറിയണം. ഇതാ, ഒരുമിച്ചു നമ്മൾ നടന്നു നീങ്ങുന്നു. അതാണ് ഡയലോഗ്.

മനഃസാക്ഷി സ്വാതന്ത്ര്യത്തെക്കുറിച്ചും, ഡയലോഗിനെക്കുറിച്ചും, വത്തിക്കാൻ കൗൺസിൽ തന്നെ ഒരു ഡിക്രി പുറപ്പെടുവിച്ചിട്ടുണ്ട്. അതുകൊണ്ട്, എക്യുമെനിസത്തെപ്പറ്റി, മറ്റുസഭകളും മതങ്ങളും തമ്മിലുള്ള ബന്ധത്തെപ്പറ്റി നാം അറിഞ്ഞിരിക്കണം. ഈ വിഷയത്തെസംബന്ധിച്ച് വേണ്ടത്ര അറിവ് ഇനിയും എല്ലാവർക്കും ലഭിച്ചിട്ടില്ല.

സഭ എന്താണ്? സഭയെ എങ്ങനെ ആധുനികീകരിക്കണം? സഭ എങ്ങനെ മറ്റുള്ള സമൂഹങ്ങളുമായി ബന്ധപ്പെടണം? സഭയുടെ ദൗത്യമെന്താണ്? ഈ ചോദ്യങ്ങളെല്ലാം വളരെ പ്രസക്തവും ശ്രദ്ധാർഹവുമാണ്. വത്തിക്കാൻ കൗൺസിൽ റൂബി ജൂബിലി നാം ആഘോഷിക്കുമ്പോൾ യഥാർത്ഥത്തിൽ, പ്രധാനപ്പെട്ട വിഷയങ്ങളിലേക്ക് നാം പ്രവേശിക്കുകയാണ്. കേരളസഭയെ സംബന്ധിച്ചിടത്തോളം ഇത് വലിയൊരു ആഹ്വാനമാണ്. നമ്മാൽ കഴിയുന്നതൊക്കെ ചെയ്യാം എന്ന പ്രതീക്ഷയോടുകൂടി എന്റെ ഈ വാക്കുകൾ ഉപസംഹരിക്കുന്നു.

www.malankaralibrary.com

# കൗൺസിൽ: ഒരു ദൈവശാസ്ത്രവീക്ഷണം

**ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്**

*(റൂബിജൂബിലി സംഗമത്തിന്റെ ഉദ്ഘാടനസമ്മേളനത്തിൽ നടത്തിയ അനുഗ്രഹപ്രഭാഷണത്തിൽ നിന്ന്)*

1959 ജനുവരി 25-ന്, വി. പൗലോസിന്റെ മാനസാന്തരദിവസത്തിലാണ് ഒരു പുതിയ സാർവത്രിക സൂനഹദോസിനെക്കുറിച്ചുള്ള ചിന്ത പരിശുദ്ധപിതാവിന്റെ മനസ്സിൽ കടന്നുകൂടിയത്. മിശിഹായുടെ സഭയുടെ തനിമ മനസ്സിലാക്കുവാൻ ഉറവിടങ്ങളിലേക്ക് തിരിച്ചുപോവുക (Resourcement), കാലഘട്ടത്തിന്റെ വികാരങ്ങൾ മനസ്സിലാക്കി സഭയെ നവീകരിക്കുക (Aggiornomento) എന്നീ അടിസ്ഥാനപരമായ വീക്ഷണങ്ങളോടെയാണു ജോൺ 23-ാം പാപ്പാ (+1963) രണ്ടാം വത്തിക്കാൻ സൂനഹദോസ് വിളിച്ചു കൂട്ടിയത്. സൂനഹദോസ് 1962 ഒക്ടോബർ 11-ന് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. "തിരുസ്സഭാ മാതാവ് ഇന്നു ഹർഷപുളകിതയാകുന്നു" എന്ന് ഉദ്ഘാടന പ്രസംഗത്തിൽ പരിശുദ്ധ പിതാവ് പറഞ്ഞു. 1965 ഡിസംബർ 8-ന് സൂനഹദോസ് സമാപിച്ചു. ഈടുറ്റ 16 പ്രമാണരേഖകൾ ഈ സൂനഹദോസ് പ്രസിദ്ധീകരിച്ചു. അതിൽ 4 കോൺസ്റ്റിറ്റ്യൂഷനുകളും 9 ഡിക്രികളും, 3 പ്രഖ്യാപനങ്ങളും ഉൾപ്പെടുന്നു. ഇവയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതും ആഴത്തിലുള്ള പഠനങ്ങൾ ഉൾക്കൊള്ളുന്നതും കോൺസ്റ്റിറ്റ്യൂഷനുകളാണ്. പൗരസ്ത്യസഭകളെ സംബന്ധിച്ചിടത്തോളം, പൗരസ്ത്യ സഭ

www.malankaralibrary.com



കളെക്കുറിച്ചും, എക്യുമെനിസ്സത്തെക്കുറിച്ചുമുള്ള ഡിക്രികൾ ഏറ്റവും പ്രാധാന്യമർഹിക്കുന്നവയാകുന്നു.

ക്രൈസ്തവ വിശ്വാസത്തിന്റെ പാവന നിക്ഷേപം സുഭദ്രമായി സംരക്ഷിക്കുകയും പഠിപ്പിക്കുകയും ചെയ്യുക എന്നതാണ് സാർവത്രികസൂനഹദോസിന്റെ പരമപ്രധാനമായ ധർമ്മം. കുറവു കൂടാതെ സംരക്ഷിക്കപ്പെട്ട ആ സത്യങ്ങൾ ക്രിസ്തീയതയുടെ പൊതുപൈതൃകമാണ്. ഈ നിക്ഷേപം ഗവേഷണബുദ്ധിയോടെ പഠിച്ചു നവീന പ്രബോധനരീതികളിൽ ആവിഷ്കരിക്കേണ്ടതുണ്ട്. ഈ ലക്ഷ്യത്തോടെ സഭയെ വാത്സല്യപൂർണയായ അമ്മയായി ഈ സൂനഹദോസ് ആവിഷ്കരിക്കുന്നു. ശാപവചനങ്ങൾ ഉച്ചരിക്കാനല്ല, സഭയുടെ നിക്ഷേപത്തിന്റെ ആധികാരികത വ്യക്തമാക്കാനാണ് ഈ സൂനഹദോസ് പരിശ്രമിച്ചത്. അപ്രകാരം ജീവദായകമായ തന്റെ സനാതനസത്യരത്നാകരം എല്ലാവർക്കുമായി സഭ ഒരിക്കൽകൂടി തുറക്കുന്നു. മനുഷ്യകുലം മുഴുവന്റെയും ഐക്യമാണ് അതിന്റെ ലക്ഷ്യം. ഈ സൂനഹദോസിന്റെ ദൈവശാസ്ത്ര ഉൾക്കാഴ്ചയിലേക്ക് ഒന്നിറങ്ങിച്ചെല്ലാൻ 23-ാം ജോൺ മാർപാപ്പയുടെ ഉദ്ഘാടന പ്രസംഗത്തിലെ താഴെപ്പറയുന്ന വാക്കുകൾ സഹായിക്കും: "ഇന്നാരംഭിക്കുന്ന ഈ സൂനഹദോസ് സഭയെ സംബന്ധിച്ചിടത്തോളം ഒരു പുത്തൻ പ്രഭാതമാണ്. ഒരു ഉജ്ജ്വല പ്രകാശത്തിന്റെ മുന്നോടി. ഇപ്പോൾ പ്രഭാതമായതേയുള്ളു. ഈ പൊൻപുലരിയിൽതന്നെ എത്രമാത്രം ആനന്ദമാണ് നമ്മുടെ ഉള്ളിൽ".

കത്തോലിക്കാസഭയുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ മെത്രാന്മാരും ദൈവശാസ്ത്രജ്ഞന്മാരും പങ്കെടുത്ത ഈ സൂനഹദോസിന് ഒരു സഭാത്മക ആധ്യാത്മിക തരംഗം തന്നെ സൃഷ്ടിക്കുവാൻ സാധിച്ചു. സഭയെ സംബന്ധിച്ച മർമപ്രധാനമായ പല സമീപനങ്ങളും സ്വീകരിച്ചു. ചില തിരുത്തിക്കുറിക്കലിലൂടെ സഭയ്ക്ക് ഉള്ളിലേക്ക് ഒരു പുതിയ നോട്ടം നോക്കുവാൻ കഴിഞ്ഞു. ദൈവാരാധനയിൽ അധിഷ്ഠിതമായ ഒരു ദൈവശാസ്ത്രസമീപനത്തിനും, സഭാത്മകമായ ഒരു ആദ്ധ്യാത്മിക ശൈലിക്കും പ്രാമുഖ്യം നൽകുവാൻ ഈ സൂനഹദോസിന് കഴിഞ്ഞു എന്നത് കാലം കൊണ്ട് കോട്ടം തട്ടാൻ പാടില്ലാത്ത ഒരു സംഭാവനയായി നിലനിൽക്കുന്നു. സഭയെ കൂട്ടായ്മയായി കാണാ

www.malankaralibrary.com



നും, ആ കൂട്ടായ്മയുടെ അടിസ്ഥാനം ത്രിത്വത്തിലെ കൂട്ടായ്മയാണെന്ന് കണ്ടെത്താനും സാധിച്ചു. വി.ഗ്രന്ഥത്തിൽ നിന്നും, സഭാപിതാക്കന്മാരിൽനിന്നും, ആധ്യാത്മിക ഗ്രന്ഥകാരന്മാരിൽനിന്നും, പുരാതനമായ ആരാധനക്രമങ്ങളിൽനിന്നും, വിശുദ്ധന്മാരും രക്തസാക്ഷികളുമായ പുണ്യപുരുഷന്മാരിൽനിന്നും, ശക്തി സമ്പാദിച്ചുകൊണ്ടുള്ള ഒരു ദൈവശാസ്ത്രവീക്ഷണമാണ് ഈ സൂനഹദോസ് ഉന്നംവച്ചത്. പിറകോട്ടു നോക്കുന്നത് മുമ്പോട്ട് ഓടുമ്പോൾ തട്ടിവീഴാതിരിക്കാനാണ് എന്ന തത്ത്വം ഇവിടെ സ്വീകരിക്കപ്പെട്ടിരിക്കുന്നു. വിശ്വാസസത്യങ്ങളുടെ കൈമാറ്റത്തിൽ സഭ കാത്തുപോരുന്ന നൈരന്തര്യം, ഇടമുറിയാത്ത തുടർച്ച ഈ സൂനഹദോസിന്റെ പ്രമാണരഖകളിൽ നമുക്കു കണ്ടെത്തുവാൻ കഴിയും. ആധുനിക ലോകത്തിന്റെ ആവശ്യങ്ങൾ മുന്നിൽകണ്ട് സഭാശാസ്ത്രത്തെ നവീകരിക്കുകയും വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യം മനസ്സിൽ താലോലിച്ച് അജപാലന സ്വഭാവത്തിന് ഊന്നൽ നൽകിയ സൂനഹദോസാണിത്. ദൈവശാസ്ത്രത്തിന്റെ വിവിധ മേഖലകളിൽ ഈടുറ്റതും പുതുമനിറഞ്ഞതുമായ സമീപനങ്ങളും ഊന്നലുകളും ഈ പ്രമാണരേഖകളിൽ ഉടനീളം കാണാം.

രണ്ടാം വത്തിക്കാൻ സൂനഹദോസ് പൊതുവിൽ Pastoral Council, അജപാലനസൂനഹദോസ് എന്നാണ് അറിയപ്പെടുന്നത്. അതു തന്നെ ഒരു പുത്തൻ ഉണർവ് പ്രദാനം ചെയ്തു. സഭയിലെ അജപാലനശുശ്രൂഷയ്ക്ക് ഉചിതമായ ഊന്നൽ കൊടുക്കുവാനും അതു കാരണമാക്കി. ഒപ്പം ഇതു സഭയുടെ കൗൺസിൽ എന്നും വിളിക്കപ്പെടുന്നു. സഭ എന്താണെന്നു പഠിക്കുക എന്നതു മാത്രമായിരുന്നു ഇതിന്റെ ലക്ഷ്യം. സഭ സ്വായത്തമാക്കേണ്ട സ്വയാവബോധത്തിലേക്ക് എല്ലാവരെയും ക്ഷണിക്കുവാൻ ഈ കൗൺസിലിനു കഴിഞ്ഞു. ഈ കൗൺസിലിന് ഒരു വടക്കുനോക്കിയന്ത്രത്തിന്റെ ദൗത്യമാണുള്ളത്. അതായത്, വിശ്വാസികൾക്ക് ശരിയായ ദിശാബോധം പ്രദാനം ചെയ്യുക. ലക്ഷ്യത്തിലേക്കുള്ള ഒരു ചൂണ്ടുപലകയായിരുന്നു കൗൺസിൽ.

യൂറോപ്പിനും അമേരിക്കയ്ക്കും ദൈവശാസ്ത്രത്തിൽ ഉണ്ടായിരുന്ന ഒരു തരം സർവാധീശത്വത്തിന് ഒരു പരിധിവരെ കടിഞ്ഞാണിടാനും നിയന്ത്രിക്കാനും ഈ സൂനഹദോസിന് സാധിച്ചു. ദൈവശാ

www.malankaralibrary.com



സ്ത്രത്തിലുണ്ടായിരുന്ന ഏകപക്ഷീയ വഴികളെ നിരുത്സാഹപ്പെടുത്തി. പൗരസ്ത്യദൈവശാസ്ത്രത്തിന്റെ മഹിമയും, പ്രാധാന്യവും, തനിമയും എടുത്തുകാണിക്കുവാൻ ഏറെ പരിശ്രമങ്ങൾ നടത്തി. അതേത്തുടർന്നു കത്തോലിക്കാ ദൈവശാസ്ത്രത്തിന്റെ അസ്തിവാരമായിട്ടു നിന്നിരുന്ന സ്കൊളാസ്റ്റിക് ചിന്താരീതിയെക്കുറിച്ച് ഒരു പുനർവിചിന്തനം തന്നെ നടത്തുകയുണ്ടായി. ആ ചിന്താഗതിക്ക് അപ്പുറത്തേക്കും നാം നോക്കണമെന്നും സഭയുടെ ആരംഭകാല ദൈവശാസ്ത്രസമീപനങ്ങൾ കൂടുതൽ പ്രാധാന്യമർഹിക്കുന്നവയാണെന്നും ഈ കൗൺസിൽ കണ്ടെത്തി. ഒപ്പം ഉറവിടങ്ങളിൽ അധിഷ്ഠിതമല്ലാത്ത ദൈവശാസ്ത്രചിന്തകളുടെ പാപ്പരത്തം വെളിപ്പെടുത്തുകയും ചെയ്തു.

രണ്ടാം വത്തിക്കാൻ സൂനഹദദാസിന്റെ സർവപ്രധാനമായ സംഭാവന സഭ, സഭകളുടെ കൂട്ടായ്മയാണ് എന്ന കണ്ടെത്തലാണ്. ആദിമസഭയുടെ ചൈതന്യമാണു വീണ്ടും നാം കാണുന്നത്. എല്ലാ ശ്ലൈഹിക സഭകളും തുല്യപ്രാധാന്യമുള്ളവയാണെന്നും അവ കാത്തുസൂക്ഷിക്കുന്ന സനാതനസത്യങ്ങൾ സാർവത്രികസഭയുടെ പൊതു സമ്പത്താണെന്നും പഠിപ്പിച്ചപ്പോൾ സഭാവിജ്ഞാനീയത്തിലെ അനശ്വരസത്യം നാം വീണ്ടെടുക്കുകയായിരുന്നു. ഈ ചിന്തകളോടൊപ്പം ചരിത്രപഠനത്തിനു മുൻതൂക്കം നൽകുകയും ദൈവശാസ്ത്രത്തിൽതന്നെ ചരിത്രപരമായ ഒരു സമീപനം പുലർത്തണമെന്നു നിർബന്ധം പിടിക്കുകയും ചെയ്തു. ഈ ചരിത്രപരമായ സമീപനം (historical approach) പല സത്യങ്ങളിലേക്കും കണ്ണുതുറപ്പിച്ചു.

സാധ്യമായ മേഖലകളിലെല്ലാം ഐക്യം സൃഷ്ടിക്കുക എന്നതായിരുന്നു രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രമുഖലക്ഷ്യം. വിവിധ സഭകൾ തമ്മിലുള്ള ഐക്യമായിരുന്നു പ്രഖ്യാപിതലക്ഷ്യം. ഈ സൂനഹദോസ് പുതിയ ഒരു പിളർപ്പ് സൃഷ്ടിക്കുകയോ, പുതിയ ഒരു വിഭാഗത്തിന് ജന്മം കൊടുക്കുകയോ ചെയ്തില്ല. ഇക്കാര്യം തന്നെ ഈ സൂനഹദോസ് വച്ചുപുലർത്തിയ ഐക്യചിന്തയെ വെളിവാക്കുന്നു.

www.malankaralibrary.com



വേദപുസ്തകത്തിനും, മറ്റു ദൈവശാസ്ത്ര ഉറവിടങ്ങൾക്കും പ്രാധാന്യം കൊടുക്കുന്ന ചിന്തകൾ രൂപം കൊണ്ടപ്പോൾ ഉണർവുള്ള ഒരു ആദ്ധ്യാത്മിക സമീപനത്തിലേക്കും ഈ കൗൺസിൽ നീങ്ങി. ദൈവാരാധനയിലും സഭാത്മകതയിലും ഊന്നിനിൽക്കുന്ന ആധ്യാത്മിക ചിന്തകളാണ് മൗലികമായ യാഥാർത്ഥ്യങ്ങൾ എന്ന് ഈ സൂനഹദോസ് പഠിപ്പിക്കുന്നു. ഈ സമീപനം വഴി ക്രൈസ്തവലോകത്ത് വലിയൊരു തിരുത്തൽ കൊടുക്കുവാൻ തന്നെ സാധിച്ചു. ഒരു മടക്കയാത്രയായിരുന്നു അത്.

സഭയുടെ പ്രേഷിതസ്വഭാവത്തിന് ഊന്നൽ കൊടുത്തു ചിന്തിക്കുവാൻ ഈ സൂനഹദോസിനു കഴിഞ്ഞു. സഭ സ്വഭാവത്താലെ പ്രേഷിതയാണെന്നും പ്രേഷിതയാകാതിരിക്കുവാൻ സാധ്യമല്ലെന്നും പറഞ്ഞുകൊണ്ട് ഉറങ്ങിക്കിടന്നിരുന്നവരെയെല്ലാം തട്ടിയുണർത്തി. സഭ ഉണർവോടെ എഴുന്നേറ്റു ചുറുചുറുക്കോടെ നടക്കണം എന്നു പഠിപ്പിച്ചു. പ്രേഷിതസ്വഭാവത്തിൽനിന്നു വ്യതിചലിക്കുന്ന ഒരു ക്രൈസ്തവസമൂഹത്തിന് സഭ എന്നു പേരിനുപോലും അർഹതയില്ല എന്ന നിലപാട് വ്യക്തമാക്കപ്പെട്ടു. സഭയിൽ നിരന്തരമായി നടക്കേണ്ട വിശ്വാസ പരിശീലനത്തെക്കുറിച്ചുള്ള ചിന്തയിലേക്കും, ആ പരിശീലനം ദിവ്യരഹസ്യങ്ങളിലധിഷ്ഠിതമായ Mystagogical Catechesis ആയിരിക്കണമെന്ന ചിന്തയിലേക്കും ദൈവശാസ്ത്രജ്ഞന്മാരെ തിരിച്ചുവിടുവാൻ ഈ സൂനഹദോസിനു കഴിഞ്ഞു.

രണ്ടാം വത്തിക്കാൻ സൂനഹദോസിൽനിന്ന് ആവേശം കൊണ്ട് രൂപീകൃതമായ ഒരു പ്രവർത്തനശൈലിയാണ് സുവിശേഷവത്കരണവും-സാസ്കാരികാനുരൂപണവും. വ്യത്യസ്തമായ ഊന്നലുകളോടുകൂടി കൗൺസിലിനുശേഷമുള്ള കാലഘട്ടങ്ങളിൽ ഇതിന്റെ പ്രവർത്തനമേഖലകൾ വളർന്നു. നീതിക്കും സമാധാനത്തിനും വേണ്ടിയുള്ള ശക്തമായ സ്വരങ്ങളും പ്രബോധനങ്ങളും കൗൺസിലിന്റെ പ്രമാണരേഖകളിൽ നിന്നുയർന്നു.

ഉറവിടങ്ങളിൽ ഊന്നിനിന്നുകൊണ്ടും ഇന്നത്തെ സാഹചര്യ

www.malankaralibrary.com



ങ്ങളെ കണക്കിലെടുത്തുകൊണ്ടും ഭാവിയെ ലക്ഷ്യം വച്ചുകൊണ്ടും ഉള്ള ഒരു ദൈവശാസ്ത്ര-ആദ്ധ്യാത്മികശൈലിക്ക് രൂപം കൊടുക്കുവാൻ കൗൺസിലിനു സാധിച്ചു എന്നതാണു സർവോത്കൃഷ്ടമായ കാര്യം. കത്തോലിക്കരുടെ പരിധിക്കുള്ളിൽ ഒതുങ്ങി നിൽക്കുന്ന കാര്യങ്ങളിൽ മാത്രമല്ല കൗൺസിൽ ശ്രദ്ധിച്ചത്. മനുഷ്യകുലത്തിന് പ്രതീക്ഷയും പ്രത്യാശയും നൽകുന്ന സർവതല സ്പർശിയായ ഒരു മൗലിക സമീപനമാണ് കൗൺസിൽ സ്വീകരിച്ചത്. സഹസ്രാബ്ദങ്ങൾ നീണ്ടുനിൽക്കുന്ന ഒരു സഭാത്മക സംഭവം തന്നെയാണിത്.

ദൈവശാസ്ത്ര മേഖലയിൽ, സൈദ്ധാന്തികദൈവശാസ്ത്രവും (Dogmatic Theology), അജപാലന ദൈവശാസ്ത്രവും (Pastoral Theology) തമ്മിലുള്ള അവഗാഢമായ ബന്ധം കണ്ടെത്തുവാനും ഈ സൂനഹദോസിനു സാധിച്ചു. നൂറ്റാണ്ടുകളായിട്ട് നഷ്ടപ്പെട്ടുപോയ ഒരു യാഥാർത്ഥ്യമായിരുന്നു അത്. ദൈവശാസ്ത്ര പഠനമേഖലകളിൽ പ്രത്യേകിച്ച് വൈദികപരിശീലന രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ വരുത്തുവാൻ ഈ കണ്ടെത്തലിന് കഴിഞ്ഞിട്ടുണ്ട്. ദൈവശാസ്ത്രവിഷയങ്ങളെല്ലാം തമ്മിലുള്ള പാരസ്പര്യത്തിനും ഊന്നൽ നൽകി. ലക്ഷ്യബോധമുള്ള ഒരു കൗൺസിൽ ആയിരുന്നു ഇത്. തന്മൂലം ആത്മവിമർശനത്തിനും (self-criticism) സ്വയം തിരുത്തലുകൾക്കും (self-corrections) ഇത് സന്നദ്ധയായി. ലക്ഷ്യത്തിലെത്താനുള്ള ഏറ്റവും നല്ല മാർഗങ്ങൾ ഇവയാണല്ലോ.

ഒരു പ്രവർത്തന തത്ത്വമായിട്ട് കൗൺസിൽ സ്വീകരിച്ച ശൈലി "നാനാത്വത്തിലെ ഐക്യം" എന്ന വീക്ഷണമാണ്. യഥാർത്ഥ ഐക്യം വൈവിധ്യത്തെ ഉൾക്കൊള്ളുന്നു. വൈവിധ്യത്തിലൂടെ ഐക്യം ഉപരിവ്യക്തമാക്കപ്പെടുന്നു. സഭ, സഭകളുടെ കൂട്ടായ്മയാണ് എന്നു സ്ഥാപിക്കുവാനും ഈ പ്രവർത്തനതത്ത്വം ഏറെ സഹായിച്ചു. സഭ ദൈവജനമാണെന്നും അല്മായർക്ക് നിർണായകമായ സ്ഥാനവും മഹിമയും ഉണ്ടെന്നും കൗൺസിൽ സ്ഥാപിച്ചു. അതുപോലെതന്നെ കേന്ദ്രീകൃത-വികേന്ദ്രീകൃത ശക്തികൾ തമ്മിലുള്ള യോജിപ്പ് കണ്ടെത്താൻ ഒരു പരിധിവരെയെങ്കിലും കൗൺസിലിനു സാധിച്ചു. സഭയുടെ ഉള്ളറകളി

www.malankaralibrary.com



ലേക്ക് ഊളിയിട്ട് ഇറങ്ങാനും ഒപ്പം പുറം ലോകത്തെ കണ്ണുതുറന്നു കാണാനും സഹായിക്കുന്ന സമീപനങ്ങൾ പുലർത്തി.

ക്രിസ്തീയതയുടെ നേർക്ക് ഒരു പുലർകാല വെളിച്ചം പോലെ കടന്നുവന്ന പുത്തൻ പെന്തക്കൊസ്തയാണ് രണ്ടാം വത്തിക്കാൻ സൂനഹദോസ്. എല്ലാവരെയും തന്നെ അത് തൊട്ടുണർത്തി. വീഴ്ചകളിൽനിന്ന് എഴുന്നേല്ക്കുവാൻ അത് നമ്മെ പ്രേരിപ്പിച്ചു. ക്രിസ്തീയതയുടെ അടിത്തറ ഒരുമയും സ്നേഹവുമാണെന്ന് പഠിപ്പിച്ചു. യുഗാന്തോന്മുഖമായ പ്രത്യാശയിലേക്ക് ലോകത്തെ നയിക്കാൻ ഏറെ യത്നിച്ചു. ഒരു മൂന്നാം വത്തിക്കാൻ കൗൺസിലിലേക്കോ, രണ്ടാം ജറുസലേം സൂനഹദോസിലേക്കോ ഉള്ള അനുപേക്ഷണീയമായ ചവിട്ടുപടികളാണ് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖകൾ. കൗൺസിലിനുശേഷം 40-വർഷങ്ങൾ കഴിഞ്ഞിട്ടും വേണ്ടതു പോലെ അതിന്റെ പ്രമാണരേഖകൾ പഠിച്ച് സ്വീകരിക്കപ്പെട്ടില്ല. വർദ്ധിതമായ താത്പര്യവും പഠനവും ഈ വഴിക്ക് ഉണ്ടാകണം. വലിയ പ്രബോധനങ്ങളും ഉൾക്കാഴ്ചകളും കൗൺസിൽ നൽകുന്നുണ്ടെങ്കിലും അതർഹിക്കുന്ന പ്രാധാന്യം ക്രൈസ്തവലോകം അതിനു നല്കിയിട്ടില്ല. തന്മൂലം വികലവും, ഏകപക്ഷീയവുമായ രീതികളിൽ പ്രമാണരേഖകൾ വ്യാഖ്യാനിക്കപ്പെടുന്നുണ്ട്. കൗൺസിലിന്റെ മറവിൽ, പല വഴിവിട്ട പരിഷ്കാരങ്ങളും പരീക്ഷണങ്ങളും നടക്കുന്നുമുണ്ട്. കൗൺസിൽ പ്രമാണരേഖകൾ വേണ്ടതു പോലെ പഠിക്കാത്തതു കൊണ്ടും കൗൺസിലിന്റെ പ്രബോധനത്തെ അതിന്റെ സമഗ്രതയിൽ കണ്ടുമനസ്സിലാക്കാത്തതുകൊണ്ടുമാണ് അവയൊക്കെ സംഭവിക്കുന്നത്. കൗൺസിലിൽ തന്നെ ഭിന്നാഭിപ്രായങ്ങളും, ഭിന്നവീക്ഷണങ്ങളുമെല്ലാം ഉണ്ടായിരുന്നു താനും.

ഒരുപക്ഷേ, ഒരു സാധാരണവിശ്വാസിക്ക് എത്തിപ്പിടിക്കാൻ പറ്റാത്ത ഒരു ഭാഷാശൈലിയും ദാർശനികതയും കൗൺസിൽ രേഖകൾക്കുണ്ട്. തന്മൂലം വ്യാഖ്യാനവും പുതിയവിവർത്തനങ്ങളും അവശ്യാവശ്യകമാണ്. ഓരോ പ്രമാണരേഖയും അതിന്റെ മറ്റു പ്രമാണരേഖകളുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നും കൂടി പരിഗണിച്ചു

www.malankaralibrary.com

വേണം വ്യാഖ്യാനം നൽകാൻ. അതുപോലെതന്നെ നാളിതുവരെയുള്ള സാർവത്രിക സൂനഹദോസുകളുടെ പ്രബോധനങ്ങളുടെ ഒരു നൈരന്തര്യവും ഇതിൽ കണ്ടെത്താൻ കഴിയണം. വിശ്വാസത്തെ അതിന്റെ സമഗ്രതയിൽ വ്യാഖ്യാനിക്കുന്നത് ഇപ്രകാരമാണ്.

വളരെയേറെ തന്മയത്വത്തോടുകൂടി അഥവാ വിശാല വീക്ഷണത്തോടുകൂടി ഈ കൗൺസിലിന്റെ പ്രബോധനങ്ങൾ നമുക്കെന്നും പഠനീയ വിഷയങ്ങളായിട്ട് നിൽക്കുന്നു.

www.malankaralibrary.com

# വിശ്വാസസത്യങ്ങളുടെ ആധുനികീകരണം

**ആർച്ച്ബിഷപ്പ് ഡാനിയേൽ അച്ചാരുപറമ്പിൽ**
(റൂബിജൂബിലി സംഗമത്തിന്റെ ഉദ്ഘാടനസമ്മേളനത്തിൽ
നടത്തിയ അനുഗ്രഹപ്രഭാഷണത്തിൽ നിന്ന്)

ഏറെ സന്തോഷത്തോടുകൂടിയാണ് നാമിവിടെ ഒരുമിച്ചുകൂടിയിരിക്കുന്നത്, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ റൂബി ജൂബിലി ആഘോഷപരിപാടികളുടെ ഭാഗമായ സമ്മേളനത്തിൽ പങ്കുചേർന്നുകൊണ്ട്.

സഭാചരിത്രത്തിലെ സുപ്രധാനമായ ഒരു നാഴികക്കല്ലാണ് വത്തിക്കാൻ കൗൺസിൽ, സഭാജീവിതത്തിന്റെയും പ്രവർത്തനങ്ങളുടെയും എല്ലാ തലങ്ങളിലും പുതുമയുടെ പരിവേഷം ചാർത്തി അവതരിപ്പിക്കുവാനും പ്രാവർത്തികമാക്കുവാനും വത്തിക്കാൻ കൗൺസിലിന്റെ സംഭാവന വളരെ വലുതാണ്.

വത്തിക്കാൻ കൗൺസിലിനോടടുത്ത കാലഘട്ടങ്ങളിലും, തുടർന്നും പരക്കെ ഉപയോഗിച്ചിരുന്ന ഒരു വാക്കാണ് "അജ്യോർണോമെന്തോ" (updating). സഭയെ ആധികാരികമായി ഭരമേല്പിച്ചിരിക്കുന്ന "Depositum Fidei" വിശ്വാസസത്യങ്ങളുടെ സമാഹാരത്തിന്റെ സത്തയും പാരാംശവും സംരക്ഷിച്ചുകൊണ്ട്, ഇന്നത്തെ മനുഷ്യർക്ക് ഉൾക്കൊ

www.malankaralibrary.com



ള്ളാൻ പറ്റിയ വിധത്തിൽ അവയെ ആവിഷ്കരിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യാനുള്ള വെല്ലുവിളിയെ സ്വാഗതം ചെയ്യുന്ന സമീപനമാണ് വിവക്ഷ. കാലത്തിന്റെ ചുവരെഴുത്തുകൾ തിരിച്ചറിഞ്ഞ് ആവശ്യമായ പരിവർത്തനങ്ങൾ വരുത്തുവാനുള്ള തുറവി സഭ പ്രഖ്യാപിക്കുകയാണ് ഈ സമീപനത്തിലൂടെ.

ശാസ്ത്ര-സാങ്കേതിക-സാംസ്കാരിക മേഖലകളിലെല്ലാം ഉണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ചയുടെ അതിപ്രസരം മൂലം ശീഘ്രഗതിയിൽ പരിവർത്തനവിധേയമായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ് നമ്മുടേത്. അതുകൊണ്ടു തന്നെ ഏറെ പ്രസക്തമാണ് ഈ സമ്മേളനം. കൗൺസിലിന്റെ പ്രമാണരേഖകൾ ഇന്നത്തെ സഭാജീവിതത്തോട് ബന്ധപ്പെടുത്തി വിശകലനം ചെയ്യുവാനും ഇന്നത്തെ വെല്ലുവിളികളെ അഭിമുഖീകരിക്കാൻ ഉതകുന്ന ഉൾക്കാഴ്ചകൾ പ്രകാശിപ്പിക്കുവാനും സാധിക്കണം. അതുതന്നെയാണ് ഈ ജൂബിലി ആഘോഷങ്ങളുടെ ഒരു ലക്ഷ്യം.

നാല്പതുവർഷങ്ങൾക്കുമുമ്പ്, കൗൺസിലിന്റെ കാലഘട്ടത്തിൽ ഉണ്ടായിരുന്ന സാമൂഹിക, സാംസ്കാരിക സമീപനങ്ങളിൽനിന്ന് ഏറെ മുന്നോട്ടുപോയിക്കഴിഞ്ഞിരിക്കുന്നു എന്ന് അഭിമാനിക്കുന്ന മനുഷ്യരോടാണ് ഇന്ന് സഭയുടെ സനാതന മൂല്യങ്ങളും സത്യങ്ങളും പ്രഘോഷിക്കേണ്ടത്.

ഈ ദിവസങ്ങളിലെ പഠനങ്ങളും ചർച്ചകളും കൗൺസിലിന്റെ പ്രമാണരേഖകളുടെ കാലികപ്രസക്തിയിലേക്ക് കൂടുതൽ വെളിച്ചം വീശുന്നതിന് മഹത്തായ സംഭാവന നല്കാൻ ഉപകരിക്കട്ടെയെന്ന് ഹൃദ്യമായി ആശംസിക്കുന്നു.

www.malankaralibrary.com

# കൗൺസിൽ: ഒരു സമഗ്രവീക്ഷണം

**റവ. ഡോ. പോൾ പുത്തനങ്ങാടി S.B.D.**

**വിവർത്തനം: റവ. ഡോ. ജോർജ്ജ് കുരുക്കൂർ**

മഹാജൂബിലി ലോകത്തിലും സഭയുടെ ജീവിതത്തിലും ഒരു കൈറോസ് (Kairos) ആയിരുന്നു. ലോകത്തിൽ ഇടപെടുന്ന ദൈവത്തോട് പ്രത്യുത്തരിക്കാനുള്ള ഒരു നവീകൃതാഹ്വാനമാണ് ഓരോ കൈറോസും. ഈ കൈറോസിന്റെ ആരംഭം 1959 ജനുവരി 25-ൽ സംഭവിച്ചതായി കാണാം. അന്ന് ജോൺ 23-ാമൻ മാർപാപ്പ, സാർവത്രികസൂനഹദോസു നടത്തണമെന്ന തന്റെ തീരുമാനം, തികച്ചും അപ്രതീക്ഷിതമായ രീതിയിൽ, പ്രഖ്യാപിച്ചു. പുതിയ ലോകം സഭയോട് ഉന്നയിക്കുന്ന അനേകം ചോദ്യങ്ങൾക്കും പ്രശ്നങ്ങൾക്കും ഉത്തരം പറയാനാണ് ആ കൗൺസിൽകൊണ്ട് ഉദ്ദേശിച്ചത്. പരിശുദ്ധാത്മാവിന്റെ സവിശേഷമായ ഒരു ഇടപെടലിന്റെ ഫലമെന്ന് മാർപാപ്പ തന്റെ തീരുമാനത്തെ വിവരിച്ചു: “അത് തികച്ചും അപ്രതീക്ഷിതമായിരുന്നു. കണ്ണുകളിലും ഹൃദയങ്ങളിലും മാധുര്യം ചൊരിയുന്ന സ്വർഗീയപ്രകാശത്തിന്റെ ഒരു മിന്നലൊളിപോലെയായിരുന്നു അത്” (ജോൺ 23-ാമൻ മാർപാപ്പയുടെ ഉദ്ഘാടനപ്രഭാഷണത്തിൽനിന്ന്).

രണ്ടാം വത്തിക്കാൻ കൗൺസിലിനെ രൂപപ്പെടുത്തിയ സംഭവങ്ങളിലേക്കു തിരിഞ്ഞു നോക്കുമ്പോൾ, രക്ഷാകരചരിത്രത്തിന്റെ സവി

www.malankaralibrary.com



ശേഷതകളായിരുന്ന സംഭവങ്ങളുടെ ചില പ്രതീകാത്മകഘടകങ്ങൾ അതിലുണ്ടായിരുന്നതായി കാണാം. അതിലൊന്ന് 40 എന്ന സംഖ്യയാണ്. കൗൺസിൽ നടത്താനുള്ള പ്രഖ്യാപനം നടന്ന 1959 മുതൽ, രണ്ടാം സഹസ്രാബ്ദത്തിന്റെ അവസാനവർഷമായ 1999 വരെയുള്ള 40 വർഷത്തിന്റെ ഒരു കാലഘട്ടമുണ്ട്. രണ്ടായിരം വർഷം കർത്താവിന്റെ വർഷമായി നാം ആഘോഷിച്ചു. ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ വാക്കുകളിൽ പറഞ്ഞാൽ "രണ്ടാം വത്തിക്കാൻ കൗൺസിൽ ദൈവപരിപാലനപരമായ ഒരു സംഭവമായിരുന്നു. അതുവഴി സഭ രണ്ടാം സഹസ്രാബ്ദത്തിന്റെ ജൂബിലിക്കുവേണ്ടി തൊട്ടടുത്ത തയ്യാറെടുപ്പുനടത്തി" (Tertiomillennio Adveniente, No. 18). അത് സഭയുടെ ജീവിതത്തിലും ലോകചരിത്രത്തിലും ഒരു പുതിയ ഘട്ടത്തെ വിളിച്ചുണർത്തി. ഈ വീക്ഷണപ്രകാരം, രണ്ടാം വത്തിക്കാൻ കൗൺസിൽ മറ്റ് അനേകം കൗൺസിലുകളിൽ ഒന്നായി കരുതിയാൽ പോരാ. കർത്താവിന്റെ പരിശുദ്ധാത്മാവു നല്കുന്ന മാർഗനിർദ്ദേശത്തിൻ കീഴിൽ ഒരു നവയുഗത്തിന്റെ വാഗ്ദാനങ്ങളോടു കൂടിയ അതിന് മൂന്നാം സഹസ്രാബ്ദത്തിന്റെ ബാഹ്യരൂപം രചിക്കുന്നതിൽ വളരെ ശ്രദ്ധേയമായ ഒരു പങ്കുണ്ട്. ജോൺ 23-ാമൻ മാർപാപ്പ കൗൺസിലിന്റെ ഉദ്ഘാടനപ്രഭാഷണത്തിൽ, കൗൺസിലിനെ ഒരു പുതിയ പ്രഭാതമായി വിവരിച്ചു. "ഇപ്പോൾ ആരംഭിക്കുന്ന കൗൺസിൽ സഭയിൽ ഒരു പ്രഭാതം പോലെയാണ്. അത്യുഗ്രപ്രകാശത്തിന്റെ മുന്നോടിയാണ്. ഇപ്പോൾ അത് പ്രഭാതം മാത്രമാണ്." രണ്ടാം വത്തിക്കാൻ കൗൺസിലിൽ തുടങ്ങിയ ചലനം രണ്ടായിരാം വർഷത്തിലെ മഹാജൂബിലിയിൽ അത്യുച്ചകോടിയിലെത്തിയെന്നു പറയാം. ദൈവം തന്റെ പുത്രനായ യേശുക്രിസ്തുവിലൂടെ പരിശുദ്ധാത്മാവിൽ ജീവന്റെ പൂർണത മനുഷ്യവംശത്തിനു നല്കാൻ ആഗ്രഹിക്കുന്നു. ആ പൂർണതയിലേക്കുള്ള മനുഷ്യവംശത്തിന്റെ തീർത്ഥാടനത്തിൽ അതിന്റെ മുന്നോടിയായ പുതുപ്പുലരിയിലെന്ന നിലയിലുള്ള കൗൺസിലിന്റെ ചില വശങ്ങളെ ഉയർത്തി കാണിക്കാനാണ് ഈ ലേഖനം.

### A. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ചില അനന്യസവിശേഷതകൾ

**1) പുതിയ പന്തക്കുസ്ത:** രണ്ടാം വത്തിക്കാൻ കൗൺസിലിനെ പുതിയ

www.malankaralibrary.com



പന്തക്കുസ്തയെന്ന് മിക്കപ്പോഴും വിളിക്കുന്നു. പ്രഥമ പന്തക്കുസ്ത, ശ്ലീഹന്മാരെ നിർഭയരായ സുവിശേഷപ്രഘോഷകരാക്കിമാറ്റി. അത് ആദിമശിഷ്യസമൂഹത്തിന്, പ്രേഷിതസമൂഹമെന്ന നിലയിലുള്ള തനിമ നല്കി. ഈ തനിമ വീണ്ടും കണ്ടെത്തുകയെന്നത് സഭയെ സംബന്ധിച്ചിടത്തോളം വളരെ വലിയ ഒരാവശ്യമായിരുന്നു. അനേകം ക്രൈസ്തവർക്ക് സഭയെപ്പറ്റിയുള്ള സങ്കല്പം അതൊരു സ്ഥാപനമാണ് എന്നതായിരുന്നു. സുവിശേഷവത്കരണം സഭയുടെ പ്രവർത്തനങ്ങളിൽ ഒന്നുമാത്രമാണെന്ന് അവർ കരുതിയിരുന്നു. ക്രൈസ്തവസമൂഹം സുസ്ഥാപിതസഭകളും പ്രേഷിതസഭകളും എന്നു രണ്ടായി തിരിക്കപ്പെട്ടിരുന്നു. ചുരുക്കത്തിൽ സഭയുടെ പ്രേഷിതത്വ തനിമ പിൻതള്ളപ്പെട്ടുവെന്നു പറയാം. ഈ തനിമ വീണ്ടും നല്കാൻ പരിശുദ്ധാത്മാവ് ആഗ്രഹിച്ചു; സഭ എവിടെയെല്ലാമുണ്ടോ അവിടെയെല്ലാം അത് വീണ്ടും ഒരു മിഷണറി സമൂഹമാകത്തക്കവിധം അതിന് ഈ തനിമ നല്കാൻ ആഗ്രഹിച്ചു.

**2) അജപാലനപരമായ കൗൺസിൽ:** മുൻകാലങ്ങളിലെ സാർവത്രികസൂനഹദോസുകൾ ശ്രദ്ധ കേന്ദ്രീകരിച്ചത് തെറ്റിൽനിന്നു സ്വതന്ത്രമായ ഒരു പ്രബോധനാധികാരം (Magisterium) രൂപപ്പെടുത്താനായിരുന്നു. ഈ കൗൺസിൽ അതിനുപകരമായി, അജപാലനാഭിമുഖ്യമുള്ള പ്രബോധനാധികാരത്തിൽ ദത്തശ്രദ്ധമായിരിക്കാൻ ഉദ്ദേശിക്കപ്പെട്ടതായിരുന്നു. ജോൺ 23-ാമൻ മാർപാപ്പയുടെ ഉദ്ഘാടനവചസ്സുകളിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്: "വിശ്വാസനിക്ഷേപത്തെ സംബന്ധിച്ച പൗരാണികസിദ്ധാന്തത്തിന്റെ സാരാംശം ഒന്ന്; അത് അവതരിപ്പിക്കുന്ന രീതി മറ്റൊന്ന്. വേണ്ടി വന്നാൽ ക്ഷമാപൂർവം ആ രീതിയെ ഉയർന്ന തോതിൽ പരിഗണിക്കണം. പ്രധാനമായും അജപാലനസ്വഭാവമുള്ള ഒരു പ്രബോധനാധികാരത്തിന്റെ രൂപങ്ങളിലും അനുപാതങ്ങളിലും, എല്ലാം അളന്നു നോക്കിയിട്ട്, അപ്രകാരം ചെയ്യണം." യഥാർത്ഥത്തിൽ "സഭ ആധുനികലോകത്തിൽ" എന്ന പ്രമാണരേഖ കൗൺസിലിൽ തന്നെ രൂപപ്പെടുകയും ജനിക്കുകയും ചെയ്തതാണ്. കൗൺസിൽ തുടങ്ങിയ സമയത്ത് അതിന്റെ കരട് രൂപനിർദ്ദേശംപോലും ഉണ്ടായിരുന്നില്ല. അജപാലനസ്വഭാവമുള്ള ഈ പ്രമാണരേഖയുടെ പ്രചോദകൻ പരിശുദ്ധാത്മാവാണെന്നു നമുക്കു പറയാം.

www.malankaralibrary.com



**3) സംവാദത്തിന്റെ കൗൺസിൽ:** ഏകം, വിശുദ്ധം, കാതോലികം, അപ്പസ്തോലികം എന്നിങ്ങനെയുള്ള യഥാർത്ഥസഭയുടെ ലക്ഷണങ്ങളെ സംബന്ധിച്ചിടത്തോളം ശ്രദ്ധേയമായ ഒരു മാറ്റം ഈ കൗൺസിലിലുണ്ടായി. ഇപ്പറഞ്ഞ ലക്ഷണങ്ങൾ സഭയെ യഥാർത്ഥമാക്കുകയും അതിനെ മറ്റുള്ളവയിൽനിന്നു വേർതിരിക്കുകയും ചെയ്തിരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ ഇതിൽ പുതിയൊരു മാനം ഉൾപ്പെടുത്തി. അതായത്, ലോകവുമായുള്ള ബന്ധത്തിൽ നിലനില്ക്കാൻ വിളിക്കപ്പെട്ട ഒരു സമൂഹമാണ് സഭയെന്ന് അതു വ്യക്തമാക്കി. മുകളിൽ പറഞ്ഞ നാലു ലക്ഷണങ്ങളും ഒരു യാഥാർത്ഥ്യത്തെ പരിഗണിച്ചുകൊണ്ട് പുനർവ്യാഖ്യാനം ചെയ്യേണ്ടിയിരിക്കുന്നു. മുഴുവൻ മനുഷ്യവംശത്തോടും കൂടിയ ഒരു സംസർഗത്തിന്റെ (Communion) സമൂഹത്തെ പടുത്തുയർത്താനാണ്, ഒരു മതം സ്ഥാപിക്കാനല്ല, കർത്താവു തന്റെ ശിഷ്യന്മാരെ ലോകത്തിലേക്ക് അയച്ചത് എന്നതാണ് ആ യാഥാർത്ഥ്യം: "അങ്ങ് എന്നെ ലോകത്തിലേക്ക് അയച്ചതുപോലെ ഞാനും അവരെ ലോകത്തിലേക്ക് അയച്ചിരിക്കുന്നു... അവർക്കുവേണ്ടി മാത്രമല്ല അവരുടെ വചനംമൂലം എന്നിൽ വിശ്വസിക്കുന്നവർക്കു വേണ്ടിക്കൂടിയാണു ഞാൻ പ്രാർത്ഥിക്കുന്നത്. അവരെല്ലാവരും ഒന്നായിരിക്കാൻ വേണ്ടി..." (യോഹ. 17:18-20). "ഈ തൊഴുത്തിൽപ്പെടാത്ത മറ്റ് ആടുകളും എനിക്കുണ്ട്. അവയെയും ഞാൻ കൊണ്ടുവരേണ്ടിയിരിക്കുന്നു. അവ എന്റെ സ്വരം ശ്രവിക്കും. അങ്ങനെ ഒരാട്ടിൻപറ്റവും ഒരിടയനുമാകും" (യോഹ. 10:16).

കൂട്ടായ്മ പടുത്തുയർത്തുകയെന്ന തന്റെ ദൗത്യത്തോടു വിശ്വസ്തത പുലർത്താൻ സഭ ലോകത്തെ കണ്ടുമുട്ടേണ്ടിയിരിക്കുന്നു. കൗൺസിലിന്റെ ഒരു ലക്ഷ്യം മനുഷ്യവംശത്തിന്റെ ഐക്യത്തിനുവേണ്ടി പരിശ്രമിക്കുകയെന്നതായിരുന്നു. നാം സംവാദം (Dialogue) എന്നു വിളിക്കുന്ന സമീപനസമ്പർക്കങ്ങളുടെ ശൈലി കൂടാതെ ഈ ലക്ഷ്യം നേടാനാവുകയില്ല. സഭയുടെ ദൗത്യത്തിന്റെ ഈ വശത്തെപ്പറ്റി കൗൺസിലിന്റെ മൂന്നു പ്രമാണരേഖകൾ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. ലോകവുമായുള്ള സംവാദത്തെപ്പറ്റി പ്രതിപാദിക്കുന്ന 'ഗാവുദ്രിയും ഏത്ത് സ്പെസ്' എന്ന പാസ്റ്ററൽ കോൺസ്റ്റിറ്റ്യൂഷൻ, അക്രൈസ്തവമതങ്ങളോട് സഭയ്ക്കുള്ള ബന്ധത്തെപ്പറ്റി പ്രതിപാദിക്കുന്ന "നോസ്ട്ര

www.malankaralibrary.com



ഏത്താതേ" എന്ന പ്രഖ്യാപനം; മതസ്വാതന്ത്ര്യത്തെപ്പറ്റി പ്രതിപാദിക്കുന്ന "ദീഞ്ഞിത്താത്തിസ് ഹുമാനേ" എന്ന പ്രഖ്യാപനം. ഈ മൂന്നു പ്രമാണരേഖകളും കൗൺസിൽ നടക്കുന്ന സമയത്ത് തന്നെ സങ്കല്പിക്കപ്പെട്ടതും രൂപം നല്കപ്പെട്ടതുമാണെന്ന കാര്യം ശ്രദ്ധേയമാണ്. തയ്യാറെടുപ്പിനുള്ള കമ്മീഷൻ അവതരിപ്പിച്ച രേഖകളിൽ ഇവയിൽ ഒന്നിന്റെയും കരടുരേഖകൾ ഉണ്ടായിരുന്നില്ല.

**4) കൂട്ടായ്മയുടെ കൗൺസിൽ:** സഭയ്ക്കുള്ളിലും സഭയും ലോകവും തമ്മിലും ഉണ്ടാകേണ്ട ഐക്യത്തിലേക്കും കൂട്ടായ്മയിലേക്കുമുള്ള പാത വീണ്ടും കണ്ടെത്തുകയെന്നതായിരുന്നു രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് എന്നത് ആരംഭം മുതലേ വ്യക്തമായിരുന്നു: "ഇതാണ് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ലക്ഷ്യം-സഭയുടെ നല്ല ഊർജ്ജങ്ങളെ സമാഹരിച്ച്, മനുഷ്യർ രക്ഷയുടെ സദ്വാർത്ത കൂടുതൽ അനുകൂലഭാവത്തോടെ സ്വാഗതം ചെയ്യുന്നതിനുവേണ്ട പരിശ്രമം നടത്തിക്കൊണ്ട്, മനുഷ്യവംശത്തിന്റെ ഐക്യത്തിലേക്കുള്ള പാത സജ്ജീകരിക്കുകയും സുസ്ഥാപിതമാക്കുകയും ചെയ്യുക. അത് അത്യാവശ്യമായിരിക്കുന്ന ഒരടിസ്ഥാനമാണ്. സത്യം ഭരിക്കുകയും സ്നേഹം നിയമമായിരിക്കുകയും ചെയ്യുന്ന, നിത്യത വരെ ദീർഘിക്കുന്ന, സ്വർഗീയ നഗരത്തിന്റെ സാദൃശ്യത്തിലേക്ക് ഭൗമികനഗരത്തെ എത്തിക്കുന്നതിനാണത്" (ജോൺ 23-ാമൻ മാർപാപ്പ, ഉദ്ഘാടനപ്രസംഗം). എല്ലാ മനുഷ്യനും തമ്മിൽ പരിപൂർണമായ ഐക്യമുള്ള ദൈവരാജ്യം പടുത്തുയർത്തുകയെന്ന ഈ ദൗത്യം രണ്ടാം വത്തിക്കാൻ സൂനഹദോസ് സഭയെ ഭരമേല്പിച്ചു. ഈ അർത്ഥത്തിൽ, ഐക്യത്തെ സംബന്ധിച്ചിടത്തോളം, കീഴടക്കലിന്റെ മനോഭാവത്തിനു പകരം കൂട്ടായ്മയുടെ മനോഭാവത്തെ പ്രതിഷ്ഠിച്ചുവെന്നു നമുക്കു പറയാം. ഇത് സുപ്രധാനമായ ഒരു മാറ്റമാണ്. കാരണം, കീഴടക്കലിൽ അന്യരിലാണു മാറ്റമുണ്ടാകേണ്ടത്. കൂട്ടായ്മയിലാകട്ടെ പ്രാരംഭം കുറിക്കുന്നവനിൽ മാറ്റമുണ്ടാകണം. നമ്മെ സംബന്ധിച്ചിടത്തോളം, ക്രിസ്തു ഈ ദൗത്യം ഏല്പിച്ച സഭയിൽ അതുണ്ടാകണമെന്നർത്ഥം.

**5) നിർവചനങ്ങൾ പ്രഖ്യാപിക്കാത്ത കൗൺസിൽ:** രണ്ടാം വത്തിക്കാൻ കൗൺസിൽ സത്യത്തിന്റെ ശരിയായ ക്രോഡീകരണത്തിൽ താത്പര്യമുള്ളതായിരുന്നെങ്കിലും, മറ്റു കൗൺസിലുകൾ ചെയ്തതുപോലെ,

www.malankaralibrary.com



തെറ്റിൽപ്പെട്ടവരെ ശപിക്കുന്നതിൽ താത്പര്യം കാണിച്ചില്ല. "സഭ ഇന്നത്തെ ആവശ്യങ്ങളെ നേരിടുന്നത്, ശാപവാക്കുകൾ ഉപയോഗിച്ചല്ല, തന്റെ പ്രബോധനത്തിന്റെ സാധ്യതയെ തെളിയിച്ചുകൊണ്ടാണ്... തന്നിൽനിന്നു വേർപെട്ടുപോയ സഹോദരങ്ങളോട് കാരുണ്യത്തോടും ക്ഷമാശീലത്തോടും ദയാപൂർണതയോടും നന്മയോടും കൂടിയ, സകലരുടെയും സ്നേഹപൂർണയായ അമ്മയായി തന്നെത്തന്നെ കാണിക്കാൻ, ഈ സാർവത്രികസൂനഹദോസുവഴി മതാത്മകസത്യത്തിന്റെ ദീപശിഖ ഉയർത്തിപ്പിടിച്ചു കൊണ്ട്, കത്തോലിക്കാസഭ ആഗ്രഹിക്കുന്നു" (ജോൺ 23-ാമൻ മാർപാപ്പ, ഉദ്ഘാടനപ്രസംഗം). യഥാർത്ഥത്തിൽ രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രമാണരേഖകളിൽ നിർവചനങ്ങളൊന്നുമില്ല. എന്നിരുന്നാലും അതിന്റെ പ്രബോധനങ്ങൾക്കുള്ള തെറ്റാവരസ്വഭാവം ഒരു വിധത്തിലും കുറച്ചിട്ടില്ല.

**6) പുതിയ സഭാശാസ്ത്രത്തിന്റെ കൗൺസിൽ:** രണ്ടാം വത്തിക്കാൻ കൗൺസിലോടെ സഭയെപ്പറ്റിയുള്ള ധാരണയിൽ ഒരു മാതൃകാമാറ്റം സംഭവിച്ചു. ഇത് വിശ്വാസസമൂഹത്തെ മുഴുവനും ബാധിക്കുന്ന ഒന്നാണ്. മാമ്മോദീസയെന്ന കൂദാശയുടെ ശക്തിയാൽ തങ്ങൾ ക്രൈസ്തവരായിയെന്ന് എല്ലാവരും വിശ്വസിച്ചിരുന്നു. എന്നാലും ഹൈരാർക്കിക്കൽ സംവിധാനത്താൽ നിയന്ത്രിക്കപ്പെടുന്ന ഒന്നായി സഭയെ സഭാംഗങ്ങൾ കരുതി. ആ ചിന്തയാണ് അവരുടെ മനസ്സിലും ജീവിതശൈലിയിലുമുണ്ടായിരുന്നത്. ഇത് മാറി. ശ്രദ്ധാകേന്ദ്രത്തിനു മാറ്റം വന്നു. ഇന്ന് സഭ തന്നെത്തന്നെ ഒരു മാമ്മോദീസാകേന്ദ്രീകൃതസമൂഹമായി കരുതുന്നു. യഥാർത്ഥത്തിൽ സഭയെന്നത് ദൈവമക്കളാണ്. ഹൈരാർക്കി സംവിധാനത്തെയും സംവിധാനപരമായ മറ്റു ഘടകങ്ങളെയും ഈ വീക്ഷണകോണിലൂടെ കാണണം.

**7) സമ്പർക്കത്തിന്റെ കൗൺസിൽ:** വിശ്വാസസത്യങ്ങൾ പഠിപ്പിക്കുകയെന്നതാണ് സഭയുടെ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്ന്. ഇത് സത്യത്തിന്റെ ബൗദ്ധികസമ്പർക്കമായി കരുതപ്പെടുകയും പ്രയോഗത്തിലാക്കുകയും ചെയ്തുപോന്നു. എന്നാൽ ഇന്ന് വിശ്വാസത്തെ പ്രാഥമികമായി പരസ്പരബന്ധത്തിന്റെ ഒരു പ്രവൃത്തിയായി കരുതുന്നു. ദൈവത്തിന്റെ ഭാഗത്തുനിന്ന് ഇത് സമ്പർക്കത്തിന്റെ പ്രവൃത്തി

www.malankaralibrary.com



യാണ്. ദൈവം സ്ഥാപിച്ച ഈ ബന്ധം മാനുഷികബന്ധമാക്കി മാറ്റണം. ഇതാണ് വിശ്വാസസമ്പർക്കത്തിന്റെ യഥാർത്ഥമായ അർത്ഥം. ദൈവം ലോകത്തെ സ്നേഹിച്ചു. ആ സ്നേഹം അനുഭവിച്ചറിയാൻ സഭ ലോകത്തെ സഹായിക്കണം. ഇതിന് കേവലം പഠിപ്പിക്കലും പരിശീലിപ്പിക്കലും പോരാ. സമ്പർക്കം, ആശയവിനിമയം, തന്നെവേണം. ജോൺ 23-ാമൻ മാർപാപ്പ സഭയുടെ ഈ ദൗത്യത്തെ ഇങ്ങനെ വിവരിക്കുന്നു: "മനുഷ്യവംശം പുതിയൊരു യുഗത്തിന്റെ അരികിലെത്തി നില്ക്കുമ്പോൾ സഭയ്ക്ക് അളവറ്റ ഗൗരവമുള്ളതും വ്യാപ്തിയുള്ളതുമായ ദൗത്യങ്ങൾ നിർവഹിക്കാനുണ്ട്; ചരിത്രത്തിലെ ഏറ്റവും ദുരന്തപൂർണമായ ഘട്ടങ്ങളിലെന്നപോലെ തന്നെ. ആധുനികലോകത്തെ, സുവിശേഷത്തിന്റെ ജീവദായകവും സുസ്ഥിരവുമായ ഊർജങ്ങളിലേക്ക് കൊണ്ടുവരുകയെന്നതാണത്."

**8) വിഷമാവസ്ഥയെ സൃഷ്ടിച്ച കൗൺസിൽ:** സാധാരണഗതിയിൽ, സഭയുടെ ജീവിതത്തിൽ ഒരു വിഷമഘട്ടമുണ്ടാകുമ്പോഴാണ് ഒരു സാർവത്രിക സൂനഹദോസു വിളിച്ചുകൂട്ടുന്നത്. രണ്ടാം വത്തിക്കാൻ സൂനഹദോസിനെ സംബന്ധിച്ചിടത്തോളം ഇതു ശരിയല്ല. അതുകൊണ്ടാണ് ജോൺ 23-ാമൻ ഈ സംഭവത്തെക്കുറിച്ചു പ്രഖ്യാപിച്ചപ്പോൾ അനേകർ വിസ്മയിച്ചത്. എന്നാൽ കൗൺസിലിനുശേഷം വിഷമാവസ്ഥ വെളിവാകാൻ തുടങ്ങി. രണ്ടാം വത്തിക്കാൻ കൗൺസിൽ കഴിഞ്ഞിട്ട് ഉടനെയുള്ള കാലഘട്ടത്തിൽ സഭയിലെ സ്ഥാപനപരമായ ചില ഘടകങ്ങളോട് എതിർപ്പു നിറഞ്ഞ പ്രതികരണങ്ങളുണ്ടായി. ഭാരപ്പെട്ട സ്ഥാപനവത്കരണം (Institutionazation) കൊണ്ട് മറന്നുപോയവയും തന്റെ ജീവിതത്തെയും ദൗത്യത്തെയും സംബന്ധിക്കുന്നവയുമായ ചില മൗലികസത്യങ്ങളെക്കുറിച്ചുള്ള ബോധം കൗൺസിൽ സഭാംഗങ്ങളിൽ ഉണർത്തി. ഇത് സഭാത്മകജീവിതത്തിലെ പല മണ്ഡലങ്ങളിലും പൂർവസ്ഥിതിയ്ക്ക് (Status quo) ഇളക്കമുണ്ടാക്കി. അതിന്റെ ഫലമായി രണ്ടാം വത്തിക്കാൻ കൗൺസിൽ വിഭാവനം ചെയ്ത മാറ്റങ്ങളെ ഈ വിഷമാവസ്ഥയനുഭവിക്കാതെ നടപ്പിലാക്കാൻ സാധ്യമല്ലെന്ന നിലവന്നു.

**9) നവീകരണത്തിന്റെ ഒരു കൗൺസിൽ:** രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ലക്ഷ്യം കേവലം പരിഷ്കരിക്കുക (Reform) യെന്നതല്ല.

പിന്നെയോ നവീകരിക്കുക (Renewal) യെന്നതാണ്. നാലു മൗലികപ്രമാണരേഖകൾ (കോൺസ്റ്റിറ്റ്യൂഷനുകൾ) സഭയെ അതിന്റെ വേരുകളിലേക്കു കൊണ്ടുചെന്നെത്തിച്ചു. സഭ ആധുനികലോകത്തിൽ പ്രസക്തമാകത്തക്കവിധം തന്റെ അസ്തിത്വത്തെക്കുറിച്ചു പരിചിന്തനം ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണവ. ക്രിസ്തുരഹസ്യത്തിന്റെ മൂർത്തീഭാവമാണു സഭയെന്നത് സഭയെക്കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂഷൻ സഭയെ ബോധ്യപ്പെടുത്തി. സഭാമധ്യത്തിൽ ജീവിക്കുന്ന ഉത്ഥിതനായ ക്രിസ്തുവിനെ യഥാർത്ഥത്തിൽ അനുഭവിച്ചറിയാൻ തക്ക ഒന്നായി തന്റെ ആരാധനയെ പരിവർത്തനം ചെയ്യിക്കാൻ ലിറ്റർജിയെ സംബന്ധിച്ച കോൺസ്റ്റിറ്റ്യൂഷൻ പരിശ്രമിച്ചു. തന്നെത്തന്നെ നല്കുന്ന ദൈവത്തെക്കുറിച്ചുള്ള ഒരു വൈയക്തികാനുഭവമെന്ന നിലയിൽ തന്റെ വിശ്വാസത്തെ പുതുതായി മനസ്സിലാക്കാൻ ദൈവാവിഷ്കരണത്തെക്കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂഷൻ സഹായിച്ചു. സഭയുടെ ദൗത്യത്തിന്റെ ലോകത്തിൽ ദൈവം പൂർണമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്ന ബോധം, സഭ ആധുനികലോകത്തിൽ എന്ന കോൺസ്റ്റിറ്റ്യൂഷൻ പ്രദാനം ചെയ്യാൻ തുടങ്ങി. ഈ പുതിയ ഉൾക്കാഴ്ചകളെല്ലാം, സഭയുടെ അസ്തിത്വത്തിന്റെ പുതിയൊരു രീതിയുണ്ടാകണമെന്ന ആവശ്യം ഉന്നയിച്ചു. ഇത് രണ്ടാം വത്തിക്കാൻ സൂനഹദോസ് നല്കിയ വലിയൊരു സംഭാവനയാണ്.

**10) ഒരു പ്രസ്ഥാനത്തിന് ആരംഭം കുറിച്ച കൗൺസിൽ:** സഭയിൽ പുതിയ വായുവും പ്രകാശവും പ്രവേശിക്കുന്നതിനു വേണ്ടി വാതിലുകളും ജനലുകളും തുറന്ന ഒരു സൂനഹദോസായി രണ്ടാം വത്തിക്കാൻ സൂനഹദോസിനെ ചിലർ വിവരിച്ചിട്ടുണ്ട്. കേവലം ഒരു സ്ഥാപനമായിരുന്നു കൊണ്ട് സഭയ്ക്കു തന്റെ തനിമ കണ്ടെത്താനാവുകയില്ല. സഭ തന്റെ ചുറ്റുമുള്ള ലോകവുമായി നിരന്തരം പരസ്പരപ്രവർത്തനത്തിന്റെ അവസ്ഥയിൽ കഴിയണം. നിരന്തരചലനത്തിന്റെ അവസ്ഥയിലായിരുന്നുകൊണ്ട് തന്റെ തനിമ സംരക്ഷിക്കുന്ന ഒരു സജീവഘടകമാകണം സഭയെന്നാണ് ഇതിന്റെ അർത്ഥം. ശീഘ്രഗതിയിൽ സഞ്ചരിക്കുന്ന ഒരു ലോകവുമായുള്ള കണ്ടുമുട്ടൽ സംഭവിക്കാൻ സഭ ഈ ലോകത്തോടൊപ്പം സഞ്ചരിക്കുക അത്യാവശ്യമാണ്. ക്രിസ്തുരഹസ്യമെന്ന തനിമ നഷ്ടപ്പെടുത്താതെയും എന്നാൽ സാഹചര്യത്തെ സംബന്ധിച്ചിട

www.malankaralibrary.com



ത്തോളം പ്രസക്തമായിരിക്കാൻ നിരന്തരം ശ്രമിച്ചുകൊണ്ടും അപ്രകാരം ചെയ്യണം. ഈ അർത്ഥത്തിൽ, സഭ പാറമേൽ പണിത ഒരു സ്ഥാപനം മാത്രമായിരിക്കാതെ സ്വയം ചാലകമായ ഒരു യാഥാർത്ഥ്യമായിത്തീർന്നുവെന്നു പറയാം. മനുഷ്യവംശം ചരിത്രത്തിലൂടെ നടത്തുന്ന സാഹസികയാത്രയിൽ അതിനോട് ഒന്നിച്ചുനടക്കുന്ന ക്രിസ്തുവാണ് സഭയുടെ അടിത്തറ.

**B. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രമാണരേഖകൾ: സഭയായിരിക്കാനുള്ള പുതിയരീതിക്ക് അവ നല്കിയ സംഭാവന**

**1) കുറച്ചുസ്ഥിതി വിവരക്കണക്കുകൾ:** കൗൺസിൽ 1962 ഒക്ടോബർ 11-ന് ആഘോഷപൂർവം തുടങ്ങി. 1965 ഡിസംബർ 8-നു പൊതുസമ്മേളനത്തോടെ അവസാനിക്കുകയും ചെയ്തു. മറ്റു സഭകളിൽനിന്നുള്ള പ്രതിനിധികളെയും നിരീക്ഷകരെയും കൂടാതെ, 3038 കൗൺസിൽ പിതാക്കന്മാർ അതിൽ സംബന്ധിച്ചു. വത്തിക്കാൻ കൗൺസിലിനും അതിന്റെ തയ്യാറെടുപ്പിനും വേണ്ടിവന്ന ചെലവ് 72,50,000 യു.എസ്. ഡോളറാണെന്നു കണക്കാക്കപ്പെടുന്നു (ഇന്ന് ഈ സംഖ്യ 7,25,00,000 ഡോളറോളമാണ്). കൗൺസിൽ തുടങ്ങുന്നതിന്റെ തലേദിവസം കൗൺസിൽ പിതാക്കന്മാരുടെ ചർച്ചയ്ക്കായി 71 കരടുരേഖകൾ നല്കപ്പെട്ടു. ഒന്നാമത്തെ സെഷൻ കഴിഞ്ഞപ്പോൾ ഒരു പ്രത്യേക കമ്മീഷൻ അവയെ 17 ആക്കി കുറച്ചു. അവസാനം, കൗൺസിൽ തീർന്നപ്പോൾ അവയുടെ സംഖ്യ 16 ആക്കി. തയ്യാറെടുപ്പിന്റെ കാലത്ത് ചിന്തിക്കാതിരുന്ന പുതിയ കരടുരേഖകളും അവയിൽ ഉൾപ്പെടുന്നു. ആകെ നാലു സെഷനുകളാണുണ്ടായിരുന്നത്. ഞായറാഴ്ചകൾ ഉൾപ്പെടെ 291 ജോലി ദിനങ്ങളാണുണ്ടായിരുന്നത്. സഭയുടെ ചരിത്രത്തിൽ ആദ്യമായി ലോകത്തിലെ അഞ്ച് ഭൂഖണ്ഡങ്ങളിൽനിന്നുള്ള പ്രതിനിധികൾ പങ്കെടുത്ത സാർവത്രികസൂനഹദോസാണിത്.

**2) രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖകൾ:** മുമ്പു സൂചിപ്പിച്ചതുപോലെ സഭയുടെ സമ്പൂർണമായ ഒരു നവീകരണം ഈ കൗൺസിലിന്റെ ലക്ഷ്യമായിരുന്നു. മൂന്നാം സഹസ്രാബ്ദത്തിൽ ഉദയംചെയ്യുന്ന ലോകത്തെ കണ്ടുമുട്ടാനും തന്റെ ദൗത്യം പ്രസക്തമായ വിധത്തിൽ

www.malankaralibrary.com



നിർവഹിക്കാനും വേണ്ടിയാണ് നവീകരണം. കൗൺസിൽ പുറപ്പെടുവിച്ച പ്രഥമ പ്രമാണരേഖയായ ലിറ്റർജിയെക്കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂഷന്റെ ഒന്നാമത്തെ വകുപ്പിൽ ഇത് വ്യക്തമാക്കിയിട്ടുണ്ട്. "ഈ വിശുദ്ധ സൂനഹദോസിന് പല ലക്ഷ്യങ്ങളുണ്ട്. വിശ്വാസികളുടെ ക്രിസ്തീയ ജീവിതത്തിന് വർദ്ധമാനമായ ഉണർവു നല്കുക; പരിവർത്തനവിധേയമായ പ്രസ്ഥാനങ്ങൾ ആധുനികകാലത്തിന്റെ ആവശ്യങ്ങൾക്ക് ചേർന്ന വിധം പരിഷ്കരിക്കുക; ക്രിസ്തുവിൽ വിശ്വസിക്കുന്ന സകലരുടെയും ഐക്യം സാധിക്കാൻ സഹായിക്കുന്ന ഏതു സംരംഭത്തെയും വളർത്തുക; മനുഷ്യവംശത്തെ മുഴുവനും സഭയുടെ അജഗണത്തിലേക്ക് ആനയിക്കാൻ സഹായിക്കുന്ന എന്തിനെയും ശക്തിപ്പെടുത്തുക എന്നിവയാണ് ആ ലക്ഷ്യങ്ങൾ". നവീകരണം ഉൾക്കൊള്ളേണ്ട ഘടകങ്ങൾ താഴെപ്പറയുന്നവയാണെന്നു നമുക്കു തിരിച്ചറിയാം:

a) ക്രൈസ്തവസമൂഹത്തെ അതിന്റെ വേരുകളിലേക്കു തിരിച്ചു നടത്തികൊണ്ട് ശക്തീകരിക്കുക. പ്രഘോഷിക്കപ്പെടുകയും ആഘോഷിക്കപ്പെടുകയും ചെയ്യുന്ന പെസഹാരഹസ്യമല്ലാതെ മറ്റൊന്നല്ല അതിന്റെ വേരുകൾ.
b) ഈ സമൂഹം തന്റെ ദൗത്യനിർവഹണത്തിൽ ആധുനികലോകത്തെ നേരിടുന്നതിന് അതിന്റെ പ്രവർത്തനാത്മക വ്യവസ്ഥിതികളെ അനുരൂപണവിധേയമാക്കുക.
c) സഭയെ കേവലം മതാത്മകസ്ഥാപനമെന്നതിലേറെ വിശ്വാസികളുടെ കൂട്ടായ്മയാക്കുക.
d) ഒരിക്കൽക്കൂടി, മനുഷ്യവംശത്തിന്റെ ഐക്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഒരു സുവിശേഷവത്കരണസമൂഹമാകുക.

**(i) ഈ നവീകരണത്തിന്റെ അടിസ്ഥാനം: നാലു കോൺസ്റ്റിറ്റ്യൂഷനുകൾ**

**a) ദൈവാവിഷ്കരണത്തെക്കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂഷൻ:** വീണ്ടും ശ്രവിക്കുന്ന സമൂഹമാകാൻ ഇത് സഭയെ ക്ഷണിക്കുന്നു. ക്രൈസ്തവവെളിപാട് എന്നത് പ്രഥമമായി, ദൈവത്തിന്റെ ഭാഗത്തുനിന്നുള്ള സമ്പർക്കകർമ്മമാണ്. അതിനുചേർന്ന ഒരു ശ്രവണകർമ്മമുണ്ടാകണം. അതിൽ അസ്തിത്വം മുഴുവനും അനുഭവാത്മകമായി ഉൾപ്പെട്ടിരിക്കു

www.malankaralibrary.com



കയും വേണം. ഈ പ്രക്രിയ ഒന്നാമതായി ശ്രവിക്കുന്നവന്റെ ജീവിതത്തിൽ ഒരു മാറ്റമുണ്ടാക്കും.

**b) സഭയെക്കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂഷൻ:** ഇത്, മാമ്മോദീസയിലൂടെ ക്രിസ്തുവിന്റെ കൂദാശയായി രൂപാന്തരപ്പെട്ട ഒരു സമൂഹമായി സഭയെ അവതരിപ്പിക്കുന്നു. കൗദാശികതയാൽ ജീവിക്കുമ്പോൾ സഭ ജനതകളുടെ പ്രകാശമായിത്തീരുന്നു. ലോകത്തിനു തിരിച്ചറിയാൻ കഴിയത്തക്കവിധം കൂടുതൽ നല്ലതും കൂടുതൽ വ്യക്തവുമായ ക്രിസ്തുവിന്റെ അടയാളമായിത്തീരാൻ സഭ തന്റെ ഘടനകളെയും സ്ഥാപനപരമായ രൂപത്തെയും മാറ്റണം.

**c) വിശുദ്ധ ലിറ്റർജിയെക്കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂഷൻ:** സഭയുടെ കൗദാശികതയെ ആഘോഷിക്കുന്നതിനെക്കുറിച്ചാണ് ഇതു പ്രതിപാദിക്കുന്നത്. ആരാധന സമർപ്പിക്കുന്നത് കേവലം അനുഷ്ഠാനപരമായ കർമം വഴിയല്ല. സഭ യഥാർത്ഥത്തിൽ ലോകത്തിന് പ്രത്യാശയുടെ അടയാളമാണ്, അങ്ങനെയായിരിക്കാൻ സഭ ആഗ്രഹിക്കുകയും ചെയ്യുന്നു. അതിന്റെ ആഘോഷമാണ് ആരാധന. ലോകാവസാനം കർത്താവ് വരുന്നതുവരെ, അതായത്, തന്റെ ശുശ്രൂഷയിലൂടെ ലോകം പരിവർത്തിതമാകുന്നതുവരെ, ഇവിടെ ഇപ്പോൾ തന്റെ ജീവിതത്തിന്റെ പ്രതീകത്തിലൂടെ സഭ ക്രിസ്തുരഹസ്യം പ്രഘോഷിക്കുന്നു.

**d) ആധുനികലോകത്തിലെ സഭയെക്കുറിച്ചുള്ള അജപാലനപരമായ കോൺസ്റ്റിറ്റ്യൂഷൻ:** തന്റെ കൗദാശികത്വത്തെക്കുറിച്ചുള്ള നവീകൃതബോധത്തോടെ ലിറ്റർജിയിൽനിന്നു പുറത്തുവരുന്ന സഭയെ വെല്ലുവിളിക്കുന്നു. ലോകത്തെ അതിന്റെ സന്തോഷങ്ങളോടും പ്രത്യാശകളോടും കൂടെ കണ്ടുമുട്ടാനുള്ള വെല്ലുവിളിയാണത്. ആ കണ്ടുമുട്ടലാകട്ടെ കൗദാശികത്വത്തിന്റെ മറ്റൊരു പ്രകാശനമാണ്. ലിറ്റർജിയിൽ ഉത്ഥിതനായ ക്രിസ്തുവിനെ സംബന്ധിച്ച് തനിക്കുണ്ടായ അനുഭവത്തോടുകൂടി സഭ ഇന്നത്തെ ലോകത്തിൽ സഹിക്കുന്ന കർത്താവിന്റെ അനുഭവത്തെ നേരിടുന്നു. ഇതാണ് സഭയുടെ ദൗത്യം.

രണ്ടാം വത്തിക്കാൻ സൂനഹദോസ് സഭയിൽ സമഗ്രമായ നവീക

www.malankaralibrary.com



രണത്തിന്റെ ഉണർവുണ്ടാക്കി. അത്, ലോകത്തിനുവേണ്ടിയുള്ള തന്റെ ദൗത്യം പൂർത്തീകരിക്കുന്നതിന്, സഭാനവീകരണത്തിലാണ് അടിസ്ഥാനപരമായി അടങ്ങിയിരിക്കേണ്ടത്. അങ്ങനെ ആസന്നമായ പുതിയ സഹസ്രാബ്ദത്തിലെ നവീകൃത സഭയ്ക്കുള്ള അടിസ്ഥാനമായിത്തീരുന്നു ഈ നാലു കോൺസ്റ്റിറ്റ്യൂഷനുകളും.

**ii) ഒൻപതു ഡിക്രികൾ: സഭയുടെ ആന്തരികജീവിതത്തിലുള്ള നവീകരണത്തെ സംബന്ധിച്ച പ്രതിപാദനം**

**a) സഭ വിസ്തൃതമായിക്കൊണ്ടിരിക്കുന്ന ഒരു കൂട്ടായ്മയാണ്: അതിൽ** അനേകം റീത്തുകളുണ്ട്. അവയെല്ലാം ക്രിസ്തുരഹസ്യത്തെ വിവിധ രീതികളിൽ കൗദാശികമായി ആഘോഷിക്കുന്നു (കിഴക്കൻ സഭകളെക്കുറിച്ചുള്ള ഡിക്രി). കൂട്ടായ്മയിൽ വിവിധ അളവിൽ ഐക്യപ്പെടുന്ന വിവിധ ഗ്രൂപ്പുകളുടെ സംഘാതമാണത് (എക്യുമെനിസത്തെക്കുറിച്ചുള്ള ഡിക്രി).

**b) വ്യത്യസ്ത സിദ്ധികളുള്ള ദൈവജനത്തിലൂടെ സഭ ലോകത്തിൽ പ്രവർത്തിക്കുന്നു:** മെത്രാന്മാരുണ്ട് (സഭയിൽ മെത്രാന്മാർക്കുള്ള അജപാലനധർമത്തെക്കുറിച്ചുള്ള ഡിക്രി), വൈദികരുണ്ട് (വൈദികജീവിതത്തെയും ശുശ്രൂഷയെയും, വൈദിക പരിശീലനത്തെയും കുറിച്ചുള്ള ഡിക്രികൾ), സന്യസ്തരുണ്ട് (സന്യാസജീവിതത്തിന്റെ നവീകരണത്തെക്കുറിച്ചുള്ള ഡിക്രി), അല്മായരുമുണ്ട് (അല്മായരുടെ പ്രേഷിതത്വത്തെക്കുറിച്ചുള്ള ഡിക്രി).

**c) സഭ സമ്പർക്കത്തിന്റെ ശുശ്രൂഷയിലൂടെ പ്രവർത്തിക്കുന്നു:** സഭ തന്റെ പ്രവർത്തനത്തെ സമ്പർക്കത്തിന്റെ ശുശ്രൂഷയായി കരുതുന്നു (സാമൂഹികസമ്പർക്ക മാധ്യമങ്ങളെക്കുറിച്ചുള്ള ഡിക്രി). ലോകത്തോട് സുവിശേഷം പ്രഘോഷിക്കാനുള്ള ഒരു വിളിയെന്ന നിലയിൽ ഈ ശുശ്രൂഷയെ സവിശേഷശുശ്രൂഷയായി കരുതുന്നു (സഭയുടെ പ്രേഷിതവേലയെക്കുറിച്ചുള്ള ഡിക്രി).

www.malankaralibrary.com



**iii) മൂന്നു പ്രഖ്യാപനങ്ങൾ:**

സഭയുടെ അജപാലനധർമത്തിന്റെ സാഹചര്യത്തിൽ സഭയെ പ്രതിഷ്ഠിക്കുന്നവ.

**a) സഭ സംസ്കാരത്തിന്റെ ലോകത്തിലേക്കു പ്രവേശിക്കണം:** ഭാവിയിലേക്കുള്ള മനുഷ്യവ്യക്തിയെ പരിശീലിപ്പിക്കുന്ന മണ്ഡലവുമായി ക്രൈസ്തവവിദ്യാഭ്യാസത്തെക്കുറിച്ചുള്ള പ്രഖ്യാപനം സഭയെ ബന്ധിപ്പിക്കുന്നു.

**b) സഭ മനുഷ്യവ്യക്തിയുടെ ലോകത്തിലേക്കു പ്രവേശിക്കണം:** സുവിശേഷവും മനുഷ്യവ്യക്തിയും തമ്മിലുള്ള പരസ്പരപ്രവർത്തനത്തിന്റെ നിർണായകമണ്ഡലത്തെ സ്പർശിക്കുന്ന ഒന്നാണ് മതസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള പ്രഖ്യാപനം.

**c) സഭ മതത്തിന്റെ ലോകത്തിലേക്കു പ്രവേശിക്കണം:** അക്രൈസ്തവമതങ്ങളോടുള്ള സഭയുടെ ബന്ധത്തെക്കുറിച്ചുള്ള പ്രഖ്യാപനം. ക്രൈസ്തവസമൂഹത്തിൽ ഒരു വസ്തുതയെ സംബന്ധിച്ച ബോധമുണർത്തുന്നു. നൂറ്റാണ്ടുകളുടെ ഗതിയിൽ ജനത്തോടുള്ള ദൈവത്തിന്റെ അദൃശ്യവും നിഗൂഢവുമായ സമ്പർക്കത്തിന് മനുഷ്യവംശം നല്കിയ പ്രത്യുത്തരങ്ങളെ പരിഗണിച്ചുകൊണ്ടു വേണം സഭ തന്റെ ദൗത്യം നിറവേറ്റാൻ എന്നതാണ് ആ വസ്തുത.

ഈ പ്രമാണരേഖകളെ പൊതുവേ വീക്ഷിക്കുമ്പോൾ, സഭയുടെ ജീവിതത്തിലും ദൗത്യത്തിലും സുവ്യക്തമായ ഒരു വ്യതിയാനം രണ്ടാം വത്തിക്കാൻ കൗൺസിൽ സൃഷ്ടിച്ചുവെന്ന് നാം കാണുന്നു. മൂന്നാം സഹസ്രാബ്ദം, കൗൺസിൽ നല്കിയ ഈ പുതിയ ലക്ഷ്യത്തോടെ തുടങ്ങണം. ചരിത്രപരമായ പരിപ്രേക്ഷ്യത്തിൽ ഈ പരിവർത്തനത്തെ പ്രതിഷ്ഠിക്കുമ്പോൾ ഇതിനെ താഴെപ്പറയുംവിധം വിവരിക്കാം.

(i) ഒന്നാം സഹസ്രാബ്ദം ക്രൈസ്തവസമൂഹത്തെ യേശുക്രിസ്തുവിലുള്ള അതിന്റെ വിശ്വാസത്തിൽ ബലപ്പെടുത്തി. ആ കാലഘട്ടത്തിലെ

www.malankaralibrary.com



എല്ലാ കൗൺസിലുകളും മിക്കവാറും ക്രിസ്തുവിജ്ഞാനപരമായ പ്രശ്ന ങ്ങളാണു കൈകാര്യം ചെയ്തത്. (ii) രണ്ടാം സഹസ്രാബ്ദം സഭയെ ഒരു സ്ഥാപനമെന്നനിലയിൽ ശക്തീകരിച്ചു. ആ കാലഘട്ടത്തിലെ മിക്ക കൗൺസിലുകളും സഭാവിജ്ഞാനപരമായ പ്രശ്നങ്ങളാണ് കൈകാര്യം ചെയ്തത്. (iii) രണ്ടാം വത്തിക്കാൻ സൂനഹദോസോടുകൂടി തുട ങ്ങുന്ന മൂന്നാം സഹസ്രാബ്ദം, ദൈവരാജ്യനിർമിതിക്കായി സുവിശേ ഷവും ലോകവും തമ്മിലുള്ള ബന്ധത്തെ ശക്തീകരിക്കാൻ വേണ്ടിയു ള്ളതാണ്.

അങ്ങനെ, രക്ഷാകരപദ്ധതിയുടെ സാക്ഷാത്കാരത്തിൽ മൂന്നു പ്രധാന ഘട്ടങ്ങളുള്ളതായി കാണുന്നു:

ക്രിസ്തു-സഭ-ദൈവരാജ്യം അഥവാ
ക്രിസ്തു-ക്രിസ്തുമതം-ദൈവരാജ്യം

നാം ഇപ്പോൾ മൂന്നാം ഘട്ടത്തിലേക്കു പ്രവേശിക്കുകയാണ്. സഭ യുടെ ദൗത്യം ദൈവരാജ്യം സ്ഥാപിക്കുകയെന്നതാണ്. രണ്ടാം സഹ സ്രാബ്ദത്തിൽ സഭയെ ഒരു സ്ഥാപനമെന്ന നിലയിൽ പടുത്തു യർത്താൻ, അതിലൂടെ ജനതകളെ രക്ഷിക്കാൻ-വേണ്ടിയുള്ള ദൗത്യ മായിരുന്നു പ്രധാനമായിട്ടുണ്ടായിരുന്നത്.

**c. വത്തിക്കാൻ രണ്ട്: പ്രമാണരേഖയ്ക്കതീതമായ ഒരു പ്രസ്ഥാനം**

രണ്ടാം വത്തിക്കാൻ സൂനഹദോസിനെ അതിന്റെ പ്രമാണരേ ഖകളായി മാത്രം കണ്ടാൽ അതിന്റെ യഥാർത്ഥപ്രാധാന്യത്തെ ഇല്ലായ്മ ചെയ്യുകയാണ്. ഈ പ്രമാണരേഖകൾ അംഗീകരിച്ചുകൊണ്ട് കൗൺസിൽ പിതാക്കന്മാർ ചെയ്തത് ഒരു പ്രസ്ഥാനത്തിന്റെ ആരംഭം കുറിക്കുകയെന്നതാണ്. അതുകൊണ്ട്, പിന്നീടുണ്ടായ മാറ്റങ്ങൾ, കൗൺസിലിൽ പങ്കെടുത്ത പലരെയും അദ്ഭുതപ്പെടുത്തി. കൗൺസിൽ വിളിച്ചുകൂട്ടാൻ ജോൺ 23-ാമൻ മാർപാപ്പയെ പ്രചോദിപ്പിക്കുകയും, കൗൺസിൽ നടന്നപ്പോൾ പിതാക്കന്മാരെ നയിക്കുകയും ചെയ്ത പരി ശുദ്ധാത്മാവ്, കൗൺസിൽ അതിന്റെ സ്ഥാപനപരമായ രൂപത്തിനപ്പുറ ത്തേക്കു നീങ്ങാൻ ഇന്നും പ്രവർത്തനനിരതനായിരിക്കുന്നു.

www.malankaralibrary.com



ലോകത്തെ ക്രമേണ ദൈവരാജ്യമാക്കി മാറ്റാനുള്ള ഒരു ചലനം സൃഷ്ടിക്കാൻ അവിടുന്ന് ആഗ്രഹിക്കുന്നു. ഈ ചലനത്തിന്റെ ചില സവിശേഷതകളെ ഇവിടെ വ്യക്തമാക്കാം.

1) **നവീനമായ ഒരു പ്രേഷിതത്വാവേശം:** പ്രേഷിതപ്രവർത്തനം സഭയുടെ പ്രവർത്തനങ്ങളിലൊന്നായിരിക്കുന്ന, സഭയെ തിരിച്ചറിയാനുള്ള അടയാളമായിരിക്കുന്ന, അവസ്ഥയ്ക്ക് മാറ്റം വന്നു. സഭ പ്രേഷിതത്വത്തിലാണ്. എവിടെയെല്ലാം സഭയുണ്ടോ അവിടെയെല്ലാം പ്രേഷിതപ്രവർത്തനമുണ്ട്. പ്രേഷിതപ്രവർത്തനമില്ലാത്തിടത്ത് സഭയില്ല. ലോകം മുഴുവനും സഭയുടെ പ്രേഷിതത്വമണ്ഡലമാണ്. സഭ എവിടെയെല്ലാമുണ്ടോ അവിടെയെല്ലാം സഭ പ്രേഷിതയാണ്.

2) **പുതിയൊരു എക്യുമെനിക്കൽ ചൈതന്യം:** സഭ കൂട്ടായ്മയാണ്. സഭ മനുഷ്യവംശം മുഴുവന്റെയും ഐക്യത്തിന്റെ കൂദാശയാണ്. വ്യത്യാസങ്ങളുടെ മുമ്പിലും മറ്റുള്ളവരെ നിരുപാധികം സ്വീകരിക്കുന്നതുകൊണ്ടു മാത്രമേ ഇത് സാക്ഷാത്കരിക്കപ്പെടുകയുള്ളൂ. വൈവിധ്യത്തിൽ ഏകത്വം എന്നതാണ് ഭാവിയിൽ എക്യുമെനിസത്തിന്റെ ചൈതന്യമായിരിക്കാൻ പോകുന്നത്.

3) **പുതിയൊരു ആധ്യാത്മികദിശാബോധം:** സഭയുടെ ആധ്യാത്മികജീവിതം എല്ലാവരോടും ബന്ധപ്പെടാൻ സഭയ്ക്കുള്ള കഴിവുകൊണ്ടാണ് മുദ്രിതമാകാൻ പോകുന്നത്. ബന്ധത്തിൽ അധിഷ്ഠിതമായ ഒരാധ്യാത്മികതയായിരിക്കും അത്. ചില പുണ്യങ്ങളുടെ അഭ്യസനത്തിൽമാത്രം അത് അധിഷ്ഠിതമായിരിക്കുകയില്ല.

4) **പുതിയൊരു അജപാലനസമീപനം:** വഴിതെറ്റിപ്പോയവരെ കൈകാര്യം ചെയ്യുമ്പോൾ, നഷ്ടപ്പെട്ട ആടിന്റെ പിന്നാലെ പോകുന്ന നല്ല ഇടയന്റെ ചൈതന്യം വീണ്ടും സഭ സമ്പാദിക്കണമെന്ന് ജോൺ 23-ാമൻ മാർപാപ്പ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ആടിനോടുള്ള സ്നേഹമായിരിക്കണം ഇടയനെ ചലിപ്പിക്കുന്ന ശക്തി. മറ്റുള്ളവരുടെ ആവശ്യങ്ങളനുസരിച്ച് തന്റെ ജീവിതത്തെ നിയന്ത്രിക്കുന്ന സേവനത്തിൽ അടങ്ങിയിരിക്കണം അജപാലനപ്രവൃത്തി.

www.malankaralibrary.com



**5) പുതിയൊരു ഭരണശൈലി:** സമൂഹത്തിലെ ഓരോ അംഗത്തിനും പ്രവർത്തിക്കാനും സമൂഹത്തിലുള്ള ശരിയായ ധർമം നിർവഹിക്കാനും ദൗത്യം പൂർത്തീകരിക്കാനും എളുപ്പമുണ്ടാകത്തക്കവിധത്തിൽ ഭരിക്കണമെന്നതാണ് ഭരണത്തിന്റെ മൗലികതത്ത്വം.

**6) നവീനമായൊരു ദൈവശാസ്ത്രരീതി:** വിശ്വാസത്തെ ആഴപ്പെടുത്തുകയെന്നതാണ് ദൈവശാസ്ത്രത്തിന്റെ ലക്ഷ്യം. സംസ്കാരത്തോടും മനുഷ്യജീവിതത്തിലെ മറ്റു യാഥാർത്ഥ്യങ്ങളോടുമുള്ള പരസ്പരപ്രവർത്തനത്തിൽ കഴിയാൻ വിശ്വാസത്തെ അനുഭവിക്കുകയെന്നതാണ് ഈ ലക്ഷ്യം പ്രാപിക്കാനുള്ള സുപ്രധാനമാർഗങ്ങളിലൊന്ന്. യുക്തിയിൽ അധിഷ്ഠിതമായ രീതിശാസ്ത്രം സത്യത്തോടുള്ള സംവാദപരമായ സമീപനത്തോടുകൂടിയതായിരിക്കണം. വിശ്വാസസത്യങ്ങളെ അധ്യവസാനം ചെയ്യാതെ, നമ്മുടെ വിശ്വാസത്തിനു ജീവിതത്തിലുള്ള പ്രസക്തിയെ വിവരിക്കാനാണ് രണ്ടാം വത്തിക്കാൻ സൂനഹദോസ് നമ്മെ ക്ഷണിക്കുന്നത്.

**7) മതങ്ങളെക്കുറിച്ചുള്ള പുതിയൊരു ധാരണ:** മനുഷ്യഹൃദയങ്ങളിൽ പരിശുദ്ധാത്മാവു നടത്തുന്ന പ്രവർത്തനത്തോടുള്ള പ്രത്യുത്തരങ്ങളായി മതങ്ങളെ നോക്കിക്കാണാൻ രണ്ടാം വത്തിക്കാൻ സൂനഹദോസ് നമ്മെ ക്ഷണിക്കുന്നു. എല്ലാ മതങ്ങളോടും കീഴടക്കലിന്റെയും നശിപ്പിക്കലിന്റെയും പഴയ മനോഭാവത്തിനുപകരം ഭാവാത്മകസമീപനം സ്വീകരിക്കാനും അവയുമായി സംവാദം നടത്താനും ഇത് ആവശ്യപ്പെടുന്നു.

**8) സാമൂഹിക-സാമ്പത്തിക യാഥാർത്ഥ്യങ്ങളെക്കുറിച്ചുള്ള പുതിയൊരു ദർശനം:** ലോകവും അതിലെ വിഭവങ്ങളും മുഴുവൻ മനുഷ്യവംശത്തിനുമുള്ള പൊതുസ്വത്താണ്. അവയെ മാനുഷികാത്യാഗ്രഹത്തിൽ നിന്നു സ്വതന്ത്രമാക്കണം. പങ്കുവയ്ക്കലിലൂടെ ദൈവസ്നേഹത്തിന്റെ അടയാളങ്ങളാക്കി മാറ്റുകയും വേണം. ദരിദ്രരില്ലാത്ത ഒരു ലോകം പടുത്തുയർത്തുകയെന്നതായിരിക്കണം നമ്മുടെ ലക്ഷ്യം.

**9) മനുഷ്യമഹത്ത്വത്തെക്കുറിച്ചുള്ള പുതിയൊരു ബോധം:** ഓരോ മനുഷ്യവ്യക്തിയും ദൈവത്തിന്റെ ഛായയാണ്. ഈ സത്യം നാം വീണ്ടും സമ്പാ

www.malankaralibrary.com



ദിക്കുകയും വ്യക്ത്യന്തരബന്ധങ്ങളിൽ ഇത് മാനദണ്ഡമാക്കി മാറ്റുകയും വേണം. മനുഷ്യസ്വാതന്ത്ര്യത്തോടുള്ള ആദരവ് വിശുദ്ധമായ ഒരു മത കടമയാണ്. എന്തുവിലകൊടുത്തും അതു സംരക്ഷിക്കപ്പെടണം. മത സ്വാതന്ത്ര്യത്തെ സംബന്ധിച്ച് കൗൺസിൽ പുറപ്പെടുവിച്ച പ്രഖ്യാപനം സ്വാതന്ത്ര്യമെന്ന ദാനത്തെക്കുറിച്ചുള്ള നവീനമായ ഒരു ദർശനം നല്കുന്നുണ്ട്.

**10) സഭയുടെ ശുശ്രൂഷയെക്കുറിച്ചുള്ള പുതിയൊരു ധാരണ:** ലോകത്തിലുള്ള സ്ത്രീ-പുരുഷന്മാരുമായി സമ്പർക്കത്തിൽ ഏർപ്പെടാനാണ് സഭയെ യേശുക്രിസ്തു അയച്ചത്. ദൈവം തന്റെ മക്കളോടു സംസാരിക്കുന്ന ഉപകരണവും ചാനലുമാണ് സഭ. എല്ലാവരോടുമുള്ള ദൈവത്തിന്റെ സ്നേഹത്തിന്റെ അടയാളമായിത്തീരുകയെന്നതാണ് അവളുടെ ശുശ്രൂഷ. ലോകവുമായി സമ്പർക്കം നടത്താനുള്ള അവളുടെ ഉപാധികളെല്ലാം ഈ സ്നേഹത്തിന്റെ മൂർത്തീകരങ്ങളായിരിക്കണം.

## D. വത്തിക്കാൻ രണ്ട്: സഭയുടെ ശുശ്രൂഷയിലെ മാതൃകാപരിവർത്തനം

രണ്ടാം വത്തിക്കാൻ സൂനഹദോസു വിഭാവനം ചെയ്ത സഭയുടെ പ്രതിഛായ യാഥാർത്ഥ്യമാക്കിത്തീർക്കുന്നതിന് നമ്മുടെ ശുശ്രൂഷാസംവിധാനങ്ങളിൽ ഒരു മാതൃകാപരിവർത്തനമുണ്ടാവുക അത്യാവശ്യമാണ്. ചരിത്രപരവും സാമൂഹികശാസ്ത്രപരവുമായ കാരണങ്ങളാൽ നമ്മുടെ ശുശ്രൂഷയെക്കുറിച്ച് ഒരു പ്രത്യേകതരം ധാരണ സൃഷ്ടിച്ചിട്ടുണ്ട്. ഇന്നത്തെ നമ്മുടെ ദൗത്യം ഫലപ്രദമാകുന്നതിന് ഇതു മാറ്റേണ്ടിയിരിക്കുന്നു. സഭയെയും ലോകത്തിലുള്ള അവളുടെ ധർമത്തെക്കുറിച്ചുള്ള പുതിയൊരു വീക്ഷണം ധാരണയിലുള്ള ഈ പരിവർത്തനം സൃഷ്ടിക്കും.

**1) മതത്തിൽനിന്നു സുവിശേഷത്തിലേക്ക്:** ആദിമസഭയിൽ സഭയുടെ ശുശ്രൂഷവഴി സുവിശേഷം എല്ലായിടത്തും വ്യാപിക്കുന്നതായി നാം വായിക്കുന്നു. മധ്യയുഗത്തിൽ ഇത് ക്രൈസ്തവമതത്തിന്റെ വ്യാപനത്തിനു വഴിമാറിക്കൊടുത്തു. രണ്ടാം വത്തിക്കാൻ കൗൺസിലോടുകൂടി, ലോകത്തിൽ ഇന്നുള്ള ദുഷിച്ച വാർത്തകളെ എതിർക്കുകയും വെല്ലുവിളി

www.malankaralibrary.com



ക്കുകയും ചെയ്യുന്ന സദ്‌വാർത്തയുടെ പ്രഘോഷകയായി സഭ അവതരിപ്പിക്കപ്പെടുന്നു.

**2) സ്ഥാപനത്തിൽനിന്നു സമൂഹത്തിലേക്ക്:** സഭയെ മാനുഷികബന്ധത്തിന്റെ ഒരു സമൂഹമായി അപ്പസ്തോലന്മാരുടെ നടപടിപ്പുസ്തകം അവതരിപ്പിക്കുന്നു. മധ്യയുഗത്തിൽ ഒരു മതാത്മകസ്ഥാപനമെന്ന നിലയിലുള്ള സഭയ്ക്ക് ഇതു വഴിമാറി. മാനുഷികബന്ധത്തെ പടുത്തുയർത്തുന്ന സ്നേഹം പരലോകബന്ധത്തെ സൃഷ്ടിക്കുന്ന കൃപാവരത്തിനു വഴിമാറി. രണ്ടാം വത്തിക്കാൻ കൗൺസിൽ എല്ലാവരുമായുള്ള കൂട്ടായ്മ സൃഷ്ടിക്കാൻ ലോകവുമായുള്ള സംവാദത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു സമൂഹമായി സഭയെ അവതരിപ്പിക്കുന്നു.

**3) ഉപദേശത്തിൽനിന്ന് സമ്പർക്കത്തിലേക്ക്:** ആശയവിനിമയാവസ്ഥയിലുള്ള ഒരു സമൂഹമായിരുന്നു ആദിമസഭ. ക്രിസ്തുവിനെക്കുറിച്ചുള്ള തന്റെ അനുഭവം പങ്കുവയ്ക്കാനുള്ളതാണ് ഈ ദൗത്യമെന്ന് വി. യോഹന്നാൻ ശ്ലീഹ വ്യക്തമായി പറയുന്നുണ്ട് (1 യോഹ. 1:1). മധ്യയുഗത്തിൽ, സഭ അനുഭവത്തിന്റെ സമൂഹമെന്നതിനെക്കാൾ സത്യങ്ങളുടെ കൈവശക്കാരിയായി കാണപ്പെടുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ സഭയെ മാനുഷികമായ ഒന്നായി അവതരിപ്പിക്കുന്നു. കൂടുതൽ വ്യാപകമായ മാനുഷിക സമൂഹത്തിനുള്ളിൽ അതിന്റെ അനുഭവങ്ങളിൽ പങ്കുചേരുന്ന സമൂഹമായി അവതരിപ്പിക്കുന്നു.

**4) സഭാസമൂഹത്തിൽനിന്ന് സഭാത്മകസമൂഹത്തിലേക്ക്:** ആദിമകാലഘട്ടത്തിൽ ഒരു സമൂഹമായി, അതായത്, ചില പ്രത്യേകസ്ഥലങ്ങളിലുള്ള വിശ്വാസികളുടെ സമ്മേളനമായി സഭയെ നാം കാണുന്നു. ഈ ദൃശ്യം മധ്യയുഗത്തിൽ മാറി. കേന്ദ്രീകൃതമായ നൈയാമികവും ഭരണപരവുമായ സംവിധാനത്തോടുകൂടിയ ഒരു സാർവത്രികസമൂഹമെന്ന നിലയിൽ സഭ കൂടുതലായും കാണപ്പെട്ടു. സഭയ്ക്ക് പ്രാദേശികസമൂഹമെന്ന നിലയിലുള്ള തനിമ രണ്ടാം വത്തിക്കാൻ കൗൺസിലോടെ പുനഃസ്ഥാപിക്കപ്പെട്ടു.

www.malankaralibrary.com



**5) വിശ്വാസത്തിൽനിന്നു പ്രത്യാശയിലേക്ക്:** ശ്ലീഹന്മാരുടെ കാലത്ത് ക്രിസ്തുവിനെ പ്രഘോഷിക്കുകയെന്നത് ദൈവരാജ്യസ്ഥാപനത്തിനു വേണ്ടിയുള്ളതായിരുന്നു. ആ രാജ്യമാകട്ടെ രൂപാന്തരപ്പെട്ട ലോകമായി കരുതിയിരുന്നു. മധ്യയുഗത്തിൽ ക്രിസ്തുവിനെപ്പറ്റി പ്രഘോഷിക്കുന്നതിനുപകരം ക്രിസ്തുവിനെ സംബന്ധിച്ച സത്യങ്ങളെക്കുറിച്ചു പ്രഘോഷിക്കുന്നതായി കാണുന്നു. ദൈവരാജ്യംതന്നെയായി കരുതപ്പെടുന്നവയും സഭയുടേതാകാൻ സഹായിക്കുന്നവയുമാണ് ആ സത്യങ്ങൾ. അവിടെനിന്ന് സ്വർഗരാജ്യത്തേക്കുള്ള യാത്ര ഉറപ്പുള്ളതാകുന്നു. അങ്ങനെ സഭയിൽ പ്രവേശിക്കുന്നവർക്ക് സ്വർഗത്തിൽ പ്രവേശിക്കാൻ വിശ്വാസം സഹായിക്കുന്നു. ഒരിക്കൽകൂടി മനുഷ്യവംശത്തിന്റെ ആഗ്രഹങ്ങളിൽ പങ്കുചേർന്നുകൊണ്ട് ലോകത്തിൽ നിലകൊള്ളുന്ന ഒന്നായി, സഭയെ രണ്ടാം വത്തിക്കാൻ കൗൺസിലിൽ കാണുന്നു. പൊതുപ്രത്യാശയിലും സമരത്തിലും ലോകത്തോടൊപ്പമുള്ള ഒരു കൂട്ടായ്മയായി സഭ തന്നെത്തന്നെ കാണുന്നു. തന്റെ ഭാഗധേയത്തിലേക്കു യാത്ര ചെയ്യുന്ന ഈ മനുഷ്യസമൂഹത്തിൽ ചേരാൻ നാം ക്ഷണിക്കപ്പെടുന്നു.

**ഉപസംഹാരം**

നാമിപ്പോൾ പുതിയൊരു സഹസ്രാബ്ദത്തിന്റെ പൊൻപുലരിയിൽ നില്ക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ചൈതന്യത്താൽ പ്രചോദിതരായും ഭാവിയെക്കുറിച്ചുള്ള ഒരു ദർശനത്തോടെ ചക്രവാളത്തിലേക്കു നോക്കിക്കൊണ്ടും നില്ക്കുകയാണ്. പരിശുദ്ധാത്മാവും ലോകവും നമ്മുടെ മുമ്പിൽ ഉയർത്തുന്ന വെല്ലുവിളികളെ നാം ധീരതയോടെ സ്വീകരിക്കണം. നാം മൂന്നാം സഹസ്രാബ്ദത്തിലേക്കു പ്രവേശിക്കുന്നത് ഒരു സുനിശ്ചിതരൂപരേഖയോടു കൂടിയല്ല. എന്നാൽ പരിത്യാഗത്തിന്റെയും വിധേയത്വത്തിന്റെയും ചൈതന്യത്തോടെ അതിലേക്കു പ്രവേശിക്കാൻ നാം ധൈര്യപ്പെടുന്നു. കഴിഞ്ഞകാലത്ത് നമ്മുടെ ശുശ്രൂഷ എത്രകാര്യക്ഷമമായിരുന്നുവെന്നതോ, നമ്മുടെ പദ്ധതികൾ എത്ര വിജയപ്രദമായിരുന്നുവെന്നതോ ലോകത്തിന്റെ മുമ്പിൽ നമ്മുടെ സംവിധാനങ്ങൾ എത്ര വിസ്മയനീയമായിരുന്നുവെന്നതോ ഒരു പ്രശ്നമല്ല. അവയിൽ നിന്നെല്ലാം അകന്നുനില്ക്കുന്ന ഒരു മനോഭാവം നമുക്കുണ്ടാകണം. മൂന്നാം സഹസ്രാബ്ദത്തിൽ നമ്മുടെ ദൗത്യം എങ്ങനെ

www.malankaralibrary.com



പൂർത്തിയാക്കാമെന്ന് പരിശുദ്ധാത്മാവ് സ്വതന്ത്രമായി ഓർമിപ്പിക്കുന്നതിന് അവിടുത്തെ അനുവദിക്കുന്നതിനാണത്. നന്മയായും ഇന്നും പ്രസക്തമായും കാര്യക്ഷമമായും ഉള്ളതൊന്നും നഷ്ടപ്പെടുകയില്ലെന്നതിൽ സംശയമില്ല. അവ കൂടുതൽ സജീവത്വം നേടും. കാരണം, ദൈവരാജ്യത്തിന്റെ യഥാർത്ഥസ്രഷ്ടാവായ പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിൻ കീഴിലായിരിക്കും നാം പ്രവർത്തിക്കുന്നത്. അതേസമയം, നമ്മുടെ ഇടയിൽ സ്വർഗരാജ്യം സൃഷ്ടിക്കുന്നതിൽ അപ്രസക്തമായിട്ടുള്ളതും സഹായകരമല്ലാത്തതുമായ എല്ലാം മാറ്റിവയ്ക്കാൻ നാം തയ്യാറാകണം. സഭ ആയിരിക്കുന്നതിന്റെ പുതിയ രീതിയിലേക്കും നമ്മുടെ ശുശ്രൂഷ നിറവേറ്റാനുള്ള പുതിയരീതിയിലേക്കും രണ്ടാം വത്തിക്കാൻ കൗൺസിൽ നമ്മെ പ്രവേശിപ്പിച്ചിരിക്കുന്നു. അത് ഭൂതകാലത്തെ നശിപ്പിക്കാനുള്ള ഒരു ക്ഷണമല്ല. വർത്തമാനകാലത്ത് പ്രസക്തമായ രീതിയിൽ പ്രത്യുത്തരിക്കാനുള്ള ക്ഷണമാണ്. പ്രത്യുത്തരങ്ങളുടെ നൂറ്റാണ്ടിലൂടെ നമുക്കു മുമ്പേ പോയവർ നമുക്കായി സമാഹരിച്ചിട്ടുള്ള സർവവിഭവങ്ങളോടുംകൂടി ഭാവിയിലേക്കു മാർച്ചുചെയ്യണം. നമ്മുടെ ഇടയിൽ ജീവിക്കുന്ന ക്രിസ്തുവിന്റെ ശുശ്രൂഷകരും നമ്മുടെ ലോകത്തിൽ പ്രവർത്തനനിരതനായിരിക്കുന്ന പരിശുദ്ധാത്മാവിന്റെ സഹപ്രവർത്തകരുമായിരിക്കും നമ്മൾ. അങ്ങനെ, പിതാവിനു ലോകത്തോടുള്ള സ്നേഹത്തിന്റെ സാക്ഷാത്കാരത്തിനു പൂർണമായി സഹായം ചെയ്യാൻ നമുക്കു കഴിയും.

www.malankaralibrary.com

# ആധുനികസഭയുടെ അവസാനിക്കാത്ത വസന്തം

ഫാ. സക്കറിയാസ് പറനിലം
ഡയറക്ടർ, പി.ഒ.സി

രണ്ടാം സഹസ്രാബ്ദത്തിന്റെ അവസാന നൂറ്റാണ്ടിലെ ലോക ചരിത്രത്തിൽ തന്നെ ഏറെ പ്രാധാന്യമുള്ള സംഭവമാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ. അത് സമാപിച്ചിട്ട് 40 വർഷം പൂർത്തിയാകുന്നു. ആധുനികസഭയുടെ വസന്തമായ ഈ കൗൺസിൽ 1962 ഒക്ടോബർ 11-ന് ആരംഭിച്ച് 1965 ഡിസംബർ 8-ന് സമാപിച്ചു. അത് സഭയുടെ 21-ാമത്തെ സാർവത്രികകൗൺസിൽ (സൂനഹദോസ്) ആയിരുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ റൂബിജൂബിലിപോലുള്ള ആചരണം കേവലം ആഘോഷമല്ല. അതിന് കൗൺസിലിന്റെ തുടർപ്രസക്തി സകലരെയും അനുസ്മരിപ്പിച്ചുകൊണ്ട് അതിന്റെ രേഖകളുടെ സ്വീകരണത്തിനും സാക്ഷാത്കാരത്തിനും സഹായിക്കുകയെന്ന ലക്ഷ്യമുണ്ട്. വിദൂരത്തുള്ള ഒരു ഗാലക്സിയിലെ, അനേകം പ്രകാശവർഷങ്ങൾ അകലെയുള്ള ഒരു നക്ഷത്രവിസ്ഫോടനത്തിന്റെ ആദ്യകിരണങ്ങൾ പോലും ഭൂമിയിലേക്ക് എത്തുന്നത് ഏറെ വർഷങ്ങൾക്കു ശേഷമാകും. സാർവത്രിക കൗൺസിലുകളുടെ സ്വീകരണ(reception)വും ഇങ്ങനെയാണ്. ഡെന്നിസ് എം. ഡോയൽ പറഞ്ഞിട്ടുള്ളതുപോലെ അനേകവർഷങ്ങൾകൊണ്ട് മാത്രം സ്വീകരിക്കപ്പെടുന്ന ഒന്നാണ് സാർവത്രികസൂനഹദോസ് (A Council is "a moment

www.malankaralibrary.com



in the Church's ongoing self-realisation that is 'received' over a number of years"). കൗൺസിൽ രേഖകളുടെ അർത്ഥം തന്നെ ഭാഗികമായി നിശ്ചയിക്കപ്പെടുന്നത് തുടർന്നുള്ള വ്യാഖ്യാനത്തിലൂടെയാവും. 325-ൽ നടന്ന നിഖ്യാ സൂനഹദോസിന്റെ തീരുമാനങ്ങൾ സ്വീകരിച്ച് സ്വാംശീകരിക്കപ്പെട്ടത് സുദീർഘമായ ഒരു കാലഘട്ടത്തിലൂടെയാണെന്ന് തെളിയിക്കുന്നതാണ് കൗൺസിൽ ശപിച്ച ആര്യൻ പാഷണ്ഡതയുടെ തുടർന്നും ദീർഘകാലം നിലനിന്ന ചരിത്രം. ട്രെന്റ് സൂനഹദോസി (1545-1563) ന്റെ സ്വീകരണ-വ്യാഖ്യാനപ്രക്രിയ നൂറ്റാണ്ടുകൾ കഴിഞ്ഞ് നടന്ന ഒന്നാം വത്തിക്കാൻ സൂനഹദോസിനു (1869-1870) ശേഷവും സജീവമായി തുടർന്നു; ഇന്നും തുടരുന്നുവെന്നും പറയാം.

## സാർവത്രിക സൂനഹദോസുകൾ

പ്രബോധനങ്ങൾ വ്യക്തമാക്കാനും, പ്രതിസന്ധികളെയും പ്രശ്നങ്ങളെയും നേരിടാനും നവീകരണം സംജാതമാക്കാനും മറ്റുമായി സഭയുടെ ചരിത്രത്തിൽ സാർവത്രിക സൂനഹദോസുകൾ (കൗൺസിലുകൾ) വിളിച്ചുകൂട്ടിയിട്ടുണ്ട്. വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ വിചിന്തനം നടക്കുന്ന വേദിയാണത്. കാലഘട്ടത്തിന്റെ അടിയന്തിരാവശ്യങ്ങൾ നേരിടുകയെന്നത് കൗൺസിലുകളുടെ പൊതുസ്വഭാവമാണ്. സഭയുടെ മുഴുവൻ പ്രാതിനിധ്യം ഉണ്ടെന്ന് കരുതുന്നതുകൊണ്ടും അതിനെ മുഴുവൻ സ്വാധീനിക്കുന്നതു കൊണ്ടുമാണ് ഇത്തരം സമ്മേളനങ്ങളെ സാർവത്രിക (ecumenical) മെന്ന് വിശേഷിപ്പിക്കുന്നത്. സമ്മേളിക്കുന്ന സ്ഥലത്തോട് ബന്ധപ്പെട്ടാണ് കൗൺസിലുകൾ അറിയപ്പെടുന്നത്.

മാർപാപ്പയും സഭയിലെ എല്ലാ മെത്രാന്മാരും ഒരു സംഘമായിട്ടാണ് സാർവത്രിക സൂനഹദോസിൽ പങ്കെടുക്കുന്നത്. ഈ സംഘത്തിന് വിശ്വാസവും സന്മാർഗവും സംബന്ധിച്ച കാര്യങ്ങളിൽ അപ്രമാദിത്വമുള്ള പ്രഖ്യാപനങ്ങൾ വരെ നടത്താൻ കഴിയും. സൂനഹദോസുകൾക്ക് നിയമനിർമാണ അധികാരമുണ്ട് (legislative force). ആദ്യ സഹസ്രാബ്ദത്തിൽ എട്ടും, മധ്യകാലത്ത് (1000-1400) ഏഴും, നവീകരണകാലത്ത് (Reformation 1400-1700) നാലും, ആധുനികകാലത്ത് (1800-2000) രണ്ടും സാർവത്രിക കൗൺസിലുകളാണ് നടന്നത്. അവസാനത്തെ രണ്ടും റോമിലെ വത്തിക്കാനിൽ വച്ചായിരുന്നു.

www.malankaralibrary.com



ആദ്യസഹസ്രാബ്ദത്തിലെ കൗൺസിലുകൾ പാഷണ്ഡത (Heresy) കളുടെ പശ്ചാത്തലത്തിൽ വിശ്വാസസത്യങ്ങൾ പ്രമാദരഹിതമായി നിർവചിച്ച് സ്ഥാപിക്കുന്നതിൽ ശ്രദ്ധിച്ചതായി കാണുന്നു. മധ്യകാലത്തെയും നവീകരണകാലത്തെയും കൗൺസിലുകൾ നവീകരണ പരിപാടികൾ ആവിഷ്കരിക്കുന്നതിനും ചില വിശ്വാസസത്യങ്ങൾക്ക് വ്യക്തത നല്കുന്നതിനും കൂടുതലായി പരിശ്രമിച്ചു. മാർപാപ്പയുടെ അപ്രമാദിത്വം നിർവചിക്കുകയും അംഗീകരിക്കുകയുമായിരുന്നു ഒന്നാം വത്തിക്കാൻ കൗൺസിലിൽ നടന്നത്. രണ്ടാം വത്തിക്കാൻ കൗൺസിൽ മെത്രാന്മാരുടെ അധികാരവും അല്മായരുടെ മഹനീയസ്ഥാനവും സുവ്യക്തമാക്കി. കൂടാതെ, സഭയുടെ മങ്ങിപ്പോയ ചൈതന്യം വീണ്ടെടുക്കുകയും ശരിയായ ദിശാബോധം പുനഃസ്ഥാപിക്കുകയും അതിവേഗം പുരോഗമിക്കുന്ന ലോകത്തിൽ കാലാനുസൃതമാകാൻ സഭയെ സന്നദ്ധയാക്കുകയും ചെയ്തു. പങ്കെടുത്തവരുടെ പ്രാതിനിധ്യം, എണ്ണം എന്നിവ കൊണ്ടും, ഉളവാക്കിയ മാറ്റം, കൈവരിച്ച നേട്ടം എന്നിവ കൊണ്ടും രണ്ടാം വത്തിക്കാൻ കൗൺസിൽ സവിശേഷമായ രീതിയിൽ ശ്രദ്ധേയമായി. രണ്ടാം വത്തിക്കാൻ കൗൺസിൽ കത്തോലിക്കരിലെന്ന പോലെ ഇതരസഭാംഗങ്ങളിലും ഇതരമതസ്ഥരിലും താത്പര്യം ഉണർത്തുകയുണ്ടായി. അക്കാലത്തെ മാധ്യമവാർത്തകൾ ഇതിന് തെളിവാണ്.

## സുവിശേഷത്തിന്റെ ഊർജ്ജം പ്രസരിപ്പിക്കുക

1961 ഡിസംബർ 25-ന് കൗൺസിലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളുടെ സൂചനകൾ ജോൺ 23-ാമൻ മാർപാപ്പ പുറപ്പെടുവിച്ച "മനുഷ്യരക്ഷ" *(Humanae salutis)* എന്ന രേഖയിലൂടെ പ്രകാശിതമായി; 1962 - ആയിരിക്കും കൗൺസിൽ സമ്മേളിക്കുന്നതെന്ന് പാപ്പാ ഔദ്യോഗികമായി പ്രഖ്യാപിച്ചു. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്തെ സുവിശേഷത്തിന്റെ ജീവദായകവും സനാതനവുമായ ഊർജ്ജവുമായി ബന്ധപ്പെടുത്തുകയെന്നതാണ് ("...bringing the modern world into contact with the vivifying and perennial energies of the gospel...") കൗൺസിലിലൂടെയുള്ള സഭയുടെ ദൗത്യം. സമകാലികലോകത്തിന്റെ പ്രശ്നങ്ങൾ കാര്യക്ഷമമായി പരിഹരിക്കുന്നതിന് സഭയ്ക്കു നല്കാനാകുന്ന സംഭാവനകളെക്കുറിച്ച് വിചിന്തനം ചെയ്യുക, സഭാംഗങ്ങളുടെ വിശുദ്ധീകരണം ഉറപ്പാക്കുക, സഭയുടെ യുവത്വം വീണ്ടെടുത്ത് പ്രകാശിപ്പി

www.malankaralibrary.com



ക്കുക, വിശ്വാസസത്യങ്ങൾ കാലികവും പ്രസക്തവുമായ രീതിയിൽ വ്യക്തമാക്കുകയും, പരസ്പരമുള്ള സ്നേഹം വളർത്തുകയും ചെയ്തുകൊണ്ട് വേർപിരിഞ്ഞ ക്രൈസ്തവസഹോദരങ്ങളെ സഭൈക്യത്തിലേക്ക് കൊണ്ടുവരിക. ഇതരമതങ്ങളോടും മനുഷ്യരെല്ലാവരോടും സ്നേഹ സംവാദത്തിനായി മുന്നിട്ടിറങ്ങുക. യഥാർത്ഥമായ സമാധാനത്തിലേക്ക് സകല മനുഷ്യരെയും നയിക്കുക തുടങ്ങിയവയായിരിക്കും കൗൺസിൽ ലക്ഷ്യമാക്കുന്ന ഫലങ്ങളെന്ന് മാർപാപ്പ വ്യക്തമാക്കി. ഇപ്രകാരം കൗൺസിൽ ആത്മാവിന്റെ ആന്തരികതയും മനുഷ്യജീവിതത്തിന്റെ സമസ്തമേഖലകളും ക്രൈസ്തവപ്രകാശംകൊണ്ട് നിറയ്ക്കുകയും തീവ്രമായ ആത്മശക്തി അവയിൽ ഉൾപ്രവേശിപ്പിക്കുകയും ചെയ്യുമെന്ന് മാർപാപ്പ പ്രത്യാശിച്ചു. (....the Council deliberations must...succeed to the extent of imbuing with Christian light and penetrating with fervent spiritual energy not only the intimacy of the soul but the whole collection of human activities).

സഭാസംവിധാനത്തിന്റെ ജനാലകളും, വാതിലുകളും തുറന്നിടുക, പൊടിപടലങ്ങൾ പുറത്താക്കുക, ശുദ്ധവായുവിന് ഉൾപ്രവേശനം നല്കുക... കൗൺസിലിന്റെ ലക്ഷ്യം ജോൺ ഇരുപത്തിമൂന്നാമൻ കണ്ടതിങ്ങനെയാണ്. നവീകരണമാണ് ഇതുകൊണ്ട് പാപ്പാ അർത്ഥമാക്കിയത്. കൗൺസിൽ ലക്ഷ്യമാക്കുന്ന സഭയിലെ നവീകരണപ്രക്രിയയിൽ രണ്ട് ഘടകങ്ങളുണ്ട്. സമകാലീനമനുഷ്യനെ കേന്ദ്രീകരിച്ചാണ് രണ്ടും – മനുഷ്യനെന്ന യാഥാർത്ഥ്യം, മനുഷ്യൻ ജീവിക്കുന്ന ലോകം. വി. ഗ്രന്ഥങ്ങൾ സാക്ഷ്യപ്പെടുത്തുന്ന യേശുക്രിസ്തുവാണ് നവീകരണത്തിന്റെ അളവുകോൽ: നവീകരണം കൊണ്ട് അർത്ഥമാക്കുന്ന മുഖ്യമായ കാര്യം ആധുനികമനുഷ്യർക്ക് മനസ്സിലാകുന്ന സമകാലീനരീതിയിൽ യേശുവിനെ അവതരിപ്പിക്കുകയാണ്. യേശു വേണ്ടപോലെ മനസ്സിലാക്കപ്പെടണമെങ്കിൽ സഭാജീവിതം അതിന്റെ ആദിമചൈതന്യം വീണ്ടെടുക്കണം.

പോൾ ആറാമൻ മാർപാപ്പ കൗൺസിലിന്റെ നാല് ലക്ഷ്യങ്ങൾക്ക് ഊന്നൽകൊടുക്കുന്നതായി പ്രഖ്യാപിക്കുകയുണ്ടായി: 1) സഭയെ ശരിയായി നിർവചിക്കുക. 2) സഭയെ നവീകരിക്കുക. 3) സഭൈക്യത്തിനായി യത്നിക്കുക. 4) വർത്തമാനകാല ലോകവുമായി സംഭാഷണത്തിലേർപ്പെടുക.

www.malankaralibrary.com



## കൗൺസിൽ കാലത്തെ ചരിത്രസംഭവങ്ങൾ

കൗൺസിൽ ചർച്ച ചെയ്ത് ക്രോഡീകരിച്ച പ്രമാണരേഖകൾ പോലെ ശ്രദ്ധേയങ്ങളാണ് അക്കാലത്തെ ചില സംഭവങ്ങളും. ഉദാഹരണമായി സഭാവിജ്ഞാനീയവിദഗ്ധർ പറയാറുള്ളത് 'തിരുസ്സഭ' (L.G) എന്ന കോൺസ്റ്റിറ്റ്യൂഷനിൽ 'ദൈവജനം' എന്ന അധ്യായം 'ഹയരാർക്കി' എന്ന അധ്യായത്തിനുമുമ്പ് ഉൾപ്പെടുത്താനെടുത്ത തീരുമാനമാണ് കൗൺസിലിലെ ഏറ്റവും വലിയ സംഭവമെന്നാണ്. സഭാംഗങ്ങളുടെ (അല്മായർ, പുരോഹിതർ, സന്യസ്തർ) യഥാർത്ഥമായ സമത്വവും സ്ഥാനവും കൂട്ടായ്മയും സംബന്ധിച്ചുള്ള സഭയുടെ ശരിയായ ആത്മബോധം വ്യക്തമാക്കുന്നതാണ് ഈ തീരുമാനം.

കൗൺസിലിന്റെ സൂത്രധാരനായിരുന്ന ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പ അതിന്റെ രണ്ടാംഘട്ടം ആരംഭിക്കുന്നതിനുമുമ്പ് ദിവംഗതനായി. പുതിയ പാപ്പായായി തിരഞ്ഞെടുക്കപ്പെട്ട പോൾ ആറാമൻ കൗൺസിൽ തുടരാൻ തീരുമാനിക്കുകയും ലക്ഷ്യങ്ങൾ മുൻസൂചിപ്പിച്ചതുപോലെ പുതുതായി വ്യക്തമാക്കുകയും ചെയ്തു.

1960-ൽ തന്നെ സഭൈക്യത്തിനായുള്ള സെക്രട്ടേറിയറ്റ് റോമിൽ സ്ഥാപിതമായി. 1964 ജനുവരി 4 മുതൽ 6 വരെ തീയതികളിൽ മാർപാപ്പ വിശുദ്ധനാട് സന്ദർശിച്ചു. സഭയുടെ ഉറവിടങ്ങളിലേക്ക് തിരിച്ചുപോകാനുള്ള സന്നദ്ധതയുടെയും ക്രിസ്തുവിൽ വിശ്വസിക്കുന്നവരെയെല്ലാം ഒന്നായി കാണുന്നതിന്റെയും പ്രതീകമായിരുന്നു ആ സന്ദർശനം. 1964 ആഗസ്റ്റിൽ പോൾ ആറാമൻ പാപ്പ തന്റെ ആദ്യത്തെ ചാക്രികലേഖനമായ "നമ്മുടെ സഭ" (*Ecclesiam Suam*) പ്രസിദ്ധീകരിച്ചു. സഭയെത്തന്നെ കേന്ദ്രവിഷയമാക്കി നടക്കുന്ന കൗൺസിലിനിടയിൽ പ്രകാശിപ്പിക്കപ്പെട്ട ഈ സഭാകേന്ദ്രീകൃത ചാക്രികലേഖനം ശ്രദ്ധേയമായി. മൂന്നാംഘട്ടം 1964 നവംബർ 21-ന് സമാപിച്ചതിനെ തുടർന്ന് ബോംബെയിലെ ദിവ്യകാരുണ്യകോൺഗ്രസ്സിനോടനുബന്ധിച്ച് പോൾ ആറാമൻ പാപ്പ ഇന്ത്യ സന്ദർശിച്ചു. കത്തോലിക്കാസഭയുടെ തലവൻ 3%-ൽ താഴെ മാത്രം ക്രൈസ്തവരുള്ള ഇന്ത്യ സന്ദർശിച്ചത് സഭയുടെ സാർവത്രികതയുടെയും മതാന്തരതുറവിയുടെയും സന്ദേശം നല്കി.

സഭയും ഇതരമതങ്ങളും തമ്മിലുള്ള ബന്ധം കൈകാര്യം ചെയ്യാനുള്ള സെക്രട്ടേറിയറ്റ് വത്തിക്കാനിൽ 1964 മേയ് മാസത്തിൽ സ്ഥാപി

www.malankaralibrary.com



ക്കപ്പെട്ടു. 1965 ഏപ്രിലിൽ മതവിശ്വാസികളല്ലാത്തവർക്കു വേണ്ടിയുള്ള സെക്രട്ടേറിയറ്റും ആരംഭിച്ചു. അതേവർഷം ഒക്ടോബർ 4-ന് ഐക്യ രാഷ്ട്രസഭയുടെ ജനറൽ അസംബ്ലിയെ അമേരിക്കയിൽച്ചെന്ന് പോൾ ആറാമൻ അഭിസംബോധന ചെയ്തത് അവിസ്മരണീയ സംഭവമായി മാറി. അതേവർഷം ഡിസംബർ 7-ന് പോൾ ആറാമൻ പാപ്പായും, ഈസ്റ്റാംബൂളിലെ അത്തനഗോറസ് പാത്രിയാർക്കയും പരസ്പരഭ്രഷ്ട് (Ex-communication) പിൻവലിച്ചു. ഇരുസഭകളുടെയും ഉണങ്ങാത്ത മുറിവായിരുന്നു പൗരസ്ത്യശീശ്മയ്ക്കിടയാക്കിയ 1054 ലെ ഈ ഭ്രഷ്ട്. ഇതിന്റെ പിൻവലിക്കൽ സഭൈക്യശ്രമങ്ങൾക്ക് വിജയസാധ്യത വർദ്ധിപ്പിച്ച നിർണായകമായചരിത്രസംഭവമാണ്.

## സമീപനങ്ങളും ആഭിമുഖ്യങ്ങളും

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ രേഖകൾ നാളിതുവരെ ഉണ്ടായിട്ടുള്ളവയിൽനിന്ന് വ്യത്യസ്തമാണ്. പല കൗൺസിലുകളുടെയും പ്രഖ്യാപനം ഹ്രസ്വവും കല്പനാരൂപത്തിലുള്ളതുമായിരുന്നു: വിശ്വാസപ്രമാണം, ശിക്ഷാപ്രസ്താവനകൾ (Condemnation), നിർവചനങ്ങൾ, നിയമങ്ങൾ തുടങ്ങിയവ. എന്നാൽ, മുഖ്യമായി പൊതുവിഷയങ്ങളും, പരിപ്രേക്ഷ്യങ്ങളും വ്യക്തമാക്കുന്ന ദൗത്യവിളംബരങ്ങളാണ് (Mission Statements) രണ്ടാം വത്തിക്കാൻ രേഖകൾ. നിലവിലുണ്ടായിരുന്ന ആശയങ്ങളെ തിരുത്തിക്കുറിക്കുന്ന ചില മാതൃകാമാറ്റങ്ങൾ (Paradigm Shifts) ഈ കൗൺസിലിന്റെ സമീപനങ്ങളിലും രേഖകളിലും കാണാം.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സമീപനം അജപാലനപരമായിരുന്നു. അതിന്റെ പൊതുവിലുള്ള അർത്ഥം പ്രായോഗികതയ്ക്ക് രേഖകളിൽ ഏറെ പ്രാധാന്യമുണ്ടെന്നാണ്. വിശ്വാസസത്യങ്ങളുടെ നിർവചനമല്ലായിരുന്നു കൗൺസിലിന്റെ മുഖ്യമായ വ്യഗ്രത. അതേസമയം വിശ്വാസത്തിന്റെ പ്രബോധനം കൗൺസിലിന്റെ മുഖ്യലക്ഷ്യം തന്നെയായിരുന്നു. കൗൺസിലിൽ പങ്കെടുത്തിരുന്ന പ്രസിദ്ധ ദൈവശാസ്ത്രജ്ഞനായ എഡ്വേർഡ് സ്കില്ലെബെക്സിന്റെ പ്രസ്താവന സ്മരണീയമാണ്. അദ്ദേഹം പറഞ്ഞു, കൗൺസിലിന്റെ അജപാലനസ്വഭാവം എന്നത് വിശ്വാസസത്യങ്ങളെക്കുറിച്ചുള്ള ഒരു പുതിയ കാഴ്ചപ്പാടാണ് (*"a new dogmatic sensitivity"*). വിശ്വാസസത്യങ്ങളുടെ മേഖലയിൽ യാതൊരു മാറ്റവും ഉളവാക്കിയില്ല എന്നല്ല കൗൺസിൽ അജപാലനപ

www.malankaralibrary.com



രമായിരുന്നെന്നു വിശേഷിപ്പിക്കുന്നതിന്റെ അർത്ഥം. കൗൺസിലിനോടുകൂടി ക്രൈസ്തവ ജീവിതത്തെ വിശ്വാസസത്യങ്ങളുടെ ആകെത്തുകയായിട്ട് മാത്രമല്ല ഒരു ചലനാത്മക സംഭവമായിട്ടുകൂടി പരിഗണിക്കുകയും അനുഭവിക്കുകയും ചെയ്യുന്ന സ്ഥിതി സംജാതമായിരിക്കുന്നു (E Schillebeckx OP, *Vatican II: The Real Achievement,* 1967, p. 15).

കാലത്തിന്റെ അടയാളങ്ങൾ കണ്ടറിയുകയും വിവേചിച്ച് പ്രതികരിക്കുകയും ചെയ്യുന്ന ഒരു സമീപനം കൗൺസിൽ സ്വീകരിക്കുകയുണ്ടായി. ആധുനികീകരണം എന്ന ലക്ഷ്യത്തിന് ഇത് അനുപേക്ഷണീയവുമാണ്. ചരിത്രവും സമൂഹവും, പ്രത്യേകിച്ച് സാങ്കേതികവിദ്യകളും, അതിവേഗം മാറിക്കൊണ്ടിരിക്കുകയും, ലോകത്തിൽ മാറ്റവും നൂതന കണ്ടുപിടിത്തങ്ങളും (Innovation) നിയമമായി മാറുകയും ചെയ്യുന്നത് തിരിച്ചറിഞ്ഞ സഭ കാലത്തിനൊത്ത് നീങ്ങാൻ തയ്യാറായി. അതേക്കുറിച്ചുള്ള ഒരു കൗൺസിൽ രേഖ ഇപ്രകാരമാണ്: "കാലത്തിന്റെ അടയാളങ്ങൾ സൂക്ഷ്മനിരീക്ഷണം ചെയ്ത് സുവിശേഷവെളിച്ചത്തിൽ വ്യാഖ്യാനിക്കുവാൻ സഭ എല്ലായ്പ്പോഴും ബാദ്ധ്യസ്ഥയത്രേ. ഈ ജീവിതവും ഭാവിജീവിതവും അവ തമ്മിലുള്ള ബന്ധവും സംബന്ധിച്ച് മനുഷ്യൻ നിരന്തരം ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് ഓരോ തലമുറയ്ക്കും സുഗ്രഹമായ ഭാഷയിൽ പ്രത്യുത്തരം നല്കുവാൻ സഭ പ്രാപ്തയാകേണ്ടിയിരിക്കുന്നു. അതുകൊണ്ട് നാം ജീവിക്കുന്ന ലോകത്തെയും അതിന്റെ പ്രതീക്ഷകളെയും അഭിവാഞ്ഛകളെയും പലപ്പോഴും നാടകീയമായ അതിന്റെ സ്വഭാവവിശേഷങ്ങളെയും തിരിച്ചറിയണം, മനസ്സിലാക്കണം" (സഭ ആധുനികലോകത്തിൽ, 4). ശില്പി കല്ലിനകത്ത് മാലാഖയെ കാണുന്നതുപോലെ ചരിത്രത്തിൽ ദൈവത്തെ കാണാനാകും. കാലത്തിന്റെ അടയാളങ്ങൾ (signs of the times)ക്ക് പ്രാധാന്യം നല്കുവാൻ ലോകത്തിന്റ ദൈവശാസ്ത്രം (Theology of the World) നിർബന്ധിക്കുന്നു. ദൈവം മനുഷ്യചരിത്രത്തിലേക്ക് കടന്നുവന്നു (Incarnation); ആ ചരിത്രത്തിൽ മനുഷ്യരോടൊത്ത് അവിടുന്ന് തീർത്ഥാടനം ചെയ്യുന്നു - ക്രിസ്തുവിലൂടെ. സഭ ഇത് വെളിപ്പെടുത്തണം, സാക്ഷ്യപ്പെടുത്തണം. ചരിത്രത്തിലൂടെയാണ് സഭ വളരുന്നത്. ക്രിസ്തുവിനോടുകൂടെ ആയിരിക്കുന്നതിന്റെ അനുഭവത്തിലും അവിടുന്ന് ഏല്പിച്ച ദൗത്യത്തിന്റെ അറിവിലുമുള്ള ആഴപ്പെടലിലൂടെ വളർച്ചയുണ്ടാകുന്നു.

കൗൺസിൽ ലക്ഷ്യമിട്ട നവീകരണത്തിന്റെ ശൈലി ഉറവിടങ്ങളിലേക്കുള്ള ഒരു തീർത്ഥാടനമായിരുന്നു (Resourcement). ആദിമസ

www.malankaralibrary.com



ഭാജീവിതവും വിശുദ്ധലിഖിതങ്ങളും സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളും ആരാധനക്രമവുമൊക്കെയാണ് ഈ ഉറവിടങ്ങൾ. കൗൺസിലിന്റെ മുഖ്യലക്ഷ്യത്തെ ആധുനികീകരണം (*Aggiornamento*) എന്നാണ് ജോൺ ഇരുപത്തിമൂന്നാമൻ വിശേഷിപ്പിച്ചത്. അതുകൊണ്ട് അർത്ഥമാക്കുന്ന പ്രധാന കാര്യം നവീകരണം തന്നെയാണ്. സഭാസമൂഹത്തിന്റെ ഘടനയും പ്രവർത്തനവും ആധുനികമാക്കണം; ഒപ്പം ഓരോ ക്രൈസ്തവ വ്യക്തിയുടെയും. പാരമ്പര്യത്തിന്റെ പഴമയെയും വർത്തമാനകാലത്തിന്റെ പുതുമയെയും എതിർശക്തികളായി കാണാതെ രണ്ടിൽനിന്നും നല്ലതെല്ലാം സ്വീകരിക്കാനുള്ള സമീപനമാണ് ആധുനികീകരണത്തിൽ കൗൺസിൽ കൈക്കൊണ്ടത്.

ലോകത്തെക്കുറിച്ചും, ദൈവം വസിക്കുന്ന ലോകത്തിന്റെ ചരിത്രത്തെക്കുറിച്ചും, ആധുനികലോകത്തെയും അതിന്റെ സംസ്കാരത്തെയും കുറിച്ചും ഭാവാത്മകമായ സമീപനമാണ് കൗൺസിലിന്റേത്. വേണ്ടിടത്തോളം വൈവിധ്യത്തിന് അംഗീകാരം, ഇതരസഭകളോടും ഇതരമതങ്ങളോടും മതവിശ്വാസികളല്ലാത്തവരോടും ലോകം മുഴുവനോടുമുള്ള സംഭാഷണസന്നദ്ധത, അകറ്റുന്ന കാര്യങ്ങളെക്കാൾ തമ്മിൽ അടുപ്പിക്കുന്ന പൊതുഘടകങ്ങൾ കണ്ടെത്തുന്നതിന് മുൻഗണന........ മാറ്റത്തെയും വളർച്ചയെയും സൂചിപ്പിക്കുന്നതും ഐക്യത്തിലേക്കുള്ള പാത തുറക്കുന്നതുമായ സമീപനങ്ങളാണ് കൗൺസിലിന്റേത്.

കൗൺസിലിനെ മുഖ്യമായി ഒരു ആധ്യാത്മികസംഭവമായിട്ടാണ് അതിൽ ആദ്യന്തം ഔദ്യോഗികമായി ഒരു ദൈവശാസ്ത്രവിദഗ്ദ്ധൻ (Peritus) എന്ന നിലയിൽ പങ്കെടുത്ത ജോസഫ് റാറ്റ്സിംഗർ (ഇപ്പോഴത്തെ ബനഡിക്ട് പതിനാറാമൻ മാർപാപ്പ) കൗൺസിൽ കഴിഞ്ഞയുടനെ അഭിപ്രായപ്പെട്ടത്. ബൗദ്ധികമായ പ്രബോധനസമാഹാരമോ സാങ്കേതികവും പ്രയോജനവാദപരവുമായ നിർദ്ദേശങ്ങളുടെ സമുച്ചയമോ എന്നതിനേക്കാൾ ഒരു ആദ്ധ്യാത്മികപ്രക്രിയയുടെ ഉല്പന്നങ്ങളാണ് കൗൺസിൽ പുറപ്പെടുവിച്ച രേഖകൾ. ("...product of a spiritual process", Joseph Ratzinger, *Theological Highlights of Vatican II*, 1966, p. 1). സഭയിൽ സ്വിച്ച് മാറ്റിയിടുന്നുപോലെ യാഥാസ്ഥിതികത്വത്തിൽനിന്ന് പുരോഗമനവാദത്തിലേക്ക് പെട്ടെന്നുണ്ടായ ഒരു വ്യതിയാനമായിട്ടാണ് കൗൺസിലിനെ കാണുന്നതെങ്കിൽ നമുക്കു തെറ്റി. വിശ്വാസപ്രയാണത്തിൽ യഥാർത്ഥദിശയിലേക്കു നയിക്കുക എന്നത് സഭയുടെ എന്ന

www.malankaralibrary.com



ത്തെയും കടമയാണ്. ഇതാണ് ഇന്നത്തെ സമൂഹത്തിനുവേണ്ടി രണ്ടാം വത്തിക്കാൻ കൗൺസിൽ ചെയ്തത്. ഏറെക്കാലം കൊണ്ടേ അതിന്റെ പൂർണമായ സ്വീകരണം നടക്കൂ.

## കാലഹരണപ്പെടാത്ത കണ്ടെത്തലുകളും പൂർത്തിയാകാത്ത സ്വീകരണവും

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വിചിന്തനങ്ങളുടെയും ചർച്ചയുടെയും ഫലമെന്താണ്? ദൂരവ്യാപകമായ മാറ്റങ്ങൾ സഭയുടെ ആത്മബോധത്തിലും ലോകത്തോടുള്ള ബന്ധത്തിലും സമീപനങ്ങളിലും പ്രവർത്തനശൈലിയിലും ഉളവായി. എന്നാൽ കൗൺസിലിന്റെ സ്വീകരണം (Reception /Implementation) ഇനിയും പൂർത്തിയായിട്ടില്ല. നടപ്പിലാക്കിയതിൽ ചില അപാകതകളുമുണ്ടായി. കൗൺസിലിനെ തുടർന്ന് സഭയിലുണ്ടായ പ്രതിസന്ധിയ്ക്ക് കാരണം, രേഖകളല്ല മറിച്ച് അവയുടെ വ്യാഖ്യാനത്തിലെ അപാകതകളാണെന്ന് ഈയിടെ ബനഡിക്ട് പതിനാറാമൻ പാപ്പ അഭിപ്രായപ്പെടുകയുണ്ടായി: (*L'Osservatore Romano*, 4 Jan.2006, PP5-6) ശരിയായതും പൂർണമായതുമായ സ്വീകരണത്തിനും തദ്വാരാ കൈവരുന്ന നവീകരണത്തിനും കൗൺസിൽ രേഖകളുടെ പഠനം സഹായിക്കും. മാറുന്ന സാഹചര്യങ്ങൾകൂടി കണക്കിലെടുത്തുകൊണ്ടുള്ള രേഖകളുടെ വസ്തുനിഷ്ഠമായ വായനവഴിയാണ് ഈ പഠനം ഫലമണിയുന്നത്.

പ്രത്യേകമായ ഏതെങ്കിലും കാഴ്ചപ്പാടോടുകൂടി ഈ രേഖകൾ പഠിക്കുകയും അവതരിപ്പിക്കപ്പെടുകയും ചെയ്യുന്ന പ്രവണത പലപ്പോഴും പ്രകടമാണ്. ഏതെങ്കിലും പ്രത്യേക സമീപനത്തിന്റെയോ പ്രത്യയശാസ്ത്രത്തിന്റെയോ അതിപ്രസരത്തിന് കീഴടങ്ങാതെ വസ്തുനിഷ്ഠമായും സമഗ്രമായും വേണം രേഖകൾ വിലയിരുത്തുകയും, സ്വീകരിക്കുകയും, സ്വാംശീകരിക്കുകയും ചെയ്യേണ്ടതെന്ന് 1985-ലെ മെത്രാൻ സിനഡ് വ്യക്തമാക്കി. വ്യത്യസ്തമായ സമീപനങ്ങളുടെ സമന്വയത്തിന്റെ ഭാഗമായി രേഖകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ചില പ്രസ്താവനകൾ വ്യാഖ്യാനിക്കുമ്പോൾ അവയോട് ബന്ധപ്പെട്ട ഇതരപ്രസ്താവനകളും വിശദീകരണങ്ങളും കൂടി പരിഗണിക്കണം ഇല്ലെങ്കിൽ കൗൺസിലിന്റെ യഥാർത്ഥ സന്ദേശം കണ്ടെത്താനാകില്ല.

www.malankaralibrary.com



സഭയിൽ വരുത്തേണ്ടതായ മാറ്റങ്ങൾക്ക് ആധാരമായ ഉൾക്കാഴ്ചകളും പ്രായോഗികമാക്കേണ്ടതായ നിർദ്ദേശങ്ങളും ക്രോഡീകരിച്ച് 16 രേഖകൾ കൗൺസിൽ പ്രസിദ്ധീകരിച്ചു. കൗൺസിൽ ചൈതന്യത്തിന്റെ നിറകുംഭങ്ങളായ ഈ രേഖകളിൽ നാലെണ്ണം കോൺസ്റ്റിട്യൂഷൻ എന്ന പേരിൽ അറിയപ്പെടുന്നു; ഇവയിൽ ഏറ്റവും പ്രധാനപ്പെട്ട രണ്ടെണ്ണം സഭയെക്കുറിച്ച് തന്നെയുള്ളവയാണ്: 'തിരുസ്സഭ', 'സഭ ആധുനികലോകത്തിൽ'. ആദ്യത്തേത് കൂടുതൽ താത്വികവും രണ്ടാമത്തേത് അജപാലനപരവുമാണ്. ആരാധനക്രമത്തെക്കുറിച്ചും, ദൈവാവിഷ്കരണത്തെക്കുറിച്ചുമുള്ളവയാണ് മറ്റു രണ്ടെണ്ണം. ഒൻപത് എണ്ണം ഡിക്രികളെന്നറിയപ്പെടുന്നു. പ്രാധാന്യംകൊണ്ട് രണ്ടാം സ്ഥാനമാണിവയ്ക്ക്. മെത്രാന്മാർ, വൈദികർ (വൈദികപരിശീലനവും), സന്യാസികൾ, അല്മായർ എന്നിങ്ങനെ സഭാസമൂഹത്തിലെ വ്യത്യസ്ത ജീവിതാവസ്ഥകളോടും ശുശ്രൂഷകളോടും ബന്ധപ്പെട്ട വിഷയങ്ങളും, സഭൈക്യപ്രസ്ഥാനം, പൗരസ്ത്യസഭകൾ എന്നിവയും, പ്രേഷിതപ്രവർത്തനം, സാമൂഹ്യസമ്പർക്ക മാധ്യമങ്ങൾ എന്നിവയുമാണ് ഡിക്രികൾ ചർച്ച ചെയ്യുന്നത്. ഇതരമതങ്ങൾ, മതസ്വാതന്ത്ര്യം, ക്രിസ്തീയവിദ്യാഭ്യാസം എന്നിവയെക്കുറിച്ചുള്ള രേഖകൾ ഡിക്ലറേഷനുകളാണ്. വളരെ പ്രാധാന്യമുള്ളവയാണെങ്കിലും ഈ മൂന്നാം ഗണത്തിൽപെട്ട രേഖകൾ കൈകാര്യം ചെയ്യുന്ന ചില വിഷയങ്ങളെക്കുറിച്ചുള്ള സഭയുടെ വിചിന്തനങ്ങളും നിലപാടുകളും പുരോഗമിച്ചു വരുന്നതേയുള്ളൂ; സമഗ്രമോ അധ്യവസാനരൂപത്തിലുള്ളവയോ ആകണമെന്നില്ല.

കൗൺസിലിന്റെ പതിനാറ് രേഖകളിലൂടെ ഇതൾവിടർത്തുന്ന സഭാസ്വപ്നം പ്രസക്തമായി എത്രയും വേഗം സാക്ഷാത്കൃതമാകട്ടെ. രണ്ടാം വത്തിക്കാൻ കൗൺസിലും അത് പുറപ്പെടുവിച്ച പ്രമാണരേഖകളും സഭാവളർച്ചയിലെ അനുഗൃഹീത സംഭവമാണ്. ശരിയായി വ്യാഖ്യാനിച്ച് വ്യാപകമായി പ്രായോഗികമാക്കിയാൽ കൗൺസിൽ രേഖകൾ സഭയ്ക്കാവശ്യമായ നവീകരണത്തിനുള്ള ശക്തിയായി മാറും.

www.malankaralibrary.com

# കൗൺസിലും സഭാദർശനവും

റവ. ഡോ. മാനുവേൽ റിബേരോ O.C.D.

**ആമുഖം**

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സുപ്രധാനമായ നേട്ടങ്ങളിൽ ഒന്നാണ് അതിന്റെ 'സഭാദർശനം.' തിരുസഭയുടെ സമൂലനവീകരണത്തിനായി സമ്മേളിച്ച കൗൺസിൽ സഭയുടെതന്നെ ആത്മബോധത്തിലേക്ക് ആഴ്ന്നിറങ്ങി നിരവധിയായ പ്രബോധനങ്ങളും നാനാമുഖങ്ങളായ പ്രവർത്തനങ്ങളും ചർച്ചയ്ക്കും പരിചിന്തനത്തിനും വിധേയമാക്കി സഭയെ നവീകരിക്കുവാനും ഇതര ക്രൈസ്തവസഭകളോടും മതങ്ങളോടും ലോകത്തോടുതന്നെയും സംവദിക്കുവാനും ആഴമായ ബന്ധം സ്ഥാപിക്കുവാനും ശ്രമിച്ചു. ഇതിന് അനിവാര്യമായ ഒരു സഭാദർശനം അതിന്റെ പിന്നിൽ ഉണ്ടായിരുന്നുവെന്ന് അനുമാനിക്കാം. നാല്പതുവർഷം പിന്നിട്ട ഈ കൗൺസിലിന്റെ സഭാദർശനം എന്തായിരുന്നുവെന്ന് ആരായുവാനും സഭ അത് എത്രമാത്രം ഉൾക്കൊണ്ട് ജീവിച്ചുവെന്നും ഇപ്പോൾ എവിടെ എത്തിനില്ക്കുന്നുവെന്ന് കണ്ടെത്തുവാനും ശ്രമിക്കുകയാണ് ഈ ലേഖനത്തിലൂടെ.

www.malankaralibrary.com



## I. രണ്ടാം വത്തിക്കാൻ കൗൺസിൽ 'സഭയുടെ കൗൺസിൽ'

ആധുനിക സഭാചരിത്രത്തിലെ അവിസ്മരണീയമായൊരു സംഭവമായി രണ്ടാം വത്തിക്കാൻ കൗൺസിൽ ഇന്നും ഓർമിക്കപ്പെടുന്നു. പരിശുദ്ധപിതാവ് ജോൺ ഇരുപത്തിമൂന്നാമൻ 1959 ജനുവരി 25-ാം തീയതി പുറപ്പെടുവിച്ച ചരിത്രപ്രസിദ്ധമായ വിളംബരത്തിലൂടെ ഈ കൗൺസിലിന്റെ ഒരുക്കങ്ങൾക്ക് ആധികാരികമായി ആരംഭം കുറിക്കപ്പെട്ടു. തിരുസ്സഭയിൽ സഭയെക്കുറിച്ചുതന്നെ പഠിക്കുവാനും പരിചിന്തിക്കുവാനും, സഭയുടെ വിവിധങ്ങളായ പ്രവർത്തനങ്ങൾ വിലയിരുത്തുവാനും ചർച്ചചെയ്യുവാനും വിളിച്ചു കൂട്ടപ്പെട്ട ഈ കൗൺസിൽ 'സഭയുടെ കൗൺസിൽ' ആണെന്ന് പറയുന്നതിൽ തെല്ലും അതിശയോക്തിയില്ല.

1962 ഒക്ടോബർ 11-ന് ആരംഭിച്ച് 1965 ഡിസംബർ 8-ന് സമാപിച്ച രണ്ടാം വത്തിക്കാൻ കൗൺസിൽ, "റോമൻ കത്തോലിക്കാസഭയിൽ മൗലികവും ദൂരവ്യാപകവുമായ പരിവർത്തനത്തിന്റെ അലയടികളുയർത്തി. സഭയിലാകമാനം ഒരു നൂതനചൈതന്യം വിടർന്നു. സഭാചരിത്രത്തിലെ ഒരു സുപ്രധാന നാഴികക്കല്ലായിത്തീർന്ന ഈ കൗൺസിൽ പല മാറ്റങ്ങൾക്കും നേതൃത്വം നല്കി. ആരാധനക്രമം, സഭാവിജ്ഞാനീയം, ഇതരക്രൈസ്തവസഭകളോടും മതങ്ങളോടുമുള്ള മനോഭാവം, ആധുനിക ലോകത്തോടുള്ള സമീപനം തുടങ്ങിയവയിലെല്ലാം പരിവർത്തനത്തിന്റെ നൂതനാധ്യായങ്ങൾ വിരചിച്ചു."[1]

ഈ കൗൺസിൽ പുറപ്പെടുവിച്ച പതിനാറ് പ്രമാണരേഖകളും സഭയെക്കുറിച്ചുള്ളതാണെങ്കിലും[2] അവയിൽ ജനതകളുടെ പ്രകാശം, സഭ ആധുനിക ലോകത്തിൽ എന്നീ രണ്ട് പ്രമാണരേഖകളാണ് മുഖ്യമായും സഭാർശനവുമായി ബന്ധപ്പെട്ടിരിക്കുന്നത്. ജനതകളുടെ പ്രകാശം എന്ന പ്രമാണരേഖയാണ് പ്രധാനമായും ഈ ലേഖനത്തിൽ പഠനത്തിന് വിധേയമാക്കിയിരിക്കുന്നത്.

www.malankaralibrary.com



## II. കൗൺസിലും സഭാവിജ്ഞാനീയവും

സഭയെക്കുറിച്ചുള്ള ദൈവശാസ്ത്രവീക്ഷണത്തെയാണ് 'സഭാവിജ്ഞാനീയ'മായി സാധാരണ കരുതുക. സഭയെക്കുറിച്ച് ശാസ്ത്രീയമായി പ്രതിപാദിക്കുകയാണ് ഇതിൽ. അതായത്, സഭാവിജ്ഞാനീയം സഭാചരിത്രമല്ല, പ്രത്യുത, സഭയുടെ ജീവിതം, ഘടന, പ്രവർത്തനം, അവബോധം എന്നിവ ദൈവശാസ്ത്രവീക്ഷണത്തോടെ വ്യക്തമാക്കുകയാണ്.

കൗൺസിൽ ആരംഭിക്കുന്നതിനു മുമ്പുതന്നെ കൗൺസിലിൽ ചർച്ച ചെയ്യേണ്ടതിനായി സഭയെ സംബന്ധിക്കുന്ന ഒരു പ്രമാണരേഖയുടെ നിർമിതി പരിശുദ്ധ പിതാവ് ജോൺ ഇരുപത്തിമൂന്നാമൻ ഒരു ദൈവശാസ്ത്ര കമ്മീഷനെയാണ് ഏല്പിച്ചത്. ആ കാലഘട്ടത്തിന്റെ മനോഭാവങ്ങൾ ഉൾക്കൊണ്ട് അവർ തയ്യാറാക്കിയ ഔദ്യോഗികരേഖയ്ക്ക് പതിനൊന്ന് അധ്യായങ്ങൾ ഉണ്ടായിരുന്നു. ആദ്യത്തെ രണ്ട് അധ്യായങ്ങളിൽ, ഒരു സ്ഥാപനമെന്ന നിലയിൽ സഭയുടെ ഘടനയെയും അതിൽ അംഗങ്ങളെ സ്വീകരിക്കുമ്പോൾ ഉൾക്കൊള്ളേണ്ട ബാഹ്യമായ മാനദണ്ഡങ്ങളെയുമാണ് പ്രതിപാദനവിഷയമാക്കിയിരുന്നത്. തുടർന്നുള്ള രണ്ട് അധ്യായങ്ങൾ മെത്രാന്മാരെപ്പറ്റിയുള്ളതായിരുന്നു. അഞ്ചാം അധ്യായം അല്മായർക്കും ആറാം അധ്യായം സമർപ്പിതർക്കുമായി നീക്കിവച്ചു. അടുത്ത രണ്ട് അധ്യായങ്ങളിൽ സഭയിലെ അധികാരം അഭിമുഖീകരിക്കുന്ന പ്രതിസന്ധി ചർച്ചാവിഷയമാക്കി. തുടർന്നുള്ള മൂന്ന് അധ്യായങ്ങളിൽ സഭയും സ്റ്റേറ്റും (state) തമ്മിലുള്ള ബന്ധവും, സഭയുടെ പ്രേഷിതപ്രവർത്തനവും, എക്യുമെനിസവും ഉൾക്കൊള്ളിച്ചു.[3] ആദ്യസെഷനിൽതന്നെ അവതരിപ്പിക്കപ്പെട്ട ഈ കരടുരേഖ തിരസ്കരിക്കപ്പെടുകയും പുതുതായൊന്നിന് രൂപംനല്കുവാൻ കൗൺസിൽ ആവശ്യപ്പെടുകയും ചെയ്തു. അതിന് മുഖ്യകാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടത് അതിന്റെ പ്രതിപാദനരീതിയും ആശയങ്ങളിലുള്ള അവ്യക്തതയുമാണ്. കൗൺസിലിന്റെ മൂന്ന് സെഷനുകളിലൂടെ ചർച്ചയ്ക്കും തിരുത്തലുകൾക്കും വിധേയമായ ഈ രേഖ അവസാനം 1964 നവംബർ 21-ാംതീയതി മൂന്നാം സെഷന്റെ അവസാനത്തിൽ 2151

www.malankaralibrary.com



അനുകൂലവോട്ടുകളോടും അഞ്ച് പ്രതികൂലവോട്ടുകളോടും കൂടി അംഗീകരിക്കപ്പെടുകയും പോൾ ആറാമൻ ഉടനെതന്നെ അത് പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.[4]

എട്ട് അധ്യായങ്ങളിലൂടെ കൗൺസിലിന്റെ സഭാദർശനത്തെ വെളിപ്പെടുത്തുന്ന ഈ പുതിയ പ്രമാണരേഖ സഭാവിജ്ഞാനീയത്തിന് വലിയൊരു മുതൽക്കൂട്ടാണ്. സഭയുടെ രഹസ്യാത്മക സ്വഭാവത്തിൽ നിന്നും തുടങ്ങി ദൈവത്തിന്റെ ജനം, സഭയുടെ ഘടന, അല്മായർ, വിശുദ്ധിയിലേക്കുള്ള വിളി, സന്യസ്തർ, തീർത്ഥാടക സഭ എന്നീ വിഷയങ്ങളിലൂടെ കടന്ന് പരിശുദ്ധ കന്യകാമറിയത്തെ സഭയുടെ മാതൃകയും മദ്ധ്യസ്ഥയുമായി പ്രതിപാദിച്ചുകൊണ്ടാണ് ഉപസംഹരിക്കുന്നത്. ഈ പ്രമാണരേഖ സഭയെക്കുറിച്ച് നൂതനങ്ങളായ നിരവധി ഉൾക്കാഴ്ചകൾ നല്കുന്നതോടൊപ്പം കൗൺസിലിന്റെ സഭാദർശനവും ഒരു പരിധിവരെ സുവ്യക്തമാക്കുന്നുണ്ട്.

## III. കൗൺസിലിന്റെ സഭാദർശനം

കൗൺസിലിന്റെ സഭാദർശനം വ്യക്തമായി ഗ്രഹിക്കണമെങ്കിൽ ജനതകളുടെ പ്രകാശം എന്ന പ്രമാണരേഖയിലൂടെ കടന്ന് ചിന്തിക്കണം. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഏറ്റവും മികച്ച നേട്ടമായി പരക്കെ കരുതപ്പെടുന്നത് ഈ പ്രമാണരേഖയാണ്. മറ്റ് പ്രമാണരേഖകളും ഡിക്രികളും പ്രഖ്യാപനങ്ങളുമെല്ലാം ഇതിനെ കേന്ദ്രമാക്കിയാണ് വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്.[5] കൗൺസിൽ പിതാക്കന്മാർ ഉപയോഗിച്ച പ്രതിപാദനരീതി മുൻകാലങ്ങളെ അപേക്ഷിച്ച് വ്യത്യസ്തമായിരുന്നു. എതിരാളികളെ തള്ളിപ്പറയുകയോ അവർക്കെതിരായി പ്രസ്താവനകൾ ഇറക്കുകയോ ചെയ്യുന്ന സമീപനരീതി പൂർണമായും ഉപേക്ഷിക്കുവാൻ തയ്യാറായി. വി. ഗ്രന്ഥാധിഷ്ഠിതവും സഭാപിതാക്കന്മാരുടെ പാരമ്പര്യവും ചരിത്രപരവുമായ പ്രതിപാദനരീതിയാണ് ഉപയോഗിച്ചത്.[6] അതുകൊണ്ടുതന്നെ ഈ പ്രമാണരേഖയ്ക്ക് വിശ്വാസ്യതയും ആധികാരികതയും കൈവന്നു.

www.malankaralibrary.com



**A. കൗൺസിലിനൊരു സഭാദർശനമുണ്ടായിരുന്നോ?**

എട്ട് അധ്യായങ്ങളിലൂടെ ഈ പ്രമാണരേഖ അനാവരണം ചെയ്യുന്ന സഭാദർശനം തികച്ചും പ്രശംസനീയമാണ്. എങ്കിലും ചില പണ്ഡിതന്മാർ ഉന്നയിച്ചിട്ടുള്ള ഈ ചോദ്യം അപ്പാടെ തള്ളിക്കളയാവുന്നതല്ല. കൗൺസിലിന് തനതായൊരു സഭാദർശനമുണ്ടായിരുന്നോ? പല വ്യത്യസ്ത ദർശനങ്ങളുടെയും ചിന്തകളുടെയും ധാരണകളുടെയും ഒരു സംയോജനമല്ലേ അതിൽ അന്തർലീനമായിരിക്കുന്നത്? കൗൺസിലിന് തനതായൊരു സഭാദർശനമുണ്ടായിരുന്നെങ്കിൽ അത് പ്രത്യക്ഷമാക്കുന്ന ഏതെങ്കിലുമൊരു പ്രതിരൂപമോ, പ്രതീകമോ, സാദൃശ്യമോ, അലങ്കാരമോ, മാതൃകയോ ഉപയോഗിക്കേണ്ടതായിരുന്നില്ലേ? പകരം, വ്യത്യസ്തങ്ങളായ നിരവധി സാദൃശ്യങ്ങളും പ്രതിരൂപങ്ങളുമാണ് ഉപയോഗിച്ചിരിക്കുന്നത്. ആദ്യ അധ്യായം തന്നെ ആരംഭിക്കുന്നത് സഭ ഒരു രഹസ്യമാണ്, അദൃശ്യമായ ഒന്നാണ് എന്ന് പ്രതിപാദിച്ചുകൊണ്ടാണ്. മാത്രമല്ല, കൂദാശ, ക്രിസ്തുവിന്റെ മൗതികശരീരം, ദൈവത്തിന്റെ ജനം, പരിശുദ്ധാത്മാവിന്റെ ആലയം എന്നീ പ്രതിരൂപങ്ങൾക്കൊപ്പം സഭയുടെ ആന്തരികസ്വഭാവം വെളിപ്പെടുത്തുന്നതിനായി മറ്റുപല സാദൃശ്യങ്ങളും ഉപയോഗിച്ചിരിക്കുന്നതായി കാണാം. ഉദാ: ക്രിസ്തുവിന്റെ ആട്ടിൻപറ്റം, ദൈവത്തിന്റെ മുന്തിരിതോട്ടം, നിർമ്മലകുഞ്ഞാടിന്റെ മണവാട്ടി (LG 6-8).

ഇവയെല്ലാം വി. ഗ്രന്ഥത്തിന്റെ താളുകളിൽനിന്നും അടർത്തിയെടുത്തിട്ടുള്ള പ്രതിരൂപങ്ങളായതിനാൽ അവയുടെ അർത്ഥവും പ്രസക്തിയും തനിമയും തിരസ്കരിക്കാവുന്നതല്ല. വിവിധങ്ങളായ ഈ പ്രതിരൂപങ്ങൾ രേഖയിൽ ഉപയോഗിച്ചതുകൊണ്ടായിരിക്കാം കൗൺസിലിന് വ്യത്യസ്തങ്ങളായ സഭാദർശനങ്ങൾ ഉണ്ടെന്ന് ചിലർ ചിന്തിക്കുവാൻ കാരണം. എന്നാൽ, വ്യത്യസ്തങ്ങളായ ഈ പ്രതിരൂപങ്ങളുടെ പ്രയോഗത്തിനിടയിലും തനതായൊരു സഭാദർശനം കൗൺസിലിന് ഉള്ളതായി വാദിക്കുന്നവരുമുണ്ട്. അവരിൽ ചിലർ സഭ "ദൈവജന"മാണെന്ന ആശയത്തിലും വേറെ ചിലർ സഭ "ക്രിസ്തുവിന്റെ മൗതികശരീര"മാണെന്ന ബോധ്യത്തിലും മറ്റൊരു കൂട്ടർ സഭ ഒരു "കൂട്ടായ്മ"യാണെന്ന് വിശ്വാസത്തിലും കൗൺസിലിന്റെ സഭാദർശനത്തെ തളച്ചിടാൻ ശ്രമിക്കുന്നവരാണ്.

www.malankaralibrary.com



വ്യത്യസ്തങ്ങളായ ഈ പ്രതിരൂപങ്ങൾ പ്രമാണരേഖയിൽ കടന്നുകൂടുവാൻ പ്രധാനകാരണം, മിക്കവാറും, കൗൺസിൽ പിതാക്കന്മാർ വി. ഗ്രന്ഥത്തിന്റെയും സഭാപിതാക്കന്മാരുടെ പാരമ്പര്യത്തിന്റെയും ആരാധനക്രമത്തിന്റെയും ഭാഷ ഉപയോഗിച്ചതുകൊണ്ടായിരിക്കാം.[7] സഭാപിതാക്കന്മാർ സഭയെക്കുറിച്ചുള്ള തങ്ങളുടെ പരാമർശങ്ങളിലെല്ലാം വി. ഗ്രന്ഥത്തിൽ പ്രകടമായി കാണുന്ന പ്രതിരൂപങ്ങളും സാദൃശ്യങ്ങളുമാണ് ഉപയോഗിച്ചു പോന്നത്. ഒരു പക്ഷേ, ഇത്തരത്തിലുള്ള സാദൃശ്യങ്ങൾ ഉപയോഗിച്ച് സഭയുടെ വിവിധങ്ങളായ ഘടകങ്ങളെ ചൂണ്ടിക്കാണിക്കാനല്ലാതെ അവയെ ഒന്നിൽ സംയോജിപ്പിച്ചു നിർത്താനുള്ള ആഗ്രഹമൊന്നും കൗൺസിലിൽ ഉണ്ടായിരുന്നില്ല എന്നു തോന്നുന്നു. പ്രത്യുത, സഭയുടെ ദൃശ്യവും അദൃശ്യവുമായ ഘടകങ്ങളെ സൂചിപ്പിക്കുവാനാണ് ഇവ ഉപയോഗിച്ചതെന്നുവേണം അനുമാനിക്കാൻ. കൗൺസിൽ രേഖയിൽത്തന്നെ ഇത് വ്യക്തമാകുന്നുണ്ട്. "വിശ്വാസം, പ്രതീക്ഷ, സ്നേഹം ഇവയുടെ ആകെത്തുകയായ സഭയെ ദൃശ്യഘടനയോടെയാണ് അവിടുന്ന് പടുത്തുയർത്തിയത്. സകല മനുഷ്യരും അവിടുത്തെ സത്യവും പ്രസാദവരവും സ്വീകരിക്കുന്നത് ഈ ദൃശ്യസഭയിലൂടെയാണ്. സംഘടിതമായ ഒരു ഹയരാർക്കിയോടു കൂടിയതാണ് സഭ. അതേസമയം ക്രിസ്തുനാഥന്റെ നിഗൂഢ ശരീരവുമാണത്; ദൃശ്യവും അതേസമയം ആത്മികവുമാണ്. ഭൗമികമെങ്കിലും സ്വർഗീയദാനങ്ങളാൽ പരിപുഷ്ടയാണ് സഭ. എന്നാൽ സഭയുടെ ഈ രണ്ടുവശങ്ങൾ രണ്ടു വ്യത്യസ്ത യാഥാർത്ഥ്യങ്ങളാണെന്ന് നാം ധരിച്ചുകൂടാ. പ്രത്യുത ദൈവികവും മാനുഷികവുമായ ഘടകങ്ങൾ സമ്യക്കായി ഉൾക്കൊള്ളുന്ന ഒരു സങ്കീർണയാഥാർത്ഥ്യത്തിനാണ് അവ രൂപംകൊടുക്കുന്നത്" (LG. No. 8).

ഈ പ്രതീകങ്ങളിൽ പ്രതിഫലിക്കുന്ന വിവിധങ്ങളായ ആശയങ്ങളെ ക്രോഡീകരിച്ച് സംയോജിപ്പിക്കേണ്ടത് യഥാർത്ഥത്തിൽ ദൈവശാസ്ത്രജ്ഞരാണ്. അതുകൊണ്ടായിരിക്കാം കൗൺസിലാനന്തര കാലഘട്ടത്തിൽ സഭാവിജ്ഞാനീയത്തിന് അഭൂതപൂർവകമായ വളർച്ച ഉണ്ടായതും. കൗൺസിലിനുശേഷം ദൈവശാസ്ത്രജ്ഞർ സഭാവിജ്ഞാനീയ ചിന്തകളിലേക്കാണ് തങ്ങളുടെ തൂലിക ചലിപ്പിച്ചത്. സഭയെക്കു

www.malankaralibrary.com



റിച്ച് വി. ഗ്രന്ഥങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന നിരവധിയായ ഉപമകളും പ്രതീകങ്ങളും സാദൃശ്യങ്ങളും പഠനവിഷയമാക്കിയതോടൊപ്പം മറ്റ് പല തരം പ്രതീകങ്ങളും മാതൃകകളും ഉപയോഗിക്കുവാൻ തുടങ്ങി.[8] സഭ സ്ഥാപനമാണ്, സമൂഹമാണ് (ശിഷ്യസമൂഹം, ദൈവരാജ്യസമൂഹം, വിശ്വാസസമൂഹം, അടിസ്ഥാനസമൂഹം, വ്യത്യസ്തതാ സമൂഹം [Contract society]), സേവികയാണ്, ഘോഷക [herald] യാണ്, കൂട്ടായ്മ യാണ് എന്നിങ്ങനെയുള്ള സാദൃശ്യങ്ങളും മാതൃകകളും ഉപയോഗിച്ച് സഭയുടെ കാലികതയും പ്രസക്തിയും അവർ വെളിപ്പെടുത്താൻ ശ്രമി ച്ചു.[9] ഇവയിൽ ഏതെങ്കിലുമൊരു പ്രതിരൂപത്തിൽ മാത്രം സഭയെ ഒതുക്കി നിർത്തിയാൽ സഭയ്ക്ക് നഷ്ടമാകുന്നത് അതിന്റെ അന്തസ ത്തയാണ്. കൗൺസിലാനന്തര കാലഘട്ടത്തിൽ സഭാവിജ്ഞാനീയത്തെ കാലികമായി വളർത്തുവാൻ ദൈവശാസ്ത്രജ്ഞർ യത്നിച്ചപ്പോൾ കൗൺസിലിന്റെ തന്നെ സഭാദർശനത്തിന് പ്രസക്തിയും പ്രാമാണ്യ തയും ലഭ്യമാകുകയാണുണ്ടായത്. തീർച്ചയായും, ഓരോ പ്രതീക ത്തിനും അതിന്റേതായ അർത്ഥതലങ്ങളും അനുഭവസമ്പത്തും പ്രസ ക്തിയുമുണ്ട്. ഒരു പ്രതീകം ഒരു സാഹചര്യത്തിൽ അനുയോജ്യ മാണെങ്കിൽ മറ്റൊരു സാഹചര്യത്തിലും കാലയളവിലും അത് അനു യോജ്യമാകണമെന്നില്ല.

സഭ ഒരു സമൂഹമാണെന്ന ആശയത്തിന പ്രസക്തിയേറിയാൽ അതിനെ മറ്റ് സമൂഹങ്ങളിൽനിന്നും വ്യത്യസ്തമായി കാണുവാനും അതിന്റെ തനിമയെ വ്യക്തമാക്കുവാനും ശ്രമിക്കണം. അതുകൊണ്ടു തന്നെയാണ് ചില പണ്ഡിതന്മാർ ത്രിയേക ദൈവസമൂഹമായി സഭയെ ബന്ധിപ്പിച്ച് ഈ അടിസ്ഥാനത്തിൽ അതിനെ ഉറപ്പിച്ചു നിർത്തുവാൻ ശ്രമിച്ചത്. വി. ഗ്രന്ഥത്തിലെ മൂന്ന് പ്രതിരൂപങ്ങൾ അതിന് പിൻബലമേ കി. ദൈവജനം, ക്രിസ്തുവിന്റെ ശരീരം, പരിശുദ്ധാത്മാവിന്റെ ആലയം എന്നിവയാണ് ഈ പ്രതീകങ്ങൾ.[10] സഭയെ ദൈവജനമായി വീക്ഷി ക്കുക വഴി അതിനെ പിതാവായ ദൈവവുമായും, ക്രിസ്തുവിന്റെ ശരീ രമായി സമന്വയിക്കുകവഴി സഭയെ പുത്രനായ ദൈവവുമായും, പരി ശുദ്ധാത്മാവിന്റെ ആലയമായി വ്യാഖ്യാനിക്കുകവഴി സഭയെ പരിശു ദ്ധാത്മാവായ ദൈവവുമായും ബന്ധപ്പെടുത്തുവാൻ കഴിഞ്ഞു. ഈ കാലഘട്ടത്തിൽ റോമൻ കത്തോലിക്കാസഭയും ഇതര ക്രൈസ്തവസ

www.malankaralibrary.com



ഭകളും ഏറെക്കുറെ അംഗീകരിച്ചിരിക്കുന്ന ആശയം 'സഭ ഒരു കൂട്ടായ്മ'യാണെന്നാണ്. ഈ ആധുനികാനന്തര കാലഘട്ടത്തിൽ എക്യുമെനിസത്തിന് പ്രസക്തിയേറിയപ്പോൾ നിരവധി ചിന്തകർ കൂട്ടായ്മയുടെ ദൈവശാസ്ത്രത്തിന് ഊന്നൽ കൊടുക്കുകയും അത് സഭയുടെ ഏകദേശനിർവചനമായി അംഗീകരിക്കുകയും ചെയ്തു.[11] സഭാവിജ്ഞാനീയത്തിൽ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഗണ്യമായ നേട്ടങ്ങളിലൊന്നായി പലരും ചൂണ്ടിക്കാണിക്കുന്നത് സഭയെക്കുറിച്ചുള്ള ഈ വീക്ഷണമാണ്. കൗൺസിലിന്റെ പ്രമാണരേഖകളിൽ പ്രതിപാദിക്കപ്പെടുന്ന കേന്ദ്രീയവും അടിസ്ഥാനപരവുമായ ആശയം സഭ ഒരു കൂട്ടായ്മയാണ് എന്നത് 1985-ലെ മെത്രാന്മാരുടെ സിനഡ് കണ്ടെത്തിയിരുന്നു.[12] ഈ അഭിപ്രായത്തോട് പല പണ്ഡിതരും യോജിക്കുന്നില്ല. കാരണം, ഈ ആശയം സഭയിൽ ശ്രദ്ധിക്കപ്പെടുകയും ശക്തിപ്പെടുകയും ചെയ്തത് കൗൺസിലിനു ശേഷമുള്ള കാലഘട്ടത്തിലാണ്.

കൂട്ടായ്മയ്ക്ക് പുതിയ നിയമ പശ്ചാത്തലമുണ്ടെങ്കിലും അത് പുതിയനിയമത്തിൽത്തന്നെ ഉപയോഗിച്ചിരിക്കുന്നത് വിവിധങ്ങളായ സാഹചര്യങ്ങളിലും അർത്ഥതലങ്ങളിലുമാണ്.[13] സഭയെ സംബന്ധിച്ചു മാത്രമല്ല അത് പുതിയനിയമത്തിൽ ഉപയോഗിച്ചു കാണുന്നത്. ദൈവശാസ്ത്രപരമായി ചിന്തിച്ചാൽ കൂട്ടായ്മയ്ക്ക് രണ്ട് തലങ്ങളുണ്ട്: ലംബതലവും, തിരശ്ചീനതലവും. ദൈവജനത്തിന് ദൈവവുമായുള്ള ബന്ധം, പ്രത്യേകമായി ത്രിയേകദൈവവുമായുള്ള ബന്ധം പ്രകടമാക്കുന്നതാണ് ലംബതലം. വിശ്വാസികൾക്ക് പരസ്പരമുള്ള ബന്ധത്തെയാണ് തിരശ്ചീനതലംകൊണ്ട് വിവക്ഷിക്കുന്നത്. കൗൺസിൽ രേഖകളിൽ ഈ പദം മുഖ്യമായും ഉപയോഗിച്ചിരിക്കുന്നത് വിശ്വാസികൾക്ക് ത്രിയേകദൈവവുമായുള്ള ബന്ധത്തെ സൂചിപ്പിക്കുവാനാണ്. ത്രിയേകദൈവത്തിൽ അടിസ്ഥാനമിട്ടിരിക്കുന്ന സഭയെ സംബന്ധിച്ച് ഈ പദം ഉപയോഗിക്കുമ്പോൾ ഉദ്ദേശിക്കുന്നത് വിശ്വാസികൾ തമ്മിലുള്ള കൂട്ടായ്മയെയാണ്. അവരുടെ ഈ കൂട്ടായ്മ ദൈവവുമായുള്ള കൂട്ടായ്മയിൽനിന്നും ഉത്ഭവിക്കുന്നതാണ്. ഈ ദർശനത്തെ ശരിയായ വിധത്തിൽ പരിപോഷിപ്പിച്ചാൽ കത്തോലിക്കാസഭാവിജ്ഞാനീയം ഒരു പരിധി വരെ നവീകരിക്കുന്നതിന് ഉതകുമെന്നതിൽ സംശയമില്ല.[14]

www.malankaralibrary.com



### B. എന്താണ് സഭ? എവിടെയാണ് സഭ?

ഈ രണ്ടു ചോദ്യങ്ങളും അഭേദ്യമായി ബന്ധപ്പെട്ടവയാണ്. അതുകൊണ്ടുതന്നെ ഉത്തരവും ഒരേ യാഥാർത്ഥ്യത്തിലേക്കാണ് നമ്മെ നയിക്കുന്നത്. വ്യത്യസ്തങ്ങളായ സാദൃശ്യങ്ങളും പ്രതീകങ്ങളും ഉപയോഗിച്ചതായി കൗൺസിൽ നിർവചിക്കാൻ ആഗ്രഹിച്ചതും ഈ യാഥാർത്ഥ്യമാണ്. എന്താണ് സഭ? അതിന്റെ അന്തസത്ത എന്താണ്? അതിനെ എവിടെ നമുക്ക് കണ്ടെത്താനാവും?

റോമൻ കത്തോലിക്കാസഭതന്നെയാണ് ക്രിസ്തുവിന്റെ യഥാർത്ഥസഭ എന്ന ആശയമാണ് രണ്ടാം വത്തിക്കാൻ കൗൺസിലിനുമുമ്പ് നിലനിന്നിരുന്നത്. ഈ വിശ്വാസത്തിന് ശക്തി കൂട്ടുവാൻ കണ്ടെത്തിയ മാനദണ്ഡങ്ങളാണ്-വിശുദ്ധ ഗ്രന്ഥം, വിശ്വാസപ്രമാണം, കൂദാശകൾ, അപ്പസ്തോലികശുശ്രൂഷകൾ, അധികാരികളോടുള്ള പ്രത്യേകിച്ച്, മാർപാപ്പയോടുള്ള വിധേയത്വം. ബാഹ്യമായ ഈ മാനദണ്ഡങ്ങളെക്കാളുപരി ആന്തരികമായ ചില ഘടകങ്ങളും സഭയ്ക്കുണ്ടെന്നുള്ള തിരിച്ചറിവാണ് ഈ ആശയം കൗൺസിൽ തിരസ്കരിക്കുവാൻ കാരണം. മാത്രമല്ല, ഈ ഘടകങ്ങൾ മറ്റു പല സഭകളിലും വിവിധ രീതികളിലും ഡിക്രികളിലും കണ്ടെത്താനാവും. അതുകൊണ്ട് ഒരു സഭയ്ക്കു മാത്രമേ ഇളവുള്ളൂ എന്ന് ശഠിക്കാനാവില്ല. ക്രിസ്തുവിന്റെ ജീവിക്കുന്ന ശരീരമായ സഭയെ കത്തോലിക്കാസഭയോടു മാത്രം തുലനം ചെയ്യുന്നതും അത്ര പന്തിയല്ല എന്ന് ചിലരെങ്കിലും ചിന്തിക്കുവാൻ തുടങ്ങി. അതുകൊണ്ടാണ് കൗൺസിൽ മറ്റുചില മാനദണ്ഡങ്ങൾ സ്വീകരിക്കുവാൻ തീരുമാനിച്ചത്. "പൂർണമായ വിധത്തിൽ സഭയുടെ അംഗങ്ങളാകുന്നവരുടെ ലക്ഷണങ്ങളിവയാണ്-അവർക്ക് ക്രിസ്തുവിന്റെ ചൈതന്യം ഉണ്ടായിരിക്കണം; സഭയുടെ സകല നിബന്ധനകളും നിത്യരക്ഷയ്ക്കായി അത് ഏർപ്പെടുത്തിയിട്ടുള്ള മാർഗങ്ങളും സ്വീകരിക്കണം, അവളുടെ ദൃശ്യഘടന വഴി ക്രിസ്തുവിനോട് ഐക്യപ്പെട്ടിരിക്കണം, മാർപാപ്പയും മെത്രാന്മാരും വഴി സഭയെ ഭരിക്കുന്നതവിടുന്നാണ് എന്ന കാര്യം അംഗീകരിക്കണം. വിശ്വാസപ്രഖ്യാപനത്തിന്റെയും കൂദാശകളുടെയും സഭയുടെ ഭരണഘടനയുടെയും പരസ്പരൈക്യത്തിന്റെയും ശൃംഖലകളാൽ അവർ യോജിച്ചിരിക്കണം..."

www.malankaralibrary.com



(LG. 14). സഭയുമായുളള കൂട്ടായ്മയ്ക്കാണ് ഈ മാനദണ്ഡങ്ങൾ മുൻഗണന നല്കുന്നതെന്ന് വ്യക്തമാണ്. കത്തോലിക്കരല്ലാത്ത മറ്റ് ക്രൈസ്തവരെക്കുറിച്ച് പ്രതിപാദിക്കുന്നിടത്തും ചില മാനദണ്ഡങ്ങൾ എടുത്തു പറയുന്നുണ്ട്. "കലർപ്പില്ലാത്ത വിശ്വാസം പൂർണമായി ഏറ്റു പറയുകയോ, പത്രോസിന്റെ പിൻഗാമിയോട് ഐക്യം പുലർത്തുന്നില്ലെങ്കിലും ജ്ഞാനസ്നാനം സ്വീകരിച്ച് ക്രിസ്തീയനാമത്താൽ അലംകൃതരായ എല്ലാവരോടും താൻ വിവിധ രീതികളിൽ ബന്ധപ്പെട്ടാണിരിക്കുന്നത് എന്നു തിരുസ്സഭയ്ക്കറിയാം. കാരണം, അവരിൽ അനേകം പേരും വി. ലിഖിതങ്ങളെ തങ്ങളുടെ ജീവിതത്തിന്റെയും വിശ്വാസത്തിന്റെയും മാനദണ്ഡമായി ബഹുമാനപുരസ്സരം സ്വീകരിക്കുന്നു. അവർ യഥാർത്ഥമായ ധാർമിക തീക്ഷ്ണത പ്രകടമാക്കുകയും, സർവശക്തനായ ദൈവത്തിലും അവിടുത്തെ സുതനും രക്ഷകനുമായ ക്രിസ്തുവിലും മുഴുഹൃദയത്തോടെ വിശ്വസിക്കുകയും ചെയ്യുന്നു..." (L.G. 15).

ഈ മാനദണ്ഡങ്ങളുടെ വെളിച്ചത്തിൽ വീക്ഷിച്ചാൽ, ഒരുപക്ഷേ കൗൺസിലും തുടർന്ന് കൗൺസിലിനുശേഷവും ഏറ്റവും കൂടുതൽ ചർച്ചാവിഷയമാക്കപ്പെട്ടത്: "ഇഹത്തിൽ സ്ഥാപിച്ചു നിയന്ത്രിക്കപ്പെടുന്ന ഒരു സമൂഹമെന്ന നിലയിൽ കത്തോലിക്കാസഭയിലാണ് ക്രിസ്തുവിന്റെ മേല്പ്പറഞ്ഞ സഭ ദൃശ്യമാവുക" (L.G. 8) എന്ന വാക്യമാണ്. കത്തോലിക്കാസഭ തന്നെയാണ് ക്രിസ്തുവിന്റെ സഭ (The Church of Christ-is the Catholic Church) എന്ന ആദ്യപ്രയോഗം ഭേദഗതി ചെയ്ത 'is'-നു പകരം 'Subsorts'-എന്നാക്കി മാറ്റിയതുവഴി കത്തോലിക്കാസഭയിൽ മാത്രമല്ല മറ്റുസഭകളിലും ക്രിസ്തുവിന്റെ സഭയുടെ ഘടകങ്ങൾ ഉണ്ടെന്ന് കൗൺസിൽ സമ്മതിക്കുകയായിരുന്നു.[15]

എവിടെയാണ് ക്രിസ്തുവിന്റെ സഭ എന്നു ചോദിച്ചാൽ, തീർച്ചയായും പ്രാദേശിക സമൂഹങ്ങളിലും പ്രത്യേകിച്ച് ആരാധനക്രമസമൂഹങ്ങളിലുമാണെന്ന് കൗൺസിൽ ഉത്തരം നല്കും. ".......വിശ്വാസികളുടെ നിയമാനുസൃതമായ പ്രാദേശിക സമൂഹങ്ങളിലെല്ലാം ക്രിസ്തുവിന്റെ ഈ സഭ യഥാർത്ഥത്തിൽ സ്ഥിതി ചെയ്യുന്നു. അജപാലകരോട് ഐക്യപ്പെട്ടിരിക്കുന്ന വിശ്വാസികളുടെ സമൂഹങ്ങളെയാണ് സഭകൾ എന്ന് പുതിയ ഉടമ്പടിയിൽ വിവക്ഷിക്കുന്നത്. കാരണം, തങ്ങളുടെ

www.malankaralibrary.com



പ്രദേശത്ത് പരിശുദ്ധാത്മാവിലും സർവസംപൂർണതയിലും ദൈവം വിളിച്ചിരിക്കുന്ന പുതിയ ദൈവജനമാണവർ. ഈ സഭകളിൽ ക്രിസ്തുവിന്റെ സുവിശേഷ പ്രഘോഷണത്താൽ വിശ്വാസികൾ സമ്മേളിച്ച് "കർത്തൃശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും വഴി സമസ്ത സഹോദരബന്ധങ്ങളും ദൃഢപ്പെടുത്തുന്നതിലേക്ക്" കർത്താവിന്റെ തിരുവത്താഴരഹസ്യം പരികർമം ചെയ്യുന്നു. മെത്രാന്റെ വിശുദ്ധ ശുശ്രൂഷയുടെ കീഴിൽ ബലിപീഠസവിധേ സമ്മേളിച്ചിരിക്കുന്ന ഏതു സമൂഹത്തിലും നിത്യരക്ഷയ്ക്ക് അപരിത്യാജ്യമായ മൗതികശരീരത്തിലെ സാഹോദര്യത്തിന്റെയും ഐക്യത്തിന്റെയും പ്രതീകം ദൃശ്യമാണ്. ചെറിയതും, ദരിദ്രവും, വിച്ഛിന്നവുമാണെന്നിരുന്നാലും ഈ സമൂഹങ്ങളിൽ ക്രിസ്തുവിന്റെ സാന്നിധ്യമുണ്ട്. അവിടുത്തെ സന്നിധാനം വഴി ഏകവും, പരിശുദ്ധവും, കാതോലികവും, ശ്ലൈഹികവുമായ സഭ രൂപംകൊള്ളുന്നു. കാരണം, ക്രിസ്തുവിന്റെ ശരീരരക്തങ്ങളുടെ സ്വീകരണം നാം ഭക്ഷിക്കുന്ന ദിവ്യവസ്തുവായ നമ്മെ രൂപാന്തരപ്പെടുത്തുകയാണ് ചെയ്യുന്നത്" (L.G. 26). ബലിയർപ്പണത്തിനായി ഒരുമിച്ചുകൂടുന്ന സമൂഹം യഥാർത്ഥത്തിൽ സഭ തന്നെയാണ്. കാരണം, കത്തോലിക്കാസഭയുടെ വലിയൊരു സംഭവം അവിടെ അരങ്ങേറുകയാണ്-ദിവ്യരഹസ്യങ്ങൾ വചനത്തിലൂടെയും കൂദാശയിലൂടെയും യാഥാർത്ഥ്യമാവുകവഴി.

ഈ ആശയങ്ങൾ കൗൺസിലിന്റെ മറ്റൊരു മഹത്തായ നേട്ടത്തിലേയ്ക്കാണ് നയിക്കുന്നത്. പ്രാദേശികസഭകൾക്ക് ഈ കൗൺസിൽ നല്കിയ പ്രാധാന്യവും അംഗീകാരവുമാണത്. കൗൺസിലാനന്തരകാലഘട്ടത്തിൽ സഭാവിജ്ഞാനീയത്തിൽ കൂടുതൽ പഠനത്തിന് വിധേയമായതും പ്രാദേശികസഭകളെക്കുറിച്ചായിരുന്നു. പ്രാദേശികസഭ, വ്യക്തിഗതസഭ (Individual Church), രൂപത എന്നിങ്ങനെയുള്ള പരാമർശങ്ങൾ കൗൺസിലിന്റെ പ്രമാണരേഖകളിൽ ഉണ്ടെങ്കിലും അവയിലൊന്നും കൃത്യമായൊരു വീക്ഷണം ഇക്കാര്യത്തിൽ ഇല്ലായിരുന്നു. എങ്കിലും രൂപതയെക്കുറിച്ചുള്ള ചില പരാമർശങ്ങളിൽ സാർവത്രിക സഭയും പ്രാദേശികസഭയും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്നുണ്ട്. "വൈദികഗണത്തിന്റെ സഹകരണത്തോടെ അജപാലനം നടത്തുവാനായി, മെത്രാനെ ഏല്പിച്ചിരിക്കുന്ന ദൈവജനത്തിന്റെ ഒരു ഭാഗമാണ്

www.malankaralibrary.com



രൂപത. തന്മൂലം ഇടയനോടു ചേർന്നു നില്ക്കുകയും, സുവിശേഷവും ദിവ്യകാരുണ്യവും മുഖേന ഇടയൻ പരിശുദ്ധാരൂപിയിൽ സംയോജിപ്പിക്കുകയും ചെയ്യുന്ന സമൂഹം, ഒരു പ്രത്യേക സഭയായി രൂപംകൊള്ളുന്നു. ഈ സഭയിൽ ഏകവും, പരിശുദ്ധവും, സാർവത്രികവും, ശ്ലൈഹികവുമായ ക്രിസ്തുവിന്റെ സഭയാണ് യഥാർത്ഥത്തിൽ അന്ത:സ്ഥിതമായിരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത്'' (C.D 11). പ്രാദേശികസഭയും സാർവത്രികസഭയും തമ്മിലുള്ള ബന്ധം കൗൺസിൽരേഖ കുറെക്കൂടെ വ്യക്തമാക്കുന്നുണ്ട്. വിശ്വാസികളുടെയും മെത്രാന്മാരുടെയും ഐക്യത്തിന്റെ ശാശ്വതവും ദൃശ്യവുമായ ഉറവിടവും അടിസ്ഥാനവുമാണ് പത്രോസിന്റെ പിൻഗാമിയായ റോമാ മാർപാപ്പ. സാർവത്രികസഭയുടെ മാതൃകയിൽ രൂപപ്പെടുത്തിയിട്ടുള്ള പ്രാദേശികസഭകളിലെ ഐക്യത്തിന്റെ ദൃശ്യമായ ഉറവിടവും അടിത്തറയും മെത്രാന്മാർ തന്നെ. പ്രാദേശികസഭകളിലും പ്രാദേശികസഭകളിൽനിന്നും ആണ് ഏകവും ഏകീയവും ആയ കത്തോലിക്കാ തിരുസ്സഭ രൂപംപ്രാപിക്കുന്നത്. ഇക്കാരണത്താൽ ഓരോ മെത്രാനും സ്വന്തം സഭയെ പ്രതിനിധാനം ചെയ്യുന്നു. ഇങ്ങനെ, എല്ലാ മെത്രാന്മാരും ഒന്നിച്ചു മാർപാപ്പയോടു ചേർന്ന് സമാധാനം, സ്നേഹം, ഐക്യം എന്നീ ശൃംഖലകളിൽ തിരുസ്സഭ മുഴുവനെയും പ്രതിനിധാനം ചെയ്യുന്നുണ്ട് (L.G. 23). അങ്ങനെ പ്രാദേശികസഭകളും സാർവത്രികസഭയും തമ്മിൽ അവഗാഢം ബന്ധപ്പെട്ടിരിക്കുന്നു. ഏകസഭ ഉത്ഭവിക്കുന്നത് ഈ ബന്ധത്തിലും ഐക്യത്തിലും കൂട്ടായ്മയിലുമാണ്.

### C. സഭയുടെ ഘടന

ദൈവത്തിന്റെ ജനം എന്ന രണ്ടാം അധ്യായത്തിലൂടെ കടന്നുപോകുമ്പോൾ പഴയനിയമത്തിന്റെയും പുതിയനിയമത്തിന്റെയും പിൻബലത്തോടെ സഭയുടെ അടിസ്ഥാനഘടനയ്ക്ക് അടിത്തറ പാകുകയാണെന്നു തോന്നും. ദൈവത്തിന്റെ ജനം പൊതുവായ പൗരോഹിത്യത്തിൽ പങ്കുചേരുന്നവരാണ്. മൂന്നാം അധ്യായമാണ് സഭയുടെ പൊതുവായ ഘടനയെക്കുറിച്ച് മുഖ്യമായും പ്രതിപാദിക്കുന്നത്. അപ്പസ്തോലന്മാരുടെ പിൻഗാമികളായാണ് മെത്രാന്മാരെ പ്രതിഷ്ഠിച്ചിരിക്കുന്നത്. മെത്രാൻ സംഘത്തിന്റെ അധിപനാണ് വി. പത്രോസിന്റെ പിൻഗാമി

www.malankaralibrary.com



യായ മാർപാപ്പ. മെത്രാന്മാർക്ക് പരസ്പരബന്ധവും ദൗത്യവും ഉണ്ട്. അവരുടെ പ്രധാന ധർമങ്ങളാണ് പ്രബോധനം, പവിത്രീകരണം, അജപാലനം. സഭയിൽ മാർപാപ്പയുടെ അധികാരത്തിന് കൂടുതൽ പ്രാധാന്യം കൊടുത്തിരുന്ന ഒരു കാലഘട്ടത്തെ പിൻതള്ളിക്കൊണ്ട് മെത്രാന്മാർക്ക് അധികാരവും കൂട്ടുത്തരവാദിത്വവും നല്കുകവഴി രണ്ടാം വത്തിക്കാൻ കൗൺസിൽ അധികാര വികേന്ദ്രീകരണത്തിന്റെ കാര്യത്തിൽ പുതിയൊരു തുടക്കം കുറിച്ചുവെന്ന് പറയാം. അതുകൊണ്ടുതന്നെ മെത്രാന്മാരെക്കുറിച്ചുള്ള മൂന്നാം അധ്യായം കൗൺസിലിൽ വളരെയധികം ചർച്ചാവിഷയമായിമാറി. പരിശുദ്ധപിതാവിന്റെയും മെത്രാന്മാരുടെയും അധികാരസീമകളെക്കുറിച്ച്, പ്രത്യേകിച്ച്, മാർപാപ്പയുടെ പരമാധികാരവും മെത്രാന്മാരുടെ സംഘാതാത്മകതയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് കൗൺസിൽ രേഖ സുവ്യക്തമല്ലെങ്കിൽത്തന്നെയും സഭ പൊതുവേ മെത്രാന്മാരുടെ അധികാരം അംഗീകരിച്ചു. ഇതിന്റെയെല്ലാം പശ്ചാത്തലത്തിലാണ് മെത്രാന്മാരെക്കുറിച്ചുള്ള മറ്റൊരു രേഖ ജോൺ പോൾ രണ്ടാമൻ 'Pastores Gregis'-എന്ന പേരിൽ 2003 ഒക്ടോബർ 16 -ന് പ്രസിദ്ധീകരിച്ചത്.[16]

മെത്രാന്മാരുടെ വിവേകമതികളായ സഹപ്രവർത്തകരും സഹായികളും ഉപകരണങ്ങളുമായിട്ടാണ് കൗൺസിൽ വൈദികരെ കരുതുന്നത് (L.G. 28). അധികാരപദവിയുടെ താഴ്ന്ന നിലയിലുള്ളവരാണ് ഡീക്കന്മാർ. ഇങ്ങനെയാണ് സഭയിലെ സ്ഥാനക്രമം പ്രമാണരേഖ വിവരിക്കുന്നത്. നാലാം അധ്യായം അല്മായരെ സംബന്ധിക്കുന്നതാണ്. അല്മായർക്ക് സഭയിൽ യഥാർത്ഥസ്ഥാനം നല്കിയതിലൂടെയാണ് സഭാവിജ്ഞാനീയം ഒരു ഹയരാർക്കി ശാസ്ത്രമായി തീരാതിരുന്നത്. അല്മായർക്ക് സഭയിൽ പങ്കാളിത്തവും കൂട്ടുത്തരവാദിത്വവും നല്കുന്നതിനുള്ള സംവിധാനം ആവശ്യമാണ്. ഇടവക-രൂപതാതലങ്ങളിൽ അവർക്ക് പ്രാതിനിധ്യം നല്കിയെങ്കിൽ മാത്രമേ സഭയുടെയും സമൂഹത്തിന്റെയും ഉന്നമനത്തിനും നന്മയ്ക്കുമായി പ്രവർത്തിക്കുന്നതിന് അല്മായർക്ക് അവസരം ലഭിക്കുകയുള്ളൂ (L.G. 37, C.D. 27). അവരുടെ അഭിപ്രായം ആരായുന്നതിനും പ്രകടിപ്പിക്കുന്നതിനും അവസരം ഉണ്ടാക്കിയാൽ മാത്രം പോരാ; പ്രത്യുത, ഇടവക കൗൺസിലിൽ അവർ അർഹിക്കുന്ന അംഗത്വം നല്കി സഭയുടെ വളർച്ചയ്ക്കും ഉന്നമനത്തി

www.malankaralibrary.com



നുംവേണ്ടി നല്ല തീരുമാനങ്ങൾ ഉണ്ടാക്കുന്നതിനും എടുക്കുന്നതിനും അവർക്ക് അവസരം നല്കുക തന്നെ വേണം. 1988 ഡിസംബർ 30-ന് ജോൺ പോൾ രണ്ടാമൻ പുറപ്പെടുവിച്ച Christirideles Laici എന്ന അപ്പസ്തോലിക പ്രബോധനം സഭയിൽ അല്മായർക്കുള്ള സ്ഥാനവും ദൗത്യവും കുറെക്കൂടെ സുവ്യക്തമാക്കുന്നുണ്ട്.[17]

**ഉപസംഹാരം**

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സഭാദർശനം ചെറിയൊരു ലേഖനത്തിന്റെ പരിധിയിൽ ഒതുക്കാനാവില്ല. കാരണം, ഈ ദർശനം അതിന്റെ ശരിയായ അർത്ഥത്തിൽ വിശദമാക്കണമെങ്കിൽ കൗൺസിൽ പുറപ്പെടുവിച്ച 16 പ്രമാണരേഖകളും പഠനവിഷയമാക്കണം. മാത്രമല്ല, കൗൺസിലിനുമുമ്പ് സഭയിൽ നിലനിന്നിരുന്ന സഭാദർശനങ്ങളും കൗൺസിലിനുശേഷം സഭയിൽ ആവിർഭവിച്ചിട്ടുള്ള നൂതനാശയങ്ങളുംകൂടെ ഉൾപ്പെടുത്തിയെങ്കിൽ മാത്രമേ കൗൺസിലിന്റെ സഭാദർശനം അതിന്റെ ചരിത്രപശ്ചാത്തലത്തിൽ വ്യക്തമാക്കുവാൻ കഴിയൂ. ഇത്തരമൊരു പ്രതിപാദനം ഈ ലേഖനത്തിന്റെ പരിധിക്ക് അതീതമാണ്. അതുകൊണ്ട് കൗൺസിലിന്റെ സഭാദർശന സംഭാവനകളിൽ അതിപ്രധാനങ്ങളെന്നു തോന്നിയ ഏതാനും ആശയങ്ങൾ മാത്രമാണ് ഈ ലേഖനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ റൂബിജൂബിലി വർഷത്തിൽ, പരിശുദ്ധ പിതാവ് ബനഡിക്ട് 16-ാമൻ ക്രൈസ്തവവിശ്വാസികളെ ഓർമിപ്പിക്കുന്നതുപോലെ, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ചൈതന്യം വ്യക്തികളും സമൂഹങ്ങളും തങ്ങളുടെ ജീവിതത്തിലും പ്രവർത്തനങ്ങളിലും സജീവമായി നിലനിർത്തിക്കൊണ്ടുപോവുക എന്നതാണ് നമുക്കിന്ന് കരണീയമായിട്ടുള്ളത്.[18]

**കുറിപ്പുകൾ**

1. സെൽവിസ്റ്റർ പൊന്നുമുത്തൻ, *അടിസ്ഥാന ക്രൈസ്തവ സമൂഹം: പ്രത്യാശയുടെ തീരങ്ങൾ,* ആലുവ, 1999, p.ix.
2. Karl Rahner, "The New Image of the Church," in *Theological Investigations*, Vol.10, New York, 1973, p.3.

www.malankaralibrary.com



3. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ചരിത്രത്തെയും ദൈവശാസ്ത്ര വീക്ഷണത്തെയും കുറിച്ച് നിരവധി ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടിട്ടുണ്ട്. ഉദാ: G. Alberigo (ed.), *The History of Vatican II,* 5 Vols., Louvain, 1995, 1997, 2000, 2003, 2005. M. Lamberigts & L. Kenis (eds.), *Vatican II and its Legacy,* Louvain, 2002. John J. Markey, *Creating Communion: The Theology of the Constitutions of the Church,* New York, 2003.
4. *രണ്ടാം വത്തിക്കാൻ കൗൺസിൽ: പ്രമാണരേഖകൾ,* ബാംഗ്ലൂർ, 2004, p.26.
5. Ibid. p.25.
6. Ibid. p.25.
7. Joseph A. Komonchak, "The Significance of Vatican II for Ecclesiology," in Peter C. Phan (ed.), *The Gift of the Church: A textbook on Ecclesiology,* Minnesota, 2000, p.76.
8. P. S. Minear, *Images of the Church in the New testament,* Philadelphia, 1960.
9. A. Dulles, *Models of the Church,* New York, 1974. John Fullenbach, *Church: Community for the Kingdom,* Manila, 2001.
10. H. Kung, *The Church,* London, 1967.
11. J. Hamer, *The Church is a Communion,* New York, 1964 (orig. in 1962). C. Willerbrands, "The Church is a Communion," in *Clergy Monthly* 31 (1967) 3-7. C. Willebrands, "Vatican II's Ecclesiology of Communion," in *Origins* 17 (28 May, 1987) 27-31. J-M.R. Tillard, "The Church of God is a Communion: The Ecclesiological Perspectives of Vatican II," in *One in Christ* 17 (1981) 117-131. J-M.R. Tillard, *"Church of Churches: The Ecclesiology of Communion,* Collegeville, 1992. W. Kasper, "The Church as Communio," in *Communio* 13 (Summer 1986) 100-117. Joseph Cardinal Ratzinger, *Called to Communion: Understanding the Chrch Today,* San Francisco, 1996. J. Corboy, "Church as Communio and Family of God," *SEDOS Bulletin* 28 (May 15, 1996) 156-159. W.D.M. Doyle, *Communion Ecclesiology: Visions and Versions,* Maryknoll, 2000.

www.malankaralibrary.com



12. Extraordinary Synod of Bishops, "The Final Report," *Origins* 16 (1985) p.448.
13. M. Rebeiro (ed.), *Called to be in Communion: Gift and Task for the Christians Today,* Kalamassery, 2005, pp. viii-xii.
14. Congregation of the Doctrine of Faith, "Some Aspects of the Church Understood as Communion", *Origins* 21 (1992) p.108.
15. This issue has been very much under discussion among the scholars and the ecclesiastical authorities. See for a detailed history of it: M. Rebeiro, *The Church as the Community of the Believers,* Vol.1' New delhi, 2001, pp.157-160.
16. John Paul II, *Pastores Gregis*, Vatican City, 2003.
17. John Paul II, *Christifideles Laici*, Vatican City, 1988.
18. Benedict XVI, "Keeping alive the Spirit of the Second Vatican Council," is *L'Osservatore Romano* No. 44 (2 November, 2005) p.1.

www.malankaralibrary.com

# അല്മായരുടെ വിളിയും ദൗത്യവും

പ്രൊഫ. കെ. ടി. സെബാസ്റ്റ്യൻ

## I. ഓർമയുടെ ഉത്സവം

വത്തിക്കാൻ സൂനഹദോസിന്റെ ഈ ജൂബിലി സംഗമം സഭാ ചരിത്രത്തിലെ ഒരു വലിയ വഴിത്തിരിവിന്റെ-ഒരു പുത്തൻ വസന്തത്തിന്റെ-ഓർമയുടെ ഉത്സവമാണ്. പി.ഒ.സി.യ്ക്ക് ഈ ഓർമ്മ ആഘോഷിക്കുവാൻ പ്രത്യേകമായ ഒരു കടപ്പാടുണ്ട്. കാരണം, പി.ഒ.സി. ജന്മമെടുത്തതുതന്നെ സൂനഹദോസിന്റെ ചൈതന്യത്തിൽ നിന്നാണ്.

അനുഗ്രഹീതനായ, പരിശുദ്ധാരൂപിയാൽ നിറഞ്ഞവനായിരുന്ന, ജോൺ 23-ാം മാർപാപ്പ കൗൺസിൽ വിളിച്ചുകൂട്ടുന്ന കാര്യം പ്രഖ്യാപിച്ച 1959 ജനുവരി 25 മുതൽ കൗൺസിലിന്റെ ഔദ്യോഗികസമാപനം കുറിച്ച 1965 ഡിസംബർ 8 വരെയുള്ള കാലം സഭയെ സംബന്ധിച്ചിടത്തോളം- ലോകത്തെ സംബന്ധിച്ചിടത്തോളം എന്നുതന്നെ പറയട്ടെ-ഒരു പുണ്യകാലമായിരുന്നു.

വ്യക്തിപരമായി പറഞ്ഞാൽ ആ കാലഘട്ടത്തെ ഓർക്കുവാൻ ഞാനുപയോഗിക്കുക സുപ്രസിദ്ധ ആംഗ്ലേയകവി വേർഡ്സ് വർത്തിന്റെ വാക്കുകളാണ് "Bliss was it in that dawn to be alive. But to be young was very heaven." ഫ്രഞ്ചുവിപ്ലവം ഒരു പുത്തൻ യുഗപിറവിക്കു വഴിയൊരുക്കുമെന്നുള്ള പ്രതീക്ഷയിൽ ആ കാലഘ ട്ടത്തെക്കുറിച്ചുള്ള ഓർമകൾ അയവിറക്കികൊണ്ടാണ് കവി തന്റെ ആത്മകഥാപരമായ കാവ്യ

www.malankaralibrary.com



ത്തിൽ ഇങ്ങനെ എഴുതിയത്. എന്നെ സംബന്ധിച്ചിടത്തോളം ഇതു പൂർണമായും ശരിയാണ്-കൗൺസിലിന്റെ കാലഘട്ടത്തിൽ ജീവിച്ചിരിക്കുകയെന്നതു തന്നെ ഒരു ഭാഗ്യമായിരുന്നു. 1960-63 കാലഘ ട്ടത്തിൽ ഞാൻ അമേരിക്കയിൽ ഒരു വിദ്യാർത്ഥിയായിരുന്നതുകൊണ്ട് കൗൺസിലിനെ സംബന്ധിച്ചുള്ള വാർത്തകൾ ചൂടോടെ കിട്ടുമായിരുന്നു. ആ വാർത്തകൾ ശ്രവിക്കുകയും കൗൺസിലിന്റെ പുത്തൻ ആഭിമുഖ്യങ്ങളെക്കുറിച്ചുള്ള ചർച്ചകളിൽ പങ്കെടുക്കുകയും ചെയ്യുകയെന്നത് എന്റെ തലമുറയിൽപ്പെട്ടവർക്ക് ഒരു ഹരമായിരുന്നു!

മറ്റു കൗൺസിലുകളിൽ നിന്നൊക്കെ ഏറെ വ്യത്യസ്തമായിരുന്നു രണ്ടാം വത്തിക്കാൻ സൂനഹദോസ്. ഇതിന്റെ ആഭിമുഖ്യവും സമീപനവും സൈദ്ധാന്തികമെന്നതിനെക്കാൾ മാനുഷികവും അജപാലനപരവുമായിരുന്നു. ഒന്നു പുറകോട്ടു നോക്കുമ്പോൾ ഒട്ടൊരു അത്ഭുതത്തോടുകൂടി മാത്രമേ ഈ കൗൺസിലിനെക്കുറിച്ച് ഓർമിക്കാൻ സാധിക്കൂ. ഇത് തീർച്ചയായും പരിശുദ്ധാരൂപിയുടെ ദാനമായിരുന്നു! കൗൺസിലുമായി ബന്ധപ്പെട്ടവർക്കെല്ലാം ഇതൊരു പുത്തൻ പന്തക്കുസ്തായുടെ അനുഭവമായിരുന്നു. ഏറെ നാടകീയത നിറഞ്ഞതായിരുന്നു കൗൺസിൽ വിളിച്ചുകൂട്ടിയതും അതിന്റെ പിന്നാലെയുള്ള സംഭവങ്ങളും. എന്റെ ഒരു സുഹൃത്ത്, എസ്. ജെ. ഇമ്മാനുവേൽ എന്ന ശ്രീലങ്കൻ ദൈവശാസ്ത്രജ്ഞന്റെ ഭാഷയിൽ പറഞ്ഞാൽ "ആത്മാവ് ജോൺ ഇരുപത്തിമൂന്നാമനോടു പറഞ്ഞു: "Call a Council of aggiornamento and the Church will came to a new awareness." സഭ ദൈവജനമാണെന്നുള്ളതായിരുന്നു ആ പുത്തൻ അവബോധം.

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ മറ്റൊരു സവിശേഷത അതൊരിക്കലും അവസാനിക്കുന്നില്ലായെന്നുള്ളതാണ്. കൗൺസിലിന്റെ പ്രമാണരേഖകൾക്കു കർദ്ദിനാൾ ലോറൻസ് ഷെഹാൻ എഴുതിയ ഉപോത്ഘാതനത്തിൽ പ റയുന്നതിങ്ങനെയാണ്: "The Council has ended, the Council has just begun" (Introduction to the Documents: edited by Walter Abbot SJ). വത്തിക്കാൻ സൂനഹദോസ് ഏതാനും പ്രമാണരേഖകളും പ്രബോധനങ്ങളും പുറപ്പെടുവിക്കുക മാത്രമായിരുന്നില്ല. പ്രമാണരേഖകളെക്കാൾ പ്രധാനം കൗൺസിലിന്റെ പിന്നിലുള്ള ചൈതന്യമായിരുന്നു. കൗൺസിൽ വിളിച്ചുകൂട്ടിയ ജോൺ ഇരുപത്തിമൂന്നാമൻപാപ്പാ പ്രധാനമായും ലക്ഷ്യമാക്കിയത് രണ്ടു കാര്യങ്ങളാണ്

www.malankaralibrary.com



'അജ്യോർണമെന്തോ' (ആധുനീകരണം) യും, 'റിയുണിയോണെ' (സഭൈക്യം) യും. അജ്യോർണമെന്തോ നിരന്തരമായി നടക്കേണ്ട ഒരു പ്രക്രിയയാണ്; അതുപോലെതന്നെ സഭൈക്യപ്രവർത്തനവും. കൗൺസിലിന്റെ പ്രബോധനങ്ങൾ കൂടുതൽ ആഴത്തിൽ മനസ്സിലാക്കി ഇവ വിശ്വസ്തതയോടുകൂടി നടപ്പിലാക്കുകയെന്നുള്ള ദൗത്യം തുടർന്നുകൊണ്ടുതന്നെയിരിക്കണം. അതുകൊണ്ടാണ് കൗൺസിൽ ഇന്നും തുടർന്നു കൊണ്ടുപോകുന്നുവെന്നു പറയുന്നത്. കൗൺസിലിനുശേഷം 1967 മുതൽ കഴിഞ്ഞ (2005) ഒക്ടോബർ വരെ നടന്ന പതിനൊന്നു സാധാരണ സിനഡുകളും 1969-ലും 1985-ലും നടന്ന അസാധാരണ സിനഡുകളും ഒരർത്ഥത്തിൽ വത്തിക്കാൻ സൂനഹദോസിന്റെ തുടർച്ചയാണ്. അതോടൊപ്പംതന്നെ കൗൺസിലിന്റെ പ്രബോധനങ്ങൾ കൂടുതൽ ആഴത്തിൽ മനസ്സിലാക്കുവാനും അത് വിവേകപൂർവം പ്രാവർത്തികമാക്കുവാനുമുള്ള ഒരന്വേഷണവുമാണ് ഓരോ സിനഡിന്റെയും പിന്നിലുള്ളത്.

## II. അല്മായരുടെ വിളിയും ദൗത്യവും

ഇനി നമുക്ക് വിഷയത്തിലേക്കു കടക്കാം. 1985-ൽ നടത്തുവാൻ തീരുമാനിച്ചിരുന്നതും 1987-ലേക്ക് മാറ്റിവച്ചതുമായ മെത്രാൻ സിനഡിന്റെ വിഷയം. 'അല്മായരുടെ വിളിയും ദൗത്യവും സഭയിലും ലോകത്തിലും വത്തിക്കാൻ സൂനഹദോസിന് 20 വർഷങ്ങൾക്കുശേഷം' എന്നതായിരുന്നു. 1985-ൽ നടക്കേണ്ടിയിരുന്നതുകൊണ്ടാണ് 20 വർഷങ്ങൾക്കുശേഷം, എന്ന് വിശേഷിപ്പിച്ചത്. സിനഡൽ പ്രമേയത്തിന്റെ ചുവടുപിടിച്ചുകൊണ്ട് എനിക്കു തന്നിരിക്കുന്ന 'അല്മായരുടെ വിളിയും ദൗത്യവും എന്ന വിഷയത്തെ സഭയിലും ലോകത്തിലും നാല്പതു വർഷങ്ങൾക്കുശേഷം' വിശേഷിപ്പിച്ചുകൊണ്ട് കേരളസഭയുടെ പശ്ചാത്തലത്തിൽ ഒന്നു വിശദമാക്കുവാൻ ശ്രമിക്കുകയാണ് ഈ പ്രബന്ധത്തിലൂടെ.

ആദ്യമായിതന്നെ വിളിയും ദൗത്യവും തമ്മിലുള്ള ബന്ധമെന്താണെന്നും അവ തമ്മിലുള്ള വ്യതിരിക്തതയെന്താണെന്നും നോക്കാം. സിനഡിനുവേണ്ടി തയ്യാറാക്കിയ പഠനരേഖ (ലിനിയമെന്താ) യനുസരിച്ച് വൊക്കേഷൻ എന്നത് ദൈവവുമായി വ്യക്തിപരമായി സ്നേഹബന്ധത്തിലായിരിക്കുവാനുള്ള ദൈവത്തിന്റെ വിളയാണ് (Vocation is the

www.malankaralibrary.com



call from God to have a personal relationship with Him in his Love). ശുദ്ധമലയാളത്തിൽ നാം ഇതിനെ 'ദൈവവിളി'യെന്ന് പറയുന്നു. അല്മായസിനഡിനുവേണ്ടി തയ്യാറാക്കിയ Instrumentum Laboris എന്ന പഠനരേഖയിൽ വൊക്കേഷനെക്കുറിച്ചു പറയുന്നതിങ്ങനെയാണ്: "The call comes from the Father, finds its expression in the mediation of Christ, that communicates the Holy Spirit to believers, thereby enabling them to respond fully to the divine call. Thus a christian vocation is one of participation in the communion of Love of the Holy Spirit" (1L.n. 15). നമ്മുടെ പഠനവിഷയം അല്മായരുടെ 'ദൈവവിളി' തന്നെ. ദൈവവിളി സന്യസ്ത-പൗരോഹിത്യ ജീവിതാവസ്ഥകളുമായി ബന്ധപ്പെടുത്തി മാത്രം പറഞ്ഞു പോരുന്നതുകൊണ്ടാകാം അല്മായരുടെ ദൈവവിളിയെ-അല്മായ വിശ്വാസികളായി ജീവിക്കുവാനും പ്രവർത്തിക്കുവാനുമുള്ള ദൈവത്തിന്റെ വിളിയെ കേവലം വിളി (call) യായി ചുരുക്കിപറയുന്നത്. വിളിയല്ലെങ്കിൽ വൊക്കേഷൻ ദൗത്യ (മിഷ്യൻ) ത്തെക്കാൾ അർത്ഥവ്യാപ്തിയുള്ള വാക്കാണ്. കാരണം, ദൈവവിളിക്കു രണ്ടുമാനങ്ങളുണ്ട്. ഒന്ന്, ഇത് ദൈവവുമായി ഐക്യത്തിൽ കഴിയുവാനുള്ള ഒരു വിളിയാണ്. രണ്ട്, ഇത് ഒരു ദൗത്യനിർവഹണത്തിനുള്ള വിളിയാണ് (A Vocation is broader than the mission because it is composed of a call to communion [personal relationship with God] and a call to mission). മിഷൻ അല്ലെങ്കിൽ ദൗത്യമാകട്ടെ വിളിയിൽ നിന്നുണ്ടാകുന്നതാണ് (The mission is derived from the vocation). പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേകദൈവത്തിന്റെ സ്നേഹകൂട്ടായ്മയിൽ പങ്കുചേരുവാനുള്ള ഈ വിളി-ദൈവവിളി-സന്യസ്തർക്കും വൈദികർക്കും മാത്രമല്ല, ഓരോ അല്മായവിശ്വാസിക്കുമുള്ളതാണ്. ഓരോ അല്മായന്റെയും മാന്യതയുടെ മുഖ്യമായ അടിസ്ഥാനം അവർ ഓരോരുത്തരെയും ദൈവം വ്യക്തിപരമായിത്തന്നെ വിളിക്കുന്നുവെന്നുള്ളതാണ്.

അല്മായരുടെ ഈ വിളിയും ദൗത്യവും രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ഒരു പുത്തൻ കണ്ടുപിടുത്തമായിരുന്നില്ല. ആദിമ സഭയിലെ വിശ്വാസികളുടെ സമൂഹത്തിന് ഈ അവബോധമുണ്ടായിരുന്നു. ആദ്യത്തെ മാർപാപ്പ യായിരുന്ന പത്രോസ് സഭാസമൂഹത്തെ വിശേഷിപ്പിച്ചത് രാജകീയ പുരോഹിതഗണം, വിശുദ്ധജനത, തെരഞ്ഞെടുക്കപ്പെട്ട ജനം എന്നിങ്ങനെയുള്ള സംബോധനകളിലൂടെയാണ് (1 പത്രോസ് 9). ദൈവജനം മുഴുവനുമായിത്തന്നെ ഒരു രാജകീയ

www.malankaralibrary.com



പുരോഹിത ജനമായിരുന്നതുകൊണ്ട് പുരോഹിതരെന്നും ജനങ്ങളെന്നുമുള്ള തരംതിരിവ് തന്നെ അനാവശ്യവും അപ്രസക്തവുമായിരുന്നു. തരംതിരിവുകളൊക്കെ പിന്നീടുണ്ടായതാണ്. ശുശ്രൂഷയ്ക്ക് നേതൃത്വം വഹിച്ചിരുന്നവർ പിന്നീട് വൈദികരായി വിശേഷിപ്പിക്കപ്പെട്ടു. എന്നാൽ ഇതിന്റെ അടിസ്ഥാനത്തിൽ വലിപ്പചെറുപ്പത്തിന്റെയോ വിവേചന (discrimination) ത്തിന്റെയോ ആയ യാതൊരു സൂചനയുമില്ലായിരുന്നു. എല്ലാവരും ഏകമനസ്സോടുകൂടി സഭയുടെ ദൗത്യനിർവഹണത്തിലേർപ്പെട്ടതുകൊണ്ടാണ് ആദിമസഭ വേഗത്തിൽ വളർന്നത്. നാം ഇവിടെ ചർച്ച ചെയ്യുന്ന വിഷയം ആദിമസഭയെ സംബന്ധിച്ചിടത്തോളം അപ്രസക്തമായിരുന്നു. കാരണം, അത് ജനങ്ങളുടെ സഭയായിരുന്നു. ജനങ്ങളുടെ സഭയെന്നു പറഞ്ഞാൽ ജനങ്ങൾക്കു പൂർണപങ്കാളിത്തമുള്ള സഭ. അതൊരു ക്രിസ്തീയ കൂട്ടായ്മയായിരുന്നു. വത്തിക്കാൻ സൂനഹദോസ് ലക്ഷ്യംവച്ച ഈ സഭാസമൂഹത്തിന്റെ പ്രവർത്തനശൈലി ശ്രദ്ധേയമാണ്. അപ്പസ്തോലനടപടി 15:22 അനുസരിച്ച് സഭാസംബന്ധമായ പ്രധാന കാര്യങ്ങളിൽ തീരുമാനമെടുത്തിരുന്നത് അപ്പസ്തോലന്മാരും മൂപ്പന്മാരും അവരോടൊപ്പം പരിശുദ്ധാരൂപിയും ചേർന്നായിരുന്നു. നടപടി 15:28 അനുസരിച്ച് തീരുമാനങ്ങളെടുത്തിരുന്നത് പരിശുദ്ധാരൂപിയും സഭാസമൂഹം മുഴുവനും ചേർന്നായിരുന്നു. ആദിമസഭയെ സംബന്ധിച്ചിടത്തോളം അരൂപിയുടെ തോന്നിപ്പ് സുപ്രധാനമായിരുന്നു. അരൂപിയുടെ ഈ തോന്നിപ്പ് പിന്നീട് ദൈവശാസ്ത്രത്തിൽ വിശ്വാസത്തിന്റെ തോന്നിപ്പ് (sense of faith, sensus fidei) വിശ്വാസികളുടെ തോന്നിപ്പ് (sense of the faithful; sensus fidelium) എന്നിങ്ങനെയുള്ള പേരുകളിലാണ് അറിയപ്പെട്ടത്. ജ്ഞാനസ്നാനത്തിലൂടെയും സ്ഥൈര്യലേപനത്തിലൂടെയും നമുക്കു നല്കപ്പെടുന്ന പരിശുദ്ധാരൂപിയുടെ പ്രവർത്തനഫലമായി ഓരോ വിശ്വാസിക്കും ലഭിക്കുന്ന വിശ്വാസത്തെക്കുറിച്ചുള്ള അവബോധം ദൈവശാസ്ത്രപരമായ ഒരു വസ്തുതയാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് വത്തിക്കാൻ സൂനഹദോസിന് ഒരു നൂറ്റാണ്ടുമുമ്പ് കർദ്ദിനാൾ ന്യൂമൻ അദ്ദേഹത്തിന്റെ പ്രസിദ്ധമായതും അന്നത്തെ സഭാനേതൃത്വത്തെ ചൊടിപ്പിച്ചതുമായ-On Consulting the Laity on Matters of Faith (വിശ്വാസകാര്യങ്ങളിൽ അല്മായരുമായി ആലോചിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച്) എന്ന പ്രബന്ധം പ്രസിദ്ധീകരിച്ചത് (1859 July. The Rambler. Republished in 1961 by Chapman, London).

ആദിമസഭയെത്തുടർന്ന് നാലാം നൂറ്റാണ്ടിൽ കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ മാനസാന്തരശേഷം സഭയ്ക്കു ആദിമസഭയുടെ

www.malankaralibrary.com



ചൈതന്യം ഏറെക്കുറെ നഷ്ടപ്പെടുകയും സഭാഭരണം രാജകീയഭരണത്തിന്റെ പരിവേഷം സ്വീകരിക്കുകയും ചെയ്തപ്പോൾ പരിശുദ്ധാരൂപിയും അതോടൊപ്പം അല്മായരും അവഗണിക്കപ്പെട്ടു. രണ്ടാം വത്തിക്കാൻ സൂനഹദോസ്, ആദിമസഭയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ട്, പരിശുദ്ധാത്മാവിനെ സഭയുടെ കേന്ദ്രസ്ഥാനത്ത് പുനഃപ്രതിഷ്ഠിക്കാനും അല്മായവിശ്വാസികൾക്കു നഷ്ടപ്പെട്ട അവകാശങ്ങളും മാന്യതയും പുനഃസ്ഥാപിക്കുവാനും ശ്രമിച്ചിട്ടുണ്ട്.

## III. വിളിയും ദൗത്യവും കൗൺസിലിനുമുമ്പ്

വത്തിക്കാൻ സൂനഹദോസിനുമുമ്പ്-സഭ രാജകീയ ഭരണസമ്പ്രദായത്തിൽ വരുകയും അധികാരത്തിന്റെയും പദവികളുടെയും അടിസ്ഥാനത്തിലുള്ള ഒരു സഭാദർശനം രൂപപ്പെടുകയും ചെയ്തു. ഇതിനെ ഹയരാർക്കിക്കലിസമെന്ന് വിശേഷിപ്പിക്കാവുന്നതാണ്. നാലാം നൂറ്റാണ്ടുമുതൽ ഇരുപതാം നൂറ്റാണ്ടിന്റെ പകുതിവരെയുള്ള ഈ കാലഘട്ടത്തിൽ അല്മായർ അധികാരശ്രേണിയുടെ ഏറ്റവും താഴത്തെ പടിയിലുള്ള 'വിശ്വാസികൾ' മാത്രമായിരുന്നു. പ്രാർത്ഥിക്കുക, അനുസരിക്കുക, പള്ളിക്കു സംഭാവന നല്കുക എന്നതിലപ്പുറം (Pray, Pay, Obey) അവർക്കും പ്രത്യേകിച്ചൊരു ദൗത്യവുമില്ലായിരുന്നു. ലോകത്തെയും മനുഷ്യശരീരത്തെയും പിശാചിനോടൊപ്പം കണ്ടിരുന്ന ആ കാലത്ത് ദൈവവിളി സന്യാസജീവിതത്തിനും വൈദികവൃത്തിയ്ക്കുമുള്ള വിളിയായി ചുരുങ്ങി കുടുംബജീവിതം, രാഷ്ട്രീയം, തൊഴിൽ, സാമൂഹ്യസേവനം, വിദ്യാഭ്യാസസാംസ്കാരികപ്രവർത്തനം തുടങ്ങിയവയൊന്നും സഭാജീവിതത്തിന്റെയോ പ്രേഷിതപ്രവർത്തനത്തിന്റെയോ ഭാഗമായി കരുതപ്പെട്ടില്ല. അക്കാലത്ത് ആധ്യാത്മികതയുടെ കുത്തക സന്യസ്തർക്കും വൈദികർക്കുമുള്ളതായിരുന്നു. ഈ അവസ്ഥയ്ക്കു ഒരു മാറ്റമുണ്ടായത് മഹാനായ ലെയോ 13-ാം മാർപാപ്പയുടെ കാലംമുത ലാണ്.

ലോകത്തോടുള്ള തുറവി (Open to the World) എന്ന പുസ്തകത്തിൽ അൽഫോൻസ് ആയ്യർ (Alfons Auer) 'വിവാഹജീവിതത്തിലെ അല്മായ ആധ്യാത്മികത' എന്ന അധ്യായം ആരംഭിക്കുന്നത് ലെയോ മാർപാപ്പയുടെ ജീവിതത്തിൽ നിന്നുള്ള ഒരു സംഭവം അടർത്തിയെടുത്തുകൊണ്ടാണ്. പാപ്പാ പെറുജിയയിലെ മെത്രാനായിരിക്കുമ്പോഴാണ്

www.malankaralibrary.com



തന്റെ ആത്മസുഹൃത്തും നല്ലൊരു കത്തോലിക്കാ സാഹിത്യചരിത്രകാരനും വിശ്വവിഖ്യാതമായ സെന്റ് വിൻസന്റ് ഡി പോൾ സഖ്യത്തിന്റെ സ്ഥാപകനുമായ ഫ്രെഡറിക്ക് ഓസാനാമിന്റെ മരണവാർത്തറിഞ്ഞത്. പാപ്പായുടെ അടുത്തുണ്ടായിരുന്ന ഒരു പുരോഹിതശ്രേഷ്ഠൻ പാപ്പായെ സാന്ത്വനപ്പെടുത്തുവാനായി ഒരു കമന്റ് പാസ്സാക്കി. 'Yes, His life was that of a saint. What a pity he was not able to escape the trap of marriage!' ഉടൻ വന്നു ബിഷപ്പിന്റെ മറുപടി "I was not aware that Our Lord had instituted six sacraments and a trap!" വിവാഹത്തെ ഒരു trap അല്ലെങ്കിൽ കെണിയായി കണ്ടിരുന്ന ആധ്യാത്മികഗുരുക്കന്മാർ മദ്ധ്യമശതകങ്ങളിൽ ധാരാളമുണ്ടായിരുന്നു. ഇങ്ങനെയൊരു വികലമായ കാഴ്ചപ്പാടു നിലവിലുള്ളപ്പോൾ കുടുംബജീവിതത്തിനും സാംസ്കാരിക പ്രവർത്തനങ്ങൾക്കുമുള്ള വിളിയെ ദൈവവിളിയായി കണക്കാക്കുവാൻ സാധിക്കുമായിരുന്നില്ലല്ലോ!

### IV. ദൗത്യനിർവഹണം

ഇനി ദൗത്യനിർവഹണ (mission) ത്തിന്റെ കാര്യമെടുക്കാം.

അധികാരബന്ധിതമായ പഴയ സഭാദർശനത്തിൽ സഭയുടെ ദൗത്യനിർവഹണം പൂർണമായും പാപ്പായ്ക്കും മെത്രാന്മാർക്കുമുള്ളതായിരുന്നു. പാപ്പായ്ക്ക് ഈ അധികാരം ക്രിസ്തുവിൽ നിന്നും ലഭിക്കുന്നു. പാപ്പായിൽ നിന്നും മെത്രാന്മാർക്കും അവരിൽ നിന്നും വൈദികർക്കും സന്യസ്തർക്കും ലഭിക്കുന്നു. ഇതാണ് ഹയരാർക്കിക്കലിസം. കയ്വെപ്പുള്ളവർക്കു മാത്രമായിരുന്നു സഭയുടെ ദൗത്യനിർവഹണത്തിനുള്ള ഉത്തരവാദിത്വം. അല്മായർക്കു കൈവെപ്പില്ലാത്തതുകൊണ്ട് അവർക്കു സഭയുടെ ദൗത്യനിർവഹണത്തിൽ പങ്കാളിത്തവുമില്ല എന്നതായിരുന്നു പഴയ (ആദിമസഭയിലല്ല) നൂറ്റാണ്ടുകളിലെ സ്ഥിതിവിശേഷം. പള്ളിയോഗത്തിന്റെ പാരമ്പര്യമുള്ള കേരളസഭയിലിങ്ങനെയായിരുന്നില്ല.

ഇരുപതാം നൂറ്റാണ്ടായപ്പോൾ മാർപാപ്പയും മെത്രാന്മാരും മാത്രം വിചാരിച്ചാൽ സഭയുടെ ദൗത്യനിർവഹണം സാധിക്കുകയില്ലെന്നൊരു തോന്നൽ മാർപാപ്പമാർക്കുണ്ടായി. സഭയുടെ പ്രേഷിതപ്രവർത്തനം ഫലപ്രദമാകുവാൻ അല്മായരുടെ പങ്കാളിത്തം ആവശ്യമാണെന്നുള്ള അവബോധത്തിൽനിന്നും രൂപംകൊണ്ടതാണ് പതിനൊന്നാം

www.malankaralibrary.com



പീയൂസ് മാർപാപ്പ തുടങ്ങി വെച്ച 'കാത്തലിക് ആക്ഷൻ മൂവ്മെന്റ്' അതായത് കത്തോലിക്കാ പ്രവർത്തന പ്രസ്ഥാനം. പക്ഷേ, ഇതിന്റെ നിർവചനം 'the participation of the catholic laity in the apostolate of the hierarchy' എന്നതായിരുന്നു. ഈ നിർവചനമനുസരിച്ച് പ്രേഷിതപ്രവർത്തനത്തിന്റെ അവകാശവും ഉത്തരവാദിത്വവും മാർപാപ്പയ്ക്കും മെത്രാന്മാർക്കും മാത്രമുള്ളതാണ്. ഇവിടെ അല്മായരുടെ ദൗത്യം ഹയരാർക്കിയെ സഹായിക്കുന്നതിൽ ഒതുങ്ങി നില്ക്കുന്നു. മെത്രാന്മാർക്കു ചെന്നുപറ്റാൻ സാധ്യമല്ലാത്തിടത്ത് എത്തപ്പെടുവാനുദ്ദേശിക്കപ്പെട്ടവരെന്ന നിലയിൽ അവർ extension of the hierarchical arm എന്ന് വിവക്ഷിക്കപ്പെട്ടിരുന്നു.

കാത്തലിക് ആക്ഷനിൽനിന്ന് അല്മായ പ്രേഷിതത്വ (Lay Apostolate) ത്തിലേക്കുള്ള മാറ്റത്തെ സഭാചരിത്രത്തിലെ ഒരു Paradigm shift (ദാർശനിക മാറ്റം) ആയി വേണം വിലയിരുത്തേണ്ടത്. കത്തോലിക്കാ പ്രവർത്തനം ഹയരാർക്കിയുടെ പ്രേഷിതപ്രവർത്തനത്തിലുള്ള പങ്കാളിത്തമായിരുന്നെങ്കിൽ അല്മായ പ്രേഷിതത്വം സഭയുടെ തന്നെ രക്ഷാകരദൗത്യത്തിലുള്ള അല്മായരുടെ പങ്കാളിത്തമാണ്. തിരുസഭയെക്കുറിച്ചുള്ള സുപ്രധാന പ്രമാണരേഖയിൽ അല്മായ പ്രേഷിതത്വത്തെ നിർവചിച്ചിരിക്കുന്നത് 'The participation of the lay people in the saving mission of the church' (തിരുസഭ-31) എന്നാണ്. ഇവ രണ്ടും തമ്മിലുള്ള വ്യത്യാസം ശ്രദ്ധിക്കപ്പെടേണ്ടതാണ് കാത്തലിക് ആക്ഷൻ പ്രേഷിതപ്രവർത്തനത്തെ ഹയരാർക്കിയുടെ മാത്രം ഉത്തരവാദിത്വമായി വിവക്ഷിക്കുമ്പോൾ സൂനഹദോസിന്റെ 'തിരുസഭ'യെക്കുറിച്ചുള്ള പ്രമാണരേഖയനുസരിച്ച് സഭയുടെ രക്ഷാകരദൗത്യം സഭ മുഴുവന്റെയും ഉത്തരവാദിത്വമാണ്. പ്രേഷിതപ്രവർത്തനത്തെക്കുറിച്ചുള്ള പ്രമാണരേഖയനുസരിച്ച് തീർത്ഥാടകസഭ സ്വഭാവത്താലെ തന്നെ മിഷനറിയാണ് (No. 2). അപ്പോൾ മെത്രാന്മാരോ? കൗൺസിൽ പിതാക്കന്മാർ തന്നെ അവരെ ചെറുതായിട്ടൊന്നു ഓർമിപ്പിക്കുകയാണ്. "സഭയുടെ രക്ഷാകരദൗത്യം മുഴുവനായും മെത്രാന്മാർ സ്വന്തം ചുമലുകളിൽ വഹിക്കണമെന്ന് ക്രിസ്തു ഉദ്ദേശിച്ചിട്ടില്ല" (തിരുസഭ 30).

### V. വത്തിക്കാൻ സൂനഹദോസിൻെറ പ്രമാണരേഖകളും മെത്രാൻ സിനഡുകളുടെ പ്രബോധനങ്ങളും

വത്തിക്കാൻ സൂനഹദോസിന്റെ പതിനാറു പ്രമാണരേഖകളിലും

www.malankaralibrary.com



മെത്രാന്മാരുടെ സിനഡുകളുടെ പ്രബോധനങ്ങളിലും അല്മായരുടെ സഭയിലും ലോകത്തിലുമുള്ള പ്രേഷിതപ്രവർത്തനങ്ങളുടെ പ്രാധാന്യം എടുത്തുകാട്ടുന്ന ധാരാളം പരാമർശങ്ങളുണ്ട്. എന്നാൽ ഈ വിഷയത്തെക്കുറിച്ച് ആഴത്തിലും ആധികാരികമായും പ്രതിപാദിക്കുന്ന പഠന രേഖകൾ താഴെപ്പറയുന്നവയാണ്.

1. തിരുസ്സഭ (Dogmatic Constitution on the church (L. G)
2. Decree on the Apostolate of the Laity (AA)
3. ക്രിസ്തീയ അല്മായ വിശ്വാസികൾ - Christi Fidelis Laici (CFL)

ഇതിൽ CFL 1987-ൽ നടന്ന അല്മായരുടെ വിളിയും ദൗത്യവും എന്ന വിഷയത്തെക്കുറിച്ചുള്ള മെത്രാന്മാരുടെ സിനഡിന്റെ അവസാനം ജോൺ പോൾ രണ്ടാമൻ മാർപാപ്പ പുറപ്പെടുവിച്ച അപ്പസ്തോലിക ഉദ്ബോധനമാണ്.

ഇതിനു പുറമേ 1987-ലെ സിനഡിനുള്ള തയ്യാറെടുപ്പിന്റെ ഭാഗമായി പുറപ്പെടുവിച്ച ലിനിയമെന്താ എന്ന രൂപരേഖ അഥവാ പഠനസഹായി ഏറെ പ്രധാനപ്പെട്ടതാണ്. അതുപോലെ തന്നെ മെത്രാന്മാരുടെ ചർച്ചയ്ക്കുവേണ്ടിയുള്ള പരിചിന്തനങ്ങൾ ഉൾക്കൊള്ളുന്ന Instrumentum Laboris എന്ന രേഖയും ഏറെ വിലപ്പെട്ടതാണ്.

ഈ പ്രമാണരേഖകളോരോന്നിന്റെയും ഉള്ളടക്കം ഈ പ്രബന്ധത്തിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് വിശദമായി അവതരിപ്പിക്കുക സാധ്യമല്ല. രേഖകളിൽ പറയുന്ന പ്രധാന കാര്യങ്ങൾ ഒന്നുസൂചിപ്പിക്കുക മാത്രം ചെയ്യട്ടെ.

അല്മായരെ സംബന്ധിക്കുന്ന പ്രമാണരേഖകളിൽ ഏറ്റവും പ്രധാനം 'തിരുസ്സഭ'യാണ്. വത്തിക്കാൻ സൂനഹദോസിന്റെ ഏറ്റവും വിലപ്പെട്ട സംഭാവനയായി കരുതേണ്ട പുതിയ സഭാദർശനമാണ് ഇതിന്റെ ഉള്ളടക്കം. അല്മായരെ സംബന്ധിച്ചുള്ള വത്തിക്കാൻ രണ്ടിന്റെ പഠനങ്ങൾ-അല്മായ ദൈവശാസ്ത്രം (Laicology)-ഈ സഭാദർശനത്തിൽ നിന്നാണ് ഉരുത്തിരിയുന്നത്. ഈവ്കോംഗർ (Yves Congar) പഠിപ്പിക്കുന്നതുപോലെ ശരിയായ അല്മായ ദൈവശാസ്ത്രം സഭാദർശനത്തിന്റെ തന്നെ ഭാഗമാണ്. "There is no Theology of the Laity but only a toal Ecclesiology (Congar)." അതുകൊണ്ടുതന്നെ 'തിരുസ്സഭ' എന്ന പ്രമാ

www.malankaralibrary.com



ണരേഖ വത്തിക്കാൻ സൂനഹദോസിന്റെ അല്മായരെക്കുറിച്ചുള്ള പഠനങ്ങൾ ഉൾക്കൊള്ളുന്ന ഒരു ആധികാരികരേഖ കൂടിയാണ്. ഈ പ്രമാണരേഖയിലെ നാലാം അധ്യായം അല്മായരുടെ മാന്യതയും അവകാശങ്ങളുമെല്ലാം എടുത്തുകാട്ടുന്നതുകൊണ്ട് ഈ അധ്യായത്തെ അല്മായരുടെ ഒരു മാഗ്നാകാർട്ട-അവകാശപത്രിക (Bill of Rights) ആയി വിശേഷിപ്പിക്കാറുണ്ട്.

അല്മായ പ്രേഷിതത്വത്തിന്റെ ദൈവശാസ്ത്രപരമായ അടിസ്ഥാനവും അതിന്റെ സവിശേഷതകളും എടുത്തുകാട്ടുന്നതാണ് ഈ അധ്യായത്തിലെ 31-33 വകുപ്പുകൾ. ജ്ഞാനസ്നാനം വഴിയായി ക്രിസ്തുവുമായി ഒന്നിപ്പിക്കപ്പെടുന്ന ദൈവജനം മുഴുവനായും ക്രിസ്തുവിന്റെ പൗരോഹിത്യത്തിലും പ്രവാചകത്വ (പ്രബോധനാധികാരം) ത്തിലും രാജത്വത്തിലും പങ്കുകാരാകുന്നുവെന്നത് (തിരുസഭ 31) അല്മായ പ്രേഷിതത്വത്തിന്റെ അടിസ്ഥാനശിലയാണ്. ഇതിന് അല്മായരെ യോഗ്യരാക്കുന്നത് ജ്ഞാനസ്നാനവും സ്ഥൈര്യലേപനവുമാണെന്നാണ് 33-ാം വകുപ്പിൽ പറയുന്നത്.

അല്മായ പ്രേഷിതത്വത്തെ നിർവചിക്കുന്ന 33-ാം വകുപ്പിൽ തന്നെയാണ് അതിന്റെ സവിശേഷത എടുത്തുകാട്ടുന്നതും. "അല്മായരിലൂടെ മാത്രമേ സഭയ്ക്കു ലോകത്തിന്റെ ഉപ്പായി വർത്തിക്കുവാൻ സാധിക്കൂ എന്നുള്ള സാഹചര്യങ്ങളിലും സ്ഥലങ്ങളിലും പ്രവർത്തിക്കുവാൻ അല്മായർ പ്രത്യേകമായി വിളിക്കപ്പെട്ടിരിക്കുന്നു"വെന്ന് പ്രമാണരേഖ പറയുമ്പോൾ ഇതിലൂടെ സൂനഹദോസ് എടുത്തുകാട്ടുന്നത് അല്മായരുടെ വിളിയുടെയും ദൗത്യത്തിന്റെയും പ്രത്യേകതയാണ്. അതുപോലെതന്നെ 31-ാം വകുപ്പിൽ അല്മായരുടെ പ്രേഷിതപ്രവർത്തനത്തിന്റെ (ദൗത്യത്തിന്റെ) മുഖ്യവേദിയായി എടുത്തുകാട്ടുന്നത് ഭൗതികമേഖല (ലോകം) യാണ്. ദൈവഹിതമനുസരിച്ച് ഭൗതികമേഖലകളിലെ പ്രവർത്തനങ്ങളെ നിയന്ത്രിച്ചും ക്രമീകരിച്ചും ദൈവരാജ്യം അന്വേഷിക്കുകയാണ് അവരുടെ പ്രത്യേകമായ വിളി. ഇത് അല്മായരെ സംബന്ധിച്ചിടത്തോളം ദൈവരാജ്യത്തിനുവേണ്ടിയുള്ള പ്രവർത്തനമാണ്.

## VI. അല്മായരുടെ പ്രേഷിതപ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം ഏറെ പ്രസക്തമായ പത്തുപ്രമാണങ്ങൾ

1. **അല്മായർ ദൈവജനമാണ്:** വത്തിക്കാൻ സൂനഹദോസ് സഭയെ കാണു

www.malankaralibrary.com



ന്നത് ദൈവജനമായിട്ടാണ് (തിരുസഭ-അധ്യായം രണ്ട്). അല്മായർ ഈ ദൈവജനത്തിന്റെ ഭാഗമാണ്. ജ്ഞാനസ്നാനത്തിലൂടെ ക്രിസ്തുവിന്റെ ശരീര (സഭ) ത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്ന ഇവർക്ക് ഇതേ കാരണത്താൽ തന്നെ സഭയുടെ മുഴുവൻ പ്രേഷിതപ്രവർത്തനത്തിലും പങ്കുചേരുവാനുള്ള അവകാശവും ചുമതലുയുമുണ്ട്.

**2. സഭയ്ക്കുള്ളിലെ അടിസ്ഥാനപരമായ തുല്യത:** ജ്ഞാനസ്നാനം വഴി ക്രിസ്തുവുമായി ഒന്നുചേർന്നിരിക്കുന്ന ദൈവജനത്തിന് ഒരേ മാന്യതയാണുള്ളത്. കാരണം, എല്ലാവർക്കും ലഭിച്ചിരിക്കുന്നത് ഒരേ കർത്താവും ഒരേ വിശ്വാസവും ഒരേ ജ്ഞാനസ്നാനവുമാണ്. ക്രിസ്തുവിലും അവിടുത്തെ സഭയിലും വർഗത്തിന്റേയോ രാജ്യത്തിന്റെയോ, സാമൂഹ്യവ്യവസ്ഥിതിയുടെയോ, സ്ത്രീപുരുഷവ്യത്യാസത്തിന്റേയോ പേരിൽ വലിപ്പചെറുപ്പമില്ല. സഭാസമൂഹത്തിലുള്ള വ്യത്യാസങ്ങൾ വരദാനങ്ങളുടെയോ ശുശ്രൂഷയുടെയോ അടിസ്ഥാനത്തിലുള്ളവ മാത്രമാണ് (തിരുസഭ 32).

**3. സഭ മുഴുവനായും ഒരു പുരോഹിതജനതയാണ്:** പൊതുപൗരോഹിത്യത്തിന്റെ (common priesthood) യും ശുശ്രൂഷാപൗരോഹിത്യത്തിന്റെയും അടിസ്ഥാനം ജ്ഞാനസ്നാനത്തിലൂടെ ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ നമുക്കു ലഭിക്കുന്ന പങ്കാളിത്തമാണ്. ശുശ്രൂഷാപൗരോഹിത്യ (ക്രിസ്തുവിന്റെ പൗരോഹിത്യത്തിലുള്ള പ്രത്യേകമായ പങ്കാളിത്തം) ത്തിന്റെ തന്നെയും അടിസ്ഥാനം ഈ പൊതുപൗരോഹിത്യമാണ് (തിരുസഭ 10).

**4. സഭ മുഴുവനായും മിഷനറിയാണ്** (മിഷൻ 2): ഒരു പുരോഹിതഭ-മിഷനറി ജനതയെന്ന നിലയിൽ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ സജീവമായും ഉത്തരവാദിത്വത്തോടു കൂടിയും പങ്കെടുക്കുവാനുള്ള ചുമതല ഓരോ അംഗത്തിനുമുണ്ട്. സഭയിലെ ഓരോ അംഗവും തനിക്കു ലഭിച്ചിട്ടുള്ള വരദാനങ്ങളുടെയും സിദ്ധികളുടെയും അടിസ്ഥാനത്തിൽ പ്രവർത്തിക്കേണ്ടതുണ്ട്; സഭയിലെ സേവനങ്ങളിൽ വ്യത്യാസമുണ്ടെങ്കിലും ലക്ഷ്യത്തിൽ യോജിപ്പുണ്ട് (അല്മായർ 2).

**5. അല്മായരെ കൂടാതെ സഭയില്ല:** ഹയരാർക്കിയോട് ചേർന്നുനിന്നു പ്രവർത്തിക്കുന്ന ഒരു അല്മായ ഗണത്തിന്റെ അഭാവത്തിൽ സഭ ശരിയായ രീതിയിൽ സ്ഥാപിതമാവുകയോ ക്രിസ്തുവിന്റെ ഒരടയാളമായി

www.malankaralibrary.com



വർത്തിക്കുകയോ ചെയ്യുന്നില്ല (പ്രേഷിതപ്രവർത്തനം 21, 41).

**6. അല്മായ പ്രേഷിതത്വം സഭയ്ക്ക് അപരിത്യാജ്യം:** അല്മായ പ്രേഷിതത്വത്തെക്കുറിച്ചുള്ള ഡിക്രി ആരംഭിക്കുന്നത് ഇങ്ങനെയാണ്. "അല്മായ വിശ്വാസിയുടെ പ്രേഷിതപ്രവർത്തനം അയാളുടെ ക്രിസ്തീയമായ ദൈവവിളിയുടെ ഭാഗമാണ്. അല്മായ പ്രേഷിതത്വം കൂടാതെ സഭയ്ക്കു നിലനില്പില്ല" (അല്മായർ 1).

**7. അല്മായർ സഭയിലെ നിഷ്ക്രിയരായ അംഗങ്ങളല്ല** (There is no passive membership in the church): ക്രിസ്തുവിന്റെ ശരീരം തന്നെയായ സഭയുടെ വളർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കുകയെന്നത് ആ ശരീരത്തിലെ ഓരോ അവയവത്തിന്റെയും ചുമതലയാണ്. അല്മായ പ്രേഷിതത്വത്തെക്കുറിച്ചുള്ള ഡിക്രിയിൽ പറയുന്നതിങ്ങനെയാണ് "സഭയുടെ വളർച്ചയ്ക്കുവേണ്ടി പ്രവൃത്തിക്കാത്ത ഏതൊരു രംഗവും സഭയ്ക്കും തനിക്കുതന്നെയും ഉപയോഗശൂന്യനാണ് (അല്മായർ 2).

**8. അല്മായരുടെ ദൗത്യത്തിന്റെ (പ്രേഷിതപ്രവർത്തനത്തിന്റെ) സവിശേഷത:** സഭയുടെ സാന്നിധ്യം ജീവിതത്തിലെ വിവിധ പ്രവർത്തനമേഖലകളിൽ, പ്രത്യേകിച്ച് അല്മായർക്കു മാത്രം കടന്നുചെല്ലാവുന്ന സ്ഥലങ്ങളിലും സാഹചര്യങ്ങളിലും പ്രവർത്തിച്ച് അവയിലൂടെ സഭയെ ലോകത്തിന്റെ ഉപ്പാക്കി തീർക്കുകയെന്നതാണ് അല്മായരുടെ സവിശേഷമായ ദൗത്യം (സഭ 33).

**9. പ്രേഷിതപ്രവർത്തനത്തിലെ വൈവിധ്യവും പരസ്പര പൂരകത്വവും** (Diversity and Complementarity of the Apostolate): 'തിരുസ്സഭ' എന്ന പ്രമാണരേഖ മുന്നോട്ടുവയ്ക്കുന്ന സഭാദർശനമനുസരിച്ച് സഭയുടെ ഘടനയിലും ഭരണത്തിലും അത്ഭുതകരമെന്ന് വിശേഷിപ്പിക്കാവുന്ന ഒരു വൈവിധ്യമുണ്ട്. ഈ വൈവിധ്യം ദൈവസ്ഥാപിതമാണ്. അക്കാരണത്താൽതന്നെ ഇത് ആദരിക്കപ്പെടേണ്ടതുമാണ്. അല്മായർ, വൈദികർ, മെത്രാന്മാർ എന്നിങ്ങനെയുള്ള സഭാവിഭാഗങ്ങളുടെ പ്രവർത്തനങ്ങളിൽ വൈവിധ്യമുണ്ടെങ്കിലും അവ അന്യോന്യം പൂരകമാണ്. സേവനങ്ങളിലും വരദാനങ്ങളിലുമുള്ള വൈവിധ്യം ആദരിക്കപ്പെടണം. വൈദികരും ദൈവജനത്തിൽപ്പെടുന്ന മറ്റു വിഭാഗങ്ങളും തമ്മിൽ പരസ്പര ബഹുമാനത്തിലുള്ള പങ്കാളിത്തമുണ്ടാകണമെന്ന് തിരുസ്സഭ 32-ാം വകുപ്പിൽ പറയുന്നു. ഇതേ വകുപ്പിൽ തന്നെയാണ് സഭാശരീരത്തിന്റെ വളർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന എല്ലാവരും തമ്മിലുള്ള അടിസ്ഥാ

www.malankaralibrary.com



നപരമായ തുല്യതയും എടുത്തുകാട്ടുന്നത്.

**10. സഭാതലത്തിലുള്ള കൂട്ടുത്തരവാദിത്വം** (Ecclesial co-responsibility): വത്തിക്കാൻ സൂനഹദോസിന്റെ മറ്റൊരു പ്രധാന സംഭാവനയാണ് കൂട്ടുത്തരവാദിത്തം. അല്മായരെ സംബന്ധിച്ചിടത്തോളം ഈ കൂട്ടുത്തരവാദിത്തം കൊണ്ട് ഉദ്ദേശിക്കുന്നത് അല്മായരും ഹയരാർക്കിയും തമ്മിലും, അല്മായരും വൈദികരും തമ്മിലും, അവസാനമായി അല്മായരും സന്യസ്തരും തമ്മിലും ഉണ്ടായിരിക്കേണ്ട ആത്മാർത്ഥമായ പങ്കാളിത്തമാണ്.

## VII. അല്മായ പ്രേഷിതത്വത്തിന്റെ അന്തസത്ത

വത്തിക്കാൻ സൂനഹദോസിനുശേഷം നാല്പതു വർഷം കഴിഞ്ഞിട്ടും കേരളസഭയിലെന്നല്ല, ഭാരതസഭയിൽ തന്നെയും അല്മായരുടെ വിളിയും ദൗത്യവും (അല്മായ പ്രേഷിതത്വം) എന്താണെന്നുള്ളതിനെക്കുറിച്ച് ശരിയായ ധാരണയുണ്ടായിട്ടില്ല. ഇതേക്കുറിച്ചു അല്മായർക്കു മാത്രമല്ല വൈദികനേതൃത്വത്തിനു തന്നെയുള്ള ധാരണകൾ ഉപരിപ്ലവമാണ്. കേരളത്തിലെ സാധാരണ വിശ്വാസികളെ സംബന്ധിച്ചിടത്തോളം അല്മായരുടെ വിളിയും ദൗത്യവും ഇടവക-രൂപതാതലങ്ങളിലുള്ള സഭാപ്രവർത്തനങ്ങളിൽ-ഭക്തസംഘടനകൾ, ഇടവക (പള്ളി) യോഗം, രൂപതാ പാസ്റ്ററൽ കൗൺസിൽ, പള്ളിപ്പെരുന്നാളുകൾ, ധ്യാനപരിപാടി, കുടുംബകൂട്ടായ്മ ഇവയിലുള്ള പങ്കാളിത്തത്തിൽ-ഒതുങ്ങി നില്ക്കുന്നു. ഈ പങ്കാളിത്തം നല്ലതാണ്. ഒരു പരിധിവരെ ആവശ്യവുമാണ്. സഭാതലത്തിലുള്ള പ്രവർത്തനങ്ങൾ അല്മായ പ്രേഷിതത്വത്തിന്റെ ഭാഗം തന്നെയാണ്. എന്നാൽ അല്മായ പ്രേഷിതത്വത്തിന്റെ മുഖ്യവേദി സഭയ്ക്കു പുറത്തുള്ള വിശാലമായ ലോകമാണെന്നുള്ള കാര്യം സൂനഹദോസിന്റെ പഠനരേഖകളിൽ നിന്നും നാം കണ്ടുകഴിഞ്ഞു (സഭ 31, 33 വകുപ്പുകൾ ശ്രദ്ധിക്കുക). കൗൺസിൽ കഴിഞ്ഞ് നാല്പതുവർഷങ്ങൾക്കു ശേഷവും നമ്മുടെ അല്മായ പ്രേഷിതത്വം പള്ളി മതിൽകെട്ടിനുള്ളിൽ-വൈദികമന്ദിരത്തെയും, ദേവാലയത്തെയും, ഇടവകയെയും ചുറ്റിപറ്റിയുള്ള ആലോചനകളിലും പ്രവർത്തനങ്ങളിലും-ഒതുങ്ങിനില്ക്കുന്നു. രണ്ടായിരാമാണ്ടിലെ മഹാജൂബിലിയുടെ സമാപനം ബാംഗ്ലൂരിൽ നടന്നപ്പോൾ അല്മായ പ്രേഷിതത്വത്തിന്റെ പ്രവർത്തന പരിപാടിയായി അവിടെ അവതരിപ്പിച്ചു കേട്ടത് 'small

www.malankaralibrary.com



ecclesial communities' (ചെറിയ കൂട്ടായ്മകൾ) എന്ന ആശയമാണ്. അല്മായ പ്രേഷിതത്വത്തിന്റെ മാർഗരേഖയെന്ന് വിശേഷിപ്പിക്കാവുന്ന തിരുസ്സഭ നാലാമധ്യായം 37-ാം വകുപ്പിൽ പറഞ്ഞിരിക്കുന്നത് ഒന്നുകൂടെ ആവർത്തിക്കട്ടെ. ദൈവത്തിന്റെ പദ്ധതിക്കനുസൃതമായി ലൗകികമേഖലകളിലെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുകയും ക്രമീകരിക്കുകയും ചെയ്തുകൊണ്ട് ദൈവരാജ്യത്തിനുവേണ്ടി പ്രവർത്തിക്കുകയെന്നുള്ളതാണ് അല്മായരുടെ യഥാർത്ഥത്തിലുള്ള വിളിയും ദൗത്യവും. മറ്റു വാക്കുകളിൽ പറഞ്ഞാൽ സത്യം, നീതി, സാഹോദര്യം തുടങ്ങിയ മൂല്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കുവാനുള്ള ഒരു നിർദ്ദേശമാണ് രണ്ടാം വത്തിക്കാൻ സൂനഹദോസ് മുന്നോട്ടു വയ്ക്കുന്നത്.

## VIII. അല്മായർ സഭയിലായിരിക്കുന്നത് ലോകത്തിനുവേണ്ടി (They are in the Church for the World)

അല്മായരുടെ വിളിയും ദൗത്യവും എന്ന വിഷയത്തെക്കുറിച്ചും അല്മായ പ്രേഷിതത്വത്തെക്കുറിച്ചും ആഴത്തിൽ പഠിക്കുവാൻ ആഗ്രഹിക്കുന്ന ഏതൊരാളും അവശ്യം വായിച്ചിരിക്കേണ്ട ഒരു പ്രബന്ധമാണ് 1987-ലെ സിനഡിനുവേണ്ടി തയ്യാറാക്കിയ ലിനിയമെന്താ (രൂപരേഖ അഥവാ പഠനസഹായി). ഈ രേഖ ഊന്നൽ നല്കുന്ന ഒരു ആശയമാണ് അവർ സഭയിലായിരിക്കുന്നത് ലോകത്തിനുവേണ്ടിയാണെന്നുള്ളത് ('They are in the Church for the World'). സഭയെക്കുറിച്ചും രക്ഷയെക്കുറിച്ചും സഭയും ലോകവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുമെല്ലാമുള്ള കൗൺസിലിന്റെ പുത്തൻ കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിലുള്ള പരിചിന്തനങ്ങളാണ് ഈ രേഖയിലുള്ളത്.

കൗൺസിലിനുമുമ്പ് ലോകത്തെയും സഭയെയും വിരുദ്ധയാഥാർത്ഥ്യങ്ങളായിട്ടാണ് കണ്ടിരുന്നതെങ്കിൽ ഇന്ന് നാം പറയുന്നത് സഭയും ലോകവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചാണ് Church-World relationship നെ കുറിച്ചാണ്. ഇതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് വത്തിക്കാൻ സൂനഹദോസിന്റെ 'സഭ ആധുനികലോക'ത്തിലെന്നുള്ള പാസ്റ്ററൽ കോൺസ്റ്റിറ്റ്യൂഷൻ. നമ്മുടെ അല്മായ പരിശീലനകേന്ദ്രങ്ങളിൽ നിർബന്ധമായും പഠനവിഷയമാക്കേണ്ട ഒരു പ്രമാണരേഖയാണിത്.

അതുപോലെതന്നെ പഴയ കാഴ്ചപ്പാടിൽ രക്ഷയെ കണ്ടിരുന്നത്

www.malankaralibrary.com



ആത്മാവിന്റെ രക്ഷ എന്ന സങ്കുചിതാർത്ഥത്തിലായിരുന്നു. ഇന്നു 'രക്ഷ'യെ വിവക്ഷിക്കുന്നത് ആത്മശരീരങ്ങളോടുകൂടിയ മനുഷ്യന്റെ പൂർണവും സമഗ്രവുമായ രക്ഷയെന്ന രീതിയിലാണ് (The salvation of the whole man). മനുഷ്യന്റെ സമഗ്രമായ രക്ഷയ്ക്കും വിമോചനത്തിനും ലൗകിക (സെക്കുലർ) മേഖലകളിലുള്ള പ്രവർത്തനം ആവശ്യമാണ്. ഉദാ: നീതിയ്ക്കും സമാധാനത്തിനും ഭക്ഷണത്തിനും വേണ്ടിയുള്ള പ്രവർത്തനം-ചൂഷണത്തിനും അഴിമതിക്കും എതിരായ പോരാട്ടം-പരിസ്ഥിതി സംരക്ഷണത്തിനും മനുഷ്യാവകാശങ്ങൾക്കും വേണ്ടിയുള്ള പ്രവർത്തനം തുടങ്ങിയവയ്ക്കായുള്ള വിളി അല്മായർക്കുള്ളതാണ്. കാരണം, അവരിലൂടെയാണ് സഭ ലോകത്തിൽ-സെക്കുലർ മേഖലകളിൽ-ആയിരിക്കുന്നത്.

അല്മായരുടെ ഒരു പ്രത്യേകത അവർ ഒരേസമയംതന്നെ പൂർണമായും സഭയിലും ലോകത്തിലുമാണെന്നുള്ളതാണ്. ഒരു കാൽ സഭയിലും മറ്റേത് ലോകത്തിലുമെന്നുള്ളതല്ല അവരുടെ നിലപാട്. അല്മായരുടെ അവസ്ഥയെ നിർവചിക്കുന്ന അർത്ഥവത്തായ ഒരു വാചകമുണ്ട്. ഇംഗ്ലീഷിലുള്ള ആ വാചകം ഇവിടെ ഉദ്ധരിക്കട്ടെ.

"A lay person is a man/woman of the world living in the heart of the church. He/she is at the same time a person of the church living in the heart of the world." ഇത് അല്മായർക്കു മാത്രം ചേർന്ന ഒരു നിർവചനമാണ്. വൈദികരെ ഇങ്ങനെ വിശേഷിപ്പിക്കുവാൻ സാധിക്കുകയില്ലല്ലോ!

നേരത്തെ സൂചിപ്പിച്ചതുപോലെ സഭ ലോകത്തിലായിരിക്കുന്നത് മുഖ്യമായും അല്മായരിലൂടെയാണ്. സഭ ലോകത്തിനുവേണ്ടി ആയിരിക്കുന്നത് ലോകത്തിലുള്ള അവരുടെ സേവനങ്ങളിലൂടെ (അല്മായ പ്രേഷിതത്വത്തിലൂടെ) യാണ്.

അല്മായപ്രേഷിതത്വത്തെക്കുറിച്ച് നാം നേരത്തെ കണ്ട നിർവചനം "സഭയുടെ രക്ഷാകരപ്രവർത്തനത്തിലെ അല്മായരുടെ പങ്കാളിത്തം" എന്നാണല്ലോ. എന്നാൽ അന്തിമവിശകലനത്തിൽ അല്മായ പ്രേഷിതത്വം സഭയുടെ ലോകത്തിലുള്ള പ്രവർത്തനത്തിലെ അല്മായ പങ്കാളിത്തമാണ്. അല്മായരുടെ വിളിയും ദൗത്യവും ലോകത്തിൽ (സെ

www.malankaralibrary.com



ക്കുലർ മേഖലകളിൽ) ക്രിസ്തുവിനു സാക്ഷ്യം വഹിക്കുക (to be witnesses of Christ in the world) എന്നതാണല്ലോ. മറ്റു വാക്കുകളിൽ പറഞ്ഞാൽ അല്മായരുടെ മുഖ്യമായ ദൗത്യം അവരവരുടെ പ്രവർത്തന മേഖലകളിൽ ഒരു തിരുത്തൽ ശക്തി (corrective force) അല്ലെങ്കിൽ ചാലകശക്തി (catalyst) ആയി വർത്തിക്കുകയെന്നുള്ളതാണ്. ഇതിനുള്ള പരിശീലനവും ശക്തീകരണവുമാണോ നമ്മുടെ ഉന്നത അല്മായ പരിശീലനകേന്ദ്രങ്ങളിൽ ഇന്ന് നടക്കുന്നതെന്ന് ഉത്തരവാദിത്തപ്പെട്ടവർ സ്വയം ചോദിക്കേണ്ടതുണ്ട്.

കൗൺസിലിനുശേഷം നടന്ന മെത്രാന്മാരുടെ സിനഡുകളിലെല്ലാം അല്മായപ്രേഷിതത്വത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. പോൾ ആറാമൻ വിളിച്ചുകൂട്ടിയ സുവിശേഷവത്കരണത്തെക്കുറിച്ചുള്ള സിനഡിന്റെ അവസാനം പ്രസിദ്ധപ്പെടുത്തിയ പ്രബോധനരേഖ (Evangeli Nuntiandi) യിൽ പറയുന്നത് ഇങ്ങനെയാണ്. "അല്മായരുടെ മുഖ്യവും അടിയന്തിരവുമായ ചുമതല പുതിയ സഭാസമൂഹങ്ങൾ കെട്ടിപ്പടുക്കുകയെന്നതല്ല, മറിച്ച് അവരുടെ സ്വന്തം പ്രവർത്തനമേഖലകളായ രാഷ്ട്രീയം, സാമൂഹികം, സാമ്പത്തികം, സാംസ്കാരികം, കല, ശാസ്ത്രം തുടങ്ങിയവയുടെ സുവിശേഷവത്കരണമാണ് " (EN. 70). ഏതാണ്ട് ഇതേ വാക്കുകളിൽ തന്നെയാണ് അല്മായസിനഡിന്റെ അവസാനം ജോൺപോൾ രണ്ടാമൻ മാർപാപ്പ പുറപ്പെടുവിച്ച അല്മായവിശ്വാസികൾ (Christifidelis Laici) എന്ന പ്രബോധനരേഖയിലും 1998-ൽ നടന്ന ഏഷ്യൻ സിനഡിന്റെ അവസാനം പുറപ്പെടുവിച്ച ഏഷ്യയിലെ സഭ (Ecclesia in Asia) എന്ന പ്രബോധനരേഖയിലും അല്മായ പ്രേഷിതത്വത്തെക്കുറിച്ചു പറയുന്നത്. 'ഏഷ്യയിലെ സഭ'യിൽ ജോൺ പോൾ രണ്ടാമൻ പറഞ്ഞത് ഇങ്ങനെയാണ്-"ജ്ഞാനസ്നാനവും സ്ഥൈര്യലേപനവും വഴി നല്കപ്പെടുന്ന കൃപയിലൂടെയും വിളിയിലൂടെയും അല്മായവിശ്വാസികളെല്ലാവരും പ്രേഷിതരാകുന്നു. അവരുടെ പ്രേഷിതപ്രവർത്തനത്തിന്റെ വേദി രാഷ്ട്രീയം, സാമ്പത്തികം, വ്യവസായം, വിദ്യാഭ്യാസം, മാധ്യമങ്ങൾ, ശാസ്ത്രം, ടെക്നോളജി, കലകൾ, സ്പോർട്സ് എന്നിവയടങ്ങുന്ന സങ്കീർണവും വിശാലവുമായ ലോകമാണ്"(ഏഷ്യയിലെ സഭ. No. 45).

ഭൗതികതലത്തിലുള്ള പ്രേഷിതപ്രവർത്തനങ്ങളെക്കുറിച്ചാണ് ഞാൻ ഇതുവരെ പറഞ്ഞത്. സഭാതലത്തിലുള്ള പ്രവർത്തന

www.malankaralibrary.com



ങ്ങളെക്കുറിച്ചും ഞാൻ സൂചിപ്പിക്കുക മാത്രമേ ചെയ്തുള്ളൂ. കാരണം, നേരത്തെ തന്നെ പറഞ്ഞു കഴിഞ്ഞു. ഇന്നും അല്മായ പ്രേഷിതത്വത്തിന്റെ പേരിൽ നടക്കുന്നതെല്ലാം പള്ളിയോടു ബന്ധപ്പെട്ട കാര്യങ്ങളാണ്. ഇടവക-രൂപതാ തലങ്ങളിലുള്ള അല്മായരുടെ പ്രവർത്തനങ്ങളിൽ ക്രിയാത്മകതയുണ്ടോ? അതോ പഴയ pray, pay, obey-ശൈലിയിലാണോ കാര്യങ്ങൾ നടക്കുന്നത്? അല്മായരുടെ നിഷ്ക്രിയത്വത്തെക്കുറിച്ച് വൈദികനേതൃത്വം പരാതിപ്പെടാറുണ്ട്. പക്ഷേ, അവർക്കു നല്കുന്ന പരിശീലനം അവരുടെ വിധേയത്വം ഉറപ്പാക്കുന്ന രീതിയിലല്ലേ എന്ന് സംശയിച്ചു പോവുകയാണ്. അല്മായർക്കുവേണ്ടിയുള്ള ഉന്നതപരിശീലനകേന്ദ്രങ്ങളുടെ നിലവാരം എന്താണ്? വത്തിക്കാൻ സൂനഹദോസിന്റെ പ്രമാണരേഖകളും സിനഡൽ പ്രബോധനങ്ങളും അടിവരയിട്ടു പറയുന്ന മേഖലകളിൽ കടന്നുചെന്ന് അവിടെയെല്ലാം ഒരു തിരുത്തൽ ശക്തിയായി വർത്തിക്കുവാനുള്ള രീതിയിലാണോ ഈ പരിശീലനം നടക്കുന്നത്?

**ഉപസംഹാരം**

അവസാനമായി ഒരു പ്രധാന കാര്യം. അല്മായ പ്രേഷിതത്വത്തിലുള്ള വേദികളും അവസരങ്ങളും കിട്ടുന്നില്ലെന്ന് ചിലരെങ്കിലും പരാതിപ്പെടാറുണ്ട്. എന്നാൽ അല്മായ പ്രേഷിതത്വത്തെ സംബന്ധിച്ചിടത്തോളം ഈ പരാതിക്കു അടിസ്ഥാനമില്ല. കാരണം, അല്മായർ എവിടെയായിരിക്കുന്നുവോ അവിടം തന്നെയാണ് അവരുടെ പ്രേഷിതപ്രവർത്തനത്തിന്റെ വേദി. ഈ സവിശേഷതയൊന്ന് വിശദമാക്കട്ടെ. അല്മായരെല്ലാം തന്നെ കുടുംബജീവിതം നയിക്കുന്നവരും ഏതെങ്കിലുമൊരു തൊഴിലിലേർപ്പെട്ടിരിക്കുന്നവരുമാണല്ലോ. അവരെ സംബന്ധിച്ചിടത്തോളം പ്രേഷിതപ്രവർത്തനത്തിന്റെ ഏറ്റവും ഉത്കൃഷ്ടമായ വേദി കുടുംബം തന്നെയാണ്. പ്രത്യേകിച്ച് ഇന്നത്തെ കാലത്ത്. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള പരസ്പരവിശ്വാസവും സ്നേഹവും മക്കളെ ക്രിസ്തീയവിശ്വാസത്തിൽ വളർത്തുന്നതിലെടുക്കുന്ന താത്പര്യവും വൃദ്ധരായ മാതാപിതാക്കളുടെ സംരക്ഷണവും അവരുടെ കാര്യത്തിലെടുക്കുന്ന കരുതലും ഏറ്റവും വിലപ്പെട്ട പ്രേഷിതപ്രവർത്തനമാണ്. ഇതോടൊപ്പം തന്നെയാണ് തൊഴിൽരംഗത്തെ ക്രിസ്തീയസാക്ഷ്യം. അല്മായ വിശ്വാസികളെല്ലാവരും തന്നെ ഏതെങ്കിലും ഒരു തൊഴിലിൽ ഏർപ്പെട്ടു ജീവിക്കുന്നവരാണല്ലോ. സർക്കാർ ജോലി, അധ്യാപനവ്യ

www.malankaralibrary.com



ത്തി, ഡോക്ടർ, എൻജിനിയർ, അഭിഭാഷകൻ, മാധ്യമപ്രവർത്തകൻ, കർഷകൻ, കച്ചവടം, ബാങ്കിങ്ങ്, വ്യവസായം, നിർമ്മാണപ്രവർത്തനം, ട്രേഡ് യൂണിയൻ, ഫാക്ടറി ജോലി, കൂലിപ്പണി തുടങ്ങി ഏതുമേഖല യിൽ പ്രവർത്തിക്കുന്നവർക്കും അല്മായ പ്രേഷിതരാകാം. ക്രിസ്തീയ മൂല്യങ്ങൾക്കനുസൃതമായി, ചുമതലാബോധത്തോടുകൂടി പ്രവർത്തി ച്ചാൽ മതി. പ്രേഷിതപ്രവർത്തനത്തിനുള്ള വേദി ലഭിക്കുന്നില്ലെന്നുള്ള പരാതിയിൽ കഴമ്പില്ലെന്ന കാര്യം വ്യക്തമാക്കുവാനാണ് ഇത്രയും പറ ഞ്ഞത്. വേദി നമ്മോടൊപ്പമുണ്ടെന്നുള്ളതാണ് വസ്തുത. നീതിയ്ക്കും, സമാധാനത്തിനും, വികസനത്തിനും, മനുഷ്യാവകാശങ്ങൾക്കും, പരി സ്ഥിതി സംരക്ഷണത്തിനും വേണ്ടിയുള്ള മേഖലകളിലെ സന്നദ്ധസേ വനം ഏറെ പ്രാധാന്യം അർഹിക്കുന്നു. ഈ മേഖലകളിൽ മുഖ്യമായും പ്രവർത്തിക്കുവാനായി മുന്നോട്ടുവരേണ്ടത് അല്മായരാണ്. കാരണം, അവരുടെ ജീവിതവുമായി ഏറെ ബന്ധപ്പെട്ടതാണ് ഈ മേഖലകൾ.

ഇന്നത്തെ സാഹചര്യത്തിൽ പ്രത്യേകിച്ചും ഭാരതത്തിലേതുപോ ലെയുള്ള ഒരു സാമൂഹ്യസാമ്പത്തിക വ്യവസ്ഥിതിയിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന പ്രവർത്തനമേഖല രാഷ്ട്രീയം തന്നെയാ ണ്. ഇന്നത്തെ രാഷ്ട്രീയത്തിന്റെയും രാഷ്ട്രീയപ്രവർത്തകരുടെയും പോക്ക് കണ്ട് മനംമടുത്ത് ഇതിൽനിന്നും മാറിനില്ക്കുന്നത് നമ്മുടെ ക്രിസ്തീയമായ ഉത്തരവാദിത്വത്തിൽ നിന്നുമുള്ള ഒഴിഞ്ഞുമാറലായിരി ക്കും.

www.malankaralibrary.com

# ആധുനിക ലോകത്തിൽ സഭയുടെ ദൗത്യം: വത്തിക്കാൻ കൗൺസിലിന്റെ വീക്ഷണം

റവ. ഫാ. ജോർജ്ജ് കാരക്കുന്നേൽ

രണ്ടാം വത്തിക്കാൻ കൗൺസിൽ ലക്ഷ്യം വച്ച നവീകരണത്തിന്റെ കേന്ദ്രസ്ഥാനത്തു നില്ക്കുന്നതു സഭ എന്ന യാഥാർത്ഥ്യമാണ്. സഭയെ സംബന്ധിച്ച് രണ്ടു സമീപനങ്ങൾ വത്തിക്കാൻ കൗൺസിൽ സ്വീകരിച്ചു. ദൈവശാസ്ത്രപരമായി രണ്ടു ലക്ഷ്യങ്ങളും ഇവയോടൊന്നിച്ചുണ്ടായിരുന്നു. ഒന്ന്, സഭ തന്നിൽത്തന്നെ എന്താണെന്ന് വിശദീകരിക്കുക. രണ്ട്, ലോകത്തോടുള്ള സഭയുടെ ബന്ധം വിശദീകരിക്കുക. ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പ ലക്ഷ്യം വച്ച സഭാനവീകരണത്തിൽ ഇവ രണ്ടും പ്രധാനപ്പെട്ടതായിരുന്നു. സഭയെക്കുറിച്ചുള്ള ഡോക്മാറ്റിക് കോൺസ്റ്റിറ്റ്യൂഷൻ രണ്ടാമത്തെ ലക്ഷ്യമാണ് സാക്ഷാത്കരിക്കുന്നത്. സഭയും ഇന്നത്തെ ലോകവും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച് പാസ്റ്ററൽ കോൺസ്റ്റിറ്റ്യൂഷൻ നല്കുന്ന വീക്ഷണവും അതിന്റെ സ്വാധീനവും വിചിന്തനവിധേയമാക്കുകയാണ് ഈ ഹ്രസ്വപഠനത്തിൽ ചെയ്യുന്നത്.

### ജോൺ XXIII മാർപാപ്പയുടെ വീക്ഷണം

ലോകത്തോടുള്ള സഭയുടെ ബന്ധം രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചുകൂട്ടിയ ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പയുടെ

www.malankaralibrary.com



പ്രത്യേക താത്പര്യമുള്ള വിഷയമായിരുന്നു. 1961 ഡിസംബർ 25-ൽ പ്രസിദ്ധീകരിച്ച "മാനവരക്ഷ" എന്ന അപ്പസ്തോലിക കോൺസ്റ്റിറ്റ്യൂഷൻ വഴിയാണ് ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പ വത്തിക്കാൻ കൗൺസിൽ വിളിച്ചുകൂട്ടിയത്.[1] സഭ, ലോകം എന്നീ രണ്ടു യാഥാർത്ഥ്യങ്ങളെ പരാമർശിക്കുന്നതായിരുന്നു ഈ കോൺസ്റ്റിറ്റ്യൂഷൻ. സഭയുടെ വിശ്വാസം ശക്തിപ്പെടുത്തുക, ഐക്യം വളർത്തുക എന്നീ ലക്ഷ്യങ്ങൾ പരാമർശിച്ച ശേഷം മാർപാപ്പ പറഞ്ഞു:

> ഭീതിജനകമായ സംഘർഷങ്ങളുടെ ഫലമായി സംഭ്രമത്തിലും ഉത്കണ്ഠയിലും കഴിയുന്ന ലോകത്തിൽ സന്മനസുള്ള എല്ലാവർക്കും തങ്ങളുടെ ചിന്തകളും ലക്ഷ്യങ്ങളും സമാധാനത്തിലേക്കു കൊണ്ടുവരാനുള്ള സാധ്യത കൗൺസിൽ പ്രദാനം ചെയ്യണം... ജീവദായകവും ശാശ്വതവുമായ സുവിശേഷത്തിന്റെ ഊർജ്ജവുമായി ആധുനികലോകത്തെ ബന്ധപ്പെടുത്തുന്ന ദൗത്യമാണിത്...

ലോകത്തോടുള്ള ആഭിമുഖ്യം ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പയുടെ കൗൺസിലിനെക്കുറിച്ചുള്ള സങ്കല്പത്തിൽ സുപ്രധാനമായിരുന്നെങ്കിലും തയ്യാറാക്കി അവതരിപ്പിക്കപ്പെട്ട വിഷയങ്ങളുടെ കൂടെ ഇപ്രകാരമൊരു ലക്ഷ്യം വയ്ക്കുന്ന ഒന്നുമുണ്ടായിരുന്നില്ല എന്നതാണ് സത്യം. എന്നിരുന്നാലും കൗൺസിൽ ആരംഭിച്ച് ഒരാഴ്ച കഴിഞ്ഞപ്പോൾ മനുഷ്യരാശിക്കു മുഴുവനായി പിതാക്കന്മാർ സന്ദേശം നല്കിയെന്നത് ശ്രദ്ധേയമത്രേ. സഭാചരിത്രത്തിൽ ഇങ്ങനെയൊന്ന് ആദ്യമായിരുന്നു. പക്ഷേ, ലോകത്തെയും മനുഷ്യരാശിയെയും സംബോധന ചെയ്യുന്ന പ്രമാണരേഖയ്ക്കുള്ള ചട്ടവട്ടങ്ങളൊന്നും കൗൺസിലിനായുള്ള തയ്യാറെടുപ്പിലില്ലായിരുന്നു.

കൗൺസിൽ ആരംഭിച്ച് ഒന്നാംഘട്ടം അവസാനിക്കാൻ നാലു ദിവസങ്ങൾ മാത്രമുള്ളപ്പോൾ ഉയർന്ന നിർദ്ദേശമാണ് "സഭ ആധുനിക ലോകത്തിൽ" എന്ന പ്രമാണരേഖയുടെ ആവിർഭാവത്തിനു കാരണമായത്. ബൽജിയൻ കർദ്ദിനാൾ ആയിരുന്ന ലിയോൺ ജോസഫ് സുനൻസിൽനിന്നാണ് നിർദ്ദേശം വന്നത്. അദ്ദേഹത്തിന്റെ നിർദ്ദേശമനുസരിച്ച് സഭയെക്കുറിച്ചുള്ള കൗൺസിലിന്റെ വിചിന്തനം രണ്ടു രീതിയിൽ നടക്കേണ്ടതുണ്ടായിരുന്നു. ഒന്ന്, സഭ ആഭ്യന്തരതലത്തിൽ

www.malankaralibrary.com



തന്നിൽത്തന്നെ എന്താണെന്ന് വ്യാഖ്യാനിക്കുന്നതിനുള്ള വിചിന്തനം (Church ad intra reflection). രണ്ട്, ബാഹ്യലോകത്തോടുള്ള സഭയുടെ ബന്ധം കണക്കിലെടുക്കുന്ന വിചിന്തനം (Church ad extra reflection). ഇതനുസരിച്ച് സഭയെക്കുറിച്ചുള്ള രണ്ടു വ്യത്യസ്ത പ്രമാണരേഖകൾ ആവശ്യമാണെന്ന് കർദ്ദിനാൾ സുനെൻസ് നിർദ്ദേശിച്ചു. ഇങ്ങനെയാണ് "സഭ ആധുനിക ലോകത്തിൽ" എന്ന പാസ്റ്ററൽ കോൺസ്റ്റിറ്റ്യൂഷന്റെ മുന്നോടിയായ "സ്കേമ: XIII" രൂപം പ്രാപിച്ചത്. വത്തിക്കാൻ കൗൺസിലിന്റെ സഭാദർശനത്തിന് പൂർണത കൈവരുത്തുന്ന പുറപ്പാടായിരുന്നു ഇത്.

### മനുഷ്യൻ: പ്രധാന പ്രമേയം

ലോകത്തോടുള്ള സഭയുടെ സമീപനത്തിൽ ഏറ്റവും ശ്രദ്ധേയമായ പ്രമേയം "മനുഷ്യൻ" ആണ്. മനുഷ്യനെ കേന്ദ്രീകരിച്ചുള്ള വീക്ഷണമാണ് സഭ നല്കുന്നത്. പ്രമാണരേഖ പ്രഖ്യാപിക്കുന്നു: "നമ്മുടെ പ്രതിപാദനത്തിന്റെ കേന്ദ്രബിന്ദു ശരീരവും ആത്മാവും ഹൃദയവും മനസ്സാക്ഷിയും ബോധവും മനസ്സും എല്ലാം ചേർന്ന മനുഷ്യൻ മാത്രമാണ്; പക്ഷേ, അവന്റെ സമഗ്രതയിൽ ആയിരിക്കുമെന്നു മാത്രം" (3).[2] ലോകത്തിലെ മനുഷ്യരാശി മുഴുവന്റെയും നന്മയിലും ഉത്കർഷത്തിലും ശ്രദ്ധചെലുത്തുന്നു എന്നതാണ് പ്രമാണ രേഖയുടെ നവീനത്വം. ലോകത്തോടുള്ള സഭയുടെ ആഭിമുഖ്യത്തിൽ മനുഷ്യനെ കേന്ദ്രീകരിച്ചുള്ള വീക്ഷണത്തിന്റെ പ്രാമുഖ്യം സഭയുടെ സമീപനത്തിലുള്ള വ്യതിയാനം ചൂണ്ടിക്കാട്ടുന്നു. "ആത്മീയാധികാരവും ഭൗതികാധികാരവും" എന്ന ഇടുങ്ങിയ കാഴ്ചപ്പാടിൽ നിന്നുകൊണ്ടുള്ളതായിരുന്നു, മുൻ കാലങ്ങളിൽ സഭയും ലോകവും തമ്മിലുള്ള ബന്ധത്തിന്റെ വിശകലനം. അതു "സഭയും രാഷ്ട്രവും" എന്ന രീതിയിൽ വിശകലനം ചെയ്യപ്പെട്ടു. കോംഗാറിന്റെ വാക്കുകൾ ഇവിടെ അർത്ഥവത്താണ്.

> അധികാരവും അധികാരവും തമ്മിൽ, അഥവാ ഭരണഘടനയും തമ്മിൽ എന്ന നിലയിൽനിന്നും സഭ പ്രഖ്യാപിക്കുന്ന ക്രിസ്തീയവിശ്വാസവും മാനുഷികസമൂഹവും തമ്മിലുള്ള ബന്ധം എന്ന കാഴ്ചപ്പാടിലേക്ക് സഭയും ലോകവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിന് മാറ്റം സംഭവിച്ചു.[3]

മേല്പറഞ്ഞ മാറ്റത്തിനുള്ള കാരണം ദൈവശാസ്ത്രപരമാണ്.

www.malankaralibrary.com



ദൈവജനത്തിന്റെ തിരഞ്ഞെടുപ്പും അവരെ മെസ്സയാനിക സമൂഹമാക്കി മാറ്റുന്ന ദൈവത്തിന്റെ പ്രവൃത്തിയും ലോകത്തിന് ശുശ്രൂഷ ചെയ്യാനും സാക്ഷ്യം നല്കാനുമാണ്. ക്രിസ്തുവിജ്ഞാനീയത്തിന്റെ കാഴ്ചപ്പാടിൽ സഭയും ലോകവും രണ്ടു വ്യത്യസ്ത ധ്രുവങ്ങളിൽ നില്ക്കുന്ന യാഥാർത്ഥ്യങ്ങളല്ല. രക്ഷയുടെ പ്രാപഞ്ചികമാനം കണക്കിലെടുക്കുമ്പോൾ അവ രണ്ടും ഒരേ വൃത്തത്തിന്റെ വ്യത്യസ്ത തലങ്ങളാണ്. ലോകത്തിന്റേതല്ലാതെയാണ് സഭ നിലനില്ക്കുന്നതെങ്കിലും സഭ ലോകത്തിലാണ്; ലോകത്തെ ദൈവരാജ്യത്തിനായി തയ്യാറാക്കുകയാണ് സഭയുടെ ജോലി. സഭ ലോകത്തിലായിരിക്കുമ്പോൾ മനുഷ്യർക്കു വേണ്ടിയാണ്, മനുഷ്യരെ ക്രിസ്തുവിലേക്ക് നയിക്കാനാണ്. അതിനുള്ള പ്രവർത്തനം സേവനവും സാക്ഷ്യവും ആവശ്യപ്പെടുന്നു.

**ഐക്യദാർഢ്യം, സംഭാഷണം**

ലോകത്തോട് ആഭിമുഖ്യം പുലർത്തുന്ന സഭയുടെ സമീപനരീതി വെളിപ്പെടുത്തുന്നതാണ് പ്രമാണരേഖയുടെ തുടക്കം. മനുഷ്യരോട് ഇടപഴകുകയും അവരുമായി സംഭാഷണത്തിൽ ഏർപ്പെടുകയും ചെയ്യുന്ന സഭയെയാണത് പ്രതിഫലിപ്പിക്കുന്നത്. "ഇക്കാലത്തെ മനുഷ്യരുടെ വിശിഷ്യ പാവപ്പെട്ടവരുടെയും പീഡിതരുടെയും സന്തോഷവും പ്രതീക്ഷകളും സങ്കടങ്ങളും ഉത്കണ്ഠകളുമെല്ലാം ക്രിസ്തുവിന്റെ അനുയായികളുടെയും കൂടിയാണ്. കലർപ്പറ്റ മനുഷ്യത്വത്തോടുകൂടിയ യാതൊന്നും അവരുടെ ഹൃദയമണ്ഡലങ്ങളിൽ പ്രതിധ്വനിക്കാതിരിക്കരുത്. കാരണം, മനുഷ്യരാൽ വാർത്തെടുക്കപ്പെട്ട ഒരു സമൂഹമാണ് അവരുടേത്..." (1).

സകലമനുഷ്യരോടുമുള്ള വിശേഷിച്ച് പീഡിതരും നിസ്സഹായരുമായവരോടുള്ള ഐക്യദാർഢ്യമാണ് സഭയുടെ ലോകത്തിനുള്ള ദൗത്യനിർവഹണത്തിന്റെ അടിസ്ഥാനഭാവം നിർണയിക്കുന്നത്. ഐക്യദാർഢ്യത്തിന്റെ മാർഗം സംവാദത്തിന്റേതാണ്. ദാരിദ്ര്യവും, പീഡനവും, അനീതിയും, അസമത്വവും അകറ്റാനുള്ള പരിശ്രമങ്ങളിലേർപ്പെടാൻ ഇതു സഭയെ പ്രേരിപ്പിക്കുന്നു. പ്രമാണരേഖയുടെ ദൈവശാസ്ത്രവീക്ഷണവും പ്രായോഗിക ചിന്തയും അതിന്റെ തുടക്കത്തിൽത്തന്നെ വ്യക്തമാക്കുന്നതാണ് പ്രാരംഭവാക്യം. കേവലം തത്വങ്ങളും ഉപദേശങ്ങളും നല്കുക എന്ന രീതി മുൻകാലങ്ങളിൽ സഭ അനുവർത്തിച്ചു

www.malankaralibrary.com



പോന്നതായുള്ള വിമർശനം സുപ്രസിദ്ധ ദൈവശാസ്ത്രജ്ഞനായ, കോംഗാറിന്റെ വിചിന്തനങ്ങളിൽ കാണാം. ഇതിൽ നിന്ന് വ്യത്യസ്തമായ സമീപനരീതിയാണ് സഭ ആധുനികലോകത്തിൽ മുന്നോട്ടു വയ്ക്കുന്നത്. മനുഷ്യന്റെ ദുഃഖങ്ങളും ദുരിതങ്ങളും വേദനകളും പീഡകളും നേരിട്ടറിയാതെ, അവയിൽ നിന്ന് വിട്ടു നിന്നുകൊണ്ട് സഭയ്ക്കു ലോകത്തിൽ തന്റെ ധർമം നിറവേറ്റാനാകില്ല.

ഐക്യദാർഢ്യത്തിന്റെയും സംഭാഷണത്തിന്റെയും ശൈലി സ്വീകരിച്ചുകൊണ്ട് ആരംഭിക്കുന്ന പ്രമാണരേഖ അവതരിപ്പിക്കുന്ന ദൈവശാസ്ത്രത്തിന്റെ രീതി ശാസ്ത്രം മുൻകാലങ്ങളിൽ പരീക്ഷിച്ചു നോക്കാത്ത ഒന്നാണ്. സൈദ്ധാന്തിക ദൈവശാസ്ത്രം വ്യക്തിനിരപേക്ഷവും താത്വികവുമായ സമീപനമാണ് സ്വീകരിച്ചിരുന്നത്. ദൈവശാസ്ത്രജ്ഞർ സഭ ആധുനികലോകത്തിൽ അവതരിപ്പിക്കുന്ന നൂതനരീതിയെ "അസ്തിത്വാത്മക"മെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. പ്രമാണരേഖയ്ക്കായി ആദ്യം രൂപപ്പെടുത്തിയ ഡ്രാഫ്റ്റുകളൊന്നും ഈ രീതിയല്ല അവലംബിച്ചിരുന്നത്. തിരുസ്സഭയെക്കുറിച്ചുള്ള ഡോഗ്മാറ്റിക് കോൺസ്റ്റിറ്റ്യൂഷനിൽ പ്രാമുഖ്യം നേടിയ "ദൈവജനം" എന്ന കാഴ്ചപ്പാടു തന്നെയാണ് മനുഷ്യാസ്തിത്വത്തെ അതിന്റെ തനിമയിൽ കണ്ടുകൊണ്ടുള്ള സമീപനരീതിക്ക് പ്രചോദനമായത്. സഭയെ "ദൈവത്തിന്റെ ജന"മായി കാണുന്ന വീക്ഷണം യഥാർത്ഥത്തിൽ സർവ മനുഷ്യകുലത്തെയും ഒന്നായി കാണുന്നതാണ്.[4] കാരണം, ദൈവഛായയും സാദൃശ്യവുമായ എല്ലാവരും വിവിധ രീതിയിൽ ദൈവജനത്തോടു ബന്ധപ്പെട്ടിരിക്കുന്നു. ആ ബന്ധത്തിന്റെ പശ്ചാത്തലത്തിലാണ് സഭ സകല മനുഷ്യരോടും ഐക്യദാർഢ്യത്തിലും സംഭാഷണത്തിലും നിലകൊള്ളുവാൻ ആഗ്രഹിക്കുന്നത്.

### മാനുഷികപ്രശ്നത്തിന്റെ സങ്കീർണത

മനുഷ്യവ്യക്തിയെ ബന്ധങ്ങളുടെ കാഴ്ചപ്പാടിൽ മാത്രമേ കാണാനാകൂ. സങ്കീർണമായ ജീവിതസാഹചര്യങ്ങളോടും ജീവിതഘടനകളോടും കൂടിയ വ്യക്തിയാണ് മനുഷ്യൻ. മനുഷ്യാസ്തിത്വത്തിന്റെ സങ്കീർണതയെ ഹ്രസ്വമായി വിവരിക്കുന്നുണ്ട്, പ്രമാണരേഖ.

> മാനവലോകത്തിലേക്കും മനുഷ്യകുടുംബം മുഴുവനിലേക്കും, പോരാ, അതു ജീവിച്ചു വളരുന്ന എല്ലാ വിധ യാഥാർത്ഥ്യങ്ങളി

www.malankaralibrary.com



ലേക്കും കൗൺസിൽ ശ്രദ്ധ തിരിക്കുന്നു. മാനവയത്നങ്ങളുടെയും ജയാപജയങ്ങളുടെയും മുദ്രകൾ പതിഞ്ഞ ലോകത്തെ, മനുഷ്യചരിത്രത്തിന്റെ നാടകവേദി തന്നെയായ ലോകത്തെ, സ്രഷ്ടാവിന്റെ സ്നേഹവായ്പിൽ ഉരുവാകുകയും പരിപാലിക്കപ്പെടുകയും പാപബന്ധത്തിലകപ്പെട്ടെങ്കിലും നാരകീയ ശക്തിയെ തകർത്തുകൊണ്ട് ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തുവിനാൽ സമുദ്ധരിക്കപ്പെടുകയും ചെയ്തതായി ക്രൈസ്തവർ കാണുന്ന അതേ ലോകത്തെത്തന്നെ അതു ഉറ്റുനോക്കുന്നു. അത് ദൈവത്തിന്റെ പദ്ധതിക്കനുസരണമായി ലോകം രൂപംകൊള്ളാനും അതിന്റെ പൂർത്തിയിലെത്താനും വേണ്ടിയാണ് (2).

സമൂഹത്തോടും ലൗകികയാഥാർത്ഥ്യങ്ങളോടും ബന്ധപ്പെടുത്താതെ മനുഷ്യനെക്കുറിച്ചു പരാമർശിക്കാനാവില്ല. മനുഷ്യവ്യക്തിയെക്കുറിച്ചുള്ള വീക്ഷണം എന്ന പോലെ, സമൂഹത്തെക്കുറിച്ചും ലൗകികപ്രവർത്തനങ്ങളെക്കുറിച്ചും സഭയ്ക്കു ചിന്തിക്കാനുണ്ട്. ഇങ്ങനെ നോക്കുമ്പോൾ സഭയുടെ മനുഷ്യവിജ്ഞാനീയം സാമൂഹികവിജ്ഞാനീയത്തോടും പ്രാപഞ്ചികവിജ്ഞാനീയത്തോടും ബന്ധപ്പെട്ടതാണ്. അതുകൊണ്ട്, മനുഷ്യനെ സ്നേഹിക്കുകയും മനുഷ്യനു സേവനമർപ്പിക്കുകയും ചെയ്യുന്ന സഭ മനുഷ്യാസ്തിത്വത്തിന്റെ സാമൂഹികവും പ്രാപഞ്ചികവുമായ മാനങ്ങൾക്കും പരിഗണന നല്കേണ്ടിയിരിക്കുന്നു. സഭ ആധുനികലോകത്തിൽ എന്ന പ്രമാണരേഖയുടെ ആദ്യത്തെ മൂന്നു അധ്യായങ്ങൾ ഇത്തരത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. മനുഷ്യവ്യക്തിയുടെ മാഹാത്മ്യം എന്ന ഒന്നാം അധ്യായത്തിൽനിന്നും മനുഷ്യസമൂഹത്തെക്കുറിച്ചുള്ള രണ്ടാമധ്യായത്തിലേക്കും തുടർന്നു പ്രപഞ്ചത്തിലെ മാനുഷികപ്രവർത്തനങ്ങളിലേയ്ക്കും പ്രമാണരേഖയുടെ വിചിന്തനം നീങ്ങുന്നു. പക്ഷേ, ഇവയിലെല്ലാം "മനുഷ്യൻ' എന്ന പ്രധാന വിഷയമാണ് പ്രതിപാദിക്കപ്പെടുന്നത്. മനുഷ്യനെ അവന്റെ വ്യത്യസ്തങ്ങളായ മാനങ്ങളിലും ജീവിതതലങ്ങളിലും പഠനവിഷയമാക്കിക്കൊണ്ട് അവയിലെല്ലാം സഭയുടെ ധർമം വിശദമാക്കുകയാണ് പ്രമാണരേഖ ചെയ്യുന്നത്.[5]

www.malankaralibrary.com



**കാലത്തിന്റെ സൂചനകൾ**

വത്തിക്കാൻ കൗൺസിലിനുശേഷം ദൈവശാസ്ത്രത്തിലും സഭാജീവിതത്തിലും പ്രചാരം നേടിയിട്ടുള്ള ഒരു പ്രയോഗമാണ് "കാലത്തിന്റെ സൂചനകൾ" എന്നത്. "സഭ ആധുനികലോകത്തിൽ" എന്ന പ്രമാണരേഖ അതിന്റെ ഉപോദ്ഘാതത്തിൽത്തന്നെ കാലത്തിന്റെ സൂചനകളെ സഭ സൂക്ഷ്മനിരീക്ഷണം ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു പ്രസ്താവിക്കുകയാണ്. സഭാധർമത്തിന്റെ പശ്ചാത്തലത്തിലാണ് ഈ കാര്യം വ്യക്തമാക്കുന്നത്. പ്രമാണരേഖയുടെ പ്രാരംഭത്തിലെ വാചകങ്ങളോടു ചേർത്തു കാലത്തിന്റെ സൂചനകളെക്കുറിച്ചുള്ള പ്രസ്താവന മനസ്സിലാക്കാൻ ശ്രമിക്കേണ്ടതുണ്ട്.

> യാതൊരു ഭൗതിക താത്പര്യത്താലും പ്രചോദിതരാകാതെ സ്നേഹമയനായ പരിശുദ്ധാത്മാവിന്റെ നേതൃത്വത്തിൽ ക്രിസ്തുവിന്റെ ധർമം തുടർന്നുകൊണ്ടുപോവുക, അതാണ് സഭയുടെ ഒരേയൊരു ലക്ഷ്യം. സത്യത്തിനു സാക്ഷ്യം വഹിക്കാനും, രക്ഷിക്കാനും, സേവിക്കാനുമായിരുന്നു ക്രിസ്തു ലോകത്തിലേക്കു പ്രവേശിച്ചത്; വിധിക്കാനോ സേവിക്കപ്പെടാനോ ആയിരുന്നില്ല. മുൻപറഞ്ഞ ധർമം നിർവഹിക്കുവാൻ കാലത്തിന്റെ അടയാളങ്ങൾ സൂക്ഷ്മനിരീക്ഷണം ചെയ്ത് സുവിശേഷത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിക്കാൻ സഭ എല്ലായ്പ്പോഴും ബാദ്ധ്യസ്ഥയത്രെ (3, 4).

സഭാപ്രബോധനങ്ങളും ദൈവശാസ്ത്രപഠനങ്ങളും യഥാർത്ഥ ജീവിതത്തിൽ നിന്നു അകന്നുനില്ക്കുന്നു എന്ന വിമർശനം പലപ്പോഴും ഉണ്ടായിട്ടുണ്ട്. പ്രമാണരേഖയുടെ സമീപനം വീണ്ടും ഈ വിമർശനത്തെ ക്ഷണിച്ചു വരുത്തുന്നതല്ല. മാത്രമല്ല, വിശ്വാസത്തെ ജീവിതവുമായി നേരിട്ടു ബന്ധപ്പെടുത്തുന്നതാണ്. എവിടെയാണ് സഭയുടെ ചിന്തയും അന്വേഷണവും ആരംഭിക്കേണ്ടതെന്നും എന്തിനെ ലക്ഷ്യം വയ്ക്കണമെന്നും ഇതു വ്യക്തമാക്കുന്നു. പ്രമാണരേഖയ്ക്ക് ഇക്കാര്യത്തിലും ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പയുടെ വീക്ഷണരീതി മാർഗദർശകമായി. "ഭൂമിയിൽ സമാധാനം" എന്ന ചാക്രികലേഖനത്തിൽ പല ആവർത്തി പ്രത്യക്ഷപ്പെട്ട പ്രയോഗമായിരുന്നു "കാലത്തിന്റെ സൂചനകൾ". മാനുഷികാനുഭവങ്ങളെ ക്രൈസ്തവ ഉൾക്കാഴ്ചകളുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിക്കാനുദ്ദേശിച്ചുള്ള പ്രതിബദ്ധതയാണ് ഇതു

www.malankaralibrary.com



സൂചിപ്പിച്ചത്. പ്രമാണരേഖയുടെ സമീപനവും അപ്രകാരമാണ്.

കാലത്തിന്റെ സൂചനകളെ സൂക്ഷ്മനിരീക്ഷണം ചെയ്തുകൊണ്ടുള്ള ദൈവശാസ്ത്രസമീപനമാണ് വത്തിക്കാൻ കൗൺസിൽ സ്വീകരിച്ച നൂതനരീതിശാസ്ത്രത്തിന്റെ പ്രത്യേകത. ഇതു വിശ്വാസത്തെയും ദൈവശാസ്ത്രത്തെയും തികച്ചും മൂർത്തമായ യാഥാർത്ഥ്യങ്ങളിലേക്ക് കൊണ്ടുവരുവാൻ സഹായിക്കുന്നതാണ്. സുവിശേഷത്തിന്റെ വെളിച്ചത്തിലുള്ള വിചിന്തനമെന്ന നിലയിൽ ദൈവശാസ്ത്രത്തിന് ഒരിക്കലും ജീവിതയാഥാർത്ഥ്യങ്ങളിൽ നിന്ന് അകന്നു നിൽക്കാനാവില്ല.[6]

**മാനുഷികാവസ്ഥ**

സഭ ആധുനികലോകത്തിൽ 4 മുതൽ 10 വരെയുള്ള ഭാഗം സമകാലികലോകത്തിലെ മാനുഷികാവസ്ഥയെക്കുറിച്ചുള്ള അവലോകനവും പഠനവുമാണ്. കാലത്തിന്റെ സൂചനകൾ നിരീക്ഷിക്കുമ്പോൾ ലഭിക്കുന്ന കാഴ്ചപ്പാടാണ് ഇവിടെ വിവരിക്കുന്നത്. മുൻകാലങ്ങളിൽ ദൈവശാസ്ത്രത്തിലും സഭാപ്രബോധനങ്ങളിലും സ്വീകരിച്ചിരുന്ന അവരോഹണരീതി (descending method) അനുസരിച്ച് നിർവചനം-വ്യാഖ്യാനം-പ്രായോഗികനിഗമനം എന്നിങ്ങനെയാണ് എല്ലാ പ്രശ്നങ്ങളും കൈകാര്യം ചെയ്യപ്പെട്ടിരിക്കുന്നത്. മാനുഷികാവസ്ഥയെ സൂക്ഷ്മനിരീക്ഷണത്തിന് വിധേയമാക്കുന്ന വത്തിക്കാൻ കൗൺസിൽ ജീവിതാനുഭവങ്ങളുടെ ലോകത്തെ ദൈവശാസ്ത്ര സ്രോതസ്സാക്കി മാറ്റുകയാണ്. ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തിനു ശേഷം പ്രകടമായിരുന്ന ലോകത്തിന്റെ സവിശേഷതകളെ വത്തിക്കാൻ കൗൺസിൽ ചിത്രീകരിച്ചത് ഇന്നും പ്രസക്തമാണ്. ഒരു പക്ഷേ, അന്നത്തേക്കാൾ കൂടുതലായി.

മനുഷ്യവർഗം ഇന്നു ചരിത്രത്തിന്റെ ഒരു പുത്തൻ കാലഘട്ടത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. അവഗാഢവും അതിശീഘ്രവുമായ പരിവർത്തനങ്ങളാണ് ലോകമെങ്ങും പടിപടിയായി പ്രസരിച്ചുകൊണ്ടിരിക്കുന്നത്. മനുഷ്യന്റെ ബുദ്ധിവൈഭവത്താലും സൃഷ്ടിപരമായ യത്നങ്ങളാലും ഉജ്ജ്വലമായ ഈ പരിണാമങ്ങൾ മനുഷ്യനിലും അവന്റെ തീരുമാനങ്ങളിലും വ്യക്തിപരവും സംഘാതവുമായ അവന്റെ അഭിലാഷങ്ങളിലും പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അതു

www.malankaralibrary.com



പോലെ തന്നെ മനുഷ്യരേയും വസ്തുക്കളേയും കുറിച്ചുള്ള അവന്റെ ചിന്താരീതികളിലും പ്രവർത്തനരീതികളിലും ഈ സ്വാധീനം പ്രകമാണുതാനും...

സമ്പൽസമൃദ്ധിയും വിഭവങ്ങളും ധനശേഷിയും ഇന്നത്തെ പോലെ മനുഷ്യരാശിക്ക് ഒരിക്കലും ഉണ്ടായിട്ടില്ല. എന്നിട്ടും ലോകജനതയിൽ സിംഹഭാഗവും പട്ടിണിയും പരിവട്ടവുമായി നട്ടം തിരിയുന്നു. നിരക്ഷരത്വത്തിലമർന്ന് കഴിയുന്നവരുടെ സംഖ്യയും കുറവല്ല. സ്വാതന്ത്ര്യത്തെക്കുറിച്ച് മുൻപൊരിക്കലും ഇത്ര ഉത്ക്കടമായ അവബോധം മനുഷ്യനുണ്ടായിട്ടുമില്ല. എന്നിട്ടും അതേസമയം സാമൂഹികവും മാനസികവുമായ അടിമത്വത്തിന്റെ പുത്തൻ പതിപ്പുകൾ പുറത്തുവരുന്നു... (6)

കാലത്തിന്റെ അടയാളങ്ങളെ സൂക്ഷ്മനിരീക്ഷണം ചെയ്യുന്ന വത്തിക്കാൻ കൗൺസിലിന്റെ ഉൾക്കാഴ്ചകളാണ് മേലുദ്ധരിച്ച വാക്യങ്ങളിലുള്ളത്. രാജ്യങ്ങൾ തമ്മിലും വംശങ്ങൾ തമ്മിലുമുള്ള യുദ്ധങ്ങളും കലാപങ്ങളും ഇന്ന് സാർവത്രികമായിക്കൊണ്ടിരിക്കുന്ന തീവ്രവാദപ്രവർത്തനങ്ങളും പ്രക്ഷുബ്ധമായ മാനുഷികാവസ്ഥയെ സൂചിപ്പിക്കുന്നു. ഇതെല്ലാം ഉയർത്തുന്നത് അടിസ്ഥാനപരമായ ചോദ്യങ്ങളാണ്. എന്തായിരിക്കണം ലോകം? സന്തോഷവും സമാധാനവും നല്കുന്ന പുരോഗതി ഏതു തരത്തിലുള്ളതാണ്? തുടങ്ങിയ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തേണ്ടതുണ്ട്. എല്ലാറ്റിനും ഉപരിയായി "എന്താണ് മനുഷ്യൻ?" എന്ന ചോദ്യത്തിനു തന്നെ വ്യക്തമായ ഉത്തരം ആവശ്യമാണ്. ഈ പശ്ചാത്തലത്തിലാണ് ക്രിസ്തീയ മനുഷ്യദർശനം സഭ ആധുനിക ലോകത്തിൽ എന്ന പ്രമാണരേഖയിൽ വത്തിക്കാൻ കൗൺസിൽ അവതരിപ്പിക്കുന്നത്.

**മനുഷ്യൻ: ദൈവചരായ**

മനുഷ്യകേന്ദ്രീകൃതമായ വീക്ഷണം ഒരിക്കൽക്കൂടി ഉറപ്പിച്ചുപറഞ്ഞശേഷമാണ് "എന്താണ് മനുഷ്യൻ?" എന്ന ചോദ്യത്തിന് ബൈബിൾ അധിഷ്ഠിതവും ദൈവശാസ്ത്രപരവുമായ ഉത്തരം പ്രമാണരേഖ അവതരിപ്പിക്കുന്നത്. "വിശ്വാസികളുടെയും അവിശ്വാസികളുടെയും മിക്കവാറും ഏകയോഗമായ അഭിപ്രായം അനുസരിച്ച് ഭൂമിയി

www.malankaralibrary.com



ലുള്ളതെല്ലാം മനുഷ്യോന്മുഖമായിരിക്കണം. കാരണം, മനുഷ്യൻ ആണ് ഭൂമിയിലുള്ളതിന്റെയെല്ലാം കേന്ദ്രവും മകുടവും" (12).

മനുഷ്യനെക്കുറിച്ചുള്ള യഥാർത്ഥ അറിവു നല്കാൻ തനിക്കു സാധിക്കുമെന്ന ബോദ്ധ്യം സഭയ്ക്കുണ്ട്. അതു പ്രമാണരേഖ ഇപ്രകാരം വ്യക്തമാക്കുന്നു:

> മനുഷ്യൻ ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്നും, തന്റെ സ്രഷ്ടാവിനെ അറിയാനും സ്നേഹിക്കാനും അവനു കഴിവുണ്ടെന്നും സർവ ഭൗമിക വസ്തുക്കളെയും കീഴ്പ്പെടുത്തി ദൈവമഹത്വത്തിനായി ഉപയോഗിക്കാൻ അവൻ സകല ചരാചരങ്ങളുടെയും നാഥനായി (cf ഉല്പ. 1:26, ജ്ഞാനം. 2:23) നിയമിക്കപ്പെട്ടിരിക്കുന്നുവെന്നും വിശുദ്ധഗ്രന്ഥം പഠിപ്പിക്കുന്നു (പ്രഭാ. 17:3-10).

ക്രിസ്തീയ മനുഷ്യദർശനത്തിന്റെ അടിസ്ഥാനം വിശുദ്ധ ഗ്രന്ഥാധിഷ്ഠിതമായി ചൂണ്ടിക്കാട്ടുകയാണ് പ്രമാണരേഖ ചെയ്യുന്നത്. മനുഷ്യനെ ദൈവതുല്യനായിട്ടല്ല കാണുന്നതെങ്കിലും ദൈവത്തോട് സാധർമ്യവും സാദൃശ്യവും മനുഷ്യനുണ്ടെന്നു ബൈബിൾ പഠിപ്പിക്കുന്നു. ദൈവത്തെ അറിയാനും സ്നേഹിക്കാനും സാഫല്യമടയാനുമാണു മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ദൈവനിയോഗം എല്ലാ വസ്തുക്കളിൽ നിന്നും ജീവജാലങ്ങളിൽ നിന്നും മനുഷ്യനെ വിഭിന്നനാക്കുന്നു. മനുഷ്യമഹത്വത്തിന് അതു ആധാരമായി നിലകൊള്ളുകയും ചെയ്യുന്നു.[7]

**മനുഷ്യവ്യക്തിയുടെ അന്തസ്സും മാഹാത്മ്യവും**

ദൈവഛായയായി സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യന്റെ മഹോന്നതമായ വിളി ദൈവവുമായി സംഭാഷിക്കുവാനും ഐക്യപ്പെട്ട് ജീവിക്കാനുമാണ് എന്നത് ക്രിസ്തീയസഭയുടെ വിശ്വാസമാണ്. അതുകൊണ്ട് ദൈവനിഷേധം അത് ഏതു രൂപത്തിലായാലും മനുഷ്യനിഷേധം കൂടിയാണ്. "സഭ ആധുനിക ലോകത്തിൽ" പറയുന്നത് ശ്രദ്ധേയമാണ്: "മനുഷ്യന്റെ അന്തസ്സ് വേരുറയ്ക്കുകയും പൂർണമാക്കപ്പെടുകയും ചെയ്യുന്നത് ദൈവത്തിലാകയാൽ അവിടുത്തെ അംഗീകരിക്കുന്നത് ഒരു വിധത്തിലും അവന്റെ അന്തസ്സിന് വിരുദ്ധമാകുകയില്ലെന്ന് സഭ കരുതു

www.malankaralibrary.com



ന്നു. കാരണം, അവനെ സൃഷ്ടിച്ച ദൈവം അവന് രൂപം നല്കിയിരിക്കുന്നത് ബുദ്ധിയും സ്വാതന്ത്ര്യവുമുള്ള ഒരു സമൂഹത്തിന്റെ അംഗമായിട്ടാണ്. എന്നാൽ അതിലും പ്രധാനമായി ദൈവത്തോട് പുത്രനെ പോലെ സമ്പർക്കം പുലർത്താനും അവിടുത്തെ ആനന്ദവായ്പിൽ പങ്കുചേരാനും അവൻ വിളിക്കപ്പെട്ടിരിക്കുന്നു (21).

ആത്മശരീരങ്ങളുടെ അഭിവാജ്യ അസ്ഥിത്വമാണ് മനുഷ്യന്റേത്. തന്റെ ശരീരഘടനയിലൂടെ അവൻ ഭൗതികലോകത്തിന്റെ അംശങ്ങൾ തന്നിൽ സമാഹരിക്കുന്നുവെന്നാണ് പ്രമാണരേഖ ചൂണ്ടികാണിക്കുന്നത് (14). ഏതൊരു മനുഷ്യവ്യക്തിയും തന്റെ ആന്തരികസവിശേഷതകൾ കൊണ്ട് പദാർത്ഥലോകത്തെ അതിലംഘിക്കുന്നു. ആത്മാവ്, ബുദ്ധി, മനസ്സാക്ഷി, സ്വാതന്ത്ര്യം എന്നീ സിദ്ധികൾ മനുഷ്യന്റേതാണ്. ഇവ മനുഷ്യനെ ഇതരസൃഷ്ടികളിൽ നിന്ന് വേർതിരിക്കുന്നു. എല്ലാ മനുഷ്യരുടെയും ദൈവദത്തമായ ഔന്നത്യം അംഗീകരിക്കാനുള്ള ഉത്തരവാദിത്വം മനുഷ്യരായ ഓരോരുത്തർക്കുമുണ്ട്. മനുഷ്യന്റെ 'ആന്തരികത'യും 'സാർവാദിശായിത്വ'വും ക്രിസ്തീയ മനുഷ്യവിജ്ഞാനീയത്തിന്റെ പ്രധാന ആശയങ്ങളാണ്. ആത്മീയതയും അമർത്യതയും മനുഷ്യവ്യക്തിത്വത്തിന്റെ സവിശേഷതകളായി തോമസ് അക്വിനാസിന്റെ തത്വചിന്ത ചൂണ്ടിക്കാട്ടിയിരിക്കുന്നത് സ്വീകരിച്ചുകൊണ്ടാണ് വത്തിക്കാൻ കൗൺസിൽ മനുഷ്യാസ്ഥിത്വത്തെ വ്യാഖ്യാനിക്കുന്നത്. ബൈബിൾ അധിഷ്ഠിതമായ ക്രിസ്തീയ മനുഷ്യവിജ്ഞാനീയം മനുഷ്യനെ ആത്മാവും ശരീരവുമായി വേർതിരിച്ചു കാണുന്നില്ല എന്നതു ശ്രദ്ധേയമാണ്. അരിസ്റ്റോട്ടിലിയൻ തത്വശാസ്ത്രത്തിന്റെ സ്വാധീനഫലമായി സ്കൊളാസ്റ്റിക് തത്വചിന്തയിൽ ആത്മാവ് ശരീരം എന്ന ദ്വന്ദാത്മകത കടന്നുകൂടി എന്നത് ശരിയാണ്. വത്തിക്കാൻ കൗൺസിൽ ഇതിനെ മറികടക്കുന്നതിനു ശ്രമിക്കുകയും മനുഷ്യൻ ആത്മാവും ശരീരവും ഒന്നു ചേരുന്ന സംയുക്ത അസ്തിത്വമായി കാണുകയും ചെയ്തു.

### വ്യക്തിയും സമൂഹവും

വ്യക്തിക്കാണോ സമൂഹത്തിനാണോ കൂടുതൽ പ്രാധാന്യം എന്നത് തത്വചിന്തയിലും രാഷ്ട്രമീമാംസയിലും പ്രാധാന്യം അർഹിക്കുന്ന ചോദ്യമാണ്. ക്രിസ്തീയവീക്ഷണത്തിൽ വ്യക്തിക്കും സമൂഹത്തിനും ഒരു പോലെ പ്രാധാന്യം ഉണ്ട്. ഓരോ മനുഷ്യവ്യക്തിയും

www.malankaralibrary.com



ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് സാമൂഹികസ്വഭാവത്തോടുകൂടിയാണ്. മനുഷ്യവ്യക്തിയുടെ അസ്തിത്വം സഹാസ്തിത്വമാണ്. ആയിരിക്കുക എന്നാൽ മനുഷ്യനെ സംബന്ധിച്ച് ഒരുമിച്ചായിരിക്കുകയാണ്. അതുകൊണ്ട് വ്യക്തിയെ പാടേ അവഗണിക്കുന്ന സമൂഹചിന്തയും സമൂഹത്തെ അവഗണിക്കുന്ന വ്യക്തിചിന്തയും ക്രിസ്തീയവീക്ഷണത്തിന് സ്വീകാര്യമല്ല. അനിയന്ത്രിതമായ വ്യക്തികേന്ദ്രീകൃത ചിന്ത സാമൂഹികസാമ്പത്തികരംഗങ്ങളിൽ, അപരനോടും സമൂഹത്തോടുമുള്ള കടമകളെ വിസ്മരിക്കുന്ന തരം മുന്നേറ്റങ്ങൾക്ക് വഴിതെളിക്കുന്നു. സ്വതന്ത്രമുതലാളിത്ത വ്യവസ്ഥിതി അഥവാ സ്വകാര്യസംരംഭങ്ങൾക്ക് മുൻതൂക്കം നല്കുന്ന സാമ്പത്തികവീക്ഷണം, പ്രത്യേകിച്ച് ഇന്നത്തെ കമ്പോള വ്യവസ്ഥിതി ഇത്തരത്തിലുള്ളതാണ്. ഈ സാഹചര്യത്തിൽ വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് വത്തിക്കാൻ കൗൺസിലിന്റെ നിരീക്ഷണം പ്രസക്തമാണ്: “മനുഷ്യവ്യക്തിയുടെ വികാസവും മനുഷ്യസമൂഹത്തിന്റെ പുരോഗതിയും പരസ്പരം ബന്ധപ്പെട്ടാണ് കിടക്കുന്നതെന്ന വസ്തുതയാണല്ലോ മനുഷ്യന്റെ സാമൂഹികസ്വഭാവം വ്യക്തമാക്കുന്നത്. എല്ലാ സാമൂഹികസ്ഥാപനങ്ങളുടെയും ആരംഭവും വിഷയവും ലക്ഷ്യവുമെല്ലാം മനുഷ്യവ്യക്തി തന്നെയാണ്. അങ്ങനെയായിരിക്കുകയും വേണം. മനുഷ്യന് സ്വാഭാവികമായിത്തന്നെ സാമൂഹികമായി ജീവിതം നയിക്കുക ആവശ്യമായിരിക്കുന്നു” (25).

വ്യക്തി സമൂഹത്തോട് കടപ്പെട്ടിരിക്കുന്നു. അതുകൊണ്ട് വ്യക്തി താത്പര്യം സമൂഹനന്മയോട് പൊരുത്തപ്പെടുത്താൻ അവൻ സദാ ബാദ്ധ്യസ്ഥനാണ്. അതു പോലെ തന്നെ സമൂഹത്തിന്റെ നന്മയ്ക്കായി രൂപപ്പെടുത്തുന്ന ഘടനകളും കർമപരിപാടികളും വ്യക്തികളുടെ ന്യായമായ അവകാശങ്ങൾക്കും സ്വാതന്ത്ര്യത്തിനും വിഘാതമാകാതിരിക്കുകയും വേണം. മനുഷ്യവ്യക്തിയെ ഒരു വ്യവസ്ഥിതിക്കുംവേണ്ടി ബലികഴിക്കാനാകില്ല. അതുകൊണ്ട് വ്യക്തി സമൂഹത്തിനും സമൂഹം വ്യക്തിക്കും വേണ്ടി നിലകൊള്ളുന്ന പരസ്പരബന്ധത്തിന്റെ കാഴ്ചപ്പാട് ആവശ്യകമത്രെ. ക്രിസ്തീയകാഴ്ചപ്പാടിൽ, മനുഷ്യൻ ദൈവഛായയാണെന്ന സത്യം എല്ലാ മനുഷ്യരെക്കുറിച്ചും ഒരുപോലെ ബാധകമാണെന്നപോലെ വ്യക്തിയുടെ നന്മ എന്നു പറയുമ്പോൾ എല്ലാ വ്യക്തികളുടെയും നന്മയാണ് ഉദ്ദേശിക്കുന്നത്.

www.malankaralibrary.com



### മനുഷ്യവ്യക്തികളോടുള്ള ബഹുമാനം

വത്തിക്കാൻ കൗൺസിൽ നല്കുന്ന വീക്ഷണം മനുഷ്യവ്യക്തിയെയും സമൂഹത്തെയും കുറിച്ച് പ്രസക്തമായ നിർദ്ദേശങ്ങളാണ് നല്കുന്നത്. പ്രമാണരേഖയിൽ പറയുന്നു: "പ്രായോഗികവും അടിയന്തിരവുമായ അനുമാനങ്ങളിലേക്ക് കടന്നുകൊണ്ട് മനുഷ്യവ്യക്തിയോടുണ്ടാകേണ്ട ബഹുമാനത്തെപ്പറ്റി കൗൺസിൽ ശക്തിയുക്തം ഉദ്ബോധിപ്പിക്കുന്നു. ഓരോരുത്തരും തന്റെ എല്ലാ അയല്ക്കാരെയും തന്നെപ്പോലെ തന്നെ പരിഗണിക്കേണ്ടതാണ്. മാന്യമായ രീതിയിൽ ജീവിതാവശ്യങ്ങൾ നിർവഹിക്കുവാൻ വേണ്ട സൗകര്യങ്ങൾ വേണമെന്ന കാര്യവും നാം ശ്രദ്ധിക്കണം. പാവപ്പെട്ട ലാസറിനെ തിരിഞ്ഞുനോക്കാതിരുന്ന ധനികനാകരുത് നമ്മുടെ മാതൃക" (27).

എല്ലാവരും ഒരേ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെങ്കിലും, തദനുസൃതമായ മാഹാത്മ്യം ലഭിക്കാതെ പരിത്യക്തരായ അനേകർ ലോകത്തിലുണ്ട്. എല്ലാവരെയും അയൽക്കാരായി കാണണമെന്ന സുവിശേഷോപദേശം വത്തിക്കാൻ കൗൺസിൽ ആവർത്തിക്കുകയാണ്. വാർദ്ധ്യക്യത്തിൽ അഥവാ രോഗത്തിൽ, അഥവാ ദാരിദ്ര്യത്തിൽ യാതൊരു സഹായവുമില്ലാതെ കഴിയുന്നവർ, പരദേശിയോ അഭയാർത്ഥിയോ എന്ന നിലയിൽ തിരസ്കൃതരാവുന്നവർ, നിസ്സഹായരായി പീഡിപ്പിക്കപ്പെടുകയും വലിച്ചെറിയപ്പെടുകയും ചെയ്യുന്ന ശിശുക്കൾ-ഇതെല്ലാം മനുഷ്യവ്യക്തിയോടു ചെയ്യുന്ന അപമാനത്തിന്റെ ഉദാഹരണങ്ങളാണ്. യേശുവാണ് ഈ വ്യക്തികളിലെല്ലാം പ്രത്യക്ഷമാകുന്നതെന്ന ക്രിസ്തീയവിശ്വാസം ഈ രംഗത്തുള്ള പരാജയം ക്രൈസ്തവവിശ്വാസികളെ സംബന്ധിച്ച് ഗൗരവതരമാക്കുന്നു.

### മനുഷ്യമാഹാത്മ്യത്തിനു വിരുദ്ധമായ തിന്മകൾ

"മനുഷ്യജീവിതത്തിനു തുരങ്കം വയ്ക്കുന്ന എന്തും നിന്ദ്യമായി പരിഗണിക്കപ്പെടണം" എന്നതാണ് കൗൺസിലിന്റെ പ്രബോധനം. ആത്മഹത്യയും കൊലപാതകവും മാത്രമല്ല, എല്ലാത്തരം പീഡനങ്ങളും മർദ്ദനങ്ങളും ശോചനീയമായ ജീവിതസാഹചര്യങ്ങളും മനുഷ്യോചിതമല്ലാത്ത ജീവിതസാഹചര്യങ്ങളും മനുഷ്യമാഹാത്മ്യത്തിനു വിരുദ്ധമാണ്.

www.malankaralibrary.com



സമൂഹത്തിൽ നിലനില്ക്കുന്ന തിന്മകളുടെ ഒരു പട്ടികതന്നെ കൗൺസിൽ അവതരിപ്പിക്കുന്നുണ്ട്. അന്യായമായ ജയിൽശിക്ഷകൾ, അടിമത്തം, വേശ്യാവൃത്തി, സ്ത്രീകളെയും കുഞ്ഞുങ്ങളെയും വില്ക്കൽ ഇവയെല്ലാം ഇതിൽപ്പെടുന്നു. മനുഷ്യവ്യക്തികളെ വില്പനവസ്തുക്കളായി കാണുകയും ലാഭമുണ്ടാക്കുന്നതിനായി ഉപയോഗിക്കുകയുമാണ് ഇവയിലൂടെ ചെയ്യുന്നത്. ഇവ മനുഷ്യസംസ്കാരത്തിൽ വിഷം കലർത്തുകയാണ്. ഈ തിന്മകൾക്കു വിധേയരായി സഹിക്കുന്നവർക്കും അതിൽ കൂടുതലായി അവ പ്രവർത്തിക്കുന്നവർക്കും ഇതു നാശംവരുത്തുകയാണ് ചെയ്യുന്നത്. മാത്രമല്ല, അവ സ്രഷ്ടാവിനോടു ചെയ്യുന്ന പരമനിന്ദയുമാണ് (27).

ക്രിസ്തീയകാഴ്ചപ്പാടിൽ, സമൂഹത്തെ പണിതുയർത്തുന്ന ശക്തി സ്നേഹമാണ്. എല്ലാവരെയും ഉൾക്കൊള്ളുന്നതിനും ബഹുമാനിക്കുന്നതിനുമുള്ള പ്രബോധനമാണ് കൗൺസിൽ നല്കുന്നത്. "സാമൂഹ്യമോ രാഷ്ട്രീയമോ മാത്രമല്ല മതപരമായ മണ്ഡലത്തിൽപ്പോലും നാം ചിന്തിക്കുന്നതിൽനിന്നു വ്യത്യസ്തമായി ചിന്തിക്കുകയോ നാം പ്രവർത്തിക്കുന്നതിൽനിന്ന് വിഭിന്നമായി പ്രവർത്തിക്കുകയോ ചെയ്യുന്നവരുടെ നേരെയും നാം സ്നേഹവും ബഹുമാനവും പ്രകടിപ്പിക്കേണ്ടതാണ്. സ്നേഹവും മര്യാദയും വഴി എത്രമാത്രം നാം അവരുടെ ചിന്താഗതിയെ മനസ്സിലാക്കാൻ ശ്രമിക്കുന്നുവോ അത്രയ്ക്കു കൂടുതലായി അവരോടൊത്തു സൗഹാർദ്ദസംഭാഷണത്തിലേർപ്പെടാൻ നമുക്കു സാധിക്കും" (28). തെറ്റുചെയ്യുന്ന വ്യക്തിയെയും തെറ്റിനെയും വേർതിരിച്ചുകാണാൻ കൗൺസിൽ പ്രബോധിപ്പിക്കുന്നു. കാരണം, മനുഷ്യവ്യക്തി, തെറ്റിൽ അകപ്പെട്ടാലും ശ്രേഷ്ഠതയുള്ളവനാണ്. ക്ഷമയും ഔദാര്യവും ഒന്നുചേർന്ന് ശത്രുക്കളെയും സ്നേഹിക്കുന്ന വിശാലമായ സമീപനമാണ് ക്രിസ്തീയസ്നേഹത്തിന്റെ പ്രമാണം അനുഷ്ഠിക്കുന്നവർ പുലർത്തേണ്ടത്.

### സമത്വവും സാമൂഹ്യനീതിയും

മനുഷ്യസമൂഹത്തിൽ അസമത്വവും അനീതിയും സാർവത്രികമായി നിലനില്ക്കുന്നുണ്ട്. ഇതു തെറ്റാണെന്നു പറയാനുള്ള കാരണം അടിസ്ഥാനപരമായി ദൈവശാസ്ത്രപരമാണ്. കൗൺസിൽ പഠിപ്പിക്കുന്നു: "എല്ലാ മനുഷ്യർക്കും വിശേഷബുദ്ധിയുള്ള ആത്മാവുണ്ട്.

www.malankaralibrary.com



എല്ലാവരും ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. എല്ലാവർക്കും ഒരേവിധത്തിലുള്ള സ്വഭാവവും ഉത്പത്തിയുമാണുള്ളത്. എല്ലാവരും ക്രിസ്തുവിനാൽ രക്ഷിക്കപ്പെട്ടവരാണ്. എല്ലാവർക്കും ഒരേ ദിവ്യാഹ്വാനവും ജീവിതലക്ഷ്യവുമാണുള്ളത്. അതുകൊണ്ട് എല്ലാ മനുഷ്യർക്കുമുള്ള മൗലികമായ സമത്വം കൂടുതൽ അംഗീകരിക്കപ്പെടണം'' (29).

പലതരത്തിലാണ് സമൂഹത്തിലെ വിവേചനങ്ങളും അവകാശനിഷേധങ്ങളും. ജാതി, മതം, ലിംഗം, വർണം, സാമൂഹികനില, ഭാഷ തുടങ്ങിയ കാരണങ്ങളാൽ വിവേചനമോ അവകാശനിഷേധമോ പാടില്ല. കൗൺസിലിന്റെ വാക്കുകളിൽ പറഞ്ഞാൽ, ''മനുഷ്യോചിതവും നീതിപൂർവകവുമായ ജീവിതവ്യവസ്ഥിതി പടുത്തുയർത്തുവാൻ വ്യക്തികളുടെ തുല്യശ്രേഷ്ഠത ആവശ്യമാണ്'' (29). മനുഷ്യരാശിയാകുന്ന ഏകകുടുംബത്തിൽ സാമ്പത്തികവും സാമൂഹികവുമായ വ്യത്യാസങ്ങൾ, ആഗോളതലത്തിലും ദേശീയതലത്തിലും പ്രാദേശികതലത്തിലും നിലനില്ക്കുന്നതു വലിയ ഇടർച്ചയ്ക്കു കാരണമാകുന്നുവെന്ന് കൗൺസിൽ ചൂണ്ടിക്കാണിക്കുന്നു.

ഓരോ വ്യക്തിയും മറ്റുള്ളവരുടെ ആവശ്യങ്ങളും സമൂഹത്തിന്റെ മുഴുവൻ നന്മയും ലക്ഷ്യം വച്ചുകൊണ്ട് പ്രവർത്തിക്കണമെന്നാണ് സഭയുടെ കാഴ്ചപ്പാട്. നീതിയുടെയും സ്നേഹത്തിന്റെയും കടമകൾ നിർവഹിച്ചുകൊണ്ട് സമൂഹത്തിന്റെ സുസ്ഥിതിയ്ക്കായി വ്യക്തി പ്രവർത്തിക്കണം. തെറ്റും ശരിയും കേവലം വൈയക്തികമായ തലത്തിൽ നിർണയിക്കുന്നത് സാമൂഹിക വിരുദ്ധതയാണ്. വളരെ വ്യക്തമായി ഉദാഹരണ സഹിതം കൗൺസിൽ ചൂണ്ടിക്കാട്ടുന്ന സാമൂഹികമായ ഉത്തരവാദിത്വം ശ്രദ്ധിക്കേണ്ടതുണ്ട്: ''ഉന്നതവും ഉദാരവുമായ ആദർശങ്ങൾ പുലർത്തുന്നവരാണ് തങ്ങളെന്ന് ചിലർ പ്രഖ്യാപിക്കുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ സമൂഹത്തിന്റെ ആവശ്യങ്ങളെപ്പറ്റി ഒരു ചിന്തയും ഇല്ലാതെ ജീവിക്കുന്ന ചിലർ ഉണ്ട്. വിവിധ സ്ഥലങ്ങളിൽ അനേകം പേർ സാമൂഹ്യനിയമങ്ങളെയും നിർദ്ദേശങ്ങളെയും നിസ്സാരമായി കരുതുന്നു. ന്യായാനുസൃതമായ നികുതികളിൽ നിന്നും ചതിയും വഞ്ചനയും വഴി ഒഴിഞ്ഞുമാറാൻ പരിശ്രമിക്കുന്നവരും വിരളമല്ല. വേറെ ചിലർ സാമൂഹ്യജീവിതത്തിനാവശ്യമായ മാനദണ്ഡങ്ങളെ കാര്യമായി കണക്കാക്കുന്നില്ല. ഉദാഹരണമായി, ആരോഗ്യപരിപാലന

www.malankaralibrary.com



ത്തിനുള്ള പൊതുനിയമങ്ങൾ, വാഹനങ്ങളുടെ വേഗത നിയന്ത്രിക്കുന്ന നിയമങ്ങൾ ഇവയിലുള്ള അശ്രദ്ധയാൽ അവർ തങ്ങളുടെയും മറ്റുള്ളവരുടെയും ജീവിതത്തെ അപകടത്തിലാക്കുകയാണെന്ന വസ്തുതയെപ്പറ്റി ചിന്തിക്കുന്നേയില്ല'' (30).

**സമൂഹത്തിന്റെ പുനഃനിർമാണം**

ക്രിസ്തീയമനുഷ്യദർശനവും സാമൂഹികവീക്ഷണവും വെറുമൊരു തത്വശാസ്ത്രത്തിന്റെ ഭാഗമല്ല. യേശുക്രിസ്തുവിൽ കേന്ദ്രീകൃതമായ വിശ്വാസത്തിൽനിന്നാണ് അവ രൂപംകൊള്ളുന്നത്. യേശു: പുതിയ മനുഷ്യൻ, യേശു: ദൈവത്തിന്റെ പ്രതിഛായ, യേശു: വിമോചകൻ എന്നീ പ്രമേയങ്ങളിലൂടെയാണ് ക്രിസ്തീയവിശ്വാസമനുസരിച്ച് ക്രിസ്തുവും മനുഷ്യരാശിയും തമ്മിലുള്ള ബന്ധം കൗൺസിൽ അവതരിപ്പിക്കുന്നത്. യഥാർത്ഥ മനുഷ്യവിജ്ഞാനീയം, ക്രിസ്തീയവിശ്വാസമനുസരിച്ച്, ക്രിസ്തുവിജ്ഞാനീയത്തിൽനിന്നു മാത്രമേ ലഭിക്കുകയുള്ളൂ. യേശുക്രിസ്തു മനുഷ്യത്വത്തിന്റെ പൂർണതയും നിദർശനവുമാണ്. മനുഷ്യൻ എന്തായിത്തീരണമെന്നറിയാൻ ക്രിസ്തുവിനെ പഠിക്കണം. ക്രിസ്തുവിൽ വ്യക്തിയും സമൂഹവും പുതിയൊരു പാത കണ്ടെത്തുന്നു. മനുഷ്യരാശിയുടെ വിമോചകനായ ക്രിസ്തു അനുരഞ്ജനത്തിന്റെയും സ്നേഹത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും മാതൃക നല്കുന്നു.

ക്രിസ്തുവിൽ നിറവേറിയ രക്ഷ സമൂഹാത്മകമാണ്. രക്ഷയിലേക്കുള്ള മാർഗവും രക്ഷയുടെ സാക്ഷാത്കാരവും സമൂഹത്തോടു ബന്ധപ്പെട്ടതാണ്. രക്ഷയിലേക്കു നയിക്കുന്ന മാർഗം സ്നേഹത്തിന്റേതാണ്. ദൈവസ്നേഹവും സഹോദരസ്നേഹവും ഒരേ സ്നേഹത്തിന്റെ രണ്ടുവശങ്ങളാണ്. സമൂഹം ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമാണെങ്കിൽ അതിനു രൂപം നല്കേണ്ടതു സ്നേഹത്തിലധിഷ്ഠിതമായ ബന്ധങ്ങളാണ്.

സ്നേഹത്തിലൂടെ സംജാതമാകേണ്ട മനുഷ്യർ തമ്മിലുള്ള ഐക്യദാർഢ്യം യേശു തന്റെ ജീവിതത്തിലൂടെ കാണിച്ചുതന്നതെങ്ങനെയെന്ന് പ്രമാണരേഖ ചൂണ്ടിക്കാട്ടുന്നു: ''മനുഷ്യനായി അവതരിച്ച ദൈവവചനം മനുഷ്യരുമായുള്ള സഹവർത്തനത്തിൽ ഭാഗഭാക്കാകാൻ

www.malankaralibrary.com



ആഗ്രഹിച്ചു. അവിടുന്ന് കാനായിലെ വിവാഹവിരുന്നിൽ പങ്കെടുത്തു; സക്കേവൂസിന്റെ ഭവനത്തെ സന്ദർശിച്ചു. ചുങ്കക്കാരോടും പാപികളോടുമൊരുച്ചിരുന്നു ഭക്ഷണം കഴിച്ചു. സാമൂഹ്യജീവിതത്തിൽ സർവസാധാരണമായ മാർഗങ്ങളിലൂടെയും അനുദിനജീവിതത്തിലെ സംസാരശൈലികൾ, അലങ്കാരങ്ങൾ എന്നിവയുടെ ഉപയോഗത്തിലൂടെയും അവിടുന്നു പിതാവിന്റെ സ്നേഹവും മനുഷ്യന്റെ ഉന്നതമായ വിളിയും വ്യക്തമാക്കി" (32). സ്നേഹം, സൗഹൃദം, സാഹോദര്യം എന്നീ ഭാവങ്ങളാണ് യേശുവിന്റെ ജീവിതത്തിലും പ്രവർത്തനത്തിലും നിറഞ്ഞുനില്ക്കുന്നത്. തനിക്കു വേണ്ടിത്തന്നെയുള്ള മനുഷ്യന്റെ സ്ഥാനത്ത്, മറ്റുള്ളവർക്കുവേണ്ടിയുള്ള മനുഷ്യന്റെ ജീവിതമാതൃക യേശു നല്കി. ഈ മാതൃകയാണ് മനുഷ്യസമൂഹത്തിന്റെ പുനഃനിർമാണത്തിന് ആവശ്യമായിരിക്കുന്നത്.

**മാനുഷികപ്രവർത്തനങ്ങളും ദൈവികപദ്ധതിയും**

ദൈവഛായയായ മനുഷ്യൻ തന്നെപ്പോലുള്ള ഇതരമനുഷ്യരുൾപ്പെടുന്ന തന്റെ സമൂഹത്തോടെന്നപോലെ ഭൗതികലോകത്തോടും ബന്ധപ്പെട്ടിരിക്കുന്നു. മാനുഷിക പ്രവർത്തനങ്ങൾ വഴി ദൈവപരിപാലനയിൽ പങ്കുചേരാനുള്ള നിയോഗമാണ് മനുഷ്യനു ലഭിച്ചിരിക്കുന്നത്. പ്രപഞ്ചത്തെ പൂർണതയിലേക്കു നയിക്കാനുള്ള ജോലി സ്രഷ്ടാവിൽനിന്നു ലഭിച്ച കാര്യസ്ഥനാണ് മനുഷ്യൻ (ഉത്പ. 1:26; ജ്ഞാനം 2:23; പ്രഭാ. 17:3-10). ഈ പശ്ചാത്തലത്തിലാണ്, ശാസ്ത്രം, സാങ്കേതികവിദ്യ, കാർഷികവും വ്യാവസായികവുമായ ഉത്പാദനം, വ്യാപാരം ഇവയെയെല്ലാം കാണേണ്ടത്. മാനുഷികപ്രവർത്തനങ്ങളുടെ അർത്ഥവും മൂല്യവുമെന്താണെന്ന് ചോദിച്ചുകൊണ്ട്, പ്രമാണരേഖ നല്കുന്ന ഉത്തരമിതാണ്: ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ വേണ്ടി മനുഷ്യൻ നൂറ്റാണ്ടുകളിലൂടെ ഒറ്റയ്ക്കും മറ്റുള്ളവരോടൊത്ത് ചേർന്നും ചെയ്തിട്ടുള്ള പരിശ്രമങ്ങൾ ഗണനീയങ്ങളാണ്. അതിൽ തന്നെ നോക്കിയാൽ ഈ മാനുഷികപ്രവർത്തനങ്ങൾ ദൈവതിരുമനസ്സിനോട് യോജിക്കുന്നുണ്ടെന്നത് വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഒരനിഷേധ്യമായ യാഥാർത്ഥ്യമാണ്. ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ലോകത്തെയും അതിലുള്ള സകലത്തെയും കീഴ്പ്പെടുത്തുവാനും നീതിയിലും വിശുദ്ധിയിലും അവയെ ഭരിക്കാനുമുള്ള കല്പന സ്വീകരിച്ചു. സകലത്തിന്റെയും സ്രഷ്ടാവായ ദൈവത്തെ അംഗീകരിക്കുക, തന്നെത്തന്നെയും സകലവസ്തുക്കളെയും മനുഷ്യനു കീഴ്പ്പെടുത്തി ദൈവ

www.malankaralibrary.com



നാമം ലോകം മുഴുവനിലും പ്രകീർത്തിക്കപ്പെടുവാൻ ഇടയാക്കുക എന്ന താണ് ഇതിന്റെ ഉദ്ദേശ്യം'' (34).

മനുഷ്യന്റെ പ്രവർത്തനങ്ങൾ മനുഷ്യവ്യക്തിക്കും സമൂഹ ത്തിനും നന്മ കൈവരിക്കാൻ സഹായിക്കണം. പലപ്പോഴും സ്വാർത്ഥത ലോകത്തിലെ പ്രവർത്തനങ്ങളെ നയിക്കുന്നു. അതിന്റെ ഫലമായി മാനവസമൂഹത്തിന് വളരെ ദോഷങ്ങളുണ്ടാകുന്നു. ഉത്കൃഷ്ടമായ നീതി, വ്യാപകമായ സാഹോദര്യം, മനുഷ്യത്വമുള്ള സാമൂഹിക ബന്ധ ങ്ങൾ എന്നിവ കൂടാതെ മനുഷ്യന്റെ ലോകത്തിലെ പ്രവർത്തനങ്ങൾ യഥാർത്ഥ പുരോഗതിക്കും സന്തോഷത്തിനും സഹായകമാകുകയില്ല (35). മൂല്യാധിഷ്ഠിത സമീപനമായിരിക്കണം എല്ലാ പ്രവർത്തനങ്ങ ളെയും നയിക്കേണ്ടത്.

**ലോകവും ദൈവരാജ്യവും**

ലോകത്തിലുള്ള മനുഷ്യന്റെ പ്രവർത്തനങ്ങൾ എങ്ങനെ യേശു പ്രഘോഷിച്ച ദൈവരാജ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു? ഈ ചോദ്യ ത്തിനുത്തരം പ്രമാണരേഖ നല്കുന്നുണ്ട്. "പുതിയ ഭൂമിയും പുതിയ ആകാശവും'' എന്ന കാഴ്ചപ്പാട് അവതരിപ്പിച്ചുകൊണ്ടാണ് ഇത് ചെയ്യു ന്നത്. യുഗാന്ത്യത്തിലെ പൂർണതയാണ് "പുതിയ ഭൂമിയും പുതിയ ആകാശവും'' സൂചിപ്പിക്കുന്നത്. ഈ പൂർണതയെ ഇന്നത്തെ ലൗകിക ജീവിതവും പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തിയാണ് പ്രമാണരേഖ അവതരിപ്പിക്കുന്നത് "പുതിയൊരു ഭൂമിക്കുവേണ്ടിയുള്ള പ്രതീക്ഷ ഐഹികജീവിതത്തെ അലക്ഷ്യമായി വീക്ഷിക്കാനല്ല, മറിച്ച് ഇതിനെ കാര്യമായി ഗണിച്ച് അഭിവൃദ്ധിപ്പെടുത്താനാണ് പ്രചോദനം നല്കേണ്ട ത്. കാരണം, ഈ ലോകത്തിലാണ് വരാനിരിക്കുന്ന ലോകത്തിന്റെ ഏതാണ്ട് ഒരു ഛായയായ നൂതന മനുഷ്യകുടുംബത്തിന്റെ ആ ശരീരം വളരുന്നത്. ഭൗമികപുരോഗതിയെ ക്രിസ്തുരാജ്യത്തിന്റെ വളർച്ചയിൽ നിന്ന് ശ്രദ്ധാപൂർവം വേർതിരിച്ചു മനസ്സിലാക്കണം. എങ്കിലും മനുഷ്യ സമുദായത്തിന്റെ കൂടുതൽ മെച്ചപ്പെട്ട ഒരു സംവിധാനത്തിന് സഹായ കമാകുന്നതനുസരിച്ച് ദൈവരാജ്യത്തോട് അതിന് സജീവബന്ധമുണ്ട്'' (39).

ദൈവരാജ്യത്തിന് ഇഹലോകത്തോടുള്ള ബന്ധം തെളിഞ്ഞു

www.malankaralibrary.com



കാണുന്നത് മൂല്യങ്ങളുടെ തലത്തിലാണ്. മനുഷ്യർ ലോകത്തിൽ സത്യവും നീതിയും സ്നേഹവും വളർത്തുമ്പോൾ ലോകം ദൈവരാജ്യത്തിന് അനുരൂപപ്പെടുകയാണ്. മനുഷ്യമാഹാത്മ്യവും, സാഹോദര്യവും, സ്വാതന്ത്ര്യവും, ഐക്യവും യാഥാർത്ഥ്യമാക്കുന്നിടത്തെല്ലാം ലൗകികരാജ്യം ദൈവരാജ്യത്തിന് അനുരൂപപ്പെടുകയാണ്. അതുകൊണ്ടാണ് ക്രൈസ്തവവവീക്ഷണത്തിൽ പരലോകപ്രതീക്ഷ ഇഹലോകപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നത്. ഇഹലോകത്തെ പരലോകവുമായി താദാത്മ്യപ്പെടുത്താൻ ആവില്ലെന്നത് ശരിതന്നെ. കാരണം, ഇഹലോകത്തിന് അന്തിമ രൂപാന്തരീകരണം ഉണ്ടാകുമെന്നതും ക്രൈസ്തവ യുഗാന്ത്യവീക്ഷണത്തിന്റെ ഭാഗമാണ്.[8] പക്ഷേ, ഇവിടെ ലോകത്തിൽ വളർത്തിയെടുക്കുന്ന ദൈവരാജ്യത്തിന്റെ സവിശേഷതകൾ "പുതിയ ഭൂമിയും ആകാശവും" പ്രത്യക്ഷപ്പെടുമ്പോൾ നിലനില്ക്കും. അതുകൊണ്ടു തന്നെയാണ് ക്രിസ്തീയ ദർശനം ലോകത്തിലുള്ള പ്രതിബദ്ധതയെ സുപ്രധാന ദൗത്യമായി കാണുന്നത്. ഭൗതികക്ഷേമം യഥാർത്ഥത്തിൽ കേവലം ഭൗതികമായ നേട്ടം മാത്രമല്ല ലക്ഷ്യമാക്കുന്നത്. ദൈവരാജ്യത്തിന്റെ ആഗമനത്തിനു വേണ്ടി നല്കുന്ന ശുശ്രൂഷയും അതിലടങ്ങിയിട്ടുണ്ട്. മനുഷ്യർക്കെല്ലാം കൂടുതൽ മനുഷ്യോചിതമായ ജീവിതസാഹചര്യങ്ങൾ ഒരുക്കാനും അന്തസ്സും സമത്വവും അംഗീകരിച്ചു കിട്ടാനും വേണ്ടി ചെയ്യുന്ന പരിശ്രമങ്ങൾ ദൈവരാജ്യത്തിന് യോജിച്ചവ തന്നെയാണ്.

### ലോകത്തിൽ സഭയുടെ ധർമ്മം

ദൈവരാജ്യത്തിന്റെ സന്ദേശം സ്വീകരിച്ചിരിക്കുന്ന സഭ ലോകത്തിൽ മനുഷ്യരെ സേവിക്കാൻ നിയുക്തയാണ്. മനുഷ്യനന്മയിൽ കേന്ദ്രീകരിച്ചുള്ള എല്ലാ പ്രവർത്തനങ്ങളും സഭയുടെ ലോകത്തിലുള്ള ദൗത്യനിർവഹണത്തിന്റെ ഭാഗമാണ്. വ്യക്തികൾക്കും സമൂഹങ്ങൾക്കും ലോകത്തിനു മുഴുവനും സഭ സേവനമർപ്പിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു (40-42). മനുഷ്യകുടുംബത്തിന്റെ മുഴുവൻ ആത്മാവും പുളിമാവുമായി നിലകൊള്ളുകയാണ് അടിസ്ഥാനപരമായി സഭാധർമ്മം (40). ഇത് രാഷ്ട്രീയമോ, സാമ്പത്തികമോ, സാമൂഹികമോ ആയ ജോലിയല്ല സഭയിൽ നിന്ന് ആവശ്യപ്പെടുന്നത്. സഭാദൗത്യം തികച്ചും മതാത്മകമാണ്. പക്ഷേ, ഈ മതാത്മക ദൗത്യത്തിൽ നിന്നു തന്നെ ദൈവികപദ്ധതിയനുസരിച്ച് മനുഷ്യസമൂഹത്തെ സത്യത്തിലും നീതിയിലും സ്നേഹത്തിലും ഉറപ്പി

www.malankaralibrary.com



ക്കുവാനുള്ള കടമയും ഉൾപ്പെടുന്നുണ്ട്. കൗൺസിലിന്റെ വാക്കുകളിൽ പറഞ്ഞാൽ "തന്മൂലം സ്ഥലകാല സാഹചര്യങ്ങൾ ആവശ്യപ്പെടുമ്പോൾ മനുഷ്യവംശത്തിനുവേണ്ടി നൂതനപരിപാടികൾ ആസൂത്രണം ചെയ്യാൻ സഭയ്ക്കു കഴിയും. അങ്ങനെ ചെയ്യാൻ സഭയ്ക്കു കടമയുണ്ട്. പട്ടിണിപ്പാവങ്ങളുടെ ഉന്നമനത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം ഇതു തികച്ചും വാസ്തവമാണ്. കാരുണ്യപ്രവർത്തികളും അവയ്ക്കു തുല്യമായവയും ഇത്തരത്തിൽപ്പെടുന്നു" (42).

ലോകത്തിലെ പ്രതിബദ്ധത ക്രൈസ്തവവ്യക്തികളുടെയും സഭാസമൂഹം മുഴുവന്റെയും ഉത്തരവാദിത്വമാണ്. ആദ്ധ്യാത്മികം, ഭൗതികം എന്നിങ്ങനെ വേർതിരിച്ചു ജീവിതത്തിലെ കടമകളെ സമീപിക്കുന്ന രീതി വത്തിക്കാൻ കൗൺസിൽ അംഗീകരിക്കുന്നില്ല. "ചില ആരാധനാപ്രകടനങ്ങളിലും ധാർമികമായ കടമകളുടെ നിർവഹണത്തിലും മാത്രമാണ് മതപരമായ ജീവിതം മുഴുവൻ അടങ്ങിയിരിക്കുന്നതെന്ന് കരുതി, ഭൗമികകാര്യങ്ങളെയെല്ലാം ആദ്ധ്യാത്മിക ജീവിതവുമായി യാതൊരു ബന്ധമില്ലാത്തതെന്ന് വിഭാവനം ചെയ്ത് അവയിൽ അനിയന്ത്രിതമായി മുഴുകുന്നവരുടെ ചിന്താഗതി പ്രമാദപൂർണമാണ്. പലരും സ്വീകരിച്ചിരിക്കുന്ന വിശ്വാസവും അവരുടെ അനുദിന ജീവിതവും തമ്മിലുള്ള ഈ പിളർപ്പ് ഇക്കാലത്തെ ഏറ്റവും ഗുരുതരമായ തെറ്റുകളിൽ ഒന്നാണ്...." (43). ഈ വീക്ഷണത്തിന് വിശുദ്ധ ഗ്രന്ഥത്തിന്റെ പിൻബലമുണ്ട്. ഈ പ്രവണതയ്ക്കെതിരെ പഴയനിയമപ്രവചനങ്ങളും സുവിശേഷങ്ങളും താക്കീത് വ്യക്തമായി നല്കുന്നുണ്ട്.

ക്രിസ്തീയ മനുഷ്യദർശനത്തിൽ ഉറച്ചുനിന്നുകൊണ്ട് സമൂഹത്തോടും ലോകത്തോടും സഭ നിർവഹിക്കേണ്ട ധർമം വത്തിക്കാൻ കൗൺസിൽ സഭ ആധുനികലോകത്തിൽ എന്ന പാസ്റ്ററൽ കോൺസ്റ്റിറ്റ്യൂഷനിലൂടെ വ്യക്തമാക്കി. ബൃഹത്തായ ഈ പ്രമാണരേഖയുടെ ആദ്യഭാഗം അടിസ്ഥാന കാഴ്ചപ്പാടുകളാണ് പ്രധാനം ചെയ്യുന്നത്. അവയിലുറച്ചു നിന്നുകൊണ്ട് അടിയന്തിര ശ്രദ്ധ അർഹിക്കുന്ന ചില മാനുഷികപ്രശ്നങ്ങളിലേക്ക് പ്രമാണരേഖ കടന്നു ചെല്ലുന്നു. കുടുംബം, സംസ്കാരം, സാമ്പത്തിക-സാമൂഹികക്രമം, രാഷ്ട്രസംവിധാനം, ലോകസമാധാനം തുടങ്ങിയ സുപ്രധാന വിഷയങ്ങളെ രണ്ടാം ഭാഗം സുദീർഘമായി ചർച്ച ചെയ്യുന്നു. ഇതിന്റെയെല്ലാം പിന്നിൽ സഭ ലക്ഷ്യം

www.malankaralibrary.com



വയ്ക്കുന്നത് കൂടുതൽ ഔദാര്യത്തോടും കാര്യക്ഷമതയോടും കൂടെ മനുഷ്യനെ ശുശ്രൂഷിക്കുക മാത്രമാണെന്ന് വ്യക്തമാക്കിക്കൊണ്ടാണ് പ്രമാണരേഖ ഉപസംഹരിക്കുന്നത് (93).

പ്രമാണരേഖയുടെ സ്വാധീനം

'സഭ ആധുനിക ലോകത്തിൽ' എന്ന കൗൺസിൽ പ്രമാണ രേഖ സഭയുടെ വീക്ഷണത്തിലും ജീവിതത്തിലും വലിയ സ്വാധീന മാണ് ഉളവാക്കിയത്. വത്തിക്കാൻ കൗൺസിലിനു ശേഷം ഇറങ്ങിയ സഭയുടെ ഔദ്യോഗിക പ്രബോധനങ്ങൾ പലതും പ്രമാണരേഖയുടെ ആശയഗതികൾ സ്വീകരിക്കുന്നവയാണ്. ലോകനീതി, സുവിശേഷപ്ര ഘോഷണം, പ്രേഷിതപ്രവർത്തനം തുടങ്ങിയ വിഷയങ്ങളെ സംബ ന്ധിച്ചുള്ള വത്തിക്കാൻ രേഖകൾ ഇതിനു തെളിവാണ്. ദൈവശാസ്ത്ര ത്തിൽ പുതിയൊരു ആഭിമുഖ്യം തന്നെ വളർത്തിയെടുക്കുന്നതിന് പ്രമാ ണരേഖ കാരണമായി എന്ന് നിസംശയം പറയാം. "വിമോചനദൈവ ശാസ്ത്രം", "സാമൂഹികപ്രതിബദ്ധതയുടെ ദൈവശാസ്ത്രം", "ജനകീയ ദൈവശാസ്ത്രം" എന്നിങ്ങനെ ആധുനിക ദൈവശാസ്ത്ര ചിന്താധാര കളെ സൂചിപ്പിക്കുന്ന മലയാളത്തിൽ തന്നെയുള്ള പേരുകൾ ശ്രദ്ധേയ മാണ്.

വിവിധ രാജ്യങ്ങളുടെ എപ്പിസ്കോപ്പൽ കോൺഫറൻസുകളുടെ ചർച്ചകളെയും തീരുമാനങ്ങളെയും കഴിഞ്ഞ നാല്പത് വർഷങ്ങളായി സഭ ആധുനികലോകത്തിൽ എന്ന പ്രമാണരേഖ നിർണായകമായി സ്വാധീനിച്ചുകൊണ്ടാണിരിക്കുന്നത്. പ്രത്യേകം എടുത്തു പറയേണ്ട താണ് ലാറ്റിൻ അമേരിക്കൻ സഭയുടെ എപ്പിസ്കോപ്പൽ കോൺഫ റൻസ് നല്കിയിട്ടുള്ള രേഖകൾ. ഫെഡറേഷൻ ഓഫ് ഏഷ്യൻ ബിഷപ്സ് കോൺഫറൻസിന്റെ രേഖകൾ പ്രമാണരേഖയ്ക്ക് ഏഷ്യ യിലുണ്ടായിട്ടുള്ള സ്വാധീനം ചൂണ്ടിക്കാട്ടുന്നു. കേരളസഭയിലും അതു പോലെ ഇന്ത്യൻ സഭയിൽ മുഴുവനായി സഭ ആധുനിക ലോകത്തിൽ എന്ന കൗൺസിൽ പ്രമാണരേഖ കൂടുതൽ സാമൂഹികാവബോധവും പ്രതിബദ്ധതയും വളർത്താൻ സഹായകമായി എന്നതിൽ സംശയമില്ല. കഴിഞ്ഞ നാലു ദശകങ്ങളായിട്ടുള്ള കെ.സി.ബി.സി.യുടെയും സി.ബി. സി.ഐ.യുടെയും പഠനങ്ങളും പ്രബോധനങ്ങളും അതാണ് സൂചിപ്പി ക്കുന്നത്. സാമൂഹിക നീതി എന്ന കേരളസഭാ നേതൃത്വത്തിന്റെ 1983-ലെ സംയുക്ത ഇടയലേഖനം, 1987-ൽ കെ.സി.ബി.സി. പ്രസിദ്ധീകരിച്ച ധർമസംസ്ഥാപനം എന്ന പഠനം നാം ആരും അന്യരല്ല എന്ന 1993-ലെ

www.malankaralibrary.com



കെ.സി.ബി.സി.യുടെ പ്രബോധനം തുടങ്ങിയവ കേരളസഭയുടെ ചിന്താതലത്തിലുള്ള പുതിയാഭിമുഖ്യങ്ങൾക്ക് വ്യക്തമായ ഉദാഹരണങ്ങളാണ്. സഭയുടെ ചിന്താതലത്തിലെന്നപോലെ പ്രായോഗികജീവിതത്തിലും പ്രമാണരേഖയുടെ സ്വാധീനം നിർണയിക്കാൻ കൂടുതൽ പഠനവും അന്വേഷണവും നടത്തേണ്ടിയിരിക്കുന്നു.

**കുറിപ്പുകൾ**

1. John XXIII, "Humanae Salutis" Acta Apostolicae Sedis 54 (1962), p. 9.
2. ഈ ലേഖനത്തിൽ ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പറുകളെല്ലാം സഭ ആധുനിക ലോകത്തിൽ എന്ന പ്രമാണരേഖയുടെതാണ്.
3. Yves Congar, "The Role of the church in the modern world", commentary on the Documents of Vatican II edited by H. Vorgrimler (New York 1969), P.211.
4. തിരുസ്സഭ, അദ്ധ്യായം 2, നമ്പർ 9-17.
5. പ്രമാണരേഖയുടെ "മനുഷ്യകേന്ദ്രീകൃത വീക്ഷണം" ലേഖകൻ, The Christian vision of man (Banglore, Asian trading corporation 1984) എന്ന ഗ്രന്ഥത്തിൽ വിശദപഠനത്തിന് വിധേയമാക്കുന്നുണ്ട്: പ്രത്യേകിച്ച് പേജ് നാല്പതുമുതലുള്ള ഭാഗം കാണുക.
6. George Karakunnel, The Christian Vision of Man, P.P- 52-54; cf also, J.L Segundo, Signs of the Times, Theological Reflections (New York Orbis Books, 1993), P.P. 128 ff.
7. അടുത്തകാലത്ത് പ്രസിദ്ധീകരിച്ച ഇന്റർനാഷണൽ തിയോളജിക്കൽ കമ്മീഷന്റെ Communion and Stewarship: Human Persons Created in the Image of God (Vatican 2005). ക്രിസ്തീയമനുഷ്യവിജ്ഞാനീയത്തിന്റെ ഈ കേന്ദ്രാശയത്തെ ആസ്പദമാക്കിയുള്ള പഠനമാണ്.
8. The Cristian Vision of man, P. 227.

www.malankaralibrary.com

# രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ദൈവാവിഷ്കരണത്തെക്കുറിച്ചുള്ള പ്രമാണരേഖയും കേരളകത്തോലിക്കാ സഭയും

റവ. ഡോ. ജോസഫ് തൊണ്ടിപ്പറമ്പിൽ

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പതിനാറ് പ്രമാണരേഖകളിൽവച്ച് സാധാരണക്കാർ അധികം ശ്രദ്ധിച്ചിട്ടില്ലാത്ത ഒന്നാണ് ദൈവാവിഷ്കരണത്തെ സംബന്ധിച്ചുള്ള രേഖ. ഒരു പക്ഷേ, ദൈവശാസ്ത്രവീക്ഷണത്തിൽ "തിരുസ്സഭ" എന്ന പ്രമാണരേഖയ്ക്കൊപ്പം പ്രാധാന്യമുള്ളതാണ് ദൈവാവിഷ്കരണത്തെ സംബന്ധിച്ചുള്ള കോൺസ്റ്റിറ്റ്യൂഷൻ. ഈ രണ്ടു പ്രമാണരേഖകളുമാണ് മറ്റു രേഖകൾക്ക് താത്വിക അടിസ്ഥാനം നല്കുന്ന ഘടകങ്ങൾ. സഭ എന്താണെന്ന വിഷയം തിരുസ്സഭ എന്ന രേഖയിൽ അനാവരണം ചെയ്തിരിക്കുന്നു. സഭ എന്താണെന്ന് മനസ്സിലാക്കിയിട്ടുവേണമല്ലോ സഭ എങ്ങനെയാണ് പ്രവർത്തിക്കേണ്ടത് എന്ന കാര്യത്തിലേക്ക് കടക്കാൻ. അതാണ് "ദൈവാവിഷ്കരണം" ഒഴികെയുള്ള പ്രമാണരേഖകളിൽ ചെയ്തിരിക്കുന്നത്. എന്നാൽ സഭയ്ക്ക് തന്നെപ്പറ്റിത്തന്നെയുള്ള അവബോധം എവിടെനിന്ന് ലഭിക്കുന്നു? നൂറ്റാണ്ടുകൾക്കുമുമ്പ് ദൈവം നല്കിയ സന്ദേശവും പരിത്രാണപദ്ധതിയും ഇന്ന് എവിടെയാണ് കാണുന്നത്? സഭയിൽ. അത് സഭയിൽ എങ്ങനെ നിലനില്ക്കുന്നു? ഈ വെളിപ്പെടുത്ത

www.malankaralibrary.com



ലിന്റെ സ്വഭാവം എന്ത്? ഈ വെളിപ്പെടുത്തലിന്റെ ലക്ഷ്യം എന്ത്? തുടങ്ങിയ ഏറ്റം അടിസ്ഥാനപരമായ താത്വികവിഷയങ്ങളാണ് "ദൈവാവിഷ്കരണ"ത്തിൽ നമ്മൾ കാണുന്നത്.

ദൈവാവിഷ്കരണത്തെക്കുറിച്ചുള്ള വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖ, കേരളസഭയിൽ ഉളവാക്കിയ ചലനം മനസ്സിലാക്കാൻ ശ്രമിക്കുകയാണ് ഈ പഠനത്തിൽ ചെയ്തിരിക്കുന്നത്. ഈ പഠനം സ്വാഭാവികമായും പ്രമാണരേഖയുടെ രൂപീകരണചരിത്രത്തിലേക്കും അതിന്റെ ഉള്ളടക്കത്തിലേക്കും കടക്കാൻ നമ്മെ സഹായിക്കും; കാരണം കൗൺസിലിന്റെ ഈ രേഖ സഭയ്ക്കു നല്കിയ ഉൾക്കാഴ്ചകൾ മനസ്സിലാക്കാൻ ഈ പരിഗണന ആവശ്യമാണ്. ദൈവാവിഷ്കരണത്തിലെ ചിന്താധാരകൾ മനസ്സിലാക്കാൻ അതിന്റെ രൂപീകരണത്തിന്റെ ചരിത്രം വിശകലനം ചെയ്യുന്നത് ഏറ്റെ സഹായകരമാണ്.

**ദൈവാവിഷ്കരണത്തിന്റെ ചരിത്രം**

കൗൺസിലിന്റെ നടപടിക്രമമനുസരിച്ച് അതിൽ ചർച്ചചെയ്യപ്പെടേണ്ട വിഷയങ്ങളെ സ്കേമകളാക്കി തിരിച്ച് അതിനായി രൂപം കൊടുത്തിട്ടുള്ള ദൈവശാസ്ത്രകമ്മീഷൻ ഒരു പ്രഥമ ഡ്രാഫ്റ്റ് സിനഡു പിതാക്കന്മാർക്ക് സമർപ്പിക്കേണ്ടിയിരുന്നു. അതനുസരിച്ച് കർദ്ദിനാൾ ഒട്ടോവിയാനി അധ്യക്ഷനായിരുന്ന ദൈവശാസ്ത്രകമ്മീഷൻ തയ്യാറാക്കിയ ആദ്യസ്കേമ "Schema Constitutionis Dogamaticae de Fontibus Revelationis" (ദൈവികവെളിപാടിന്റെ ഉറവിടങ്ങളെപ്പറ്റിയുള്ള സ്കേമ) എന്ന പേരിൽ 1962 നവംബർ 14-ാം തീയതി കൗൺസിൽ ഹാളിൽ അവതരിപ്പിക്കപ്പെട്ടു. കൗൺസിലിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഒന്നായിരുന്ന സഭകളുടെ ഐക്യത്തെ ഹനിക്കുന്ന ഒരു സൂചന ഈ സ്കേമയുടെ തലക്കെട്ടിൽതന്നെ ഉണ്ടായിരുന്നു. അതിന്റെ ചരിത്രം ഇതാണ്.

പതിനാറാം നൂറ്റാണ്ടിൽ നടന്ന പ്രൊട്ടസ്റ്റന്റ് നവോത്ഥാനകാലം മുതൽ തന്നെ ദൈവികവെളിപാടിന്റെ ഉറവിടത്തെ സംബന്ധിച്ച് കത്തോലിക്കാസഭയും പ്രൊട്ടസ്റ്റന്റ് സഭകളും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായിരുന്നു. ദൈവികവെളിപാടിന്റെ ഉറവിടമായി വി. ലിഖിതം മാത്രമേയുള്ളൂ (Sola Soriptura) എന്ന് ലൂഥർ പഠിപ്പിച്ചപ്പോൾ ത്രെന്തോസ് സൂനഹദോസ് പ്രഖ്യാപിച്ചത് ദൈവികവെളിപാട് വി. ലിഖിതത്തിലും

www.malankaralibrary.com



പാരമ്പര്യത്തിലും അടങ്ങിയിരിക്കുന്നു എന്നാണ്. ത്രെന്തോസ് സൂനഹദോസിന്റെ പ്രഖ്യാപനത്തിന്റെ പുറകിലും ഒരു ചരിത്രമുണ്ട്. അന്ന് പിതാക്കന്മാർക്ക് ചർച്ചയ്ക്കായി നല്കപ്പെട്ടിരുന്ന ഡ്രാഫ്റ്റിൽ ദൈവികവെളിപാട് ഭാഗികമായി വി. ഗ്രന്ഥത്തിലും ഭാഗികമായി പാരമ്പര്യത്തിലും (partly ... partly) എന്നാണ് പറഞ്ഞിരുന്നത്. ഡ്രാഫ്റ്റിന്റെ ടെക്സ്റ്റ് അനുസരിച്ച് വി. ലിഖിതവും പാരമ്പര്യവും രണ്ട ഉറവിടങ്ങളായിട്ടാണ് കണക്കാക്കപ്പെട്ടിരുന്നത്. എന്നാൽ അവസാനഘട്ടം വോട്ടെടുപ്പിൽ പിതാക്കന്മാർ രണ്ടു ഉറവിടങ്ങൾ എന്ന് വ്യക്തമായി പഠിപ്പിക്കാതെ വി. ലിഖിതവും പാരമ്പര്യവും ദൈവികവെളിപാട് ഉൾക്കൊള്ളുന്നു എന്നാണ് പഠിപ്പിച്ചത്. കർദ്ദിനാൾ ഒട്ടോവിയാനി തയ്യാറാക്കിയ ആദ്യ ഡ്രാഫ്റ്റിൽ ത്രെന്തോസ് സൂനഹദോസുപോലും വ്യക്തമാക്കാത്ത കാര്യം, പ്രൊട്ടസ്റ്റന്റുകാരുമായി ഏറ്റം അധികം അഭിപ്രായവ്യത്യാസമുള്ള സംഗതി, വളരെ തെളിവായി അവതരിപ്പിക്കുകയാണ് ചെയ്തത്. തന്നെയുമല്ല, ദൈവാവിഷ്കരണത്തെപ്പറ്റി വളരെ ഇടുങ്ങിയ ചിന്താഗതിയാണ് അതിൽ പ്രകടമായിരുന്നത്. നിത്യസത്യങ്ങൾ പഠിപ്പിക്കാനുള്ള ഒരുപാധിയായിട്ടാണ് ദൈവികവെളിപ്പെടുത്തലിനെ ഈ ഡ്രാഫ്റ്റ് സമീപിച്ചത്. തികച്ചും പ്രതിലോമപരമായ സമീപനം സ്വീകരിച്ച ഈ ഡ്രാഫ്റ്റ് ഒരുവിധത്തിലും തങ്ങൾക്കു സ്വീകാര്യമല്ല എന്ന് കൗൺസിൽ പിതാക്കന്മാരിൽ ഒരു വലിയ വിഭാഗം അഭിപ്രായപ്പെട്ടു. "mibi nou placet" (എനിക്ക് ഇത് സ്വീകാര്യമല്ല) എന്നു പറഞ്ഞുകൊണ്ട് മെൽക്കൈറ്റ് സഭയുടെ തലവനായിരുന്ന പാത്രിയാർക്കീസ് മാക്ഡിമോസ് IV-ാമനെപ്പോലുള്ളവർ ഇതു തള്ളിക്കളഞ്ഞു. വിഷയം വിവാദപരമായപ്പോൾ ഡ്രാഫ്റ്റിന്മേലുള്ള ചർച്ച മുമ്പോട്ടുകൊണ്ടുപോകണമോ എന്നതിനെക്കുറിച്ച് വോട്ടെടുപ്പ് നടത്തി. കൗൺസിൽ നടപടികൾ അനുസരിച്ച് പിതാക്കന്മാരിൽ മൂന്നിൽ രണ്ടുഭാഗം എതിർത്തെങ്കിൽ മാത്രമേ ഒരു സ്കേമ തിരസ്ക്കരിക്കപ്പെടുകയുള്ളൂ. 1368 പേർ പ്രതികൂലമായും 822 പേർ അനുകൂലമായും വോട്ടുചെയ്തു. ചുരുക്കത്തിൽ 60% പിതാക്കന്മാർ സ്കേമയെ എതിർത്തു. ആ അവസരത്തിലാണ് യോഹന്നാൻ 23-ാമൻ മാർപാപ്പ ചരിത്രപ്രസിദ്ധമായ തന്റെ ഇടപെടൽ നടത്തിയത്. നിയമത്തിന്റെ സാങ്കേതികതയിൽ കുടുങ്ങിക്കിടക്കാതെ, മാർപാപ്പ ഈ സ്കേമ തിരുത്തി എഴുതുന്നതിനായി സഭൈക്യകാര്യാലയത്തിന്റെ പ്രസിഡണ്ടായിരുന്ന കർദ്ദിനാൾ ബെയായെക്കൂടി ഉൾപ്പെടുത്തി ഒരു പുതിയ കമ്മീഷനു രൂപംകൊടുത്തു. "കൗൺസിലിന്റെ വിജയം" എന്നാണ്

www.malankaralibrary.com



ചരിത്രകാരന്മാർ മാർപാപ്പയുടെ ഈ ഇടപെടലിനെ വിശേഷിപ്പിക്കുന്നത്.

പുതുതായി രൂപീകരിക്കപ്പെട്ട കമ്മീഷൻ തയ്യാറാക്കിയ ടെക്സ്റ്റ് കൗൺസിലിന്റെ മൂന്നാമത്തെ സമ്മേളനത്തിൽ (1964-ൽ) ചർച്ചയ്ക്കെടുത്തു. ഇവിടെയും വളരെയേറെ ഭേദഗതികൾ പിതാക്കന്മാർ നിർദ്ദേശിക്കുകയുണ്ടായി. ടെക്സ്റ്റിന്റെ പേരുതന്നെ "ദൈവികവെളിപാടിനെപ്പറ്റി" (De revelatione) എന്ന് മാറ്റുകയുണ്ടായി. പുതിയ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ തിരുത്തി എഴുതപ്പെട്ട ടെക്സ്റ്റ് കൗൺസിലിന്റെ അവസാനസമ്മേളനത്തിൽ വീണ്ടും ചർച്ചയ്ക്കു വന്നു (1964). അവിടെയും ഭേദഗതികൾ വേണ്ടിവന്നു. അങ്ങനെ അനേകം പ്രാവശ്യം മാറ്റിയെഴുതപ്പെട്ട ടെക്സ്റ്റാണ് 1965, നവംബർ 18-ാംതീയതി കൗൺസിൽ പിതാക്കന്മാർ അംഗീകരിച്ചത്. അതിന്റെ പേരുതന്നെ അടിസ്ഥാനപരമായി മാറ്റുകയുണ്ടായി. "ദൈവവചനം" (Dei Verbum) എന്നാണ് പുതിയ രേഖ തുടങ്ങുന്നതുതന്നെ. ഈ പേരുമാറ്റം രേഖയുടെ ഉള്ളടക്കത്തിൽ വന്ന മാറ്റം സൂചിപ്പിക്കുന്നുണ്ട്. പ്രൊട്ടസ്റ്റന്റുകാരുമായുള്ള വിവാദങ്ങൾക്കു വഴിതെളിച്ചേക്കാവുന്ന "രണ്ടു ഉറവിടങ്ങളെപ്പറ്റിയുള്ള" സൂചന ഒഴിവാക്കി, ദൈവത്തിന്റെ വചനത്തിനു പ്രാധാന്യം നല്കിക്കൊണ്ടുള്ള ഒരു സമീപനമാണ് കൗൺസിൽ സ്വീകരിച്ചത്.

സഭാനവീകരണത്തിന്റെ അടിസ്ഥാനമായി ദൈവത്തിന്റെ വചനത്തെ കൗൺസിൽ വീണ്ടും എടുത്തുകാട്ടി. പാരമ്പര്യവും വി. ഗ്രന്ഥവും തമ്മിലുള്ള ബന്ധം വളരെ ക്രിയാത്മകമായി അവതരിപ്പിച്ചു. സഭകളുടെ ഐക്യം മുഖ്യലക്ഷ്യമായി കണ്ടിരുന്ന കൗൺസിൽ ഐക്യത്തിന് ശക്തികൂട്ടുന്ന ഘടകങ്ങൾക്കാണ് ഈ രേഖയിൽ പ്രാധാന്യം നല്കുന്നത്. അതാകട്ടെ, ദൈവവചനത്തിന് വ്യക്തിപരമായും ഒരു സമൂഹമെന്ന നിലയിലും സഭയിലുള്ള സ്ഥാനം ചൂണ്ടിക്കാണിച്ചുകൊണ്ട് കൗൺസിൽ പ്രയോഗത്തിൽ കൊണ്ടുവന്നു.

26 ഖണ്ഡികകളുള്ള ഈ കോൺസ്റ്റിറ്റ്യൂഷന് ആറ് അധ്യായങ്ങളാണുള്ളത്. എന്താണ് ദൈവാവിഷ്കരണം? അത് എങ്ങനെയാണ് കൈമാറ്റം ചെയ്യപ്പെടുന്നത്? വി. ലിഖിതത്തിന്റെ ദൈവനിവേശിതസ്വഭാവം; അത് വ്യാഖ്യാനിക്കേണ്ടവിധം; പഴയനിയമം; പുതിയനിയമം; സഭയുടെ ജീവിതത്തിൽ വി. ഗ്രന്ഥത്തിനുള്ള പങ്ക് എന്നീ വിഷയങ്ങളാണ് ഈ അധ്യായങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നത്.

www.malankaralibrary.com



### പ്രമാണരേഖയുടെ ഉള്ളടക്കം

ദൈവാവിഷ്കരണത്തെപ്പറ്റിയുള്ള പ്രമാണരേഖയുടെ ആമുഖത്തിൽതന്നെ ദൈവവചനത്തോടുള്ള സഭയുടെ ബന്ധം വ്യക്തമാക്കിയിട്ടുണ്ട്. ദൈവവചനത്തെ ധ്യാനാത്മകമായി ശ്രവിച്ചതിനു ശേഷം പ്രത്യാശയോടുകൂടി ലോകത്തോട് അത് പ്രഘോഷിക്കുകയാണ് സഭ ചെയ്യുന്നത്. അതിന്റെ ലക്ഷ്യമാകട്ടെ ജനമനസ്സുകളിലും ജീവിതങ്ങളിലും വിശ്വാസവും പ്രതീക്ഷയും സ്നേഹവും വളർത്തുക എന്നതും. ദൈവവചനപ്രഘോഷണമാണ് സഭയുടെ ദൗത്യം; പ്രഘോഷിക്കുന്നതിനുമുമ്പേ, ഭക്തിയോടുകൂടി സഭ വചനം കേൾക്കുന്നു. സഭയുടെ ജീവിതത്തിൽ വി. ലിഖിതത്തിനുണ്ടായിരിക്കേണ്ട അടിസ്ഥാനപരമായ പ്രാധാന്യമാണ് ഇവിടെ എടുത്തു പറഞ്ഞിരിക്കുന്നത്. എക്യുമെനിക്കൽ സംരംഭങ്ങളിൽ വളരെയേറെ പ്രതീക്ഷ ഉണർത്തുന്ന സമീപനമാണിത്. നൂറ്റാണ്ടുകളായി കത്തോലിക്കാസഭ, വി. ലിഖിതത്തിനു വേണ്ടത്ര പ്രാധാന്യം നല്കിയിരുന്നില്ല എന്ന ആരോപണവും ഇതോടെ അടിസ്ഥാനരഹിതമായിരിക്കുകയാണ്.

### ദൈവാവിഷ്കരണം

ഒന്നാമധ്യായത്തിൽ രണ്ടുമുതൽ ആറുവരെയുള്ള ഖണ്ഡികകളിൽ എന്താണ് ദൈവാവിഷ്കരണം എന്നു വിശദീകരിച്ചിരിക്കുന്നു. പരമ്പരാഗതമായി ദൈവികവെളിപാട് എന്നുപറഞ്ഞാൽ നിത്യസത്യങ്ങളുടെ വെളിപ്പെടുത്തലായി കരുതപ്പെട്ടിരുന്നു. ത്രെന്തോസ് സൂനഹദോസിന്റെയും ഒന്നാം വത്തിക്കാൻ കൗൺസിലിന്റെയും സമീപനം ഈ വിധത്തിലുള്ളതായിരുന്നു. തന്മൂലം വിശ്വാസമെന്നത്, വെളിപ്പെടുത്തപ്പെട്ട സത്യങ്ങളെ ഏറ്റുപറയലായിരുന്നു. എന്നാൽ രണ്ടാം വത്തിക്കാൻ കൗൺസിൽ ദൈവികവെളിപാടിനെ കാണുന്നത് ദൈവവും മനുഷ്യനും തമ്മിൽ നടത്തിയ ഒരു ഡയലോഗായിട്ടാണ്. ദൈവത്തിന്റെ വെളിപ്പെടുത്തലിനെപ്പറ്റി പരാമർശിക്കുമ്പോൾ പഴയനിയമത്തിൽനിന്നും (പുറ. 33, 11) പുതിയനിയമത്തിൽനിന്നും (യോഹ. 15, 14-15) ഉദ്ധരിച്ചിരിക്കുന്ന വചനഭാഗങ്ങൾ ഇത്തരുണത്തിൽ പ്രത്യേക ശ്രദ്ധ ആകർഷിക്കുന്നു. മോശയ്ക്ക് തന്നെത്തന്നെ വെളിപ്പെടുത്തിയ ദൈവം ഒരാൾ തന്റെ കൂട്ടുകാരനോട് സംസാരിക്കുന്ന രീതിയിലായിരുന്നുവെന്ന് പുറ

www.malankaralibrary.com



പ്പാട് ഗ്രന്ഥം സാക്ഷിക്കുന്നു. അതുപോലെതന്നെ ശിഷ്യന്മാർക്ക് തന്നെ ത്തന്നെ വെളിപ്പെടുത്തിയ കർത്താവ് അവരെ വിളിക്കുന്നത് സ്നേഹിതന്മാർ എന്നാണ്. തത്വങ്ങളുടെ വെളിപ്പെടുത്തലല്ല, പ്രത്യുത ബന്ധം സ്ഥാപിക്കലിന്റെ പദപ്രയോഗമാണ് നമ്മളിവിടെ കാണുന്നത്. ദൈവം തന്റെ പദ്ധതി മനുഷ്യന് വെളിപ്പെടുത്തുന്നതിന്റെ ലക്ഷ്യം അവരെ താനുമായുള്ള സ്നേഹസൗഹൃദത്തിലേക്കും കൂട്ടായ്മയിലേക്കും നയിക്കുന്നതിനു വേണ്ടിയാണ്.

ഇവിടെ വിശ്വാസം എന്നു പറയുന്നത്, മനുഷ്യൻ ദൈവത്തിനു നല്കുന്ന പ്രത്യുത്തരമാണ്. ആ പ്രത്യുത്തരം ചില തത്വങ്ങൾ സ്വീകരിക്കുന്നതിൽ മാത്രം അടങ്ങിയിരിക്കുന്നില്ല. തന്നോടു സംസാരിക്കുന്ന ദൈവവുമായി മനുഷ്യൻ സ്ഥാപിക്കുന്ന വ്യക്തിപരമായ ബന്ധത്തിനാണ് പ്രാധാന്യം. അതേസമയം, വിശ്വാസപ്രമാണങ്ങൾക്ക് പ്രാധാന്യമുണ്ട്. തന്നോടു സംസാരിക്കുന്ന ദൈവത്തിന്റെ സ്വഭാവവും വെളിപ്പെടുത്തലിന്റെ ലക്ഷ്യവുമെല്ലാം താത്വികമായി വിശകലനം ചെയ്യാൻ കഴിയും. എന്നാൽ ഈ താത്വികസമീപനത്തിന് രണ്ടാം സ്ഥാനമേ കൗൺസിലിന്റെ പ്രബോധനത്തിൽ കാണുന്നുള്ളൂ.

പൂർവപിതാക്കന്മാരിലൂടെ മുന്നേറി, ഇസ്രായേലിന്റെ ചരിത്രത്തിൽ വികസിച്ച് യേശുക്രിസ്തുവിൽ പൂർത്തീകരിക്കപ്പെട്ട ദൈവത്തിന്റെ ഈ വെളിപ്പെടുത്തൽ, സ്രഷ്ടവസ്തുക്കളിലും ദർശിക്കാവുന്നതാണ്. പ്രാപഞ്ചിക യാഥാർത്ഥ്യങ്ങളിലൂടെയുള്ള ദൈവിക വെളിപ്പെടുത്തലിന്റെ വശം (റോമ. 1: 19-20) കൗൺസിൽ കാര്യമായി പ്രതിപാദിച്ചിട്ടില്ല. പഴയനിയമത്തിലും പുതിയനിയമത്തിലുമായി ചരിത്രത്തിൽ നടന്ന ദൈവികവെളിപാടിനെപ്പറ്റിയാണ് കൗൺസിൽ മുഖ്യമായും പ്രതിപാദിച്ചിട്ടുള്ളത്. സഭയെന്നത് ദൈവത്തിന്റെ ഈ വെളിപ്പെടുത്തൽ അനുസരിച്ച് അവിടുത്തെ പദ്ധതിയുടെ ഭാഗമാണെന്നും ഈ അധ്യായം വിശദമാക്കുന്നു. ഇസ്രായേലിന്റെ ചരിത്രം തുടങ്ങുന്നതിനു മുമ്പുതന്നെ ആദിമ മാതാപിതാക്കന്മാരുടെ ജീവിതത്തിലും ദൈവത്തിന്റെ വെളിപ്പെടുത്തൽ നടന്നതായി കൗൺസിൽ പഠിപ്പിക്കുന്നു.

www.malankaralibrary.com



**ദൈവികവെളിപാടിന്റെ കൈമാറൽ**

ഏഴുമുതൽ പത്തുവരെയുള്ള ഖണ്ഡികകളിൽ ദൈവത്തിന്റെ വെളിപ്പെടുത്തൽ ഇന്ന് എവിടെ, ഏതുവിധത്തിൽ കാണാൻ കഴിയും എന്നീ കാര്യങ്ങളാണ് പരാമർശിച്ചിരിക്കുന്നത്. അപ്പസ്തോലന്മാർക്ക് ലഭിച്ച ദൈവികവെളിപാട് അവർ മെത്രാന്മാർക്ക് കൈമാറി. അപ്പസ്തോലന്മാരുടെ പിൻഗാമികൾ എന്ന നിലയിൽ മെത്രാന്മാർ ആധികാരികമായി ഈ ദൈവികവെളിപാട് പിൻതലമുറകൾക്ക് കൈമാറുന്നു. രണ്ടു വിധത്തിലാണ് അവർ അത് ചെയ്തത്. പ്രഘോഷണമായും ലിഖിതരൂപത്തിലും. ദൈവികവെളിപാട് ലിഖിതരൂപത്തിൽ നമുക്ക് ലഭിച്ചിരിക്കുന്നത് വി. ഗ്രന്ഥത്തിലൂടെയാണ്. എന്നാൽ വി. ഗ്രന്ഥം ഉണ്ടാകുന്നതിനുമുമ്പ് സഭയുണ്ടായിരുന്നു. അപ്പസ്തോലന്മാരുടെ സാക്ഷ്യവും പ്രബോധനവുമാണ് വി. ഗ്രന്ഥത്തിൽ ലിഖിതരൂപം പ്രാപിച്ചത്. ഈ അപ്പസ്തോലപ്രഘോഷണത്തെ അപ്പസ്തോലികപാരമ്പര്യം എന്നു വിളിക്കാം. വി. ഗ്രന്ഥം തന്നെയും ഈ അപ്പസ്തോലികപാരമ്പര്യം ലിഖിതരൂപം പ്രാപിച്ചതാണ്. അതിനാൽ പാരമ്പര്യത്തെയും വി. ലിഖിതത്തെയും രണ്ടു ഉറവിടങ്ങളായല്ല കാണുന്നത്. യേശുക്രിസ്തുവെന്ന ഏകഉറവിടമാണ് ദൈവികവെളിപാടിന്റെ കാതൽ.

വി. ഗ്രന്ഥത്തിലില്ലാത്ത ഏതെങ്കിലും സംഗതി പാരമ്പര്യത്തിന്റെ വെളിച്ചത്തിൽ ദൈവികസത്യമായി സ്വീകരിക്കണമോ എന്ന ചോദ്യത്തിനു വളരെ വ്യക്തമായ ഉത്തരം കൗൺസിൽ നല്കുന്നില്ല. ഈ അർത്ഥത്തിൽ ത്രെന്തോസ് സൂനഹദോസിൽ തുടങ്ങിയ ചർച്ച (വി. ഗ്രന്ഥത്തിന്റെ പൂർണത-The material sufficiency of S. Scripture) ഇപ്പോഴും തുടർന്നു കൊണ്ടിരിക്കുന്നു. എന്നാൽ ചില ദൈവശാസ്ത്രജ്ഞന്മാരുടെ നിഗമനപ്രകാരം, കൗൺസിലിന്റെ മൂന്നാമത്തെ സമ്മേളനത്തിൽ ഈ പ്രമാണരേഖ ചർച്ചയ്ക്കു വന്നപ്പോൾ പോൾ ആറാമൻ മാർപാപ്പ നിർദ്ദേശിച്ച ഭേദഗതി ഈ പ്രശ്നത്തിന് പരിഹാരം നല്കിക്കഴിഞ്ഞു എന്നാണ്. പാരമ്പര്യവും വി. ഗ്രന്ഥവും തമ്മിലുള്ള ബന്ധം വ്യക്തമാക്കാൻ മാർപാപ്പ നിർദ്ദേശിച്ചതും കൗൺസിൽ പ്രബോധനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ വാചകം ഇതാണ്: "സഭയ്ക്ക് തന്റെ വിശ്വാസസത്യങ്ങളെപ്പറ്റിയുള്ള ഉറപ്പ് ലഭിക്കുന്നത് വി. ഗ്രന്ഥത്തിൽനിന്ന് മാത്രമല്ല." ഇതനുസരിച്ച് പാരമ്പര്യം വി. ഗ്രന്ഥത്തോട് പദാർത്ഥപര

www.malankaralibrary.com



മായ എന്തെങ്കിലും കൂട്ടിച്ചേർക്കുന്നു എന്നർത്ഥമാകുന്നില്ല. അതേസമയം സഭയുടെ വിശ്വാസ സംബന്ധമായ കാര്യങ്ങളിൽ ഉറപ്പുലഭിക്കുന്നത് പാരമ്പര്യത്തിൽനിന്ന് കൂടിയാണ് എന്ന് അത് വ്യക്തമാക്കുന്നു. വേറെ വാക്കുകളിൽ പറഞ്ഞാൽ, വി. ഗ്രന്ഥം മനസ്സിലാക്കേണ്ടത് സഭയുടെ പാരമ്പര്യത്തിന്റെ വെളിച്ചത്തിലാണ്.

പാരമ്പര്യത്തെപ്പറ്റി ഒരു പുതിയ കാഴ്ചപ്പാട് കൗൺസിൽ അവതരിപ്പിക്കുന്നുണ്ട്. ഇത്തരുണത്തിൽ അപ്പസ്തോലിക പാരമ്പര്യവും സഭാപാരമ്പര്യവും തമ്മിലുള്ള വ്യത്യാസവും മനസ്സിലാക്കേണ്ടിയിരിക്കുന്നു. അപ്പസ്തോലികപാരമ്പര്യങ്ങൾക്ക് മാറ്റമില്ല. എന്നാൽ സഭാപാരമ്പര്യങ്ങൾ മാറ്റത്തിനു വിധേയമാണ്.

**ദൈവനിവേശനത്തിന്റെ സ്വഭാവം; ബൈബിൾ വ്യാഖ്യാനം**

പ്രമാണരേഖയുടെ മൂന്നാമത്തെ അധ്യായത്തിൽ 11 മുതൽ 16 വരെയുള്ള ഖണ്ഡികകളിൽ ബൈബിളിന്റെ ദൈവനിവേശിതിത്വം കൊണ്ട് എന്താണ് സഭ മനസ്സിലാക്കുന്നത് എന്ന കാര്യം വിശദമാക്കുന്നു. മനുഷ്യന്റെ ഭാഷയിൽ എഴുതപ്പെട്ട ദൈവത്തിന്റെ വചനമാണ് ബൈബിൾ. പരിശുദ്ധാത്മാവാണ് വി. ലിഖിതത്തിന്റെ കർത്താവെങ്കിലും മാനുഷിക എഴുത്തുകാരന്മാർക്കും അതിൽ പങ്കുണ്ട്. സുവിശേഷങ്ങൾ അപ്പസ്തോലന്മാരിൽനിന്നോ അഥവാ അപ്പസ്തോലിക എഴുത്തുകാരിൽനിന്നോ വന്നതാണ്. ഈ പ്രയോഗം വഴി (apostles or apostolic men) വി. ഗ്രന്ഥത്തിന്റെ കർതൃത്വത്തെപ്പറ്റിയുള്ള ധാരണയിൽ മാറ്റംവന്നിട്ടുണ്ട്. സുവിശേഷങ്ങൾ ആരുടെ പേരുവഹിക്കുന്നുവോ അവരിൽനിന്ന് ഇന്നത്തെ രൂപത്തിൽ നമുക്ക് ലഭിച്ചു എന്നു കരുതേണ്ട കാര്യമില്ല. വി. ഗ്രന്ഥരൂപീകരണത്തെപ്പറ്റി ആധുനിക പണ്ഡിതന്മാർ നടത്തിയിട്ടുള്ള പഠനങ്ങളുടെ സ്വാധീനം ഇവിടെ കാണാവുന്നതാണ്.

അതുപോലെതന്നെ വചനവ്യാഖ്യാനത്തിൽ അത് എഴുതപ്പെട്ടപ്പോൾ ഗ്രന്ഥകാരൻ പ്രയോജനപ്പെടുത്തിയ സാഹിത്യരൂപങ്ങൾകൂടി പരിശോധിക്കണം എന്ന് കൗൺസിൽ പഠിപ്പിക്കുന്നു (D.V. 15). ബൈബിൾ വിജ്ഞാനീയത്തിൽ വന്ന വലിയൊരു കാൽവയ്പ്പാണിത്. ഒരു സാഹിത്യഗ്രന്ഥമെന്ന രീതിയിലും ബൈബിളിനെ കാണാൻ കഴിയണം

www.malankaralibrary.com



എന്ന കാര്യം സഭ ഔദ്യോഗികമായി ഇവിടെ അംഗീകരിക്കുകയാണ് ചെയ്യുന്നത്.

എഴുതപ്പെട്ട വചനം ജീവനുള്ള വചനമായിത്തീരണം. ഇതാണ് ബൈബിൾ വ്യാഖ്യാനത്തിന്റെ രംഗം. വചനം ആധികാരികമായി വ്യാഖ്യാനിക്കാനും പഠിപ്പിക്കാനുമുള്ള അധികാരം യേശു നല്കിയിരിക്കുന്നത് അപ്പസ്തോലന്മാർക്കും അവരുടെ പിൻഗാമികളായ മെത്രാന്മാർക്കുമാണ്. ബൈബിൾ വ്യാഖ്യാനകാര്യത്തിൽ സഭാധികാരത്തിന്റെ പങ്ക് കൗൺസിൽ ഊന്നിപ്പറയുന്നുണ്ട്. അബദ്ധോപദേശങ്ങളുടെ പശ്ചാത്തലത്തിൽ കൗൺസിലിന്റെ ഈ ഊന്നൽ കൊടുക്കലിന് പ്രത്യേക പ്രാധാന്യമുണ്ട്.

ബൈബിൾ വ്യാഖ്യാനത്തിൽ പിതാക്കന്മാരുടെ പഠനങ്ങളും പുരാതന ആരാധനക്രമങ്ങളും സഭാധികാരത്തിന്റെ പ്രബോധനവുംകൂടി കണക്കിലെടുക്കണം. വചനത്തിന് പല അർത്ഥതലങ്ങളുണ്ട്. അതിന്റെ പദാനുപദഅർത്ഥം (literal meaning) ആണ് ആദ്യമേ മനസ്സിലാക്കേണ്ടത്. അതിന് ബൈബിൾ എഴുതപ്പെട്ട കാലത്തെ ചരിത്രവും സാംസ്കാരിക പ്രത്യേകതകളും ഭാഷയുടെ സവിശേഷതകളുംകൂടി കണക്കിലെടുക്കണം.

**പഴയനിയമത്തിന്റെ പ്രസക്തി**

ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ ആദ്യഘട്ടമാണ് നമ്മൾ പഴയനിയമത്തിൽ കാണുക. പ്രമാണരേഖയുടെ നാലും അഞ്ചും അധ്യായങ്ങളിൽ പഴയനിയമത്തെയും പുതിയനിയമത്തെയും കുറിച്ചുള്ള സഭയുടെ പഠനങ്ങൾ ചേർത്തിരിക്കുന്നു. വി. ഗ്രന്ഥത്തിൽ സുവിശേഷങ്ങൾക്കാണ് സർവപ്രധാനമായ സ്ഥാനമുള്ളത്. സുവിശേഷങ്ങളാണ് യേശുവിന്റെ വാക്കുകളും പ്രവൃത്തികളും നമുക്ക് കാണിച്ചുതരുന്നത്. ചരിത്രത്തിൽ ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുന്നത് ക്രമേണയാണ്.

**സഭയുടെ ജീവിതത്തിൽ വി. ഗ്രന്ഥത്തിനുള്ള സ്ഥാനം**

ദൈവാവിഷ്കരണത്തെപ്പറ്റിയുള്ള കോൺസ്റ്റിറ്റ്യൂഷന്റെ അവ

www.malankaralibrary.com



സാനത്തെ അധ്യായത്തിലാണ്, പ്രായോഗിക നിർദ്ദേശങ്ങളിലേക്ക് കൗൺസിൽ കടന്നിരിക്കുന്നത്. കൗൺസിലിനു ശേഷമുള്ള കാലഘട്ടത്തിൽ ബൈബിൾ സംബന്ധമായി സഭയിൽ വന്നിട്ടുള്ള മാറ്റങ്ങൾക്കെല്ലാം അടിസ്ഥാനപരമായിട്ടു നില്ക്കുന്നതും ഈ അധ്യായത്തിൽ കാണുന്ന മാർഗനിർദ്ദേശങ്ങളാണ്.

വിശ്വാസജീവിതത്തിന്റെ പരിപോഷണത്തിന്റെ ഉപാധിയായിട്ട് കൗൺസിൽ വി. ഗ്രന്ഥത്തെ ഉയർത്തിപ്പിടിക്കുന്നു. വി. ഗ്രന്ഥത്തെക്കുറിച്ചുള്ള അജ്ഞത യേശുവിനെക്കുറിച്ചു തന്നെയുള്ള അജ്ഞതയാണെന്ന വി. ജെറോമിന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടാണ് വി. ഗ്രന്ഥത്തിന്റെ വായനയും പഠനവും സഭ പ്രോത്സാഹിപ്പിക്കുന്നത്. ക്രൈസ്തവ ആധ്യാത്മികത വി. ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിന്മേൽ പണിയപ്പെട്ടതായിരിക്കണം. ദൈവശാസ്ത്രത്തിന്റെ ആത്മാവാണ് വി. ലിഖിതം. കൗൺസിലിന്റെ ഈ പഠനം സെമിനാരി പഠനത്തിൽ ബൈബിളിനു നല്കിപ്പോന്നിരുന്ന സ്ഥാനത്തെക്കുറിച്ച് സമൂലമായ മാറ്റത്തിനു വഴിതെളിച്ചു. വിശ്വാസസത്യങ്ങളെ തെളിയിക്കാനുള്ള ഉപാധിയായി വി. ലിഖിതത്തെ സമീപിക്കുന്ന രീതിക്ക് മാറ്റംവന്നത് ഇങ്ങനെയാണ്.

വി. ഗ്രന്ഥത്തിന്റെ ധ്യാനാത്മകമായ വായനയ്ക്ക് (leatio divina) വലിയ പ്രാധാന്യമാണ് കൗൺസിൽ നല്കുന്നത്. ആരാധനക്രമത്തിൽ വി. ലിഖിതത്തിൽനിന്ന് കൂടുതൽ വൈവിധ്യമാർന്ന വായനകൾ ഉപയോഗപ്പെടുത്തുന്ന കാര്യം കൗൺസിൽ നിർദ്ദേശിക്കുന്നു. ആരാധനക്രമവേളയിലാണ് വചനം ഏറ്റം ആധികാരികമായി വ്യാഖ്യാനിക്കപ്പെടുന്നതും ആത്മീയപോഷണത്തിന്റെ ഉപാധിയായി അനുഭവപ്പെടുന്നതും.

ബൈബിളിന്റെ കോപ്പികൾ ജനങ്ങൾക്ക് ലഭ്യമാക്കാനുള്ള സവിശേഷമായ ഉത്തരവാദിത്വം മെത്രാന്മാർക്കുണ്ടെന്ന് കൗൺസിൽ ഓർമപ്പെടുത്തുന്നു. സാധിക്കുന്നിടത്തെല്ലാം മറ്റു ക്രൈസ്തവസഭകളുമായി യോജിച്ച് ബൈബിളിന്റെ പരിഭാഷ പുറത്തുകൊണ്ടുവരാൻ യത്നിക്കണം. പ്രാദേശികഭാഷകളിലേക്ക് ബൈബിൾ വിവർത്തനം ചെയ്യുമ്പോൾ മൂലഭാഷകളിൽനിന്നുമാണ് അത് ചെയ്യേണ്ടത്. വി. ഗ്രന്ഥത്തിലുള്ള താത്പര്യം ജീവിതനവീകരണത്തിലേക്കു നയിക്കണം. ഇതാണ്

www.malankaralibrary.com



കൗൺസിൽ വിഭാവനം ചെയ്യുന്നത്.

**കേരളസഭയിൽ ഈ പ്രമാണരേഖയുടെ സ്വാധീനം**

കഴിഞ്ഞ 40 വർഷത്തെ കേരളസഭയുടെ ചരിത്രം പരിശോധിച്ചാൽ, ദൈവാവിഷ്കരണത്തെക്കുറിച്ചുള്ള വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനം ഇവിടെ ആഴമായ സ്വാധീനം ചെലുത്തിയിരിക്കുന്നതായി കാണാൻ കഴിയും. സഭാജീവിതത്തിന്റെ എല്ലാവശങ്ങളെയും ഇത് സ്പർശിച്ചിട്ടുണ്ട്. ചെറുതും വലുതുമായ ഏതാണ്ട് 32 ധ്യാനകേന്ദ്രങ്ങൾ ഇന്ന് കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിക്കുന്നു. വചനപ്രഘോഷണത്തിനും പഠനത്തിനും പ്രാധാന്യം നല്കുന്ന കരിസ്മാറ്റിക് നവീകരണപ്രസ്ഥാനം എത്ര ശക്തമായ സ്വാധീനമാണ് സാധാരണ ജനങ്ങളുടെയിടയിൽ ചെലുത്തുന്നത് എന്ന കാര്യം പ്രത്യേകം പറയേണ്ടതില്ല. നവീകരണപ്രസ്ഥാനങ്ങളിൽ അപാകതകൾ ഉണ്ട്. എന്നാൽ ആമോസ് പ്രവാചകൻ ഉദ്ധീരണം ചെയ്ത (ആമോസ് 8, 11) വചനത്തിനു വേണ്ടിയുള്ള ക്ഷാമം ഇന്ന് സഭയിൽ ദൃശ്യമാണ്.

കെ.സി.ബി.സി.യുടെ ആഭിമുഖ്യത്തിൽ പി.ഒ.സി.യിൽ നിന്നും പ്രസിദ്ധപ്പെടുത്തിയ സമ്പൂർണ ബൈബിളിന്റെ പ്രചാരം റിക്കാർഡു സൃഷ്ടിക്കുന്ന വിധത്തിലുള്ളതാണ്. കൗൺസിലിന്റെ പ്രബോധനത്തിന്റെ വെളിച്ചത്തിലാണ് കേരള കത്തോലിക്കാ മെത്രാന്മാരുടെ സംഘടന 'ബൈബിൾ കമ്മീഷൻ'' രൂപീകരിച്ചതും ബൈബിൾ പരിഭാഷയ്ക്ക് തുടക്കമിട്ടതും. മെത്രാന്മാരുടെ മേൽനോട്ടത്തിൽ നടത്തിയ പരിഭാഷ 1981-ൽ പുറത്തുവന്നു. സമ്പൂർണ ബൈബിളിന്റെ 35,00,000 കോപ്പികളെങ്കിലും കഴിഞ്ഞ 25 വർഷങ്ങളിൽ വിറ്റുപോയിട്ടുണ്ട്. പുതിയനിയമത്തിന്റെ കോപ്പികളാണെങ്കിൽ 50,00,000 കവിയും. മുരിങ്ങൂർ ധ്യാനകേന്ദ്രവും കെ.സി.ബി. സി.യും സഹകരിച്ച് പി.ഒ.സി. ബൈബിൾ സാധാരണക്കാർക്ക് താങ്ങാവുന്ന വിലയ്ക്ക് ലഭ്യമാക്കാൻ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കെ.സി.ബി.സി.യുടെ ബൈബിൾ പ്രവർത്തനരംഗത്തെ വേറൊരു സംരംഭമാണ് കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ ആരംഭം.

ഒരു മുഴുവൻ സമയ സെക്രട്ടറിയേറ്റു പ്രവർത്തനത്തോടുകൂ

www.malankaralibrary.com



ടിയ ബൈബിൾ കമ്മീഷന്റെയും ബൈബിൾ സൊസൈറ്റിയുടെയും പ്രവർത്തനങ്ങൾ വ്യത്യസ്ത തലങ്ങളിലായി വ്യാപിച്ചു കിടക്കുന്നു. വർഷംതോറും ഏതാണ്ട് 3,00,000 പേരെ പങ്കെടുപ്പിച്ച് നടത്തപ്പെടുന്ന ലോഗോസ് മത്സരം ബൈബിൾ പഠനരംഗത്തെ ക്രിയാത്മകമായ ഒരു കാൽവയ്പ്പാണ്. ബൈബിൾ പണ്ഡിതന്മാരുടെ കൂട്ടായ്മ; ദിവസം തോറുമുള്ള വായനകൾ ഉൾപ്പെടുത്തിക്കൊണ്ട് പ്രസിദ്ധീകരിച്ചിരിക്കുന്ന കലണ്ടർ വിതരണം; സൊസൈറ്റി നേതൃത്വം കൊടുക്കുന്ന ജെറുസലേം തീർത്ഥയാത്ര; ബൈബിൾ കറസ്പോണ്ടൻസ് പഠനപദ്ധതി; ബൈബിൾ ഗ്രന്ഥങ്ങൾക്ക് മലയാളത്തിൽ പ്രസിദ്ധീകരിക്കുന്ന വ്യാഖ്യാനഗ്രന്ഥങ്ങൾ ഇങ്ങനെ വചനപഠനത്തിനായി നടത്തപ്പെടുന്ന വ്യത്യസ്ത സംരംഭങ്ങളെല്ലാം വത്തിക്കാൻ കൗൺസിലിന്റെ സ്വാധീനഫലമായി കേരളസഭയിൽ നടക്കുന്ന കാര്യങ്ങളാണ്.

ആരാധനക്രമനവീകരണവുമായി ബന്ധപ്പെടുത്തി മൂന്നു വ്യക്തിസഭകളിലും നടക്കുന്ന പ്രവർത്തനങ്ങളിലും വചനത്തോടുള്ള പ്രതിബദ്ധത കാണാവുന്നതാണ്.

പി.ഒ.സി.യിൽനിന്ന് പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ബൈബിൾ വിവർത്തനത്തിന്റെ കുറവുകളെ നികത്തി പുതിയൊരു വിവർത്തനം പുറത്തു കൊണ്ടുവരാനുള്ള പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. ബൈബിൾ വിജ്ഞാനീയത്തിൽ വന്നിട്ടുള്ള മാറ്റങ്ങളും ലഭ്യമായിട്ടുള്ള പുതിയ ഉൾക്കാഴ്ചകളും ഉപയോഗപ്പെടുത്താനുള്ള ഒരു ശ്രമമാണിതിനു പുറകിലുള്ളത്. ഇതിനുള്ള പ്രചോദനവും ആത്യന്തികമായി വത്തിക്കാൻ കൗൺസിലിൽനിന്നുമാണ് വരുന്നത്.

വി. ഗ്രന്ഥത്തിലുള്ള താത്പര്യവും അത് ആഴമായി പഠിക്കാനും മനസ്സിലാക്കാനുമുള്ള ശ്രമങ്ങളും അനേകം നന്മകൾ പുറപ്പെടുവിച്ചിട്ടുണ്ട് എന്നത് തർക്കമറ്റ സംഗതിയാണ്. അതേസമയം ചിലയിടങ്ങളിലെല്ലാം മാർഗഭ്രംശങ്ങളും വന്നിട്ടുണ്ട് എന്ന് പറയാതിരിക്കാൻ വയ്യ. വചനവ്യാഖ്യാനത്തിന്റെ കാര്യത്തിൽ വന്ന് കൂടിയ തെറ്റുകളാണവ. വചനം ആധികാരികമായി വ്യാഖ്യാനിക്കാനും പഠിപ്പിക്കാനുമുള്ള അവകാശവും ഉത്തരവാദിത്വവും കർത്താവ് അപ്പസ്തോലന്മാരെയും അവരുടെ പിൻഗാമികളെയുമാണ് ഭരമേല്പിച്ചിരിക്കുന്നത്. വി. ഗ്രന്ഥം ആരു

www.malankaralibrary.com



ടെയും സ്വന്തമായ വ്യാഖ്യാനത്തിലുള്ളതല്ല. സഭയുടെ പാരമ്പര്യത്തിന്റെ വെളിച്ചത്തിൽ വേണം ബൈബിൾ മനസ്സിലാക്കാൻ. ഇക്കാര്യത്തിൽ വന്നിരിക്കുന്ന പിഴവുകൾ സഭാകൂട്ടായ്മയിൽ നിന്നുപോലും വിശ്വാസികളെ അകറ്റിയിട്ടുണ്ട് എന്ന കാര്യവും ഓർക്കണം.

വി. ഗ്രന്ഥത്തിന്റെ കാര്യത്തിൽ ദൃശ്യമായിട്ടുള്ള താത്പര്യം വഴി തെറ്റാതെ ശരിയായി മുമ്പോട്ടു കൊണ്ടുപോകാനുള്ള ഉത്തരവാദിത്വം സഭയ്ക്കുണ്ട്. പ്രത്യേകിച്ച് സഭയുടെ മേൽനോട്ടത്തിൽ ഉത്തരവാദിത്വം യേശു ഏല്പിച്ചു കൊടുത്തിട്ടുള്ളവർക്ക്.

www.malankaralibrary.com



# രണ്ടാം വത്തിക്കാൻ സൂനഹദോസും സഭൈക്യപ്രസ്ഥാനവും

റവ. ഫാ. ഫിലിപ്പ് ചെമ്പകശ്ശേരി

ഇക്കഴിഞ്ഞ നുറ്റാണ്ട് അതായത് ഇരുപതാം നൂറ്റാണ്ട് എക്യുമെനിക്കൽ നൂറ്റാണ്ട് എന്ന് വിശേഷിപ്പിക്കപ്പെടാറുണ്ട്. സഭൈക്യരംഗത്ത് പല പരിശ്രമങ്ങൾ ആരംഭിക്കുകയും പുരോഗമിക്കുകയും പൂവണിയുകയും ചെയ്ത നൂറ്റാണ്ടായിരുന്നു അത്. അവയിൽ എടുത്തു പറയേണ്ട സംഭവങ്ങളാണ് 1930- ൽ നടന്ന പുനരൈക്യപ്രസ്ഥാനവും 1948-ൽ രൂപംകൊണ്ട സഭകളുടെ ലോകകൗൺസിലും (WCC). ഏറ്റവും പ്രധാനപ്പെട്ടതും ദൂരവ്യാപകവുമായ ഫലങ്ങൾ ഉളവാക്കിയതുമാണ് രണ്ടാം വത്തിക്കാൻ കൗൺസിലും, ആ കൗൺസിലിൽ നിന്നും രൂപം കൊണ്ട സഭൈക്യപ്രസ്ഥാനത്തെ സംബന്ധിക്കുന്ന ഡിക്രിയും. അന്ത്യോക്യൻ ആരാധനക്രമവും പാരമ്പര്യവും സ്വീകരിച്ച് ഒരു വ്യത്യസ്ത സമൂഹമായി നിന്നിരുന്ന മാർത്തോമ ക്രിസ്ത്യാനികളിലെ ഒരു വിഭാഗം റോമൻ സഭയോട് ഐക്യം പ്രഖ്യാപിച്ച് കത്തോലിക്കാസഭയായി തീർന്ന സംഭവമാണ് 1930-ൽ നടന്ന പുനരൈക്യ പ്രസ്ഥാനം. അതോടെ കത്തോലിക്കാ സഭാകൂട്ടായ്മയിൽ ഒരു വ്യക്തി സഭ കൂടി ചേർക്കപ്പെട്ടു-മലങ്കര-കത്തോലിക്കാസഭ. അതുവരെയും ഭിന്നിച്ചു നിന്നിരുന്ന പ്രൊട്ടസ്റ്റന്റ് സഭാവിഭാഗങ്ങളെ ഒരുമേശയ്ക്കു ചുറ്റും അണിനിരത്തു

www.malankaralibrary.com



കയും കൂട്ടായ പ്രവർത്തനത്തിനുള്ള വേദി ഒരുക്കുകയും ചെയ്തു. WCC എന്നാൽ ഇവയേക്കാളെല്ലാം ആഗോള വ്യാപകമായ ചലനങ്ങൾ സൃഷ്ടിക്കുകയും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ ഐക്യത്തിന്റെ നവചൈതന്യം ഉണർത്തുകയും ചെയ്ത നേട്ടമാണ് വത്തിക്കാൻ കൗൺസിൽ പുറത്തിറക്കിയ സഭൈക്യത്തെ സംബന്ധിക്കുന്ന ഡിക്രി. ഈ മൂന്നാമത്തെ സംഭവമാണ് നമുക്കിവിടെ പ്രധാന ചിന്താവിഷയം.

### 1. അല്പം പദോത്പത്തി വിചാരം

സഭൈക്യ പ്രസ്ഥാനം ഇംഗ്ലീഷിൽ അറിയപ്പെടുന്നത് എക്യുമെനിസം (ecumenism) എന്നാണ്. ഈ പദത്തിന്റെ ഉത്പത്തി ഒയിക്കുമെനേ (oikumense) എന്ന ഗ്രീക്കു പദത്തിൽ നിന്നാണ്. ഒയിക്കുമെനെ-യുടെ ഉത്പത്തി ഓയിക്കയിൻ (oikein-അധിവസിക്കുക) എന്ന ക്രിയാപദത്തിൽ നിന്നും. അങ്ങനെ ഓയിക്കുമെനെ-യുടെ അർത്ഥം അധിവാസമേഖല അഥവാ മനുഷ്യർ അധിവസിക്കുന്ന ലോകം എന്നൊക്കെയാണ്. ഈ അർത്ഥത്തിൽ പ്രാചീന യവന-റോമൻ രാഷ്ട്രം ഓയിക്കുമെനേ എന്ന് അറിയപ്പെട്ടിരുന്നു. എന്നാൽ രാഷ്ട്രീയ മാറ്റങ്ങൾക്കനുസൃതമായി ഈ പദത്തിന്റെ ഉപയോഗത്തിലും മാറ്റങ്ങൾ സംഭവിച്ചു. റോമാസാമ്രാജ്യത്തിന്റെ വിഭജനത്തിനുശേഷം കോൺസ്റ്റാന്റിനോപ്പിൾ ആസ്ഥാനമായുള്ള സാമ്രാജ്യത്തെ മാത്രമാണ് ഓയിക്കുമെനേ എന്ന് വിളിച്ചിരുന്നത്. ഇതിൽ ഗ്രീസും റോമും മാത്രമേ ഉൾപ്പെട്ടിരുന്നുള്ളൂ. ഈ സാമ്രാജ്യത്തിനു പുറത്തുള്ളവരെ അപരിഷ്കൃതർ (barbarians) എന്നാണ് ഗണിച്ചിരുന്നത്. സഭയിൽ ഓയിക്കുമെനേയുടെ ഉപയോഗം മുകളിൽ പറഞ്ഞിരിക്കുന്നതിന് സമാന്തരമായിരുന്നു. ഗ്രേക്കോ-റോമൻ സാമ്രാജ്യങ്ങളിലെ സഭയിലെ മെത്രാന്മാർ ഒരുമിച്ചുകൂടുന്ന യോഗങ്ങൾക്ക് എക്യുമെനിക്കൽ കൗൺസിൽ എന്നായിരുന്നു പേര്. പിന്നീട് 518-നും 520-നും ഇടയ്ക്ക് കോൺസ്റ്റാന്റിനോപ്പിളിലെ ആർച്ചുബിഷപ്പായിരുന്ന പാത്രിയർക്കീസ് ജോൺ രണ്ടാമൻ തന്റെ ഔദ്യോഗിക നാമത്തോട് ചേർത്ത് ഓയിക്കുമെനിക്കോസ് (oikumenikos) എന്നുകൂടി ഉപയോഗിക്കാൻ തുടങ്ങി. ബൈസന്റയിൻ സാമ്രാജ്യം നശിപ്പിക്കപ്പെട്ടതിന് ശേഷം ഓയിക്കുമെനിക്കോസ് (eumenical) എന്നത് സാർവത്രികസഭയുടെ വിശേഷണമായി മാറി.

www.malankaralibrary.com



ഇക്കാലത്ത് ഗ്രേക്കോ-റോമൻ സാമ്രാജ്യത്തിലെ സഭകളെ ഒരു സഭയായിട്ടാണ് കണക്കാക്കിയിരുന്നത്. അതായത് കൽക്കദോനിയ സൂനഹദോസ് വരെയുള്ള എല്ലാ സൂനഹദോസുകളും അംഗീകരിക്കുന്ന ഏകസത്യസഭ. ഈ സഭയ്ക്ക് കത്തോലിക്കാ- ഓർത്തഡോക്സ് സഭ എന്നായിരുന്നു പേര്. പിന്നീട് ബൈസന്റയിൻസഭയും റോമൻസഭയും തമ്മിൽ വേർപിരിഞ്ഞപ്പോൾ 'കത്തോലിക്ക' എന്നത് റോമൻസഭയുടെയും ഓർത്തഡോക്സ് എന്നത് ബൈസന്റയിൻ സഭയുടെയും വിശേഷണമായി മാറി.

ഇന്ന് ഈ പദത്തിന്റെ അർത്ഥം വ്യത്യസ്തമാണ്. കത്തോലിക്കാസഭയുടെ ഉപയോഗത്തിൽ ഈ പദത്തിന്റെ അർത്ഥം ഏതാണ്ടിങ്ങനെ നിർവചിക്കാം. ക്രിസ്തുമതത്തിലെ എല്ലാ അടിസ്ഥാനപരമായ വിശ്വാസങ്ങളും പാരമ്പര്യങ്ങളും പരിരക്ഷിച്ചുകൊണ്ട് അത്തരത്തിലുള്ള മറ്റെല്ലാ സഭകളോടും ദൃശ്യമായ കൂട്ടായ്മയിൽ കഴിയുക എന്ന ഗുണവിശേഷണമാണ് എക്യുമെനിക്കൽ എന്ന് വിശേഷിക്കപ്പെടുന്നത്. എന്നാൽ മറ്റ് ക്രൈസ്തവവിഭാഗങ്ങളിൽ ഈ പദത്തിന്റെ ഉപയോഗം മറ്റൊരു തരത്തിലാണ്. ബാഹ്യമായ സഹകരണം മാത്രമാണ് പല പ്രൊട്ടസ്റ്റന്റു സഭകളും എക്യുമെനിക്കൽ എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത്. അതായത് വിശ്വാസത്തിലും പാരമ്പര്യങ്ങളിലും വ്യത്യാസമുണ്ടായാലും ഒരു സ്ഥലത്ത് ഒരുമിച്ച് പ്രവർത്തിക്കാൻ സാധിച്ചാൽ അത് എക്യുമെനിസമെന്നാണ് ചിലരുടെ വാദം.

**2 എക്യുമെനിസം എന്ന ഡിക്രി**

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രധാന ലക്ഷ്യംതന്നെ സഭകളുടെ ഐക്യമായിരുന്നു. ഈ ഐക്യദാഹത്തിന്റെ വ്യക്തമായ പ്രകടനമെന്ന നിലയിലാണ് സഭൈക്യപ്രസ്ഥാനത്തെ സംബന്ധിക്കുന്ന ഡിക്രിക്ക് രൂപം നല്കിയത്.

**ഒരുക്കങ്ങൾ**

വാസ്തവത്തിൽ സഭൈക്യത്തിനുള്ള കത്തോലിക്കാ സഭയുടെ പരിശ്രമങ്ങൾ സഭയിൽ അനൈക്യം ഉളവായപ്പാൾ മുതൽ ആരംഭിച്ചു

www.malankaralibrary.com



വെന്ന് പറയാം. സഭാതലത്തിലെ ഏറ്റവും നിർഭാഗ്യകരമായ സംഭവമായി വിശേഷിപ്പിക്കപ്പെടാവുന്നത് 1054-ൽ നടന്ന ഭിന്നതയാണ്. അന്ന് ബൈസന്റയിൻസഭയും റോമൻസഭയും പരസ്പരം മഹറോൻചൊല്ലി രണ്ടുസഭകളായി പിരിഞ്ഞു. ഈ ഭിന്നത പൂർണമായത് 1204-ലെ 4-ാം കുരിശുയുദ്ധത്തോടുകുടിയാണ്. എന്നാൽ അനൈക്യത്തിൽ പതിയിരിക്കുന്ന അപകടങ്ങളെപ്പറ്റി ഇരുസഭകൾക്കും ബോദ്ധ്യമുണ്ടായിരുന്നു. അതിന്റെ ഫലമായി 1274-ലയോൺസ് (Lyons) കൗൺസിൽ മുതൽ ഐക്യത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളും ആരംഭിച്ചു. 1439-ലെ ഫ്ളോറൻസ് (Florence) സൂനഹദോസിലും ഈ പരിശ്രമങ്ങൾ ആവർത്തിക്കപ്പെട്ടു. എങ്കിലും മനോഭാവങ്ങളിലെ വ്യത്യാസം ഐക്യത്തിന് പ്രതികൂലമായിനിന്നു. പിന്നീട് പ്രോട്ടസ്റ്റന്റ് വിപ്ലവത്തിനുശേഷം നടന്ന ട്രെന്റ് (Trent-1545 മുതൽ 1563 വരെ) സൂനഹദോസിൽ പ്രോട്ടസ്റ്റന്റുക്കാരുമായി ഐക്യപ്പെടാൻ പരിശ്രമങ്ങൾ നടക്കുകയുണ്ടായി. എന്നാൽ ഇവയൊന്നും വിജയത്തിലെത്തിയില്ല. പിന്നിട് പൗരസ്ത്യസഭകളുടെ ഇടയിൽ റോമൻസഭ നടത്തിയ പ്രേഷിതപ്രവർത്തനത്തിന്റെ ഫലമായി പല പൗരസ്ത്യ ക്രൈസ്തവവിഭാഗങ്ങളും തങ്ങളുടെ റീത്ത് പരിരക്ഷിച്ചുകൊണ്ട് റോമൻസഭയോട് ഐക്യപ്പെട്ടു. എന്നാൽ ഈ പ്രവർത്തനം പൗരസ്ത്യ സഭകളുടെ റോമിനോടുള്ള ബന്ധത്തെ കൂടുതൽ അകറ്റാനേ ഉപകരിച്ചുള്ളൂ. പിന്നിട് എടുത്തു പറയേണ്ട ചില ഐക്യസംരംഭങ്ങളാണ് ലെയോ പതിമൂന്നാം മാർപാപ്പ തുടങ്ങിയവർ തുടങ്ങിവച്ചത്. ലെയോ പതിമൂന്നാമൻ പെന്തക്കോസ്തിക്കുമുമ്പുള്ള ഒരു വാരം സഭൈക്യത്തിനുവേണ്ടിയുള്ള പ്രാർത്ഥനയുടെ വാരമായി മാറ്റിവച്ചു. ഈ പരിശ്രമങ്ങളെ 10-ാം പീയൂസ് മാർപാപ്പ, 15-ാം ബനഡിക്ട് പാപ്പ, 11-ാം പീയൂസ് മാർപാപ്പ എന്നിവർ തുടർന്നുകൊണ്ടിരുന്നു. 11-ാം പീയൂസ് മാർപാപ്പയുടെ കാലത്താണ് കേരളത്തിലെ പുനരൈക്യപ്രസ്ഥാനത്തെ പ്രോത്സാഹിപ്പിച്ച് മലങ്കര കത്തോലിക്കാസഭയ്ക്ക് അംഗീകാരം നൽകിയത്. 12-ാം പീയൂസ് മാർപാപ്പയും സഭൈക്യസംരംഭങ്ങൾക്ക് വിലപ്പെട്ട സംഭാവനകൾ നല്കിയ മാർപാപ്പയാണ്.

**അടുത്ത ഒരുക്കം**

സഭൈക്യരംഗത്ത് ഏറ്റവും കൂടുതൽ സംഭാവനകൾ നല്കു

www.malankaralibrary.com



കയും രണ്ടാം വത്തിക്കാൻ സൂനഹദോസ് വിളിച്ചുകൂട്ടുകയും ചെയ്തത് ജോൺ 23-ാം മാർപാപ്പയാണ്. 1959-ലെ സഭൈക്യപ്രാർത്ഥനാ വാരത്തോടനുബന്ധിച്ച് ഒരു സൂനഹദോസ് വിളിച്ചുകൂട്ടാനുള്ള താത്പര്യം ജോൺ 23-ാം മാർപാപ്പ പ്രഖ്യാപിക്കുകയുണ്ടായി. അതേവർഷം ജൂൺ 29-ാം തീയതി മാർപാപ്പ ഒരു ചാക്രികലേഖനത്തിലൂടെ (Ad Petri Cathedram) കത്തോലിക്കാസഭയുടെ നവീകരണവും സഭകളുടെ ഐക്യവും സാധിക്കണമെന്ന് ആഹ്വാനം ചെയ്യുകയുണ്ടായി. സൂനഹദോസിന്റെ അടുത്ത ഒരുക്കം എന്ന നിലയിൽ മാർപാപ്പ 1960-ൽ ക്രിസ്തീയ ഐക്യത്തിനുവേണ്ടിയുള്ള സെക്രട്ടറിയേറ്റ് (Secretariat for Christian unity) സ്ഥാപിക്കുകയുണ്ടായി. പിന്നീട് ഈ സംഘടനയുടെ പേര് ക്രിസ്തീയ ഐക്യത്തെ പ്രോത്സാഹിപ്പിക്കുന്ന പൊന്തിഫിക്കൽ കൗൺസിൽ (The Pontifical Council for promoting Christian unity) എന്ന് മാറ്റുകയുണ്ടായി. കർദ്ദിനാൾ ബെയ (Cardinal Bea) ആയിരുന്നു ഈ സംഘടനയുടെ അദ്ധ്യക്ഷൻ. ഇതിന്റെ പ്രവർത്തനഫലമായി 1960-മുതൽ തന്നെ പല സഭകളുടെയും മേലദ്ധ്യക്ഷന്മാരുമായി കൂടിക്കാഴ്ചകൾക്ക് വേദി ഒരുക്കുകയും ചെയ്തു. ഇതിൽ ഏറ്റവും പ്രധാനം എന്ന് വിശേഷിപ്പിക്കാവുന്നത് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ അവസാനത്തോടെ, 1965-ൽ തന്നെ റോമും കോൺസ്റ്റാന്റിനോപ്പോളും 1054-ൽ ചെയ്ത തെറ്റ് തിരുത്തി എന്നുള്ളതാണ്. അതായത് ഈ സഭകൾ തങ്ങൾ ചൊല്ലിയ മഹറോൻ തിരിച്ചെടുത്തു. വത്തിക്കാൻ കൗൺസിലിന്റെ സമയത്തും അതിനുശേഷവും ഇന്നുവരെയും സഭൈക്യത്തെ പ്രോത്സാഹിപ്പിക്കുന്ന പൊന്തിഫിക്കൽ കൗൺസിൽ (The Pontifical Council for promoting Christian unity) വളരെ ക്രിയാത്മകമായ സംഭാവനകൾ ചെയ്തുകൊണ്ടിരിക്കുന്നു.

### രണ്ടാം വത്തിക്കാൻ സൂനഹദോസ്

മുകളിൽ പറഞ്ഞതുപോലെ സഭൈക്യമായിരുന്നു രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന്. ഈ ലക്ഷ്യം സാധിക്കുന്നതിനു വേണ്ടിയുള്ള താത്വിക അടിത്തറയും പ്രായോഗിക നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്ന ഏറ്റവും പ്രധാന രേഖയാണ് 1964 നവംബർ 21-ന് പാസാക്കിയ സഭൈക്യപ്രസ്ഥാനത്തെ സംബന്ധിക്കുന്ന ഡിക്രി . ഇതിനോട് ചേർത്ത് വായിക്കേണ്ടതാണ് പൗരസ്ത്യ സഭകളെ

www.malankaralibrary.com



സംബന്ധിക്കുന്ന ഡിക്രി (Orientalium ecclesiarum) യും, സഭയെ സംബന്ധിക്കുന്ന പ്രമാണരേഖ (Lumen Gentium) യും. പൗരസ്ത്യ സഭകളെ സംബന്ധിക്കുന്ന ഡിക്രി എക്യുമെനിസത്തിന്റെ തന്നെ തുടർച്ചയാണെന്ന് പറയാം. അതായത് കത്തോലിക്കാ സഭ വിഭാവനം ചെയ്യുന്ന സഭൈക്യം ഇന്ന് കത്തോലിക്കാ സഭാ കൂട്ടായ്മയിലുള്ള പൗരസ്ത്യ സഭകളുടെ മാതൃകയിലുള്ളതായിരിക്കണം. സ്വന്തമായ പാരമ്പര്യത്തിനോ ആരാധനക്രമത്തിനോ ആദ്ധ്യാത്മികതയ്ക്കോ സഭാസംവിധാനത്തിനോ കോട്ടം വരാതെ റോമൻ സഭയോട് പുലർത്തുന്ന ദൃശ്യമായ കൂട്ടായ്മ. സഭയെ സംബന്ധിക്കുന്ന പ്രമാണരേഖ എക്യുമെനിസം എന്ന ഡിക്രിക്ക് അടിസ്ഥാനമായി വർത്തിക്കുന്നു. എന്താണ് സഭയെന്നറിയാതെ സഭൈക്യം സാധ്യമല്ലല്ലോ. എന്താണ് സഭ എന്ന ചോദ്യത്തിനുത്തരമാണ് സഭയെ സംബന്ധിക്കുന്ന രേഖ.

**സഭൈക്യ പ്രസ്ഥാനത്തെ സംബന്ധിക്കുന്ന ഡിക്രി**

ഈ രേഖയുടെ പേര് ലത്തീൻ ഭാഷയിൽ യൂണിത്താത്തീസ് റേദിന്തേഗ്രാസിയോ (Unitatis Redintegratio) എന്നാണ്. അതിന്റെ അർത്ഥം ഐക്യത്തിന്റെ പുനരാവിഷ്ക്കരണം എന്ന് മലയാളത്തിൽ പറയാം. 1964 നവംബർ 21-നാണ് ഈ ഡിക്രി പാസാക്കിയത്. കൗൺസിൽ ചർച്ചയ്ക്കുവേണ്ടി എടുത്ത ആദ്യത്തെ വിഷയം ആരാധനക്രമനവീകരണമായിരുന്നു. അവിടെയും മാർപാപ്പായുടെ ആകാംക്ഷ ആരാധാനക്രമനവീകരണം മറ്റ് സഭകൾക്ക് എന്ത് പ്രയോജനം ചെയ്യും എന്നുള്ളതായിരുന്നു. അതിനുശേഷം ദൈവാവിഷ്കാരത്തിന്റെ സ്രോതസ്സുകൾ ചർച്ചയ്ക്ക് വന്നു. എന്നാൽ ഇത് അടിസ്ഥാനപരമായ ഒരുപരിഷ്കരണത്തിന് വിധേയമാക്കണമെന്ന നിർദ്ദേശത്തോടെ പിൻവലിക്കപ്പെട്ടു. അതിനുള്ള കാരണം ചർച്ചയ്ക്ക് സഹായകമായി അവതരിക്കപ്പെട്ട രേഖ അകത്തോലിക്കരുമായുള്ള സംവാദത്തെ സഹായിക്കാൻ സാദ്ധ്യതയില്ല എന്നതാണ്. ഈ രണ്ടു ചർച്ചയിലും മുഴങ്ങികേട്ട പ്രധാന താത്പര്യം സഭൈക്യം സാക്ഷാത്കരിക്കുക, അതിനുള്ള മാർഗങ്ങൾ ആരായുക എന്നതായിരുന്നു. പിന്നീടാണ് ക്രൈസ്തവ ഐക്യത്തെ സംബന്ധിക്കുന്ന വിഷയം ചർച്ചയ്ക്കെടുത്തത്.

www.malankaralibrary.com



**ഡിക്രിയുടെ ഉള്ളടക്കം**

ആമുഖവും മൂന്ന് അദ്ധ്യായവുമുള്ള ഈ ഡിക്രി 24 നമ്പറുകളായി വിഭജിച്ചിരിക്കുന്നു. ക്രിസ്തീയ ഐക്യത്തിന്റെ ആവശ്യകതയും അതിന് അനുകൂലമായി ഇന്ന് ഉടലെടുത്തു കൊണ്ടിരിക്കുന്ന സാഹചര്യങ്ങളുമാണ് ആമുഖത്തിൽ എടുത്തുപറയുന്നത്. യേശുവിന്റെ ആദർശങ്ങളുടെ അവകാശികളും പിൻതുടർച്ചക്കാരുമെന്ന് അവകാശപ്പെടുന്ന സഭകൾ തമ്മിലുള്ള അനൈക്യം അക്രൈസ്തവരുടെ ഇടയിൽ ആശയക്കുഴപ്പം സൃഷ്ടിക്കുകയും സുവിശേഷ പ്രഖ്യാപനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. ഇതാണ് ഇന്നത്തെ സ്ഥിതിയെങ്കിലും ദൈവത്തിന്റെ കൃപ ഐക്യത്തിനുള്ള പുതിയ ദാഹം സഭകളിൽ ഉത്പാദിപ്പിച്ചു കൊണ്ടാണിരിക്കുന്നത്. ദൈവത്തിന്റെ ഏകദൃശ്യസഭ എന്ന ആദർശത്തിൽ എത്തിച്ചേരണമെന്ന ആഗ്രഹം ഏതാണ്ട് എല്ലാവരിലും തന്നെ നിലനിൽക്കുന്നുണ്ട്. എങ്ങനെയുള്ളതായിരിക്കണം ആ ഏകസഭ എന്ന തത്വം സഭയെ സംബന്ധിക്കുന്ന പ്രമാണരേഖയിൽ ആവിഷ്കരിച്ചുകഴിഞ്ഞു. അതിന്റെ വെളിച്ചത്തിൽ യേശുവിനെ അനുഗമിക്കുന്നവരുടെയെല്ലാം ഐക്യം സാധിക്കുന്നതിനുള്ള ചില സഹായങ്ങളും വഴികളും മാർഗങ്ങളുമാണ് ഈ ഡിക്രിയിൽ-സഭൈക്യത്തെ സംബന്ധിക്കുന്ന-ഡിക്രിയിൽ അവതരിപ്പിക്കുന്നത്.

ഒന്നാം അധ്യായം എക്യുമെനിസത്തിനുള്ള കത്തോലിക്കാസഭയുടെ തത്വങ്ങളാണ് 2 മുതൽ 4 വരെയുള്ള നമ്പറുകളിലാണ് ഈ തത്വങ്ങൾ വിവരിക്കുന്നത്. ദൈവം തന്റെ സ്നേഹത്തിൽ ഏകജാതനെ നമ്മുടെ ഇടയിലേക്ക് അയച്ചത് അവൻ മുഴുവൻ മനുഷ്യകുലത്തെയും രക്ഷിച്ച് നവജീവനിലേക്കും ഐക്യത്തിലേക്കും നയിക്കണമെന്ന ലക്ഷ്യത്തോടെയാണ്. ഈ ലക്ഷ്യം താൻ ക്രൂശിൽ സമർപ്പിക്കപ്പെട്ടതിനു മുമ്പ് യേശു ചെയ്ത പ്രാർത്ഥനയിൽ പ്രകടമാണ്. "പിതാവേ, നീ എന്നിലും ഞാൻ നിന്നിലും എന്നതുപോലെ ഇവരും നമ്മിൽ ഒന്നാകേണ്ടതിനും അങ്ങനെ നീ ആണ് എന്നെ അയച്ചത് എന്ന് ലോകം വിശ്വസിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുന്നു" (ജോൺ. 17:21). യേശു തന്റെ അനുയായികൾക്ക് പരസ്പരസ്നേഹത്തിന്റെ പുതിയ കല്പന നല്കുകയും ജീവദാതാവും കർത്താവും ആശ്വാസപ്രദനുമായ പരിശുദ്ധാത്മാവിനെ അവർക്കു വാഗ്ദാനം ചെയ്യുകയും ചെയ്തു. അപ്പസ്തോലന്മാരുടെ

www.malankaralibrary.com



പ്രബോധനത്തിലും സഭയുടെ ഐക്യം വ്യക്തമാണ്. സഭ "ഒരു ശരീരവും ഒരു ആത്മാവുമാണ്, നിങ്ങൾ നിങ്ങളുടെ വിളിയുടെ ഏകപ്രത്യാശയിലേക്ക് വിളിക്കപ്പെട്ടതു പോലെ. ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമ്മോദീസയുമാണ് ഉള്ളത്" (എഫേ. 4:4-5) ക്രിസ്തുവാണ് സഭയുടെ ഐക്യത്തിന്റെ തത്വം. വിശ്വാസികളിൽ കുടികൊള്ളുന്ന പരിശുദ്ധന്മാവ് വിശ്വാസികളിൽ ഐക്യം സാക്ഷാത്കരിക്കുന്നു. ലോകത്തെങ്ങും ഈ സഭയെ സ്ഥാപിക്കാൻ ക്രിസ്തു അപ്പസ്തോലഗണത്തെ ചുമതലപ്പെടുത്തുകയും പഠിപ്പിക്കാനും, ഭരിക്കാനും, വിശുദ്ധീകരിക്കാനും അവരെ അധികാരപ്പെടുത്തുകയും ചെയ്തു. അവരുടെ കൂട്ടത്തിൽ നിന്ന് പത്രോസിനെ തിരഞ്ഞെടുത്ത് അവനിൽ തന്റെ സഭയെ പണിയുമെന്ന് യേശു പ്രഖ്യാപിച്ചു . അപ്പസ്തോലന്മാരുടെ സുവിശേഷ പ്രഘോഷണങ്ങളിലൂടെയും കൂദാശ പരികർമങ്ങളിലൂടെയും അധികാരവിനിയോഗത്തിലൂടെയും യേശു തന്റെ സഭയെ വഴി നടത്തിക്കൊണ്ടിരിക്കുന്നു. ഇതാണ് സഭയുടെ ഐക്യത്തിന്റെ വിശുദ്ധ ശുശ്രൂഷ. ഈ ഐക്യത്തിന്റെ ഏറ്റവും ഉദാത്തമായ മാതൃക പരിശുദ്ധ ത്രീത്വമാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവുമെന്ന മൂന്നാളുകളുടെ ഐക്യത്തിൽ നിലനില്ക്കുന്ന ഏകദൈവമെന്ന രഹസ്യം.

സഭയുടെ ആരംഭം മുതൽ തന്നെ ഈ ഏകസത്യസഭയിൽ വിഭിന്നതയും തലപൊക്കുന്നുണ്ടായിരുന്നു. എന്നാൽ പൗലോസ് അപ്പസ്തോലൻ ഇത്തരം പ്രവണതകളെ വിനാശകരം എന്നാണ് വിശേഷിപ്പിക്കുന്നത് (1 കൊറി. 1-11, 11:22). എന്നാൽ ഇന്നുള്ള ക്രൈസ്തവർ ഈ വിഭാഗീയതയ്ക്ക് കാരണക്കാരെന്ന് പറയാനാവില്ല. വിവിധ സഭകളിൽ കഴിയുന്ന സഹോദരങ്ങളെ കത്തോലിക്കാസഭ സ്നേഹത്തോടും ബഹുമാനത്തോടുംകൂടി സ്വീകരിക്കുന്നു. ഇവരും കത്തോലിക്കാസഭയും തമ്മിൽ നിലനിൽക്കുന്ന വ്യത്യാസങ്ങൾ പല നിലവാരത്തിലുള്ളതാണ്. വിശ്വാസത്തെ സംബന്ധിച്ചും ശിക്ഷണത്തെ സംബന്ധിച്ചും സഭാസംവിധാനത്തെക്കുറിച്ചുമൊക്കെ വ്യത്യസ്ത നിലപാടുകളാണ് ഇവരൊക്കെ പുലർത്തുന്നത്. എന്നാൽ ഈ വ്യത്യാസങ്ങളെ അതിജീവിക്കാനാണ് സഭൈക്യ പ്രസ്ഥാനം പരിശ്രമിക്കുന്നത്. മാത്രമല്ല ഈ വ്യത്യസ്ത നിലപാടുകളുള്ളവരെല്ലാം വിശ്വാസവും മാമ്മോദീസയും വഴി ക്രിസ്തുവിന്റെ ഏകശരീരമായി തീർന്നവരാണ്. അതിനാൽ ക്രിസ്ത്യാനികളെന്ന സംബോധനയ്ക്കും കർത്താവിന്റെ സഹോ

www.malankaralibrary.com



ദരങ്ങളും കത്തോലിക്കാസഭയുടെ സന്താനങ്ങളുമെന്ന പരിഗണനയ്ക്കും ഇവർ അർഹരാണ്. മാത്രമല്ല കത്തോലിക്കാ സഭയുടെ ദൃശ്യസീമകൾക്കപ്പുറത്തും സഭയെ പണിതുയർത്താനുള്ള മാർഗങ്ങൾ നിലനിൽക്കുന്നുണ്ട്. ലിഖിത ദൈവവചനം, കൃപാവരത്തിലുള്ള ജീവിതം, വിശ്വാസം, ശരണം, ഉപവി, പരിശുദ്ധാത്മാവിന്റെ മറ്റ് വരദാനങ്ങൾ എന്നിവ. ഇവയെല്ലാം ക്രിസ്തുവിൽനിന്ന് വന്ന് ക്രിസ്തുവിലേക്ക് നയിക്കുന്നവയാണ്. ഇതെല്ലാം ക്രിസ്തുവിന്റെ ഏകസഭയുടെ സമ്പത്തുകളുമാണ്. അതുപോലെ കത്തോലിക്കാ സഭയിൽനിന്ന് ഭിന്നിച്ചു നിൽക്കുന്ന സഹോദരങ്ങളും ക്രിസ്തുമതത്തിന്റെ പല ക്രിയകളും അനുവർത്തിക്കുന്നുണ്ട്. ഇവയെല്ലാം രക്ഷയ്ക്കുള്ള മാർഗങ്ങളാണ്. എങ്കിലും യേശുക്രിസ്തു തന്റെ സഭയ്ക്ക് പ്രദാനം ചെയ്ത ഐക്യമെന്ന ദാനം ഇവർക്ക് ലഭിച്ചിട്ടില്ല. അതുപോലെ രക്ഷയ്ക്കുള്ള മുഴുവൻ മാർഗങ്ങളും. കാരണം, ക്രിസ്തുവിന്റെ കത്തോലിക്കാ സഭയിൽ മാത്രമാണ് രക്ഷയ്ക്കുള്ള എല്ലാ മാർഗങ്ങളും ഉള്ളത്. പത്രോസ് ശിരസ്സായുള്ള അപ്പസ്തോലിക സംഘത്തിന് മാത്രമാണ് പുതിയ ഉടമ്പടിയുടെ എല്ലാ അനുഗ്രഹങ്ങളും യേശു ഭരമേൽപ്പിച്ചത്. അതിനാൽ ദൈവജനത്തോട് ഏതെങ്കിലും വിധത്തിൽ ബന്ധപ്പെട്ടിരിക്കുന്നവർ ക്രിസ്തുവിന്റെ ഈ ഏകശരീരത്തോട് പൂർണമായി സമന്വയിക്കപ്പെടണം.

ഇന്ന് ലോകത്തിന്റെ നാനാഭാഗങ്ങളിലും പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ ഐക്യത്തിനുള്ള പരിശ്രമങ്ങൾ നടന്നുവരുന്നുണ്ട്. അതിനാൽ കാലത്തിന്റെ അടയാളങ്ങളെ കണ്ടറിഞ്ഞ് ഈ ഐക്യപരിശ്രമങ്ങളോട് സഹകരിക്കാൻ കത്തോലിക്കാസഭ തന്റെ വിശ്വാസികളെ ആഹ്വാനം ചെയ്യുന്നു. എന്താണ് സഭൈക്യ പ്രസ്ഥാനം? സഭയുടെ വിവിധ ആവ ശ്യങ്ങളും സാഹചര്യങ്ങളുമനുസരിച്ച് ക്രിസ്ത്യാനികളുടെ ഇടയിൽ ഐക്യമുണ്ടാക്കാൻ വേണ്ടി തുടങ്ങുന്നതും സംഘടിപ്പിക്കുന്നതുമായ പ്രവർത്തനങ്ങളെയും പ്രയത്നങ്ങളെയും സഭൈക്യ പ്രസ്ഥാനമെന്ന് വിളിക്കുന്നു. ഇതിൽ നിഷേധാത്മകവും ഭാവാത്മകവുമായ രണ്ടു തലങ്ങൾ ഉണ്ട. ക്രിസ്ത്യാനികൾ തമ്മിലുള്ള ബന്ധം കൂടുതൽ വഷളാക്കാൻ സാദ്ധ്യതയുള്ള വാക്കുകളും, വിധികളും പ്രവൃത്തികളുമെല്ലാം ഉപേക്ഷിക്കുകയെന്നതാണ് നിഷേധാത്മകഭാവം. ഐക്യത്തിനുവേണ്ടി സംഘടിക്കപ്പെടുന്ന യോഗങ്ങളിൽ ഓരോ സഭയുടെയും പ്രതിനിധിതങ്ങളുടെ നിലപാടുകൾ വിനയപൂർവം, എന്നാൽ വ്യക്തമായും പ്രഖ്യാ

www.malankaralibrary.com



പിക്കേണ്ടതുണ്ട്. അതുവഴി പരസ്പരധാരണ വർദ്ധിക്കുകയും ഓരോരുത്തർക്കും ക്രിസ്തുവിന്റെ തിരുഹൃദയത്തോടുള്ള തങ്ങളുടെ വിശ്വസ്തതയെപ്പറ്റി ആത്മശോധന ചെയ്യുന്നതിനുള്ള സന്ദർഭം ഉണ്ടാകുകയും ചെയ്യും. ഇതിന്റെ ലക്ഷ്യം ഐക്യത്തിനുള്ള തടസ്സങ്ങൾ നീങ്ങി എല്ലാവരും ഒരുമിച്ച് വിശുദ്ധ കുർബാന അർപ്പിക്കുന്ന അവസ്ഥയിലെത്തുക എന്നുള്ളതാണ്. സഭൈക്യ പ്രസ്ഥാനവും വ്യക്തികളുടെ കത്തോലിക്കാ സഭാപ്രവേശനവും വ്യത്യസ്തമാണ്. രണ്ടും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. കാരണം, ദൈവത്തിന്റെ അത്ഭുതാവഹമായ പരിപാലനയിൽ നിന്നാണ് രണ്ടും ഉരുത്തിരിയുന്നത്.

അകത്തോലിക്കാ സഹോദരങ്ങളുടെ ഐക്യത്തിനുവേണ്ടി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതോടൊപ്പം കത്തോലിക്കർ ആത്മശോധനയ്ക്കും തയ്യാറാകണം. അതായത്, തങ്ങളുടെ ജീവിതം അപ്പസ്തോലന്മാർവഴി ക്രിസ്തു നൽകിയ പ്രബോധനങ്ങൾക്കനുസൃതം സാക്ഷ്യമാകാൻ ശക്തമാണോ എന്ന് അവർ പരിശോധിക്കേണ്ടതുണ്ട്. കത്തോലിക്കാസഭയിൽ രക്ഷയ്ക്കുള്ള എല്ലാ മാർഗങ്ങളും ഉണ്ടെങ്കിലും സഭാസന്താനങ്ങൾ ഇവയെല്ലാം ഉപയോഗപ്പെടുത്തി ജീവിച്ച് സാക്ഷ്യം നൽകുന്നില്ല എന്നത് ഒരു സത്യമാണ്. മറ്റ് സഭകളിലെ നന്മകളെ അംഗീകരിക്കുകയും പ്രശംസിക്കുകയും ചെയ്യാൻ കത്തോലിക്കർ തയ്യാറാകണം. അവയിൽ പലതും കത്തോലിക്കാസഭയുടെ തന്നെ നവീകരണത്തിനും കെട്ടുറപ്പിനും പ്രയോജനകരമാണ്. യഥാർത്ഥത്തിൽ ക്രിസ്തീയമായ ഒന്നും വിശ്വാസത്തിന് വിരുദ്ധമല്ല എന്ന് നാം മനസ്സിലാക്കണം.

കത്തോലിക്കാ സഭയുടെ കാതോലികത പൂർണ അർത്ഥത്തിൽ ഇന്ന് സാക്ഷാത്കരിക്കപ്പെടുന്നില്ല. എന്നുള്ളതാണ് സത്യം. മാമ്മോദീസാ വഴി ഇന്ന് സാക്ഷാത്ക്കരികപ്പെടുന്നില്ല എന്നുള്ളതാണ് സത്യം. മാമ്മോദീസാ വഴി സഭയോട് യോജിച്ചിരിക്കുമെങ്കിലും പൂർണകൂട്ടായ്മയിലേക്ക് വരാത്ത മക്കളും സഭയ്ക്കുണ്ട് എന്നുള്ളതാണ് ഇതിനു കാരണം. അതിനാൽ തന്നെ സഭകളുടെ ഐക്യത്തിനുവേണ്ടി പ്രവർത്തിക്കുവാൻ കത്തോലിക്കർക്ക് വലിയ കടമയുണ്ട്.

സഭൈക്യ പ്രസ്ഥാനത്തിന്റെ പ്രവർത്തനരീതിയാണ് രണ്ടാം അദ്ധ്യായത്തിലെ ചർച്ചാ വിഷയം. 5 മുതൽ 12 വരെയുള്ള നമ്പറുക

www.malankaralibrary.com



ളിൽ ഈ വിഷയം ചർച്ചചെയ്യുന്നു.

ഐക്യം സാക്ഷാത്കരിക്കുക എന്നത് സഭയുടെ മുഴുവൻ ചുമതലയാണ്. ഇതിൽ വിശ്വാസികളും പുരോഹിതരും തങ്ങളുടെ ഉത്തരവാദിത്വം നിർവഹിക്കണം. ദൈനംദിനജീവിതത്തിലും ദൈവ ശാസ്ത്രപരവും ചരിത്രപരവുമായ പഠനത്തിലും സഭൈക്യ താത്പര്യം പ്രകടമാക്കപ്പെടണം.

സഭയിലെ എല്ലാ നവീകരണ പ്രവർത്തനങ്ങളും സഭയുടെ ദൈവവിളിയോടുള്ള വിശ്വസ്തതയാണ് വർദ്ധിപ്പിക്കുന്നത്. ഈ വിശ്വ സ്തതയിൽ ഐക്യം സാധിക്കുക എന്നത് പ്രധാന വശമാണ്. നിര ന്തരം നവീകരിക്കപ്പെടുക എന്നതാണ് സഭയുടെ വിളി. ഭൂമിയിൽ മനു ഷ്യരെ ഉൾക്കൊള്ളുന്ന ഒരു സ്ഥാപനമായതുകൊണ്ട് നിരന്തരം നവീക രിക്കപ്പെടുക ആവശ്യവുമാണ്. കാരണം, കാലഘട്ടങ്ങളിലൂടെയുള്ള യാത്രയിൽ വിവിധ സാഹചര്യങ്ങളും സംഭവങ്ങളും സഭയുടെ സ്വഭാ വത്തിലും ശിക്ഷണരീതിയിലും വിശ്വാസങ്ങളുടെ പ്രകാശനരീതികളിലും കുറവുകൾ വരുത്തിയിട്ടുണ്ടാകാം. ഇവ അപ്പപ്പോൾ തിരുത്തുകയെ ന്നത് സഭയുടെ കടമയാണ്. അതിനാൽ നവീകരണത്തിന് സഭൈക്യ സംബന്ധമായ പ്രാധാന്യമുണ്ട്.

ഹൃദയത്തിന് മാറ്റം വരാതെ യഥാർത്ഥ സഭൈക്യം സാദ്ധ്യമ ല്ല. ആത്മത്യാഗവും കറയില്ലാത്ത സ്നേഹവും വഴി മാത്രമേ ഐക്യം കാംക്ഷിക്കുകയും ഐക്യത്തിന്റെ പക്വതയിലേക്ക് വളരുകയും ചെയ്യു കയുള്ളൂ. അതിനാൽ ആത്മത്യാഗസന്നദ്ധതയും എളിമയും മറ്റുള്ള വരെ സഹായിക്കാനുള്ള സന്നദ്ധതയും സഹോദരത്വചിന്തയോടു കൂടിയ ഉദാരതയും നമ്മിൽ വളർത്തുവാൻ പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കേണ്ടതുണ്ട്. “നമ്മൾ പാപം ചെയ്തിട്ടില്ലെന്ന് പറയുകയാ ണെങ്കിൽ അവനെ നമ്മൾ കള്ളനാക്കുന്നു” (1 യോഹ. 1:10) എന്ന യോ ഹന്നാന്റെ സാക്ഷ്യം ഇവിടെ പ്രസക്തമാണ്. സുവിശേഷാനുസൃതം ജീവിക്കുവാനുള്ള പരിശ്രമങ്ങൾ ക്രൈസ്തവ ഐക്യത്തിലേക്കാണ് നയിക്കുന്നതെന്ന് എല്ലാ ക്രിസ്തീയ വിശ്വാസികളും മനസ്സിലാക്കേണ്ട തുമുണ്ട്.

www.malankaralibrary.com



കത്തോലിക്കാ വിശ്വാസം മറ്റുള്ളവരുടെ മുമ്പിൽ അവതരിപ്പിക്കുമ്പോൾ രണ്ടു കാര്യങ്ങൾ സൂക്ഷിക്കേണ്ടതുണ്ട്. അവതരണരീതിയും അവതരണക്രമവും ഐക്യത്തിന് ഒരു വിധത്തിലും ഹാനികരമാകരുത്. കത്തോലിക്കാ വിശ്വാസം വ്യക്തമായി പ്രഖ്യാപിക്കരുത് എന്നല്ല ഇതിന് അർത്ഥം. എന്നാൽ കൗൺസിലുകളിൽ നിന്ന് ഉരുത്തിരിയുന്ന വിശ്വാസം അതുപോലെ വിവേചനം കൂടാതെ അവതരിപ്പിച്ചാൽ വിശ്വാസ സത്യങ്ങളുടെ അർത്ഥത്തിന് തന്നെ കോട്ടം വരുത്തുകയാകും ചെയ്യുന്നത്. അകത്തോലിക്കാ സഭകൾക്ക് എളുപ്പത്തിൽ മനസ്സിലാകുന്ന രീതിയിലും വ്യക്തമായും ആഴത്തിലും വിശ്വാസസത്യങ്ങൾ അവതരിപ്പിക്കണം. അതുപോലെ സഭൈക്യ ശുശ്രൂഷയിലേർപ്പെട്ടിരിക്കുന്ന കത്തോലിക്കാ ദൈവശാസ്ത്രജ്ഞന്മാർ സത്യത്തോടുള്ള സ്നേഹവും ഉപവിയും എളിമയും പുലർത്തികൊണ്ടുവേണം വിശ്വാസസത്യങ്ങൾ പ്രചരിപ്പിക്കാൻ.

എല്ലാ ക്രൈസ്തവരും മുഴുവൻ ലോകത്തിന്റെയും മുമ്പിൽ ഏകനും ത്രിത്വവുമായ ദൈവത്തിലും നമ്മുടെ കർത്താവും രക്ഷകനുമായ ദൈവപുത്രനിലുമുള്ള വിശ്വാസം ഏറ്റുപറയട്ടെ. പരാജയപ്പെട്ടുപോകാത്ത നമ്മുടെ പൊതുവായ പ്രത്യാശയ്ക്കു പരസ്പരബഹുമാനത്തോടെ അവർ സാക്ഷ്യംവഹിക്കട്ടെ. എല്ലാ മനുഷ്യരെയും പ്രത്യേകിച്ചും ദൈവത്തിൽ വിശ്വസിക്കുന്ന എല്ലാവരെയും അതിലും സവിശേഷമായി ക്രിസ്തുവിന്റെ നാമത്താൽ മുദ്രിതരായ എല്ലാ ക്രൈസ്തവരെയും ഈ ഐക്യത്തിലേക്ക് ക്ഷണിക്കുന്നു. ക്രിസ്തീയ ഐക്യമെന്നത് ഇപ്പോൾതന്നെ ക്രിസ്ത്യാനികളുടെ ഇടയിലുള്ള ഐക്യത്തിന്റെ, ക്രിസ്തുവിന്റെ നാമത്തിലുള്ള ഐക്യത്തിന്റെ, പൂർത്തീകരണമാണ്.

മൂന്നാമദ്ധ്യായത്തിന് പന്ത്രണ്ട് നമ്പറുകളാണുള്ളത്, 13 മുതൽ 24 വരെ നമ്പറുകൾ, ഇത് മൂന്ന് ഉപവിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. വിവിധ സഭകളോട് കത്തോലിക്കാസഭയ്ക്കുള്ള ഐക്യത്തിന്റെ നിലവാരമാണ് ഈ അദ്ധ്യായത്തിൽ ചർച്ചചെയ്യപ്പെടുന്നത്. ആദ്യഭാഗത്ത് അനൈക്യത്തിന്റെ രണ്ടു തലങ്ങൾ ചർച്ചചെയ്യപ്പെടുന്നു. ഒന്നാമത്തേത്, എഫേസൂസ്, കൽക്കദോനിയ എന്നീ സൂനഹദോസുകളുടെ ഫലമായുണ്ടായ അനൈക്യവും പിന്നീട് റോമും പൗരസ്ത്യ പാത്രിയർക്കീസുമായുണ്ടായ തർക്കങ്ങളുടെ വെളിച്ചത്തിൽ സംഭവിച്ച അനൈക്യവും.

www.malankaralibrary.com



ഇക്കാരണങ്ങളാലാണ് പൗരസ്ത്യസഭകൾ കത്തോലിക്കാസഭയിൽനിന്നും മാറിനിൽക്കാനിടയായത്. ഇങ്ങനെ മാറി നിൽക്കുന്ന സഭകളോട് കത്തോലിക്കാസഭയ്ക്കുള്ള ബന്ധം ആദ്യം ചർച്ചചെയ്യപ്പെടുന്നു. പിന്നീട് പാശ്ചാത്യസഭയിലുണ്ടായ അനൈക്യം, പ്രത്യേകിച്ചും പ്രൊട്ടസ്റ്റന്റ് വിപ്ലവത്തോടുകൂടി സംഭവിച്ച അനൈക്യം ചർച്ചചെയ്യപ്പെടുന്നു. ഇവ രണ്ടും രണ്ടുതരത്തിലുള്ള അനൈക്യമാണ്. ഇവയ്ക്ക് വ്യത്യസ്തമായ പരിഗണനയാണ് നൽകേണ്ടത്.

നൂറ്റാണ്ടുകളായി പൗരസ്ത്യസഭകളും പാശ്ചാത്യസഭകളും തങ്ങളുടെ സ്വന്തം വഴിക്കാണ് യാത്ര ചെയ്തിട്ടുള്ളത്. എന്നാൽ എപ്പോഴും ഇവയ്ക്കിടയിൽ വിശ്വാസത്തിന്റെയും കൂദാശകളുടെതുമായ ഒരു ബന്ധം നിലനിന്നിരുന്നു. പൗരസ്ത്യസഭകൾ വിവിധ സഹോദരീസഭകളായിട്ടാണ് നിലനിൽക്കുന്നത്. അവയ്ക്കിടയിൽ വിശ്വാസത്തിലും സ്നേഹത്തിലുമുള്ള ഐക്യത്തിനുവേണ്ടിയുള്ള ദാഹം നിലനിൽക്കുന്നു. അതുപോലെ ഈ സഭകളുടെ ആദ്ധ്യാത്മികനിക്ഷേപത്തിൽനിന്ന് പാശ്ചാത്യസഭയും വളരെയേറെ നന്മകൾ സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല വി. ത്രിത്വത്തെയും മനുഷ്യാവതാരം ചെയ്ത ദൈവവചനത്തെയും പരിശുദ്ധകന്യകാമറിയത്തെയും പറ്റിയുള്ള വിശ്വാസസത്യങ്ങളെല്ലാം നിർവചിക്കപ്പെട്ടത് പൗരസ്ത്യദേശങ്ങളിൽവച്ച് നടത്തപ്പെട്ട സൂനഹദോസുകളിലാണ്. എങ്കിലും അപ്പസ്തോലന്മാരിൽനിന്ന് ലഭിച്ച വിശ്വാസം വ്യത്യസ്തരൂപങ്ങളിലാണ് ഈ സഭകളിൽ വളർന്നതും പരിരക്ഷിക്കപ്പെട്ടതും. അതിനാൽ ക്രിസ്തീയ ഐക്യത്തിനുവേണ്ടി പരിശ്രമിക്കുന്നവർ പൗരസ്ത്യ സഭകൾക്ക് സവിശേഷ പരിഗണന കൊടുക്കണമെന്ന് നിർദ്ദേശിക്കുന്നു.

പൗരസ്ത്യർക്ക് പരിശുദ്ധ ആരാധനക്രമത്തോടുള്ള സ്നേഹം സുവിദിതമാണ്, പ്രത്യേകിച്ചും വിശുദ്ധ കുർബാനയുടെ പരികർമത്തിലുള്ള താത്പര്യം. പരിശുദ്ധകന്യകയോടുള്ള മനോഹരഗാനങ്ങൾ, വിശുദ്ധന്മാരോടുള്ള ബഹുമാനം ഇവയൊക്കെ ഈ സഭകളുടെ സവിശേഷതയാണ്. യഥാർത്ഥ കൂദാശകളും അപ്പസ്തോലിക പിൻതുടർച്ചയും പൗരോഹിത്യവും വിശുദ്ധ കുർബാനയുമായുള്ള ഈ സഭകൾ കത്തോലിക്കാസഭയോട് സവിശേഷമാംവിധം ബന്ധപ്പെട്ടിരിക്കുന്നു. ഈ സഭകൾക്ക് സന്യാസപാരമ്പര്യങ്ങൾക്ക് രുപംകൊടുത്ത ഒരു

www.malankaralibrary.com



ആദ്ധ്യാത്മിക അടിത്തറയുണ്ട്. ഈ അടിത്തറയിൽനിന്ന് പാശ്ചാത്യലോകത്തിലേയ്ക്കും ആദ്ധ്യാത്മികചെതന്യം ഒഴുകിയെത്തിയിട്ടുണ്ട്. കിഴക്കും പടിഞ്ഞാറും തമ്മിൽ ഐക്യത്തിന് ശ്രമിക്കുമ്പോൾ ഈ ആദ്ധ്യാത്മികത മനസ്സിലാക്കുകയും ബഹുമാനിക്കുകയും പരിരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. വിശുദ്ധ പിതാക്കന്മാരും സാർവത്രിക കൗൺസിലുകൾപോലും അംഗീകരിച്ച ശിക്ഷണ രീതിയും ഈ സഭകളുടെ സമ്പന്നതയുടെ ഭാഗമാണ്. വ്യത്യസ്തമായൊരു ദൈവശാസ്തപാരമ്പര്യവും ഈ സഭകളുടെ മറ്റൊരു സവിശേഷതയാണ്. ഈ ദൈവശാസ്ത്രധാരകൾ പരസ്പരപൂരകമാണ്. അതിനാൽ പൂർണഐക്യത്തിനുവേണ്ടി അത്യന്താപേക്ഷിതമല്ലാത്ത മറ്റൊരു ഭാരവും ഈ സഭകളുടെമേൽ ചുമത്താൻ പാടില്ല എന്നതാണ് സൂനഹദോസിന്റെ തീരുമാനം.

പൗരസ്ത്യസഭകൾക്ക് റോമൻസഭയോടുള്ള ഈ സവിശേഷ ബന്ധം സഭയെ സംബന്ധിച്ചുള്ള പ്രമാണരേഖയുടെ 8-ാം നമ്പറിനോട് ചേർത്ത് നാം മനസ്സിലാക്കണം. അവിടെ സഭാത്മതയുടെ പൂർണത മാർപാപ്പയാൽ ഭരിക്കപ്പെടുന്ന കത്തോലിക്കാസഭയിലാണ് നിലനിൽക്കുന്നത് (subsists) എന്ന് പറഞ്ഞിട്ടുണ്ട്. അതായത്, പൂർണ ഐക്യത്തിനു അത്യന്താപേക്ഷിതമായവയിൽ മാർപാപ്പയാൽ ഭരിക്കപ്പെടുന്ന സഭ എന്നത് ഉൾപ്പെട്ടിരിക്കുന്നു എന്നുവേണം മനസ്സിലാക്കാൻ.

19 മുതൽ 24 വരെയുള്ള നമ്പറുകളിൽ ഭിന്നിച്ചുനില്ക്കുന്ന പാശ്ചാത്യസഭകളും സഭാസമൂഹങ്ങളുമാണ് ചർച്ചാവിഷയം. മധ്യയുഗത്തിന്റെ അന്ത്യത്തോടെ പാശ്ചാത്യലോകത്തുണ്ടായ സംഘർഷങ്ങളുടെ ഫലമായി റോമിലെ അപ്പസ്തോലിക സിംഹാസനത്തിൽനിന്ന് വേറിട്ട് പോയ സമൂഹങ്ങളാണ് ഇവ. ഉത്പത്തിയിലും പ്രബോധനത്തിലും ആദ്ധ്യാത്മിക അഭ്യാസങ്ങളിലും ഈ സമൂഹങ്ങൾ കത്തോലിക്കാസഭയിൽനിന്നും മാത്രമല്ല വേറിട്ടുനില്ക്കുന്നത്. ഈ സഭകൾക്കിടയിലും ഐക്യത്തിനുള്ള ദാഹം ഇന്ന് കൂടുതലായി ദൃശ്യമായിക്കൊണ്ടിരിക്കുന്നു. അതിനാൽ ഈ സമൂഹങ്ങളുമായി സഭൈക്യസംവാദത്തിൽ ഏർപ്പെടാൻ കൗൺസിൽ ചില നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നു.

www.malankaralibrary.com



ചില ഗൗരവമായ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും ഈ സഭകളും സഭാസമൂഹങ്ങളും യേശുക്രിസ്തുവിനെ ദൈവവും കർത്താവും ദൈവത്തിനും മനുഷ്യർക്കുമിടയിലുള്ള ഏകമദ്ധ്യസ്ഥനുമായി വിശ്വസിച്ച് ഏറ്റുപറയുന്നു. സഭാകൂട്ടായ്മയുടെ സ്രോതസ്സായും അവർ യേശുക്രിസ്തുവിലേക്കാണ് നോക്കുന്നത്. വിശുദ്ധ ലിഖിതങ്ങളോടുള്ള സ്നേഹവും ബഹുമാനവും ഏതാണ്ടൊരു ആരാധനാമനോഭാവവും അവർ പുലർത്തുകയും വിശുദ്ധ ലിഖിതപഠനത്തിൽ ശ്രദ്ധ ചെലുത്തുകയും ചെയ്യുന്നു. എങ്കിലും വിശുദ്ധ ലിഖിതത്തിന്റെ ആധികാരികതയെപ്പറ്റി അവർ പുലർത്തുന്ന വീക്ഷണവും കത്തോലിക്കരുടേതിൽനിന്നും വ്യത്യസ്തമാണ്. അതായത് വിശുദ്ധ ലിഖിതങ്ങൾ വ്യാഖ്യാനിക്കാൻ ഒരു ആധികാരിക പ്രബോധന ശുശ്രൂഷ സഭയിലുണ്ടെന്ന കത്തോലിക്കരുടെ വിശ്വാസം അവർ അംഗീകരിക്കുന്നില്ല. എങ്കിലും വിശുദ്ധ ലിഖിതം തന്നെ ഐക്യസംവാദങ്ങളിൽ പ്രബലമായ ഉപകരണമായി ഉപയോഗിക്കുവാൻ കഴിയും. മാമ്മോദീസയാണ് ഈ സമൂഹങ്ങളെയും കത്തോലിക്കാസഭയെയും തമ്മിൽ യോജിപ്പിക്കുന്ന മറ്റൊരു പ്രധാന ഘടകം. മാമ്മോദീസവഴി വീണ്ടും ജനിച്ചവരെല്ലാം ഐക്യത്തിന്റെ ശൃംഖലയാൽ ബന്ധിതരാണ്. എന്നാൽ മാമ്മോദീസ ആരംഭം മാത്രമാണ്. ഇത് വിശുദ്ധ കുർബാനയിലുള്ള സമ്പൂർണഭാഗഭാഗിത്വത്തിലേക്ക് നയിക്കേണ്ടതുണ്ട്. ഈ ഐക്യസമ്പൂർണത പാശ്ചാത്യ സഭാസമൂഹങ്ങൾക്ക് ലഭിച്ചിട്ടില്ല.

യേശുവിലുള്ള വിശ്വാസത്താൽ പരിപോഷിക്കുന്ന ക്രിസ്തീയജീവിതം മാമ്മോദീസായുടെ കൃപാവരത്താലും ദൈവവചനത്തിന്റെ ശ്രവണത്താലുമാണ് ഈ സമൂഹങ്ങളിൽ പ്രബലത കൈവരിക്കുന്നത്. അതുപോലെ വ്യക്തിപരമായ പ്രാർത്ഥനയിലൂടെയും വേദപുസ്തകധ്യാനത്തിലൂടെയും ക്രിസ്തീയ കുടുംബജീവിതത്തിലൂടെയും ദൈവസ്തുതിക്ക് വേണ്ടി ഒരുമിച്ചുകൂടുന്ന ആരാധനയിലൂടെയും ശക്തിപ്പെടുന്നു. സന്മാർഗകാര്യങ്ങളിൽ കത്തോലിക്കാസഭയുടെ നിലപാടല്ല ഇവർക്കുള്ളതെങ്കിലും ക്രിസ്തീയപുണ്യങ്ങളിൽ ക്രിസ്തുവിന്റെ വചനത്തോട് ചേർന്നുനില്ക്കാനുള്ള താത്പര്യം ഈ സമൂഹങ്ങളിൽ ദൃശ്യമാണ്. ഈ സാഹചര്യങ്ങൾക്കനുസരിച്ച് പാശ്ചാത്യക്രിസ്തീയ സമൂഹങ്ങളോട് ഐക്യപ്പെടുവാനുള്ള ശ്രമം ശരിയായ രീതിയിൽ നിയന്ത്രി

www.malankaralibrary.com



ക്കപ്പെടുകയും നയിക്കപ്പെടുകയും ചെയ്യണം. അവിവേകമായ ആവേശം ഐക്യത്തെ വളർത്തുകയല്ല, തളർത്തുകയാണ് ചെയ്യുന്നത്. ഐക്യശ്രമങ്ങൾ പൂർണമായും അപ്പസ്തോലന്മാരിൽനിന്നും പിതാക്കന്മാരിൽനിന്നും ലഭിച്ച സത്യത്തോട് വിശ്വസ്തത പുലർത്തുന്നതായിരിക്കണം. അതേസമയം കത്തോലിക്കാസഭാ സന്താനങ്ങൾ ആരംഭിച്ചിട്ടുള്ള സഭൈക്യശ്രമങ്ങൾ തടസ്സം കൂടാതെ മുന്നോട്ട് കൊണ്ട് പോകണമെന്നും ഈ കൗൺസിൽ ആഗ്രഹിക്കുന്നു. എങ്കിലും എല്ലാ ക്രൈസ്തവശക്തിക്കും കഴിവിനും അതീതമാണെന്നും കൗൺസിൽ പ്രഖ്യാപിക്കുന്നു. അതിനാൽ സഭയ്ക്കുവേണ്ടിയുള്ള ക്രിസ്തുവിന്റെ പ്രാർത്ഥനയിലും പിതാവിന് നമ്മോടുള്ള സ്നേഹത്തിലും പരിശുദ്ധാത്മാവിന്റെ ശക്തിയിലുമാണ് പ്രത്യാശയർപ്പിക്കുന്നത്.

### 3. പൗരസ്ത്യസഭകളെ സംബന്ധിക്കുന്ന ഡിക്രി

സഭൈക്യപ്രസ്ഥാനത്തോട് ഈ ഡിക്രിക്കുള്ള ബന്ധം നേരിട്ടുള്ളതല്ല. കത്തോലിക്കാസഭ പ്രതീക്ഷിക്കുന്ന സഭൈക്യത്തിന്റെ മാതൃകയായിട്ടാണ് കത്തോലിക്കാസഭ കൂട്ടായ്മയിലുള്ള പൗരസ്ത്യസഭകളെ അവതരിപ്പിക്കുന്നത്. പൗരസ്ത്യസഭകളുടെ എല്ലാ തനതായ പാരമ്പര്യങ്ങളും പരിരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യണമെന്ന് സഭ ആഗ്രഹിക്കുന്നു. എങ്കിലും എല്ലാ ക്രൈസ്തവരെയും ക്രിസ്തുവിന്റെ മൗതികശരീരവും പരിശുദ്ധവും കാതോലികവുമായ സഭ വിവിധ സഭാഭരണ സംവിധാനത്തിൽ പല സഭകളോ റീത്തുകളോ ആയി കഴിയുന്ന സഭകളുടെ കൂട്ടായ്മയാണെന്നും കൗൺസിൽ ഏറ്റുപറയുന്നു. വേറെ വാക്കിൽ പറഞ്ഞാൽ വൈരുദ്ധ്യം സഭയുടെ ഐക്യത്തെ തടസ്സപ്പെടുത്തുകയല്ല പരിപോഷിപ്പിക്കുകയാണ് ചെയ്യുന്നതെന്നാണ് കൗൺസിലിന്റെ പ്രബോധനം. ഇത്തരം സഭാസമൂഹങ്ങളെ വ്യക്തിസഭകൾ എന്ന് വിളിക്കാനും കൗൺസിൽ സന്നദ്ധമാകുന്നു. ഈ വ്യക്തിസഭകളെല്ലാം റോമാമാർപാപ്പയുടെ അജപാലനത്തിന് തുല്യമായി ഏല്പ്പിക്കപ്പെട്ടിരിക്കുന്നു എന്നും കൗൺസിൽ സമ്മതിക്കുന്നു. മാത്രമല്ല, ഇവയ്ക്കെല്ലാം തുല്യഅവകാശങ്ങളും ലോകം മുഴുവനും സുവിശേഷം അറിയിക്കുവാനുള്ള ഒരു ഉത്തരവാദിത്വവും ഉണ്ടെന്നും കൗൺസിൽ സമ്മതിക്കുന്നു. അതിനാൽ ഈ വ്യക്തി സഭകളുടെ പരിരക്ഷണത്തിനും വളർച്ചയ്ക്കും എല്ലാ സ്ഥലത്തും പ്രത്യേക ശ്രദ്ധ നല്കപ്പെടണമെന്നാണ്

www.malankaralibrary.com



ഈ കൗൺസിലിന്റെ നിർദ്ദേശം. പുരാതന പാരമ്പര്യമനുസരിച്ച് പാത്രിയർക്കീസുമാരുടെ അധികാരത്തിനു കീഴിൽ കഴിഞ്ഞിരുന്ന സഭകളിൽ പാത്രിയർക്കീസ് സ്ഥാനം പുനഃസ്ഥാപിക്കണമെന്നും സഭ ആഗ്രഹിക്കുന്നു. ഈ സഭകൾക്ക് കത്തോലിക്കാസഭയിൽ ഭിന്നിച്ചുനില്ക്കുന്ന പൗരസ്ത്യസഭകളെ പൂർണവും ദൃശ്യവുമായ ഐക്യത്തിലേക്ക് കൊണ്ടുവരാനുള്ള കടമയുണ്ടെന്ന് ഉദ്ബോധിപ്പിച്ചുകൊണ്ടാണ് ഡിക്രി അവസാനിക്കുന്നത്.

**4. കൗൺസിലിനുശേഷം**

ക്രിസ്തീയ ഐക്യത്തിനുവേണ്ടിയുള്ള സെക്രട്ടറിയേറ്റ് വഴിയാണ് ഇന്ന് കത്തോലിക്കാസഭയുടെ ഐക്യപരിശ്രമങ്ങൾ മുന്നേറുന്നത്. ഇതിന്റെ ഫലമായി പൗരസ്ത്യസഭകളുമായും, പാശ്ചാത്യസഭകളുമായും പല തലത്തിലുള്ള സംവാദങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഇന്ന് കത്തോലിക്കാ കൂട്ടായ്മയ്ക്ക് പുറത്തുള്ള പൗരസ്ത്യസഭകളെ പൗരസ്ത്യ ഓർത്തഡോക്സ് സഭകൾ (Eastern Orthodox) എന്നും, കിഴക്കൻ ഓർത്തഡോക്സ് സഭകൾ (Oriental Orthodox) എന്നും രണ്ടുവിഭാഗങ്ങളായാണ് കണക്കാക്കുന്നത്. മാത്രമല്ല, ഓർത്തഡോക്സ് സഭകളെന്ന് മാത്രം പറഞ്ഞാൽ പൗരസ്ത്യ ഓർത്തഡോക്സ് സഭകൾ എന്നാണർത്ഥം. കൽക്കദോനിയ സൂനഹദോസ് ഉൾപ്പെടെയുള്ള സൂനഹദോസുകൾ അംഗീകരിക്കുന്ന ബൈസന്റയിൽ പാരമ്പര്യമുള്ള സഭകളെയാണ് ഈസ്റ്റേൺ ഓർത്തഡോക്സ് സഭകളെന്ന് വിളിക്കുന്നത്. ഈ വിഭാഗത്തിൽപ്പെടാത്ത, അതായത് കൽക്കദോനിയ സൂനഹദോസ് അംഗീകരിക്കാത്ത സഭകളെ സുറിയാനി, ഈജിപ്ത്യൻ പാരമ്പര്യമുള്ള സഭകളെ, ഓറിയന്റൽ ഓർത്തഡോക്സ് സഭകളെന്ന് വിളിക്കുന്നു. ബൈസന്റയിൽ പാരമ്പര്യമുള്ള സഭകളോടാണ് കത്തോലിക്കാസഭ വിശ്വാസത്തിൽ ഏറ്റവും അടുത്തുനില്ക്കുന്നത്. മാർപാപ്പയുടെ പ്രത്യേക ശുശ്രൂഷയെ സംബന്ധിക്കുന്ന വിഷയത്തിലല്ലാതെ മറ്റൊന്നിലും കത്തോലിക്കാസഭയും ബൈസന്റയിൽ പാരമ്പര്യമുള്ള സഭകളും തമ്മിൽ വ്യത്യാസമില്ല. എങ്കിലും ഈ സഭകളുമായുള്ള ഐക്യം അത്ര എളുപ്പമാണെന്നും പറയാനാവില്ല. കാരണം, കമ്മ്യൂണിസ്റ്റ് ഭരണത്തിനുള്ളിൽ വളർന്നുവന്ന റഷ്യൻസഭയെ പോലെയുള്ളവ ഐക്യം വെറുക്കുന്നതായിട്ടാണ് കാണാൻ കഴിയുന്നത്. ഓറിയന്റൽ ഓർത്ത

www.malankaralibrary.com



ഡോക്സ് സഭകളുമായുള്ള സംവാദം ചില പ്രധാനപ്പെട്ട സത്ഫലങ്ങൾ ഉളവാക്കിയിട്ടുണ്ട്. വിവാഹത്തെ സംബന്ധിച്ച് സിറിയൻ ഓർത്തഡോക്സ് സഭയും കത്തോലിക്കാസഭയും തമ്മിൽ യോജിപ്പിൽ എത്തിയെന്നത് ഒരു പ്രധാന നേട്ടമാണ്. അതുപോലെ അസീറിയൻ സഭയുമായുള്ള സംവാദത്തിന്റെ ഫലമായി 1994-ൽ ക്രിസ്തുവിജ്ഞാനീയത്തെ സംബന്ധിക്കുന്ന ഒരു പൊതുവായ പ്രഖ്യാപനത്തിൽ ഇരുസഭകളുടെയും പ്രതിനിധികൾ ഒപ്പുവയ്ക്കുകയുണ്ടായി. കുറച്ചുകൂടി പ്രധാനപ്പെട്ട നേട്ടമാണ് 2001 ജൂലായ് 20-ന് ഒപ്പുവച്ച രേഖ. ഇതുവഴി അസീറിയൻ സഭയുടെ വിശുദ്ധ കുർബാന സാധുവാണെന്ന് കത്തോലിക്കാസഭ അംഗീകരിക്കുകയും അത്യാവശ്യ സന്ദർഭങ്ങളിൽ ഈ സഭയുടെ വിശുദ്ധ കുർബാനയർപ്പണത്തിൽ സംബന്ധിക്കുവാൻ കത്തോലിക്കർക്ക് അനുവാദം നല്കുകയും ചെയ്തു. ഇതൊക്കെയാണെങ്കിലും ഇന്ന് അസീറിയൻ സഭ കത്തോലിക്കാസഭയുമായുള്ള സംവാദങ്ങളിൽനിന്ന് വിട്ടുനില്ക്കുകയാണ്. കോൺസ്റ്റാന്റിനോപ്പിളിലെ എക്യുമെനിക്കൽ പാത്രിയർക്കാ സഭയുമായുള്ള സംവാദത്തിന്റെ ഏറ്റവും അവസാനത്തെ സത്ഫലമാണ് 2004 നവംബർ 27-ന് നടന്നത്. വിശുദ്ധ ഗ്രിഗറി നസിയാൻസിന്റെയും ജോൺ ക്രിസോസ്റ്റമിന്റെയും ഭൗതികാവശിഷ്ടങ്ങൾ ഈ സഭയ്ക്ക് തിരികെ നല്കിയതിന്റെ ആഘോഷമാണ് അന്ന് നടന്നത്.

പാശ്ചാത്യസഭകളും സഭാസമൂഹങ്ങളും തമ്മിലും കത്തോലിക്കാസഭ സംവാദത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ കൂട്ടത്തിൽ ചില പെന്തക്കോസ്തു വിഭാഗങ്ങളും ഉൾപ്പെടും. ഈ സംവാദങ്ങളുടെ പേരിലുണ്ടായ ഏറ്റവും പുതിയ സത്ഫലം 1999 ഡിസംബർ 31-ാം തീയതി ഒപ്പുവച്ച ഒരു പൊതുപ്രഖ്യാപനമാണ്. ഇത് ലൂഥറൻ സഭകളുടെ ലോക ഫെഡറേഷനും കത്തോലിക്കാസഭയും തമ്മിൽ ഒപ്പുവച്ച രേഖയാണ്. ഇതുവഴി നീതിവത്കരണത്തെ (Justification) സംബന്ധിച്ച് കത്തോലിക്കാസഭയും ലൂഥറൻ സഭയും ഒരേ വീക്ഷണമാണ് പുലർത്തുന്നതെന്ന് പ്രഖ്യാപിക്കുകയുണ്ടായി. ആംഗ്ലിക്കൻ സഭയും കത്തോലിക്കാസഭയും തമ്മിലുള്ള സംവാദം പലകാര്യങ്ങളിലും യോജിപ്പിലെത്താൻ സാധിച്ചിട്ടുണ്ട്. ഇതിൽ ഏറ്റവും പുതിയത് 2005 മെയ് 16-ന് ഒപ്പുവച്ച ഒരു രേഖയാണ്. പരിശുദ്ധ കന്യാകാമറിയത്തോടുള്ള ഭക്തിയെ സംബന്ധിക്കുന്നതാണ് ഈ രേഖ. മറിയം ക്രിസ്തുവിൽ കൃപയും പ്രത്യാശയും എന്ന ഈ രേഖ വഴി മരിയഭക്തിയെ സംബ

www.malankaralibrary.com



ന്ധിച്ച പല കാര്യങ്ങളിലും കത്തോലിക്കാസഭയും ആംഗ്ലിക്കൻ സഭയും യോജിപ്പിലെത്തിയിട്ടുണ്ട്.

**കേരളത്തിലെ സഭൈക്യരംഗം**

കേരളത്തിൽ മലങ്കര ഓർത്തഡോക്സ് സഭയും യാക്കോബായ സുറിയാനി സഭയുമായിട്ടാണ് കത്തോലിക്കാസഭ സഭൈക്യസംവാദങ്ങളിൽ ഏർപ്പെടുന്നത്. ഇതിൽ യാക്കാബായ സുറിയാനി സഭയുമായുള്ള സംവാദത്തിൽ ഗണ്യമായ പുരോഗതി കൈവരിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ മലങ്കര ഓർത്തഡോക്സ് സഭയുമായുള്ള സഭൈക്യ സംവാദം കാര്യമായ പുരോഗതി കൈവരിച്ചിട്ടില്ല. അതുപോലെ സുറിയാനി പാരമ്പര്യമുള്ള മറ്റു കേരളസഭകളുമായി ഇനിയും സഭൈക്യസംവാദം ആരംഭിച്ചിട്ടില്ല. അതിൽ എടുത്തു പറയാവുന്നവയാണ് തൊഴിയൂർ സഭ, മാർത്തോമ സഭ എന്നിവ. അംഗസംഖ്യയുടെ കുറവാകാം ഈ സഭകളുമായി ഐക്യസംവാദത്തിന് ശ്രമിക്കാതിരിക്കാൻ കാരണം.

**ഉപസംഹാരം**

ഭാവിയിലേയ്ക്ക് നോക്കുമ്പോൾ ക്രൈസ്തവ ഐക്യപ്രസ്ഥാനത്തിന്റെ സ്ഥിതി എന്താണ്? എല്ലാം പ്രതീക്ഷയ്ക്ക് വക നല്കുന്ന രീതിയിലാണ് മുന്നേറുന്നതെന്ന് പറയാൻ നിവൃത്തിയില്ല. വിശുദ്ധ കുർബ്ബാനയുടെ ഒരുമിച്ചുള്ള അർപ്പണത്തിന് സജ്ജരാക്കുന്ന സമ്പൂർണവും ദൃശ്യവുമായ ഐക്യമാണ് കത്തോലിക്കാസഭ വിഭാവനം ചെയ്യുന്നത്. ഈ ഐക്യത്തിന് കത്തോലിക്കാസഭയുടെ ഭാഗത്തുനിന്നും മറ്റു സഭകളുടെ ഭാഗത്തുനിന്നും വിട്ടുവീഴ്ചകൾ ആവശ്യമാണ്. സഭൈക്യപ്രസ്ഥാനത്തെ സംബന്ധിക്കുന്ന ഡിക്രിയുടെ പ്രസിദ്ധീകരണത്തിനുശേഷമുള്ള കത്തോലിക്കാസഭയുടെ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ വ്യക്തമാകുന്ന കാര്യം കഴിഞ്ഞ 40 വർഷത്തിലൂടെ സഭ ഉദാരതയിലും, വീട്ടുവീഴ്ചയിലും വളരെദൂരം മുന്നേറിയിട്ടുണ്ട്. എന്നാൽ ഇതിന് അനുരൂപമായ പ്രതികരണം മറ്റ് സഭകളിൽനിന്ന്, വിശേഷിച്ചും ഓറിയന്റൽ ഓർത്തഡോക്സ് സഭകളിൽനിന്നും ലഭിക്കുന്നില്ലെന്നത് ഒരു ദുഃഖസത്യമാണ്.

www.malankaralibrary.com



ഓസ്ട്രിയൻ ഗവൺമെന്റിന്റെ സഹായത്തോടെ പ്രവർത്തിച്ച് വന്നിരുന്ന ഒരു സംഘടനയാണ് പ്രോ ഓറിയന്റ് (Pro Oriente) എന്ന സംഘടന, കിഴക്കും പടിഞ്ഞാറുമുള്ള സംസ്കാരങ്ങളെ സമന്വയിപ്പിക്കുകയാണ് ഈ സംഘടനയുടെ ലക്ഷ്യം. 1994 മുതൽ സുറിയാനി സഭകളെപ്പറ്റിയുള്ള പഠനവും ഈ സംഘടനയുടെ പ്രവർത്തനത്തിൽ ഉൾപ്പെട്ടിരുന്നു. ഒരുമിച്ചുള്ള ഗവേഷണ ഫലമായി സുറിയാനി സഭകളുടെ ദൈവശാസ്ത്രത്തിന്റെ പല വശങ്ങളും വികസിപ്പെച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ ഈയിടെ സുറിയാനി സഭകളെല്ലാം തന്നെ ഈ സംഘടനകളിൽനിന്നും പിൻതിരിഞ്ഞിരിക്കുകയാണ്. മാത്രമല്ല ഐക്യശ്രമങ്ങൾക്ക് നേതൃത്വം കൊടുത്തിരുന്ന ബാവായ് സോറോ (Bavai Soro) എന്ന ബിഷപ്പിനെ അസീറിയൻ പാത്രിയർക്കീസ് മുടക്കിയിരിക്കുകയാണ്. അതായത്, ഈ സംഘടനയ്ക്ക് ഐക്യരംഗത്ത് ഇനി എന്തുചെയ്യാൻ കഴിയുമെന്നത് കാത്തിരുന്നു കാണണം.

ഐക്യപ്രസ്ഥാനത്തിന്റെ ഭാവി ഇരുൾ അടഞ്ഞതാണ്. മാനുഷികവശം ദൈവികവശത്തെ സ്വാധീനിക്കുന്നതാണ് ഇതിന് കാരണമെന്ന് പൊതുവെ പറയാം. പക്ഷേ, സഭൈക്യം മനുഷ്യന്റെ പ്രവർത്തനങ്ങളെക്കാൾ പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ്. അതിനാൽ പ്രത്യാശയുടെ കിരണങ്ങൾ കണ്ടെത്താൻ നമുക്കാകും.

www.malankaralibrary.com

# സഭയും ഇതരമതങ്ങളും: കൗൺസിലിലും അതിനുശേഷവും

റവ. ഡോ. വിൻസന്റ് കുണ്ടുകുളം

രണ്ടാം വത്തിക്കാൻ കൗൺസിൽ പുറപ്പെടുവിച്ച രേഖകളിൽ ഏറ്റവും ചെറുതായിരുന്നു ഇതരമതങ്ങളോടുള്ള സഭയുടെ മനോഭാവം വ്യക്തമാക്കുന്ന 'അക്രൈസ്തവമതങ്ങൾ' എന്ന പേരിലറിയപ്പെടുന്ന പ്രഖ്യാപനം. വലിപ്പത്തിൽ ചെറുതാണെങ്കിലും കൗൺസിലിനുശേഷം ഏറെ ചർച്ചചെയ്യപ്പെട്ടതും നവീനമായ ദൈവശാസ്ത്രശാഖകൾക്കു ജന്മം നല്കിയതും ലോകജനതകൾക്കിടയിൽ ക്രിസ്തുമതത്തിന് സ്വീകാര്യത വർദ്ധിപ്പിച്ചതുമായ രേഖകളിലൊന്നായിരുന്നു അതെന്ന് നിസ്സംശയം പറയാം. തദ്ദേശീയമെന്ന് വിശേഷിക്കപ്പെടുന്ന ഹിന്ദു-ബുദ്ധ -ജൈന-സിക്ക്-പാർസി മതങ്ങളുടെയും വിദേശീയമെന്ന് കരുതപ്പെടുന്ന യഹൂദ-ക്രിസ്ത്യൻ-മുസ്ലീം വിശ്വാസങ്ങളുടെയും സംഗമഭൂമിയായ ഭാരതത്തിലെ കത്തോലിക്കരെ സംബന്ധിച്ച് നിർണായകമായിരുന്നു ഈ പ്രസ്താവനയെന്ന് പ്രത്യേകം പറയേണ്ടതില്ല. 'അക്രൈസ്തവമതങ്ങൾ' എന്ന പ്രസ്താവനയുടെ സവിശേഷതയെന്തെന്നും കൗൺസിലിനു ശേഷം ഈ രേഖ ചെലുത്തിയ ദൈവശാസ്ത്രപരമായ സ്വാധീനങ്ങളെന്തെല്ലാമെന്നും കൗൺസിലിനെ തുടർന്ന് ഭാരതത്തിൽ മതാന്തര സംവാദരംഗത്തുണ്ടായ കാൽവയ്പ്പുകളും അതിലെ പ്രശ്നങ്ങളുമേതെന്നും അവലോകനം ചെയ്യുകയാണിവിടെ.

www.malankaralibrary.com



## 1. 'അക്രൈസ്തവ മതങ്ങൾ'

### 1.1 പശ്ചാത്തലം

സൂനഹദോസിന്റെ ആരംഭത്തിൽ ഇതരമതങ്ങളോടുള്ള സഭാവീക്ഷണം വെളിപ്പെടുത്തുന്ന ഒരു ഡിക്രി ഇറക്കണമെന്ന് കൗൺസിലിന്റെ ശില്പിയായ പരിശുദ്ധ ജോൺ 23-ാം പാപ്പ പോലും ചിന്തിച്ചിരുന്നില്ല. ഐക്യുമെനിസം എന്ന പ്രമാണരേഖയുടെ ഭാഗമായി യഹൂദരോടുള്ള സഭാമനോഭാവം പ്രകടമാക്കുന്ന പ്രസ്താവനയുണ്ടാകണമെന്ന് മാത്രമായിരുന്നു അദ്ദേഹത്തിന്റെ അഭിലാഷം. പരിശുദ്ധ പിതാവിന്റെ നിർദ്ദേശമനുസരിച്ച് കാർഡിനൽ ബെയ എക്യുമെനിസമെന്ന രേഖയിലെ നാലാമദ്ധ്യായമായി യഹൂദരെ സംബന്ധിച്ച പ്രസ്താവന അവതരിപ്പിച്ചപ്പോൾ ഈ വിഷയം ശ്രദ്ധേയമായിത്തീരുകയാണ് ചെയ്തത്.

യഹൂദമതത്തെ ശ്ലാഘിച്ചുകൊണ്ട് കൗൺസിൽ രേഖ പുറപ്പെടുവിച്ചാൽ അറബിരാഷ്ട്രങ്ങളിൽ അസ്വസ്തതയുണ്ടാകുമെന്നും തന്മൂലം അന്നാടുകളിലെ ക്രിസ്ത്യാനികൾ കൂടുതൽ മർദ്ദിക്കപ്പെടുമെന്നും പൗരസ്ത്യപിതാക്കന്മാർ വാദിച്ചു. മറുഭാഗത്ത്, യഹൂദർ ദൈവഘാതകരാണെന്നുള്ള നൂറ്റാണ്ടുകളായുള്ള നിലപാട് സഭ തുടരുന്നില്ലെന്ന സന്ദേശം നല്കാൻ സംവിധാനമുണ്ടാകണമെന്ന കാഴ്ചപ്പാടും ശക്തമായിരുന്നു. പ്രഖ്യാപനത്തിന് രാഷ്ട്രീയലാക്കുകളൊന്നുമില്ലെന്ന കാർഡിനൽ 'ബെയ'യുടെ പ്രസ്താവനയെത്തുടർന്നാണ് ഈ പ്രശ്നത്തിൽ സമവായമുണ്ടായത്. തത്സമയം ഇതരലോകമതങ്ങളെക്കുറിച്ചുള്ള പരാമർശങ്ങളും കൗൺസിൽ രൂപപ്പെടുത്തണമെന്ന നിർദ്ദേശമുണ്ടായതോടെ അക്രൈസ്തവവിശ്വാസികളെപ്പറ്റി ഒരു പ്രത്യേകരേഖ തയ്യാറാക്കാൻ തീരുമാനമുണ്ടായി. 1965 ഡിസംബർ 28ന് 88-നെതിരെ 2221 വോട്ടുകളോടെ പാസ്സായ ഈ രേഖയിൽ ഹിന്ദു - മുസ്ലീം - ബൗദ്ധ മതങ്ങളെ ഭാവാത്മകമായി ചിത്രീകരിച്ചത് സഭാചരിത്രത്തിലെ ആദ്യ കാൽവപ്പാണ്.[1]

### 1.2. കാഴ്ചപ്പാടുകൾ

ഇതരമതങ്ങളുമായി താരതമ്യം ചെയ്ത് ക്രിസതുമതത്തിന്റ തനി

www.malankaralibrary.com



മയെന്തെന്ന് നിർവചിക്കുന്ന പതിവിൽ നിന്ന് വ്യത്യസ്തമായി മനുഷ്യരെ തമ്മിൽ ഐക്യപ്പെടുത്തുന്ന തലങ്ങളേതെന്ന അന്വേഷണത്തോടെയാണ് രേഖ തുടങ്ങുന്നത്. മനുഷ്യന്റെ ഉത്ഭവും ലക്ഷ്യവും ഒന്നായിരിക്കുന്നതു പോലെ മനുഷ്യവംശത്തിനായുള്ള ദൈവത്തിന്റെ രക്ഷാകരപദ്ധതിയും ഒന്നു തന്നെയാണെന്ന് സൂചിപ്പിച്ച് പാരസ്പര്യത്തിന്റ വഴികൾ കൗൺസിൽ തുറന്നു: "ഒരൊറ്റ സമൂഹത്തിൽപ്പെട്ടവരാണ് എല്ലാ ജനങ്ങളും അവരുടെ ഉത്ഭവസ്ഥാനവും ഒന്നു തന്നെ. കാരണം, മനുഷ്യവംശത്തെ ഭൂമുഖം പരക്കെ നിവസിപ്പിച്ചത് ദൈവ്മാണ്. എല്ലാ മനുഷ്യരുടെയും ആത്യന്തിക ലക്ഷ്യവും ഒന്നു തന്നെ, ദൈവം. അവിടുത്തെ പരിപാലനവും നന്മയുടെ ആവിഷ്കാരങ്ങളും രക്ഷാകരപദ്ധതികളും എല്ലാവരെയും സമാശ്ലേഷിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ടവരെല്ലാം ദൈവമഹിമയാൽ പ്രതീപ്തമായ പരിശുദ്ധ നഗരത്തിൽ സമ്മേളിക്കുന്നതു വരെ ഇതു തുടർന്നു കൊണ്ടിരിക്കും. അവിടെ സമസ്ത ജനതകളും ദൈവികപ്രകാശത്തിലായിരിക്കും സഞ്ചരിക്കുന്നത്" (No. 1).

യഥാർത്ഥസത്യത്തിന്റെ രശ്മികൾ എല്ലാ മതങ്ങളിലുമുണ്ടെന്ന വസ്തുതയും മതവിശ്വാസികളെ അടുപ്പിക്കുന്ന ഘടകമാണെന്ന് രേഖ എടുത്തു പറയുന്നു: "ഈ മതങ്ങളിൽ കാണുന്ന സത്യവും വിശുദ്ധവുമായ ഒന്നും കത്തോലിക്കാ സഭ തിരസ്കരിക്കുന്നില്ല. മറ്റു മതങ്ങളിലെ പ്രവർത്തനരീതികളും ജീവിതമുറകളും പ്രമാണങ്ങളും സിദ്ധാന്തങ്ങളും തിരുസഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവയിൽ നിന്ന് പലതുകൊണ്ടും വ്യത്യസ്തങ്ങളാണെങ്കിലും തിരുസഭ അവയെയെല്ലാം ആത്മാർത്ഥമായ ബഹുമാനത്തോടെയാണ് നിരീക്ഷിക്കുന്നത്. കാരണം, സർവമനുഷ്യരെയും പ്രകാശിപ്പിക്കുന്ന ആ സത്യത്തിന്റെ രശ്മി അവയിലെല്ലാം പ്രതിബിംബിക്കുന്നുണ്ട് (No. 2).

ഒരേ ദൈവത്തിന്റ മക്കളായതിനാലും ഒരേ സത്യത്തിന്റ കിരണങ്ങൾ ഉൾക്കൊള്ളുന്നതിനാലും ക്രിസ്ത്യാനികൾ വിശ്വാസത്തിന്റെ പേരിൽ ഇതരമതസ്ഥരോട് വിവേചനം കാണിക്കരുതെന്ന് മാത്രമല്ല അവരുടെ നല്ല മൂല്യങ്ങൾ ഉൾക്കൊണ്ട് അവരുമായി സഹവർത്തിത്വത്തിൽ ജീവിക്കണമെന്നും കൗൺസിൽ ഊന്നിപ്പറയുന്നു. "ഇക്കാരണങ്ങളാൽ സ്വസന്താനങ്ങളെ സഭ ഉത്തേജിപ്പിക്കുകയാണ്. ഇതര മതാനുയായികളുമായി വിവേകത്തോടും സ്നേഹത്തോടുംകൂടി വിശ്വാസത്തിനും ക്രിസ്തീയ ജീവിതത്തിനും സാക്ഷ്യം വഹിച്ചുകൊണ്ട് സംഭാഷണ

www.malankaralibrary.com



ത്തിലും സഹകരണത്തിലും ഏർപ്പെടാൻ. അവരിൽ ദൃശ്യമാകുന്ന ആധ്യാത്മികവും ധാർമികവുമായ നന്മകളും സാമൂഹിക സാംസ്കാരിക മൂല്യങ്ങളും അംഗീകരിച്ച് പരിരക്ഷിക്കുകയും, അഭിവൃദ്ധമാക്കുകയും ചെയ്യണമെന്നാണ് സഭയുടെ ഉദ്ബോധനം" (No. 2) മനുഷ്യൻ ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ടവനായതിനാൽ ഏതെങ്കിലും മനുഷ്യനോട് സഹോദരതുല്യം പെരുമാറാൻ സാധിക്കുന്നില്ലെങ്കിൽ ദൈവത്തെ സർവരുടെയും പിതാവേ എന്ന് സംബോധന ചെയ്യാൻ നമുക്കു സാധ്യമല്ല. മനുഷ്യനു ദൈവപിതാവിനോടും ഇതരസഹജരോടുമുള്ള ബന്ധം വിശുദ്ധ ലിഖിതം പറയുന്നതുപോലെ അവിഭക്തമാണ്. സ്നേഹിക്കാത്തവൻ ദൈവത്തെ അറിയുന്നില്ല (1 യോഹ: 4-8). ജാതി, മതം, വർണ്ണം, ജീവിത നിലവാരം എന്നിവയുടെ പേരിൽ മനുഷ്യനോട് വിവേചനം കാണിക്കുന്നതിനെയും മനഷ്യനെ ഞെരുക്കുന്നതിനെയും സഭ അപലപിക്കുന്നു. ഇതര മതസ്ഥരുടെ ഇടയിൽ സൗഹൃദം പുലർത്തുക (1 പത്രോ: 2-22) അതുപോലെതന്നെ കഴിയുമെങ്കിൽ എല്ലാ മനുഷ്യരോടും സമാധാനത്തിൽ ജീവിക്കാൻ യത്നിക്കുക. അപ്പോഴാണ് ക്രൈസ്തവർ യഥാർത്ഥത്തിൽ സ്വർഗ്ഗപിതാവിന്റെ പുത്രന്മാരായിത്തീരുന്നത് (No.5).

### 2. കൗൺസിലാനന്തര പഠനങ്ങൾ

'അക്രൈസ്തവ മതങ്ങളി'ലും തിരുസഭ (നമ്പർ 16, 17) സഭ ആധുനിക ലോകത്തിൽ (നമ്പർ 22, 36) എന്നീ മറ്റു കൗൺസിൽ ഡിക്രികളിലും പ്രകടമായ വിശാല മനോഭാവത്തിന്റെ തുടർച്ചയാണ് ഒരുപരിധിവരെ 'രക്ഷകന്റെ' (1990) കർത്താവായ യേശു (2000) എന്നീ വത്തിക്കാൻ പഠനങ്ങളിലും ദിവംഗതനായ പരിശുദ്ധ ജോൺ പോൾ രണ്ടാമന്റെ പ്രസംഗങ്ങളിലും പ്രത്യക്ഷപ്പെട്ടിട്ടുള്ളത്.

#### 2.1. സാർവത്രികരക്ഷാകരപദ്ധതി

'ദൈവം എല്ലാ മനുഷ്യരെയും രക്ഷിക്കാൻ ആഗ്രഹിക്കുന്നുവെന്ന' കൗൺസിലിൽ നിറഞ്ഞു നിന്ന ദർശനത്തിന്റെ ചുവടുപിടിച്ചാണ് ജോൺ പോൾ രണ്ടാമൻ പാപ്പ ഇതരമതങ്ങളോട് ബന്ധപ്പെട്ടത്. മതങ്ങൾ തമ്മിൽ വ്യത്യാസങ്ങളുണ്ടെന്നത് വൈരുദ്ധ്യമായി കാണേണ്ടതില്ല. എല്ലാവരെയും രക്ഷിക്കാനാഗ്രഹിക്കുന്ന ദൈവം ഏവർക്കും പ്രാപ്യ

www.malankaralibrary.com



മായ രീതിയിൽ സ്വയം വെളിപ്പെടുത്തുന്നതിനാൽ വിവിധ രീതികൾ ഉടലെടുക്കും. പരിത്രാണ കർമത്തിലൂടെ യേശു എല്ലാ ജനതകളെയും ഒന്നിപ്പിച്ചിരിക്കുന്നു. ഇക്കാരണങ്ങളാൽ കുറവുകളുണ്ടെങ്കിലും ആത്മീയതയുടെ ഉറവിടങ്ങളായിത്തന്നെയാണ് അക്രൈസ്തവ മതങ്ങളെ കാണേണ്ടത്: "മനുഷ്യവംശത്തെ പരിപാലിക്കുന്നതിൽ ദൈവം ഒരിക്കലും വീഴ്ച വരുത്തുന്നില്ല. സ്വർഗ്ഗീയ രക്ഷ അന്വേഷിച്ച് നിരന്തരം സുകൃതങ്ങൾ ചെയ്ത് ജീവിക്കുന്നവർക്ക് നിത്യജീവൻ നല്കാൻ അവിടുന്ന് ആഗ്രഹിക്കുന്നു. വർണ്ണവും സംസ്കാരവും എന്തായാലും ഭൂമിശാസ്ത്രപരവും ചരിത്രപരവുമായ സാഹചര്യങ്ങൾ ഏതായാലും ഒരേ ആരംഭവും ലക്ഷ്യവുമുള്ള മാനവകുലത്തിന് ഒരു ദൈവികപദ്ധതിയാണുള്ളത്. സൃഷ്ടിയിലും യേശുവിന്റെ പരിത്രാണത്തിലും ജനപദങ്ങൾ തമ്മിലുണ്ടായിട്ടുള്ള ഐക്യമാണ് പരമപ്രധാനമായിട്ടുള്ളത്. അത് ദൈവികമാണ്. മതങ്ങളിൽ ഇന്ന് കാണുന്ന വ്യത്യാസങ്ങൾ മാനസികമായ ഇടപെടലുകളിൽ നിന്നുണ്ടായതാണ്. അവയെ അതിജീവിക്കുക ദുഷ്കരമായി തോന്നിയേക്കാം. എന്നാൽ യേശു വഴി മനുഷ്യവർഗ്ഗം മുഴുവനെയും-അവർ പലരും ഇതിനെപ്പറ്റി ബോധവാന്മാരല്ലെങ്കിലും-ദൈവം തന്നോട് ഐക്യപ്പെടുത്തിയിട്ടുണ്ട്".[2]

1986 ഒക്ടോബർ അന്ത്യവാരത്തിൽ നടന്ന സർവമത സമ്മേളനത്തിനെ ചൊല്ലിയുണ്ടായ വിമർശനങ്ങൾക്കു മറുപടി പറഞ്ഞുകൊണ്ട് റോമൻ കൂരിയായ്ക്ക് നല്കിയ മേലുദ്ധരിച്ച സന്ദേശത്തിലെ ദൈവശാസ്ത്ര ചിന്തകളെ ഉറപ്പിച്ചുകൊണ്ട് 'രക്ഷകന്റെ മിഷനി'ൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ എഴുതി: "തന്റെ സ്നേഹത്തിന്റെയും വെളിപാടിന്റെയും പൂർണത അവരുമായി (മറ്റു മതങ്ങളിൽപ്പെട്ടവർ) പങ്കുവയ്ക്കാൻ അവിടുന്നാഗ്രഹിക്കുന്നു. വിവിധ രീതികളിൽ തന്നെത്തന്നെ വെളിപ്പെടുത്താൻ ദൈവം മടിക്കുന്നില്ല. അത് വ്യക്തികൾക്ക് മാത്രമല്ല, ഒരു ജനതയ്ക്ക് മുഴുവനും വെളിപ്പെടുത്താം. അവരുടെ ആത്മീയ സമ്പന്നതയിലൂടെയാണത്. ഈ ആത്മീയ സമ്പന്നതയുടെ കാതലായ പ്രകാശനോപാധികളാണ് അവരുടെ മതങ്ങൾ. പലവിടവുകളും അപര്യാപ്തതകളും തെറ്റുകളും അവയ്ക്കുണ്ടെങ്കിൽ പോലും ആ മതങ്ങൾ അത്തരം ഉപാധികളാണ് (നമ്പർ 55). വെളിപാടിന്റെ തലത്തിൽ ബഹുത്വമുണ്ടെന്ന ഈ തിരിച്ചറിവ് ക്രിസ്തുമതം മാത്രമെ വെളിപ്പെടുത്തപ്പെട്ടതായുള്ളൂ എന്നും ഇതരമതങ്ങൾ സ്വാഭാവികമതങ്ങൾ മാത്രമാണെന്നുള്ള മുൻകാലകാഴ്ചപ്പാടിൽ നിന്നും ഏറെ പുരോഗമനപരമായ വീക്ഷ

www.malankaralibrary.com



ണമാണെന്നത് ഇവിടെ പ്രത്യേകം സ്മർത്തവ്യമാണ്.

### 2.2. പരിശുദ്ധ പിതാവിന്റെ പ്രവർത്തനം

മനുഷ്യസൃഷ്ടിയിലുള്ള ഒരുമ, യേശുവിന്റെ രക്ഷണീയകർമ്മത്തിന്റെ സാർവത്രികത, വെളിപാടിലെ വൈവിധ്യത, തുടങ്ങിയ കാരണങ്ങളെപ്പോലെതന്നെ മതാന്തരദൈവശാസ്ത്രത്തെ ക്രിയാത്മകമാക്കാൻ സഹായിച്ച മറ്റൊരു കൗൺസിലാനന്തര ഘടകം പരിശുദ്ധാത്മാവിന്റെ അതിരുകളില്ലാത്ത പ്രവർത്തനത്തെക്കുറിച്ചുള്ള തിരിച്ചറിവാണ്. വ്യവസ്ഥാപിത സഭയുടെ മതിൽക്കെട്ടുകൾക്കപ്പുറത്തും ആത്മാവ് പ്രവർത്തനനിരതമായതിനാൽ ഏതു വിശ്വാസസംഹിതകളിൽ ജീവിക്കുന്നവർക്കും രക്ഷയുടെ സാധ്യത ലഭിക്കുന്നു: "ആധ്യാത്മിക നിധികളുടെ കാര്യത്തിൽ ഇതരമതങ്ങളിലെ വിശ്വാസികൾക്കു കുറവൊട്ടുമില്ലെന്ന് ഏവർക്കും അറിയാവുന്നതാണ്. മൗതികശരീരത്തിന്റെ ദൃശ്യമായ അതിർത്തികൾക്കു പുറത്ത് പ്രവർത്തിക്കുന്ന അത്മാവിന്റെ ഫലമാണ് ആ വിശ്വാസികളുടെ വിശ്വാസം. ഇങ്ങനെ 'തനിക്കിഷ്ടമുള്ളിടത്തേക്ക് വീശുന്ന' (യോഹ. 3:8) പരിശുദ്ധാത്മാവ് മനുഷ്യഹൃദയങ്ങളിൽ ഉളവാക്കിയിട്ടുള്ളവയെ സ്വാംശീകരിക്കുകയും പടുത്തുയർത്തുകയും ചെയ്യുന്ന പ്രേഷിതപ്രവർത്തനം നാശോന്മുഖമല്ല ഭാവാത്മകവും ക്രിയാത്മകവുമാണ്.[3]

ഇതരമതവിശ്വാസികളുടെ പ്രാർത്ഥനയെയും ധ്യാനരീതികളെയും ഭാവാത്മകമായി സമീപിക്കുന്നതിന് അടിസ്ഥാനമായിരിക്കുന്നതും അവയിലുള്ള പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യമാണ്. 1986-ൽ അസ്സീസ്സിയിൽ നടന്ന സർവമത സമ്മേളനത്തിൽ ഇതര മതപ്രതിനിധികളോടൊപ്പം പ്രാർത്ഥനയിൽ പങ്കെടുത്തതിന്റെ സാംഗത്യത്തെപ്പറ്റി സംശയങ്ങളുണ്ടായപ്പോൾ ജോൺ പോൾ രണ്ടാമൻ പാപ്പ നല്കിയ വിശദീകരണം ശ്രദ്ധേയമാണ്: "മനുഷ്യൻ പ്രാർത്ഥനയിലൂടെ ദൈവതിരുമുൻപിൽ മനസ്സുതുറക്കുമ്പോൾ അവനിലൂടെ പ്രാർത്ഥിക്കുന്ന പരിശുദ്ധാത്മാവിന്റെ സ്വരം എല്ലാ മതവിശ്വാസികളിലും പ്രതിധ്വനിക്കുന്നുവെന്നത് അവാച്യമായ അനുഭവമാണ്. ഇപ്രകാരം പ്രാർത്ഥിക്കുന്നവരിൽ ആത്മാവിന്റെ മാധ്യസ്ഥം യാഥാർത്ഥ്യമായിത്തീരുന്നത് ക്രിസ്തുവിന്റെ പെസഹാരഹസ്യത്തിന്റെ ഫലമാണ്".[4] പരിശുദ്ധാരൂപിയുടെ സഹായമില്ലാതെ ഒരാൾക്ക് ആത്മാർത്ഥമായും യഥാർത്ഥമായും

www.malankaralibrary.com



പ്രാർത്ഥിക്കാനാവില്ല. കാരണം, ദൈവവും മനുഷ്യനും തമ്മിലുള്ള സമ്പർക്കം നടക്കുന്നത് ആത്മാവിലൂടെയാണ്. ഈശ്വരമനുഷ്യബന്ധ ങ്ങളിലെ പാലമായി വർത്തിക്കുന്ന അരൂപിയുടെ സാന്നിധ്യം ഇതരമത വിശ്വാസികളെ സംബന്ധിച്ചും യാഥാർത്ഥ്യമായതിനാൽ അക്രൈസ്തവന്റെ സത്യസന്ധവും വിശുദ്ധവുമായ ആത്മീയാഭ്യാസങ്ങൾ ദൈവത്തിലെത്തുന്നു. ഈ ദൈവശാസ്ത്ര ചിന്ത കൗൺസിലാനന്തര കാല ഘട്ടത്തിൽ ക്രിസ്ത്യാനികളുടെ ഇതരമതബന്ധത്തെ ഗുണപരമായി സ്വാധീനിച്ച ഘടകങ്ങളിലൊന്നാണ്.

### 2.3. ഇതരമതങ്ങളിലെ സഹമധ്യസ്ഥതകൾ

മനുഷ്യവംശം മുഴുവനും നിത്യവചനമായ ക്രിസ്തുവിലൂടെയാണ് സൃഷ്ടിക്കപ്പെട്ടതെന്നും കുരിശുമരണവും ഉത്ഥാനവും വഴി യേശു ലോകജനതകളെ സമഗ്രമായി രക്ഷയിലേക്കു നയിച്ചുവെന്നും അവിടുത്തെ ആത്മാവിന്റെ നിരന്തരമായ പ്രവർത്തനം ഔദ്യോഗിക സഭയ്ക്കു പുറമെയും സജീവമാണെന്നുമുള്ള വീക്ഷണങ്ങൾ ഇതരമതങ്ങളുടെ വിശുദ്ധഗ്രന്ഥങ്ങളിലും സംസ്കാരങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും യഥാർത്ഥ സത്യത്തിന്റെ വെളിപാടുകളുണ്ടെന്ന ബോധ്യത്തിലേക്കു സഭയെ നയിച്ചു. എന്നാൽ ഈ മതങ്ങൾക്കു മനുഷ്യർക്ക് രക്ഷ പ്രദാനം ചെയ്യുന്നതിൽ എത്രമാത്രം സ്ഥാനം ഉണ്ടെന്ന് വ്യക്തമായി പറയാൻ സഭാപഠനങ്ങൾ തുനിയാറില്ലായിരുന്നു. പുരാതന ദൈവശാസ്തജ്ഞന്മാരുടെയിടയിൽ 'പിൻതിരിപ്പനെന്ന' അപഖ്യാതി നേടിയ രേഖയാണെങ്കിലും 'കർത്താവായ യേശു' സാർവത്രിക രക്ഷാകരപദ്ധതിയിൽ അക്രൈസ്തവമതങ്ങളെ ക്രിസ്തുവിന് വിധേയപ്പെട്ട സഹമാധ്യസ്ഥതകളായി പരിഗണിക്കാൻ തയ്യാറാകുന്നുണ്ട് എന്നത് പ്രത്യേകം സ്മരണീയമാണ്: "രക്ഷകന്റെ അനന്യമായ മധ്യസ്ഥത വിവിധതരത്തിലുള്ള സഹകരണത്തെ ഒഴിവാക്കുന്നില്ല. പിന്നെയോ അവയ്ക്ക് ജന്മം നല്കുകയാണ് ചെയ്യുന്നത്. വിവിധ തരത്തിലും വിവിധ തോതിലുമുള്ള മദ്ധ്യസ്ഥതകളെ ഇവിടെ ഒഴിവാക്കുന്നില്ല. എങ്കിലും അവയ്ക്ക് അർത്ഥവും മൂല്യവും സിദ്ധിക്കുന്നത് ക്രിസ്തുവിന്റെ ഏകമധ്യസ്ഥത വഴിമാത്രമാണ്. ക്രിസ്തുവിന്റെ മധ്യസ്ഥതയ്ക്ക് സമാന്തരമായിട്ടുള്ളതോ അനുപൂരകങ്ങളായിട്ടുള്ളവയോ ആയിരിക്കാൻ അവയ്ക്ക് സാധിക്കുകയില്ല" (നമ്പർ 14).

www.malankaralibrary.com



ദൈവത്തിന്റെ രക്ഷയിലേക്കു നയിക്കാൻ പ്രാപ്തമായ മാർഗങ്ങൾ ഇതരമതങ്ങളിലുള്ളതുകൊണ്ട് - അതിനുള്ള കൃപാവരം ക്രിസ്തുവിൽനിന്നാണ് വരുന്നതെന്ന് ആ മതവിശ്വാസികൾ അറിയുന്നില്ലെങ്കിൽത്തന്നെ-ഔദ്യോഗികസഭയുടെ ഭാഗമായില്ലെങ്കിലും അക്രൈസ്തവർക്കു യഥാർത്ഥ ദൈവത്തിലെത്തിച്ചേരാൻ കഴിയുമെന്നാണ് 'കർത്താവായ യേശു' എന്ന രേഖ ചൂണ്ടിക്കാട്ടുന്നത്: "ഔദ്യോഗികമായും ദൃശ്യമായും സഭയുടെ അംഗങ്ങളല്ലാത്തവർക്കു ക്രിസ്തുവിലുള്ള രക്ഷയെ സമീപിക്കാൻ കഴിയും. ഒരു കൃപയുടെ സഹായത്തിലാണതു സാധിക്കുന്നത്. അവരെ സഭയോട് രഹസ്യാത്മകമായി ബന്ധിപ്പിക്കുകയും എന്നാൽ സഭയുടെ ഔദ്യോഗിക ഭാഗമാകാതിരിക്കുകയും ചെയ്യുന്ന കൃപയാണത്. ഈ കൃപ ക്രിസ്തുവിൽ നിന്ന് വരുന്നു" (നമ്പർ 20). ക്രിസ്തുവിനെ അറിഞ്ഞ് അവിടുത്തെ സഭയുടെ കാണപ്പെടുന്ന അംഗങ്ങളായി ജീവിക്കുന്നവരുടെ സമൂഹം ഉണ്ടായിരിക്കുമ്പോൾ തന്നെ ആ കൂട്ടായ്മയിൽ പ്രത്യക്ഷ അംഗങ്ങളാകാത്ത ഇതരകൂട്ടായ്മകളും ഉണ്ടാകുകയെന്നത് ദൈവത്തിന്റ അനന്തപരിപാലനയുടെ രഹസ്യഭാഗമാണെന്ന വ്യാഖ്യാനം ഇതരമതങ്ങളോട് ഏറെ ഭാവാത്മകമായ സമീപനം പുലർത്താൻ സഹായകമായിട്ടുണ്ടെന്നതിൽ രണ്ടുപക്ഷമില്ല.

ക്രൈസ്തവേതരമതങ്ങളോട് വത്തിക്കാൻ കൗൺസിൽ പുലർത്തിയ മനോഭാവവും 'അക്രൈസ്തവമതങ്ങൾ' എന്ന പ്രഖ്യാപനത്തിന്റ തുടർച്ചയായി പിന്നീട് വളർന്നു വന്ന തുറവിയുടെ ഇതരമത ദൈവശാസ്ത്ര കാഴ്ചപ്പാടുകളും കണ്ടു കഴിഞ്ഞു. കൗൺസിലിന്റെ ആഭിമുഖ്യങ്ങൾ ഭാരതസഭയിലുണ്ടാക്കിയ ചലനങ്ങളെന്താണെന്ന് ഇനി കാണാം.

### 3. ഭാരതസഭയിൽ മതസൗഹാർദ്ദശ്രമങ്ങൾ

കൗൺസിലിന്റെ ദൈവശാസ്ത്രസ്വാധീനം ഇന്ത്യയിലെ കത്തോലിക്കാസഭയിൽ പ്രകടമാക്കിയ പ്രധാന സംഭവം 1969-ൽ ബാംഗ്ലൂരിൽ ഇന്ത്യയിലെ സഭ എന്ന വിഷയത്തെ കേന്ദ്രമാക്കി നടന്ന ദേശീയ സെമിനാർ ആയിരുന്നു. ഈ സമ്മേളനത്തിൽ ആർഷഭാരതത്തിലെ പുരാതന മതപാരമ്പര്യങ്ങളുമായി സൗഹാർദ്ദപരമായ ബന്ധം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത മെത്രാന്മാർ ഊന്നിപ്പറഞ്ഞു. തുടർന്ന് അക്രൈസ്തവരുമായുള്ള സമ്പർക്കവും, സംവേദനവും ആഴപ്പെടു

www.malankaralibrary.com



ത്തുന്ന കർമപരിപാടികൾക്ക് നേതൃത്വം നല്കാൻ ദേശീയ, പ്രാദേശിക, രൂപതാതലങ്ങളിൽ, ഡയലോഗ് കമ്മീഷനുകളും സമിതികളും സ്ഥാപിച്ച് പഠനങ്ങളും സംഘാതമായ ശ്രമങ്ങളും നടന്നു. ആശ്രമങ്ങളിലൂടെയും ഡയലോഗ് സെന്ററുകളിലൂടെയും ഡയലോഗ് സമിതികളിലൂടെയും പുരോഗമിച്ച മതാന്തരസംവാദത്തിന്റ പ്രായോഗിക ശ്രമങ്ങൾ ചർച്ച ചെയ്യാം.

### 3.1. ആശ്രമങ്ങൾ

ഹിന്ദു-ക്രിസ്ത്യൻ മതങ്ങൾ തമ്മിലുള്ള മൈത്രിയുടെ ദൃഷ്ടാന്തമായി വത്തിക്കാൻ കൗൺസിലിനു മുമ്പേ തന്നെ ഭാരതത്തിൽ പല ക്രിസ്ത്യൻ ആശ്രമങ്ങളും നിലവിലിരുന്നു. അവയിൽ മിക്കതും തമിഴ്നാട്ടിലായിരുന്നു. കേരളീയരായ രണ്ടു വൈദികർ സേലത്തിനടുത്തു 1947-ൽ ആരംഭിച്ച ശിലുവായ്ഗിരി ആശ്രമം. യൂറോപ്യൻ വംശജരായ മൊഷാനയും ഹെൻട്രി ലുസ്സോയും ചേർന്ന് 1950-ൽ തൃശിനാപ്പിള്ളിക്കടുത്ത് ശാന്തിവനത്തിൽ തുടങ്ങിയ സച്ചിദാനന്ദ ആശ്രമം, ഫ്രാൻസിസ് മഹിയൂ ആചാര്യയുടെയും ബീഡ് ഗ്രഫിത്തിന്റെയും സംയുക്ത സംരംഭമായി 1958-ൽ സ്ഥാപിച്ച കേരളത്തിലെ കുരിശുമല ആശ്രമം എന്നിവ അവയിൽ പരക്കെ അറിയപ്പെടുന്നവയാണ്. 1970-കളിൽ ഭാരത കത്തോലിക്കാസഭയിൽ ആശ്രമസങ്കല്പത്തോടെ കൂടുതൽ അനുഭാവം ഉണ്ടായതായി കാണുന്നു. രാജ്യത്തെ ഇന്നുള്ള ആശ്രമങ്ങളിൽ ഭൂരിഭാഗവും 70-നുശേഷം ഉദയം ചെയ്തതാണ്. 1979ൽ ഡി.എസ്. അമലോർപവദാസ് മൈസൂരിൽ രൂപം നല്കിയ അഞ്ജലി ആശ്രമം ഇതിലെടുത്ത് പറയത്തക്കതാണ്.[5]

ആശ്രമസ്ഥാപകരുടെ വീക്ഷണങ്ങളും അഭിരുചികളും അനുസരിച്ച് ഓരോ ആശ്രമത്തിന്റെയും കെട്ടും മട്ടും വ്യത്യാസപ്പെട്ടിരിക്കുന്നുവെങ്കിലും താഴെ കാണുന്ന ചില സവിശേഷതകൾ എല്ലാ ആശ്രമങ്ങളിലും കാണാം.[6]

- ഗുരുവിനെ കേന്ദ്രീകരിച്ചുള്ളതാണ് ആശ്രമത്തിലെ ജീവിതം.
- ഭക്ഷണവും വസ്ത്രവിതാനവും പ്രാർത്ഥനാരീതികളും ഭാരതീയവും ലളിതവുമായിരിക്കും.
- യഥാർത്ഥമായ ജ്ഞാനവും ശാന്തിയും അന്വേഷിച്ചിറങ്ങുന്ന

www.malankaralibrary.com



ആർക്കും ആശ്രമവാസികൾ അഭയം നൽകാറുണ്ട്. ചിലയിടങ്ങളിൽ ജ്ഞാന-ഭക്തി-കർമമാർഗങ്ങളിൽ ഏതെങ്കിലും ഒന്നിന് മുൻതൂക്കം നൽകിയാലും മൂന്നിലും സാമാന്യമായ പുരോഗതി ഉണ്ടാകാനുള്ള അവസരങ്ങൾ എല്ലാ ആശ്രമങ്ങളിലും സൗകര്യപ്പെടുത്താറുണ്ട്.

- ജാതി മത ലിംഗ ഭേദമെന്യേ ആർക്കും പ്രവേശനം ലഭിക്കുന്ന ഇടമാണ് ആശ്രമം.
- സേവനത്തിനും ഗവേഷണത്തിനും പഠനത്തിനും കലാസാഹിത്യസംഗീത മാധ്യമങ്ങളിലൂടെയുള്ള മതപ്രകാശനത്തിനും സ്ഥാനമുണ്ടെങ്കിലും പ്രാർത്ഥന, ധ്യാനം പോലുള്ള ആത്മീയസാധനകൾക്കാണ് ആശ്രമങ്ങളിൽ പരമപ്രാധാന്യമുള്ളത്.

ആശ്രമങ്ങൾ മതാന്തരപ്രേക്ഷിതത്വത്തിന് അനുയോജ്യമായ ഇടങ്ങളാകാൻ നിരവധി കാരണങ്ങളുണ്ട്.[7]

- ഒരു പ്രത്യേകമതത്തിന്റെ അനുഷ്ഠാനങ്ങളെക്കാളും പ്രാർത്ഥനകളെക്കാളും എല്ലാ വിശ്വാസികൾക്കും പങ്കെടുക്കാവുന്ന സത്സംഘത്തിനും ജപധ്യാനത്തിനും ഈശ്വരാനുഭവത്തിനും ഊന്നൽ നല്കുന്നതിനാൽ വിവിധ മതാനുയായികൾ തമ്മിൽ സൗഹൃദം മൊട്ടിടുന്നുണ്ടിവിടെ.
- ആശ്രമങ്ങളുടെ വാസ്തുവിദ്യയും അവിടങ്ങളിലെ ഭക്ഷണരീതികളും ഭാരതീയമായതിനാൽ ഇന്ത്യയിൽ രൂപപ്പെട്ട മതവിഭാഗങ്ങളിലുള്ളവർക്ക് സ്വന്തം കുടുംബത്തിലായിരിക്കുന്ന അനുഭവം പ്രദാനം ചെയ്യുന്നുണ്ട് ആശ്രമങ്ങൾ.
- നവീനമായതിനെയും വൈവിധ്യതയെയും ഉൾക്കൊള്ളാൻ മാനസികവലിപ്പമുള്ള ഒരുപറ്റം ആളുകളുടെ സാമീപ്യം ആശ്രമങ്ങൾ സംലഭ്യമാക്കുന്നുണ്ട്.
- ആശ്രമങ്ങളിലെ നിശബ്ദതയും പ്രാർത്ഥനാന്തരീക്ഷവും ദൈവത്തെയും അപരനെയും കേൾക്കാൻ ഉതകുന്ന അന്തരീക്ഷം സൃഷ്ടിക്കുന്നു.

താഴെക്കിടയിലുള്ള വിഭാഗങ്ങളുടെ വിമോചനവും വികസനവും ലക്ഷ്യം വച്ചു കൊണ്ടുള്ള പവർത്തനങ്ങൾ മത തനിമകൾ മാറ്റിവച്ച് ഒരു പൊതുനന്മയ്ക്കുവേണ്ടി സമർപ്പിക്കുവാൻ കളമൊരുക്കുന്നു.

www.malankaralibrary.com



### 3.2. ഡയലോഗ് സെന്ററുകൾ

ഭാരതത്തിൽ മതാന്തരസൗഹൃദം കെട്ടിപ്പടുക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന മറ്റൊരു ഘടകം ഡയലോഗ് സെന്ററുകൾ ആണ്. മതാന്തരസമ്പർക്കം നിത്യലക്ഷ്യമായി കണ്ട് സാമൂഹിക സാംസ്കാരിക മത രംഗങ്ങളിൽ ബൗദ്ധികമായും അല്ലാതെയും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയാണ് ഈ പദംകൊണ്ട് അർത്ഥമാക്കുന്നത്. ആത്മീയതയുടെ കേന്ദ്രങ്ങൾ, ഗവേഷണസെന്ററുകൾ, മതസാംസ്കാരിക സ്ഥാപനങ്ങൾ എന്നിങ്ങനെ മൂന്നിനങ്ങളിൽപ്പെട്ട ഡയലോഗ് സെന്ററുകൾ കാണാം.

മതാന്തരപ്രേക്ഷിതത്വത്തിൽ മുഴുകുന്ന ആത്മീയകേന്ദ്രങ്ങൾ (Spirituality Centers) ആശ്രമങ്ങളോട് പലതിലും സാമ്യമുള്ളതാണെങ്കിലും പ്രാർത്ഥനയ്ക്കും ധ്യാനത്തിനുമൊപ്പം ബാഹ്യപ്രവർത്തനങ്ങൾക്കും മതാന്തര കൂടിവരവുകൾക്കും ഇവിടെ അവസരങ്ങളുണ്ട്. 1968-ൽ ഇഗ്നേഷ്യസ് ഹിരുദയം മദ്രാസിൽ തുടങ്ങിയ ഐക്യാലയം ഇതിന് ഉത്തമഉദാഹരണമാണ്.[8] 1992 ആയപ്പോഴേയ്ക്കും പലതരത്തിലുള്ള ആത്മീയ വിഷയങ്ങളുമായി ബന്ധപ്പെട്ട് മുന്നൂറിലധികം മതാന്തര ചർച്ചകൾ ഇവിടെ നടന്നു. ഗവേഷണ കേന്ദ്രങ്ങളിൽ കുറെക്കൂടി ആഴമായ പഠനമാണ് നടക്കുന്നത്. മതാന്തരപ്രേക്ഷിതത്വത്തിൽ ഏർപ്പെടാൻ കഴിവുള്ളവരെ വാർത്തെടുക്കുന്ന കലാലയങ്ങളിൽ കൂടി ഇത് പ്രവർത്തിക്കുന്നു. ബാംഗ്ലൂരിലെ ധർമ്മരാം വിദ്യാക്ഷേത്രം, പഞ്ചാബിലെ ബട്ടാലയിലുള്ള ബെയറിംഗ് യൂണിയൻ ക്രിസ്ത്യൻ കോളേജ്, ഹൈദരാബാദിലെ ഹെൻട്രി മാർട്ടിൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇസ്ലാമിക് സ്റ്റഡീസ് എന്നിവ ഇതിന് ഉദാഹരണങ്ങളാണ്. മതസാംസ്കാരിക കേന്ദ്രങ്ങൾ ആഴമായ പഠനങ്ങളെക്കാളും ആത്മീയസാധനകളെക്കാളും ഉപരിയായി കലാപരിപാടികളിലൂടെയും സാമൂഹികക്ഷേമപ്രവർത്തനങ്ങളിലൂടെയും മതങ്ങൾ പരസ്പരമുള്ള അറിവും സൗഹൃദവും ശക്തിപ്പെടുത്തുന്നു. വിവിധ മതാനുയായികൾ അടങ്ങുന്ന സമിതിയാണ് ഇത്തരം പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്. എറണാകുളത്തെ ചാവറ കൾച്ചറൽ സെന്റർ, കോയമ്പത്തൂരിലെ ദിവ്യോദയ, വാരണാസിയിലെ മൈത്രി ഭവൻ, അലഹാബാദിലെ ജിഗ്യാസുകേന്ദ്ര എന്നിവ ചില ഉദാഹരണങ്ങൾ.

www.malankaralibrary.com



### 3.3. ഡയലോഗ് ഗ്രൂപ്പുകൾ

മതാത്മകമോ, മതേതരമോ ആയ വിഷയങ്ങളെക്കുറിച്ച് താന്താങ്ങളുടെ അനുഭവങ്ങളും വീക്ഷണങ്ങളും പങ്കുവയ്ക്കണമെന്ന് ആഗ്രഹിച്ചുകൊണ്ട് വിവിധ മതങ്ങളിൽപ്പെട്ടവരുടെ ഒത്തുചേരലിനെയാണ് ഡയലോഗ് ഗ്രൂപ്പുകൾ കൊണ്ട് അർത്ഥമാക്കുന്നത്. ഡയലോഗിനു മാത്രമായി പണികഴിച്ച കെട്ടിടമില്ലാത്തിടത്ത് വ്യത്യസ്ത മതങ്ങളിലേർപ്പെട്ടവർക്ക് സങ്കോചം കൂടാതെ കടന്നുവരാവുന്ന ഒരു കേന്ദ്രത്തിൽ ഇവർ ഒരുമിച്ചു കൂടുന്നു. ട്രിച്ചിയിലെ സെന്റ്. പോൾസ് സെമിനാരിയിൽ 1973 നവംബറിൽ തുടങ്ങിയ മതാന്തര സംഭാഷണഗ്രൂപ്പ് വർഷങ്ങളായുള്ള പ്രവർത്തനത്തിലൂടെ മതസംവാദത്തെപ്പറ്റി സൂക്ഷ്മമായ കണ്ടെത്തലുകൾ സമ്മാനിക്കുന്നുണ്ട്.[9] ഈശ്വരൻ, മോക്ഷം തുടങ്ങിയ സംജ്ഞകളെ ആധാരമാക്കിയുള്ള ഭൗതികചർച്ചകളിൽ ആരംഭിച്ച ഇവിടുത്തെ പരീക്ഷണം പിന്നീട് ആത്മീയാനുഭവങ്ങളുടെ പങ്കുവയ്ക്കൽ, ഇതരമതഗ്രന്ഥങ്ങളെക്കുറിച്ചും ആ സമൂഹങ്ങളിലെ ആത്മീയാചാര്യന്മാരെപ്പറ്റിയുള്ള പഠനം ആധുനികലോകത്തിൽ മതത്തിന്റെ ധർമമെന്തെന്നുള്ള കൂട്ടായ അന്വേഷണം, വിവിധമതസ്ഥരുടെ പ്രാർത്ഥനകളിലുള്ള ഒന്നിപ്പ് തുടങ്ങിയ മേഖലകളിലേയ്ക്കു വളർന്നു. കാലഘട്ടത്തിന്റെ ആവശ്യങ്ങൾ കണക്കിലെടുത്ത് മതങ്ങൾ തമ്മിലുള്ള സൗഹൃദം ശക്തിപ്പെടുത്തുന്നതിനായി പൊതുസമ്മേളനങ്ങളും റാലികളും സംഘടിപ്പിക്കാൻ ഈ ഗ്രൂപ്പുകൾ നേതൃത്വം നല്കാറുണ്ട്.

രണ്ടാം വത്തിക്കാൻ കൗൺസിലിനെ തുടർന്ന് ഭാരതത്തിലെ കത്തോലിക്കാസഭയിൽ മതാന്തരസംഭാഷണരംഗത്ത് വ്യത്യസ്ത തലങ്ങളിൽ ഉണ്ടായ പരിശ്രമങ്ങൾ കണ്ടല്ലോ. അതിനു നേരിട്ട പ്രതിസന്ധികളും വെല്ലുവിളികളും മനസ്സിലാക്കിയാലേ ഈ പ്രേഷിതത്വത്തെപ്പറ്റി കുറെക്കൂടി വ്യക്തവും നിഷ്പക്ഷവുമായ ചിത്രം ലഭിക്കുകയുള്ളൂ.

### 4. പ്രശ്നങ്ങളും വെല്ലുവിളികളും

മതാന്തരസംവാദമേഖലകളിലുള്ള പ്രവർത്തനങ്ങൾ സഭയ്ക്കുള്ളിലും ഇതരമതസ്ഥരിലും വിവിധതരത്തിലുള്ള പ്രതികരണങ്ങൾ ഉളവാക്കുന്നു. ഒന്നാമതായി, അക്രൈസ്തവരിൽ നിന്ന് നേരിടുന്ന പ്രശ്നങ്ങളേതെന്ന് കാണാം.

www.malankaralibrary.com



### 4.1. അക്രൈസ്തവമനോഭാവം

കത്തോലിക്കാസഭയുടെ മതസംവാദസംരംഭങ്ങളോട് അന്യമതസ്ഥർക്ക് പൊതുവെ വലിയ താല്പര്യമില്ലെന്നതാണ് യാഥാർത്ഥ്യം. സത്യത്തെ അറിഞ്ഞവരാണെന്നും രക്ഷയ്ക്കാവശ്യമായതെല്ലാം തങ്ങളുടെ പക്കലുണ്ടെന്നും ഹിന്ദുക്കളും മുസ്ലീംങ്ങളും കരുതുന്നതിനായി ക്രിസ്ത്യാനികളോടൊത്ത് ഈശ്വരാന്വേഷണത്തിൽ മുഴുകേണ്ടതിന്റ ആവശ്യകത അവർക്ക് തോന്നുന്നില്ല. എങ്കിലും ക്രൈസ്തവർ മുൻകൈ എടുക്കുമ്പോഴെല്ലാം മതാന്തര സംഭാഷണ സെമിനാറുകളിലും സമ്മേളനങ്ങളിലും റാലികളിലും പ്രാർത്ഥനായജ്ഞങ്ങളിലും സഹകരിക്കുന്ന ഏറെ ഹിന്ദുക്കളും മുസ്ലീംങ്ങളുമുണ്ട്. മതേതരവും വിശാലവുമായ മനഃസ്ഥിതിയുള്ളവരാണ് ഇവരെങ്കിലും ഇത്തരം പ്രവർത്തനങ്ങൾക്ക് സ്വയമേ താത്പര്യമെടുത്ത് അവർ മുന്നോട്ടുവരികയില്ല. മതാന്തര സൗഹൃദസംഭാഷണ ദൗത്യത്തിലേർപ്പെട്ട് കഴിയുന്ന ഭൂരിഭാഗം ക്രിസ്തീയനേതാക്കളുടെയും അനുഭവമാണിത്.

ഹൈന്ദവരിൽ മറ്റൊരുവിഭാഗം തണുത്തതും നിഷ്ക്രിയവുമായ മനോഭാവത്തിന് അപ്പുറം തികച്ചും നിഷേധാത്മകമായ മനോഭാവമുള്ളവരാണ്. ക്രിസ്ത്യൻ ഡയലോഗ് മിഷനെപ്പറ്റി പല ദുരൂഹമായ സംശയങ്ങളും ഉള്ളതിനാലാണതെന്ന് പറയപ്പെടുന്നു. വിവിധ മതങ്ങളോട് ചേർന്ന് സത്യാന്വേഷണത്തിൽ ഏർപ്പെടാൻ മാത്രം ദൈവശാസ്ത്രപരമായ തുറവി ക്രൈസ്തവർക്കുണ്ടെന്ന് അന്യമതസ്ഥരിൽ പലരും പ്രത്യേകിച്ച് ഹിന്ദുത്വ ബുദ്ധിജീവികൾ കരുതുന്നില്ല. മുസ്ലീംങ്ങളെപ്പോലെ തന്നെ ക്രിസ്ത്യാനികളും മതമൗലികവാദികൾ ആകാനുള്ള സാഹചര്യം ഏറെയാണത്രേ. ഒരു ദൈവത്തെയും പ്രവാചകനെയും ഗ്രന്ഥത്തെയും കേന്ദ്രീകരിച്ചാണ് ക്രിസ്തുമതം നിലനില്ക്കുന്നത്. ഒരു പ്രവാചകനിലും പുസ്തകത്തിലുമുള്ള വിശ്വാസം, കൃത്യവും നിയതവുമായ നിയമങ്ങൾക്ക് കാരണമാകുന്നു. നിയമങ്ങൾ കൂടുമ്പോഴും മതവിശ്വാസം മൗലികമായിത്തീരും എന്ന് ഹിന്ദുത്വ ചിന്തകനായ ഡി.എൻ. മിശ്ര എഴുതുന്നു.[10]

ഇതരമതങ്ങളെ സ്വാഭാവിക മതങ്ങളായും ക്രിസ്തുമതത്തെ അതിസ്വാഭാവിക മതമായും ആണ് ഇന്നും സഭയിലെ ഔദ്യോഗിക പക്ഷം കാണുന്നതെന്ന് രാംസ്വരൂപിനെപ്പോലുള്ളവർ പറയുന്നു.

www.malankaralibrary.com



അക്രൈസ്തവർ രക്ഷ പ്രാപിക്കുന്നത് ക്രിസ്തുവിനാലാണെന്ന് കത്തോലിക്കാ പ്രബോധനങ്ങൾ തെളിയിക്കുന്നു.[11] ക്രൈസ്തവേതര മതങ്ങളും രക്ഷയ്ക്കുള്ള തുല്യപാതകളാണെന്ന് അംഗീകരിക്കാതെയും മതപരിവർത്തനശ്രമങ്ങൾ അവസാനിപ്പിക്കാതെയും ക്രിസ്തുമതവിശ്വാസികളുമായി സൗഹാർദ്ദപരമായ സഹവർത്തിത്വം ബുദ്ധിമുട്ടാണെന്ന് ക്രിസ്തുമതപ്രബോധനങ്ങൾ വിശകലനം ചെയ്തശേഷം അരുൺഷൂരി പറയുന്നു.[12] ഡയലോഗിന്റെ ഭാഗമായ ഭാരതീയവത്കരണങ്ങൾ മതപരിപ്രവർത്തനത്തിന് മറയിടാനും സ്വദേശബോധം ശക്തിപ്പെടുത്തുന്ന ഇക്കാലത്ത് മുഖം രക്ഷിക്കാനുള്ള തന്ത്രങ്ങളാണെന്ന് സീതാറാം ഗോയേലിന്റെ അഭിപ്രായം. "ക്രിസ്ത്യൻ മിഷണറിമാർ ഇന്ന് ആരംഭിച്ചിട്ടുള്ള ഭാരതീയവത്കരണശ്രമങ്ങൾ ഹൈന്ദവസംസ്കാരത്തോട് അവർക്കുണ്ടായിട്ടുള്ള മനസ്സിന്റെ മാറ്റമല്ല വെളിവാക്കുന്നത്. മിഷൻപ്രവർത്തനത്തിന്റെ പുതിയ രൂപമാണത്. തങ്ങൾ ദേശഭക്തിയുള്ളവരാണെന്ന് ബോധ്യപ്പെടുത്താൻ അവർ ഭാരതീയസാംസ്കാരികാനുരൂപണ ശ്രമങ്ങളിൽ ഏർപ്പെടുന്നത്.[13]

#### 4.2. സഭയ്ക്കുള്ളിലെ പോർവിളികൾ

അന്യമതസ്ഥരിൽ നിന്നുള്ളതിനെക്കാൾ മതസൗഹാർദ്ദപ്രേക്ഷിതത്വത്തിനെതിരെ വെല്ലുവിളികൾ ഉയരുന്നത് ക്രൈസ്തവരിലെ പാരമ്പര്യവാദികളിലും യാഥാസ്ഥിതികരിൽ നിന്നുമാണെന്ന് പറഞ്ഞാൽ അതിശയോക്തിയുണ്ടാവില്ല. മതാന്തര സംഭാഷണ ശുശ്രൂഷ ക്രിസ്തുമതത്തിന്റെ അടിസ്ഥാനമായ യേശു ഏകലോകരക്ഷകൻ എന്ന വിശ്വാസവുമായി പൊരുത്തപ്പെടുന്നില്ലെന്നാണ് ഇവരുടെ മതം. 'ആകാശത്തിനു കീഴെ രക്ഷയ്ക്കായി ക്രിസ്തുവല്ലാതെ മറ്റൊരു നാമമില്ല' (അപ്പ.. 4:12). 'ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ആകാശത്തിലും ഭൂമിയിലും പിതാവായ ഏകദൈവവും ഈശോമിശിഹായെന്ന ഏകകർത്താവും മാത്രമേയുള്ളൂ' (1 കോറി. 8:5-6), 'എല്ലാവർക്കും മധ്യസ്ഥനായി യേശുക്രിസ്തു മാത്രമേയുള്ളൂ' (1 തിമോ. 2:5) എന്നീ വചനങ്ങൾ അതിന് ദൃഷ്ടാന്തമായി അവർ ചൂണ്ടിക്കാട്ടുന്നു. ക്രിസ്തുവിൽ മാത്രമാണ് രക്ഷയെങ്കിൽ-ആ രക്ഷകന്റെ സഭയാണ് കത്തോലിക്ക സഭയെങ്കിൽ-പിന്നെയെന്തിന് ഇതരമതങ്ങളിലുള്ള പുണ്യപുരുഷന്മാരെപ്പറ്റിയും അവരുടെ വചനങ്ങളെക്കുറിച്ചും അന്യമതാചാരങ്ങളെക്കുറിച്ചും അറിയാനും പഠിക്കാനും ക്രൈസ്തവർ തന്ത്രപ്പെടണം?

www.malankaralibrary.com



അവരുമായുള്ള സഹവാസവും സഹവർത്തിത്വവും സത്യവിശ്വാസത്തിൽ മായം ചേർക്കുന്ന സാഹചര്യമുണ്ടാവില്ലേ? എന്നെല്ലാമാണവരുടെ ചോദ്യം.

മതാന്തരപ്രേക്ഷിതത്വം വിവിധ മതങ്ങളുടെ പ്രാർത്ഥനാരീതികളിൽ പങ്കുകൊള്ളാനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നത് പല ക്രൈസ്തവരിലും അതൃപ്തി ഉളവാക്കുന്നുണ്ട്. വിഗ്രഹാർപ്പിത ഭക്ഷണം കഴിക്കുന്നതിനെച്ചൊല്ലി പൗലോസ് ശ്ലീഹ നല്കുന്ന ഉപദേശങ്ങളാണ് (1 കോറി 8:1-13) അസന്നിഗ്ധാവസ്ഥ സൃഷ്ടിക്കുന്നത്. ഇതരമതങ്ങളിലെ ആത്മീയാചാര്യന്മാർ സാത്താന്റെ അവതാരങ്ങളാണെന്നും അക്രൈസ്തവരുടെ വി. ഗ്രന്ഥങ്ങളും പ്രാർത്ഥനാവിധികളും പൈശാചികമാണെന്നും നിലവിളക്കു കത്തിക്കുന്നതും ആയുർവേദ ചികിത്സ നടത്തുന്നതും ആന്തൂറിയവും തുളസിയും പൂന്തോട്ടത്തിൽ വളർത്തുന്നതും ക്രിസ്ത്യാനിക്കു ഭൂഷണമല്ലെന്നും ചിന്തിക്കുന്നവർ മതസൗഹാർദ്ദശുശ്രൂഷയെ പ്രോത്സാഹിപ്പിക്കുകയില്ലെന്നത് വ്യക്തം.

മതസംവാദപ്രേഷിതത്വത്തെപ്പറ്റിയുള്ള മറ്റൊരു ആശങ്ക അത് സഭയുടെ വ്യതിരിക്തത നഷ്ടപ്പെടുത്തുമോ എന്നതാണ്.[14] ഡയലോഗ് ആത്മാർത്ഥമാണെങ്കിൽ ക്രിസ്തീയവിശ്വാസത്തിനും പ്രബോധനങ്ങൾക്കും അപ്രമാദിത്വം അവകാശപ്പെടാനില്ല. യേശുവിലൂടെയുള്ള വെളിപ്പെടുത്തലുകളെ സംബന്ധിച്ച് സഭാചിന്തകരിലുള്ള ഇടുങ്ങിയ ധാരണകൾക്കു പുറത്തു കടന്നാലേ ഡയലോഗിൽ ഇതരമതസ്ഥർക്കും അർഹമായ സ്ഥാനമുണ്ടാവുകയുള്ളൂ. പക്ഷേ, ക്രിസ്തുവിന്റെ തുടർച്ചയായ സഭയ്ക്കു മറ്റു മതങ്ങളിലൊന്നായി സ്വയം ചെറുതാകാനാകുമോ? ദൃശ്യസഭയിൽ അംഗമാകാത്തവരെല്ലാം നശിച്ചുപോകുമെന്ന് ഇന്ന് സഭ പറയുന്നില്ലെങ്കിലും ലോകരക്ഷയിൽ അവൾക്കു തനതായ സ്ഥാനമുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. സഭ രക്ഷയുടെ കൂദാശയാണെന്ന് (തിരുസ്സഭ 48) രണ്ടാം വത്തിക്കാൻ കൗൺസിൽ പറയുന്നു. രക്ഷപ്പെടുന്നവർ സഭയുടെ ഔദ്യോഗിക അംഗമായിട്ടില്ലെങ്കിലും രഹസ്യാത്മകമായി തിരുസ്സഭയുമായി ബന്ധത്തിലാണെന്നാണ് (രക്ഷകന്റെ മിഷൻ 10) സഭാപഠനം. അതിനാൽ ലോകമതങ്ങളുടെയിടയിൽ സഭയ്ക്ക് പ്രത്യേകമായ പദവിയുണ്ടാകണമെന്ന് പല ദൈവശാസ്ത്രജ്ഞന്മാരും വിശ്വാസികളുടെ വൻഗണവും കരുതുന്നു. എന്നാൽ ഈ വല്ല്യേട്ടൻ മനോഭാവം ഇതരമതവിശ്വാസികൾ വകവച്ചുതരുകയില്ല. ഈ സാഹചര്യ

www.malankaralibrary.com



ത്തിൽ സഭ മറ്റു മതങ്ങളിലൊന്നായി അംഗീകരിക്കുന്നതിനെക്കാൾ മതാന്തരസംഭാഷണകലയോട് അകലം പാലിക്കാനാണ് ഇവർ ഇഷ്ടപ്പെടുന്നത്.

ഡയലോഗിനോടുള്ള വിരക്തിയുടെ മറ്റൊരു കാരണം അത് സഭയുടെ മിഷൻ തീക്ഷ്ണതയെ മന്ദീഭവിക്കുമെന്നുള്ള കാഴ്ചപ്പാടാണ്. ഡയലോഗും സുവിശേഷപ്രഘോഷണവും പരസ്പരവിരുദ്ധങ്ങളായാണ് സഭയിൽ പലരും മനസ്സിലാക്കുന്നത് എന്ന അമലദോസിന്റെ നിരീക്ഷണം ശരിയാണ്.[15] ലോകം മുഴുവൻ പോയി എല്ലാ ജനതകളെയും ശിക്ഷ്യപ്പെടുത്താനും വിശ്വസിക്കുന്നവർക്ക് ജ്ഞാനസ്നാനം നൽകാനും ഉയർത്തെഴുന്നേറ്റ ക്രിസ്തു ആഹ്വാനം ചെയ്തിട്ടുണ്ട് (മത്താ. 28:19). എന്നാൽ മതാന്തര സംവാദത്തിലേർപ്പെടുന്നവർ നേരിട്ടുള്ള സുവിശേഷപ്രഘോഷണത്തിൽ അനാസ്ഥയുള്ളവരാണ്. 'ഏഷ്യയിലെ സഭ' എന്ന രേഖ ഈ പ്രവണതയെ തിരുത്തുന്നുണ്ട്. 'യേശുക്രിസ്തുവിനെപ്പറ്റി അക്രൈസ്തവരോട് പ്രഘോഷിക്കുന്നതിൽനിന്ന് മാറിനില്ക്കാനുള്ള ക്ഷണമല്ല ഇതരമതങ്ങളോടുള്ള ആദരവും ബഹുമാനവും' (ഏഷ്യയിലെ സഭ 20). സഭയുടെ വ്യവസ്ഥാപിതമായിട്ടുള്ള വളർച്ചയിൽ താത്പര്യമുള്ളവർ ഡയലോഗ് സുവിശേഷപ്രഘോഷണത്തിന് വിരുദ്ധമെന്ന് ചിന്തിച്ച് മതാന്തരപ്രേക്ഷിതത്വത്തെ അകറ്റിനിറുത്തുകയാണ് ചെയ്യുന്നത്.

**ഉപസംഹാരം**

'സഭയ്ക്കു പുറമെ രക്ഷയില്ല' എന്ന പഴയകാല സങ്കല്പത്തിൽ നിന്ന് ഇതരമതങ്ങൾ ചില നിബന്ധനകൾക്കധീനമായി യേശുവിന്റെ രക്ഷയുടെ സഹമാധ്യസ്ഥങ്ങളാകാമെന്ന തിരിച്ചറിവിലേക്കു വളരാൻ രണ്ടാം വത്തിക്കാൻ കൗൺസിൽ നല്കിയ സംഭാവന മഹത്തരമാണ്. ഈ പരിണതി യാഥാസ്ഥിതികരായ വിശ്വാസികളിൽ അങ്കലാപ്പുണ്ടാക്കുമെന്നതിൽ അത്ഭുതപ്പെടാനില്ല. ഈ ലേഖനത്തിന്റെ ആദ്യത്തെയും രണ്ടാമത്തെയും ഭാഗങ്ങളിൽ പ്രതിപാദിച്ച ദൈവശാസ്ത്രദർശനങ്ങളെക്കുറിച്ചുള്ള ആഴമായ പഠനമാണ് ഈ പ്രതിസന്ധിക്കുള്ള പരിഹാരം.

ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യവംശത്തിന് വൈരുദ്ധ്യങ്ങളെക്കാൾ സമാനതകാളാണുള്ളതെന്ന യാഥാർത്ഥ്യം ഗ്രഹിക്കാനാവുന്നവർക്കേ മതാന്തരസൗഹാർദ്ദസംസ്കൃതിയുടെ പ്രയോക്ത

www.malankaralibrary.com



കളാകാനാവൂ. ദൈവം ഒന്നേയുള്ളുവെങ്കിൽ, യേശു വെളിപ്പെടുത്തിയതുപോലെ അവിടുന്ന് സ്നേഹസമ്പന്നനായ പിതാവാണെങ്കിൽ, രക്ഷയ്ക്കാവശ്യമായ വഴികൾ എല്ലാ ജനതകളുടെയും തനത് സംസ്കാരങ്ങളിൽ രൂപപ്പെടാൻ വേണ്ട സജ്ജീകരണങ്ങൾ അവിടുന്ന് ചെയ്യുമെന്നത് സ്വാഭാവികമാണ്. തീർച്ചയായും അതിന്റെ പൂർണിമ ക്രിസ്തുവിലൂടെയും അവിടുത്തെ സുവിശേഷങ്ങളിലൂടെയും അവിടുന്നു തന്നെ സ്ഥാപിച്ച കൂദാശകളിലൂടെയും അവിടുത്തെ സാന്നിധ്യം ചരിത്രത്തിൽ വ്യവസ്ഥാപിതമായി തുടർന്നു പോകുന്ന സഭയിൽ സംലഭ്യമാണ്. എന്നിരുന്നാലും വിവിധ കാരണങ്ങളാൽ സഭയുടെ ഔദ്യോഗിക ഭാഗമാകാതിരിക്കുന്ന വ്യക്തികൾക്കും സമൂഹങ്ങൾക്കും യേശുവിന്റെ പരിത്രാണകർമത്തിന്റെയും പരിശുദ്ധാത്മാവിന്റെ നിരന്തരമായ പ്രവർത്തനത്തിന്റെയും ഫലമായി രക്ഷാകര രഹസ്യങ്ങൾ വെളിപ്പെട്ടു കിട്ടുന്നതായി സഭ കരുതുന്നു.

മേല്പറഞ്ഞ തുറവിയുടെ പ്രകരണത്തിൽ നിന്നു കൊണ്ട് മതാന്തര സംവേദനപരീക്ഷണങ്ങളും അന്വേഷണങ്ങളും നടത്തുമ്പോൾ സ്വന്തം വിശ്വാസങ്ങളെയും പ്രബോധനങ്ങളെയും പുനർവായനയ്ക്ക് വിധേയമാക്കേണ്ടി വരും. മതാന്തരസമ്പർക്കമുയർത്തുന്ന വെല്ലുവിളികൾ കണ്ട് ഭയപ്പെടാനും ഉൾവലിയാനും പ്രതിരോധിക്കാനും ഇടവരുന്നത് ക്രൈസ്തവോചിതമല്ല. ആത്മാവിൽ ശരണപ്പെട്ട് ഇതരമതങ്ങളോടൊപ്പം ദൈവരാജ്യനിർമിതിയിൽ സഹകരിക്കുകയാണ് ക്രിസ്ത്യാനികളുടെ ദൗത്യം. പരിശുദ്ധ ബനഡിക്റ്റ് പതിനാറാമൻ, മാർപാപ്പയായതിന് പിറ്റേന്ന് (ഏപ്രിൽ 20, 2005) അർപ്പിച്ച ദിവ്യബലി മധ്യേ ഇതരമതങ്ങളുമായുള്ള ഡയലോഗ് തുടരുമെന്ന് നടത്തിയ പ്രഖ്യാപനം കൗൺസിൽ തെളിയിച്ച മതസൗഹാർദ്ദദീപം കെടാതെ ജ്വലിക്കുമെന്ന പ്രത്യാശ പകരുന്നതാണ്.

**കുറിപ്പുകൾ**

1. ധർമാരാം പബ്ലിക്കേഷൻസ് 1996-ൽ തയ്യാറാക്കിയ രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളുടെ എട്ടാം പതിപ്പിൽ 'അക്രൈസ്തവമതങ്ങൾ' എന്ന പ്രഖ്യാപനത്തിന് എഴുതിയ ആമുഖത്തിൽ നിന്ന്.

www.malankaralibrary.com




2. John Paul II, Address to the Roman Curia, 22 December 1986, Nos. 3+5.
3. John Paul II, Redemptor Hominis, 1979, Nos. 6,11,12.
4. John Paul II, Message to the People of Asia, Manilla, 21 February 1981, No. 4.
5. J. Kuttianimattathil, Practice and Theology of Inter-religious Dialogue, Kristu Jyothi Publications, Bangalore, 1998, PP. 54-56.
6. Statement of the All-India consultation on Ashrams, 7-11 June 1978, Word and Worship, August 1978, PP. 274-275.
7. Vandana, Dialogue in and through Ashrams, Word and Worship, 19 (November 1986) PP. 331-336.
8. A. Pushparajan (ed), Pilgrims of Dialogue, Kochi 1991, PP. 14-20.
9. X. Irudayaraj and L. Sundaram, Inter-faith Dialogue in Tiruchirappalli, Siga, Madras, 1978, PP. 145-147.
10. D.N. Mishra, The RSS: Myth and Reality, Vikas Publishing House, New Delhi, 1980, PP. 123- 24.
11. R. Swarup, Hinduism Vis-a-vis Christianity and Islam, Voice of India, New Delhi, 1992, PP. 47-52.
12. A. Shourie, Missionaries in India: Continuties, Changes, Dilemmas, ASA Publications, New Delhi, 1994, PP. 214-230.
13. S.R. Goel, Preface to Catholic Ashrams: Adopting and Adapting Hidnu Dharma, Voice of India, New Delhi, 1988, PP. X-XV, XXIII, XXXIX.
14. Statement of the Indian Theological Association 13th Annual Meeting, December 28-31, 1989 No. 11,19.
15. A. Amaladoss, Religious Pluralisam and Mission, A vision of Mission in the New Millenium, T. Malipurathu and L. Stanislaus (eds.), St. Paul's, Mumbai 2001, P. 63.

www.malankaralibrary.com

# സഭയും പ്രേഷിതപ്രവർത്തനവും

റവ. ഫാ. സെൽവിസ്റ്റർ പൊന്നുമുത്തൻ

പ്രേഷിതപ്രവർത്തനം സഭയുടെ മുഖമുദ്രയാണ്. പ്രേഷിതപ്രവർത്തനം ഇല്ലായെങ്കിൽ സഭതന്നെയില്ല. സഭാചരിത്രം പൊതുവെ പ്രേഷിതപ്രവർത്തനത്തിന്റെ ആഖ്യാനമാണ്. സഭയിലെ ദൈവശാസ്ത്ര പഠനവും വിശുദ്ധ ഗ്രന്ഥപഠനവും പ്രേഷിതപ്രവർത്തനത്തിന്റെ അനുപൂരകതലങ്ങളായിട്ടാണ് കാണേണ്ടത്. അതേസമയം ചരിത്രത്തിന്റെയും ദൈവശാസ്ത്രത്തിന്റെയും വിശുദ്ധ ഗ്രന്ഥത്തിന്റെയും വെളിച്ചത്തിൽ കാലഘട്ടങ്ങൾക്കനുരൂപമായ രീതിയിൽ പ്രേഷിതപ്രവർത്തനങ്ങൾക്ക് ദിശാബോധം നല്കേണ്ടത് സഭയുടെ ദൗത്യവുമാണ്. ഈ ദൗത്യനിർവഹണമാണ് 'പ്രേഷിതപ്രവർത്തനം' എന്ന ഡിക്രിയിലൂടെ രണ്ടാം വത്തിക്കാൻ സൂനഹദോസിൽ അനുസ്മരിപ്പിക്കുന്നത്. ആധുനിക മിഷൻ പ്രസ്ഥാനത്തിന്റെ 'മാഗ്നാകാർട്ടാ' എന്നറിയപ്പെടുന്ന ഈ ഡിക്രി പ്രസിദ്ധീകരിച്ചത്, രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ സമാപനത്തിന്റെ തലേദിവസമായ 1965 ഡിസംബർ 7-ാം തീയതിയാണ്. ലത്തീൻ ഭാഷയിൽ *Ad Gentes Divinitus* എന്നാണ് ഈ ഡിക്രി അറിയപ്പെടുന്നത്.

### 1. ഡിക്രിയുടെ പശ്ചാത്തലം

സഭ സ്വഭാവത്താൽ പ്രേഷിതയാണെങ്കിലും പ്രേഷിതപ്രവർത്ത

www.malankaralibrary.com



നത്തെ സംബന്ധിച്ച് ദൈവശാസ്ത്രമേഖലയിലും പ്രേഷിതപ്രവർത്ത നമണ്ഡലങ്ങളിലും ഒത്തിരി അവ്യക്തതകൾ നിറഞ്ഞതായിരുന്നു രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പൂർവദിനങ്ങൾ. പ്രേഷിതപ്ര വർത്തനമെന്നാൽ വെറും പ്രഘോഷണമാണോ, ബാഹ്യമായ സഭ സ്ഥാപിക്കലാണോ, സുവിശേഷത്തിന് സാക്ഷ്യംവഹിച്ചാൽ മാത്രം മതിയോ തുടങ്ങിയ പ്രബലമായ ചോദ്യങ്ങൾ സഭാപണ്ഡിതന്മാരിൽ തന്നെയുണ്ടായിരുന്നു. പ്രേഷിതപ്രവർത്തനത്തിന്റെ പ്രധാന ഘടകം പ്രേഷിതരെ അന്യനാടുകളിലേക്കയക്കുന്ന പ്രത്യേക കേന്ദ്രങ്ങളാണോ? ക്രൈസ്തവവിശ്വാസം ആദ്യകാലഘട്ടത്തിൽ സ്വീകരിച്ചവരെപ്പോലെ പാരമ്പര്യം അവകാശപ്പെടാൻ ഇല്ലെങ്കിലും വിശ്വാസത്തിൽ ആഴപ്പെട്ട പുതിയ വ്യക്തികൾക്ക് യഥാർത്ഥ പ്രേഷിതരാകുവാൻ സാധിക്കുമോ? ഇങ്ങനെയുള്ള വിഷയങ്ങളും വളരെയധികം ചർച്ച ചെയ്യപ്പെട്ടിരുന്ന കാര്യങ്ങളാണ്. ഇത്തരം പശ്ചാത്തലം ഉണ്ടായിരുന്നതുകൊണ്ടാണ് സൂനഹദോസിന്റെ മൂന്നാം ഘട്ടത്തിൽ (1964) അവതരിപ്പിച്ച മിഷനെപ്പ റ്റിയുള്ള ആദ്യത്തെ കരടുരൂപം (Schema) ശുഷ്കവും അപൂർണവും അതികർക്കശവുമാണെന്ന കാരണത്താൽ തള്ളിപ്പോയത്. വീണ്ടും നിരവധി ചർച്ചകളുടെ വെളിച്ചത്തിൽ സമർപ്പിച്ച് സ്കേമ മിഷൻ രാജ്യ ങ്ങളിൽ നിന്നുള്ള മെത്രാന്മാർക്ക് സ്വീകാര്യമായിരുന്നില്ല എന്ന കാര്യവും ഏറെ ശ്രദ്ധേയമാണ്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടാണ് ഡിക്രി യുടെ അവസാനരൂപം തയ്യാറാക്കിയത്. ഇത് സൂചിപ്പിക്കുന്നതു തന്നെ, പ്രേഷിതപ്രവർത്തനത്തെ സംബന്ധിച്ച് നമുക്ക് ലഭിച്ചിരിക്കുന്ന ഡിക്രിയിൽ മിഷൻ രാജ്യങ്ങളിലെ ജനങ്ങളുടെ സാമൂഹികവും സാംസ്കാരികവുമായ ഘടകങ്ങളെ കാര്യമായി കണക്കിലെടുത്തിട്ടുണ്ട് എന്ന വസ്തുതയാണ്. അഞ്ചിനെതിരെ 2894 വോട്ടുകളോടെ പാസ്സാ ക്കിയെടുത്ത് ഈ ഡിക്രിയുടെ ചുവടുപിടിച്ചാണ് പ്രേഷിതപ്രവർത്ത നത്തെ സംബന്ധിച്ച് പിന്നീടുവന്നിട്ടുള്ള പഠനങ്ങളും പ്രബോധനങ്ങളും ചാക്രികലേഖനവും ഉണ്ടായിട്ടുള്ളത്.

**2. ഡിക്രിയിലേക്കൊരു എത്തി നോട്ടം**

ആമുഖവും സമാപനവും കൂടാതെ ആറ് അധ്യായങ്ങളിലായി എഴുതപ്പെട്ട ഡിക്രി 42 ഖണ്ഡികകളിലായാണ് (articles) വിന്യസിച്ചിരി ക്കുന്നത്.

www.malankaralibrary.com



**2.1. സൈദ്ധാന്തിക തത്വങ്ങൾ**

പ്രേഷിതപ്രവർത്തനത്തിന്റെ സൈദ്ധാന്തിക തത്വങ്ങളാണ് ഒന്നാം അദ്ധ്യായത്തിലെ പ്രതിപാദ്യം. തീർത്ഥാടന സഭ സ്വഭാവത്താൽ തന്നെ പ്രേഷിതയാണ്. അതിന് അടിസ്ഥാനമായി നില്ക്കുന്നതാകട്ടെ ത്രിത്വൈകദൈവത്തിന്റെ പ്രേഷിതദൗത്യവും. ഡിക്രി വ്യക്തമാക്കുകയാണ്: "പിതാവായ ദൈവത്തിന്റെ പദ്ധതി പ്രകാരമുള്ള പുത്രന്റെയും പരിശുദ്ധാരൂപിയുടെയും പ്രേഷിതത്വത്തിൽ നിന്നാണ് അവളുടെ ഉത്ഭവം" (AG. 2). പ്രേഷിതപ്രവർത്തനത്തിന്റെ ആരംഭം കുറിക്കുന്നത് പിതാവായ ദൈവത്തിൽ കുടികൊള്ളുന്ന സ്നേഹമാണ്. ഈ സ്നേഹമാണ് ചിതറിപ്പോയ തന്റെ മക്കളെയെല്ലാം സംയോജിപ്പിച്ച് ഒരു ജനതയാക്കുവാനുള്ള (യോഹ. 11:52) ദൗത്യത്തിൽ നിറഞ്ഞുനില്ക്കുന്നത്. പുത്രനാകട്ടെ പിതാവിനും മനുഷ്യർക്കുമിടയിലെ യഥാർത്ഥ മധ്യസ്ഥനായി നഷ്ടപ്പെട്ടു പോയതിനെ കണ്ടുപിടിക്കുകയും രക്ഷിക്കുകയും ചെയ്യുകയാണ്. പുത്രന്റെ രക്ഷാകരകൃത്യം ആന്തരികമായി ആത്മാക്കളിൽ നിർവഹിക്കുകയും സഭയുടെ സ്വർഗോത്മുകമായ വികസനത്തിന് ആക്കംകൂട്ടുകയും ചെയ്യുകയാണ് പരിശുദ്ധാത്മാവിന്റെ ദൗത്യം. ഇത് നിർവഹിക്കുന്നതാകട്ടെ, സഭ മുഴുവനെയും കൂട്ടായ്മയിലും ശുശ്രൂഷയിലും ഐക്യപ്പെടുത്തിക്കൊണ്ടും വിഭിന്നങ്ങളായ പരിശുദ്ധാധികാരങ്ങളും സിദ്ധിപരമായ ദാനങ്ങളുംകൊണ്ട് സഭയെ സജ്ജീകരിക്കുകയും ചെയ്തുകൊണ്ടാണ്. ത്രിത്വൈകദൈവത്തിന്റെ പ്രേഷിതചൈതന്യം സ്വീകരിച്ചിരിക്കുന്ന സഭ പ്രേഷിതചൈതന്യം നിലനിർത്തുന്നതോ-ക്രിസ്തു സഞ്ചരിച്ച പാതയിലൂടെ സഞ്ചരിച്ചുകൊണ്ടും. അതാകട്ടെ, ദാരിദ്ര്യത്തിന്റെയും അനുസരണത്തിന്റെയും മരണം വരെയുള്ള ആത്മസമർപ്പണത്തിന്റേതുമായ മാർഗത്തിലൂടെയത്രെ.

ഒന്നാമധ്യായത്തിലെ ആറു മുതൽ ഒമ്പതു വരെയുള്ള ഖണ്ഡികകളിൽ പ്രേഷിതവൃത്തിയുടെ സൈദ്ധാന്തികവശത്തിന് കൂടുതൽ ഊന്നൽ നല്കുന്നു. ജീവിതസാഹചര്യങ്ങൾ വ്യത്യസ്തമായിരുന്നാലും സുവിശേഷത്തിന്റെ അവതാരണശൈലിക്ക് മാറ്റമുണ്ടായാലും പത്രോസിന്റെ പിൻഗാമിയുടെ നേതൃത്വത്തിലുള്ള മെത്രാന്മാരുടെ സംഘം സഭ മുഴുവന്റെയും പ്രാർത്ഥനയോടും സഹകരണത്തോടുംകൂടെ ചെയ്യേണ്ട ഒന്നാണ് പ്രേഷിതവൃത്തി എന്ന് ഡിക്രി വ്യക്തമാക്കുന്നു. പ്രേഷിതവൃത്തിയുടെ അടിസ്ഥാനമാകട്ടെ, എല്ലാവരും രക്ഷ പ്രാപിക്ക

www.malankaralibrary.com



ണമെന്നും സത്യം അറിയണമെന്നും ഇച്ഛിക്കുന്ന ദൈവത്തിന്റെ തിരുവിഷ്ടം മാത്രമാണ്, അതോടൊപ്പം പ്രേഷിതപ്രവർത്തനങ്ങൾക്ക് മനുഷ്യപ്രകൃതിയോടും അതിന്റെ പ്രവണതകളോടും അവഗാഢമായ ബന്ധമുണ്ടെന്നും ഡിക്രി ചൂണ്ടിക്കാണിക്കുന്നു. കാരണം, എല്ലാ മനുഷ്യരും രക്ഷീകരിക്കുന്ന സഹോദരസ്നേഹം, ആത്മാർത്ഥത, സമാധാനശീലം എന്നിവയിൽ പൂരിതമായ നവീകൃത മനുഷ്യവർഗത്തിന്റെ ജനയിതാവും മൂലവും മാതൃകയും ക്രിസ്തു തന്നെയാണ്. പ്രേഷിതവൃത്തിയുടെ അടിസ്ഥാനം എല്ലാ മനുഷ്യരുടെയും രക്ഷയായതുകൊണ്ടു തന്നെ ദിവ്യനാഥന്റെ രണ്ടാമത്തെ വരവിനു മുമ്പായി സുവിശേഷം എല്ലാ ജനപദങ്ങളോടും പ്രസംഗിക്കപ്പെടാനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതാണെന്ന് സഭ തിരിച്ചറിയുന്നു.

### 2.2. പ്രേഷിതപ്രവർത്തനം

പ്രേഷിതപ്രവർത്തനത്തിന്റെ പ്രായോഗികമാനങ്ങൾ അവതരിപ്പിക്കുകയാണ് രണ്ടാമധ്യായത്തിൽ. ഇവിടെ മൂന്നു കാര്യങ്ങൾക്കാണ് പ്രധാനമായും ഊന്നൽനല്കുന്നത്: 1. ക്രൈസ്തവന്റെ സാക്ഷ്യം; 2. സുവിശേഷപ്രസംഗവും ദൈവജനത്തിന്റെ ഒന്നിച്ചുകൂടലും; 3. ക്രൈസ്തവസമൂഹത്തിന്റെ രൂപവത്കരണം.

ക്രൈസ്തവന്റെ സാക്ഷ്യം പ്രഥമതഃ അക്രൈസ്തവരുമായുള്ള സമ്പർക്കത്തിലൂടെ വെളിപ്പെടേണ്ടതുണ്ട്. ഡിക്രി പറയുന്നു: 'ക്രിസ്തുവിന് ഫലപ്രദമായി സാക്ഷ്യം നല്കുവാൻ ക്രൈസ്തവർ മറ്റുള്ളവരുമായി പരസ്നേഹത്തിലും ആദരവിലും വർത്തിക്കണം. തങ്ങൾ ജീവിക്കുന്ന സമൂഹത്തിന്റെ യഥാർത്ഥ അംഗങ്ങളായി സ്വയം പരിഗണിക്കുകയും ജീവിതത്തിന്റെ വിവിധ വ്യാപാരങ്ങളും സമ്പർക്കങ്ങളും വഴി ആ സമൂഹത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ ജീവിതത്തിൽ പങ്കുകാരാകുകയും ചെയ്യണം' (AG. 11). ഇതോടൊപ്പം സ്നേഹം വഴിയുന്ന സാന്നിധ്യംകൊണ്ടും ക്രൈസ്തവനു സാക്ഷ്യംവഹിക്കുവാൻ സാധിക്കുന്നു. ചില സന്ദർഭങ്ങളിൽ തങ്ങൾക്ക് ക്രിസ്തുവിനെ പൂർണമായി അവതരിപ്പിക്കുവാൻ കഴിയാത്ത രംഗങ്ങളിൽപ്പോലും തങ്ങളുടെ സ്നേഹനിർഭരമായ പ്രവൃത്തികൾ വഴി മനുഷ്യകുലത്തെ ദൈവത്തിലേക്ക് നയിക്കുവാൻ സാധിക്കും. ഈ സ്നേഹസാന്നിധ്യം സാമൂഹികവും സാമ്പത്തികവുമായ സംവിധാനത്തിൽ വിശ്വാസികൾ മറ്റുള്ളവ

www.malankaralibrary.com



രുമായും ഒന്നിച്ച് പ്രവർത്തിക്കുവാനും വിശപ്പിനും അജ്ഞതയ്ക്കും രോഗത്തിനും എതിരെ യുദ്ധം പ്രഖ്യാപിച്ചുകൊണ്ട് മെച്ചപ്പെട്ട ഒരു ജീവിതവ്യവസ്ഥിതിക്ക് രൂപം കൊടുക്കുവാനും സമാധാനം സുസ്ഥിതമാക്കാനുമുള്ള ഏവരുടെയും യജ്ഞത്തിൽ പങ്കുചേരുവാനും പ്രേരിപ്പിക്കുന്നു.

സുവിശേഷപ്രസംഗവും ദൈവജനത്തിന്റെ ഒന്നിച്ചുകൂടലും വഴി യഥാർത്ഥത്തിൽ സുവിശേഷപ്രചാരണവും മാനസാന്തരവുമാണ് സംഭവിക്കുന്നത്. എന്നാൽ വിശ്വാസം സ്വീകരിക്കാൻ സമ്മർദ്ദം ചെലുത്തുക, അനാശാസ്യതന്ത്രങ്ങൾ കൊണ്ട് ജനങ്ങളെ ആകർഷിക്കുകയും കെണിയിൽ കുടുക്കുകയും ചെയ്യുക എന്നിവയെല്ലാം സഭ കർശനമായി മുടക്കിയിരിക്കുകയാണ്. അതോടൊപ്പം മറ്റുള്ളവർ നിരത്തുന്ന അന്യായമായ പ്രതിബന്ധങ്ങൾ വഴി വിശ്വാസത്തിൽ നിന്നും വഴുതിപ്പോകാതിരിക്കാനുള്ള വ്യക്തിയുടെ അവകാശത്തേയും സഭ മുറുകെപ്പിടിക്കുന്നുണ്ട്.

സുവിശേഷപ്രസംഗത്തിന്റെ തന്നെ മറ്റൊരു മാനമാണ് വേദാധ്യാപനവും ക്രിസ്തീയ പരിശീലനവും. ഇതിലൂടെ ഡിക്രി വ്യക്തമാക്കുന്ന ഒരു കാര്യമുണ്ട്. വേദപഠനം വെറും തത്വങ്ങളും പഠനങ്ങളും അവതരിപ്പിക്കലല്ല, മറിച്ച് പൂർണമായ ക്രിസ്തീയജീവിതത്തിനുള്ള അഭ്യസനവും ഗുരുവായ ക്രിസ്തുവിനോട് ശിഷ്യന്മാരെ ബന്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള പരിശീലനഘട്ടവുമാണ് (AG. 14).

പ്രേഷിതപ്രവർത്തനത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്ന് ക്രൈസ്തവസമൂഹത്തിന്റെ രൂപവത്കരണം ആണെന്നത് ഒരു സത്യമാണ്. ഇതു സാധ്യമാകുന്നത് ക്രൈസ്തവസമൂഹത്തിന്റെ പരിശീലനത്തിലൂടെയും ഏതദ്ദേശീയ പൗരോഹിത്യ സ്ഥാപനത്തിലൂടെയുമാണ്. ഇവിടെ വളരെ പ്രത്യേകമായി ഡിക്രി ചൂണ്ടിക്കാണിക്കുന്നത് വൈദികപരിശീലനം ഓരോ സ്ഥലത്തെയും അജപാലനാവശ്യങ്ങൾക്ക് ഉതകുന്ന വിധം ആകണമെന്നാണ്. വൈദികപരിശീലനം നേടുന്നവർ സഭയിലെ പ്രേഷിതപ്രവർത്തനത്തിന്റെ ചരിത്രം, ഉദ്ദേശ്യം, രീതി എന്നിവയും സ്വജനത്തിന്റെ പ്രത്യേകമായ സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ അവസ്ഥാ വിശേഷങ്ങളും പഠിക്കേണ്ടത് എക്യുമെനിക്കൽ ചൈതന്യത്തിൽ വളർത്തപ്പെടേണ്ടതുമാണ്. അതോടൊപ്പം

www.malankaralibrary.com



അക്രൈസ്തവരുമായി സഹോദരബുദ്ധ്യാ സംഭാഷണത്തിൽ ഏർപ്പെടുവാൻ അവരെ യഥോചിതം ഒരുക്കേണ്ടതുമാണ്.

ക്രൈസ്തവസമൂഹത്തിന്റെ രൂപീകരണത്തിന് പലപ്രദേശങ്ങളിലും വൈദികരുടെ കുറവ് അനുഭവപ്പെടുന്ന പശ്ചാത്തലത്തിൽ, ഡീക്കന്മാരുടെ വ്യത്യസ്ത ശുശ്രൂഷാ സാധ്യതകളെ വളരെ പ്രോത്സാഹജനകമായി കാണുന്ന ഡിക്രി ക്രൈസ്തവസമൂഹരൂപീകരണത്തിൽ വേദാധ്യാപകരുടെയും സന്യാസസഭകളുടെയും പ്രശംസനീയമാം വിധത്തിലുള്ള സേവനത്തെ വിലമതിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നുണ്ട്.

### 2.3. പ്രാദേശിക സഭകൾ

പ്രാദേശിക സഭകളെക്കുറിച്ചാണ് മൂന്നാമധ്യായത്തിൽ പ്രതിപാദിക്കുന്നത്. നാലു കാര്യങ്ങൾക്കാണ് ഇവിടെ പ്രധാനമായും ഊന്നൽനല്കുന്നത്. 1. പ്രാദേശികസഭകളുടെ വളർച്ച; 2. പ്രാദേശിക സഭകളിലെ പ്രേഷിതപ്രവർത്തനം; 3. അല്മായരുടെ പ്രേഷിതവൃത്തിക്കു നല്കേണ്ട പ്രോത്സാഹനം; 4. പ്രാദേശിക അനുരൂപണങ്ങൾ.

'പ്രേഷിതപ്രവർത്തനം' ഡിക്രിയുടെ രൂപീകരണത്തിലുണ്ടായിരുന്ന നിരവധി ചർച്ചകളുടെ ഫലം പ്രതിധ്വനിക്കുന്ന ഒരധ്യായമായാണ് പ്രാദേശികസഭകൾ എന്ന അധ്യായത്തെ പണ്ഡിതന്മാർ കാണുന്നത്. ഇതിൽ സവിശേഷമായ ശ്രദ്ധ ആകർഷിക്കുന്നത് അല്മായരുടെ പ്രേഷിതപ്രവർത്തനങ്ങൾക്ക് നല്കേണ്ട പ്രോത്സാഹനത്തെ സംബന്ധിച്ച പ്രതിപാദനമാണ്. അല്മായരുടെ കർമോത്സുകമായ സാന്നിധ്യം കൂടാതെ ജനങ്ങളുടെ മനസ്സിലും ജീവിതത്തിലും പ്രവൃത്തിയിലും സുവിശേഷം ആഴമായി പതിയുകില്ലെന്ന് ഡിക്രി വ്യക്തമാക്കുന്നു. അല്മായരോട് വൈദികർക്കുണ്ടായിരിക്കേണ്ട മനോഭാവത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ വൈദികർ കർമനിരതരായ അല്മായ പ്രേഷിതരെ ഏറ്റവും കാര്യമായി മാനിക്കേണ്ടതാണ്. മാത്രമല്ല, ജനതകളുടെ പ്രകാശമെന്ന പ്രമാണരേഖയുടെയും അല്മായ പ്രേഷിതത്വമെന്ന പ്രമാണരേഖയുടെയും താത്പര്യമനുസരിച്ച് വൈദികർ അല്മായരുടെ വിഷമതകളിൽ പങ്കുചേരേണ്ടതാണെന്നും ഡിക്രി ഓർമിപ്പിക്കുന്നു. സഭയുടെ സാർവത്രികമാനത്തെ വ്യക്തമാക്കുന്നതോടൊപ്പം ഓരോ പ്രദേശത്തിന്റെയും

www.malankaralibrary.com



സാംസ്കാരിക സമ്പന്നതയെ ഉയർത്തിക്കാട്ടുകയും സാംസ്കാരികാനുരൂപണത്തിന് പുതിയ പന്ഥാവ് തുറക്കുകയും ചെയ്യുന്നുണ്ട് ഈ അധ്യായത്തിൽ.

### 2.4. പ്രേഷിതർ

ഡിക്രിയുടെ നാലാമധ്യായത്തിൽ പ്രേഷിതർക്കുണ്ടായിരിക്കേണ്ട സ്വഭാവഗുണങ്ങളെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. ഇവിടെ പ്രേഷിതവിളിയുടെ സവിശേഷത, പ്രേഷിതന്റെ ആധ്യാത്മികത്വം, അതിനു വേണ്ടുന്ന ബൗദ്ധികവും ധാർമികവുമായ പഠനവും ശിക്ഷണവും വിശുദ്ധ ഗ്രന്ഥത്തിന്റെയും സഭാചരിത്രത്തിൽ നിന്നും ലഭിച്ചിട്ടുള്ള അനുഭവത്തിന്റെയും പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്നു. ഈ അധ്യായത്തിൽ മറ്റു മതങ്ങളോടും സംസ്കാരങ്ങളോടും വച്ചുപുലർത്തേണ്ട സമീപനങ്ങളെക്കുറിച്ചും വളരെ വ്യക്തമായിത്തന്നെ പ്രതിപാദിക്കുന്നുണ്ട്. വിവിധ ജനപദങ്ങളിലേക്ക് അയയ്ക്കപ്പെടുന്നവർ തങ്ങൾ എവിടെയാണോ പ്രവർത്തിക്കുന്നത് അവിടെയുള്ള ജനതയുടെ മതം, സംസ്കാരം എന്നിവയുടെ പഴയ ചരിത്രം മാത്രമല്ല, ഇക്കാലസ്ഥിതിയെക്കിറിച്ചും വ്യക്തമായ അറിവുള്ളവരായിരിക്കണം. പ്രേഷിതപ്രവൃത്തി പലപ്പോഴും വ്യക്തിപരമായി നിർവഹിക്കുന്നതിനുള്ള ക്ലേശങ്ങൾ മനസ്സിലാക്കിക്കൊണ്ടു തന്നെ സഭാപിതാക്കന്മാർ പ്രേഷിതവൃത്തിയിലേർപ്പെട്ടിരിക്കുന്ന ധർമസ്ഥാപനങ്ങളുടെ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങളെ പ്രകീർത്തിക്കുന്നു. ആത്യന്തികമായി ഓരോ പ്രേഷിതനും സ്വയം ശൂന്യനാക്കിയ യേശുവിന്റെ ജീവിതത്തിലേക്കും ദൗത്യത്തിലേക്കും പ്രവേശിക്കേണ്ടിയിരിക്കുന്നു.

### 2.5. പ്രേഷിതപ്രവർത്തനങ്ങളുടെ സംവിധാനം

പ്രേഷിതപ്രവർത്തനങ്ങളെ പൊതുക്രമീകരണം, പ്രാദേശിക ക്രമീകരണങ്ങൾ, പ്രാദേശിക സഹകരണം, സ്ഥാപനങ്ങളുടെ പ്രവർത്തനക്രമീകരണം, പ്രേഷിതസ്ഥാപനങ്ങളുടെ സംഘാതപ്രവർത്തനം, ശാസ്ത്രീയ സ്ഥാപനങ്ങളുടെ പരസ്പരസഹായം എന്നിവയാണ് അഞ്ചാമധ്യായത്തിലെ പ്രതിപാദ്യം.

ലോകം മുഴുവനിലും സുവിശേഷം അറിയിക്കുന്നതിനുള്ള ഉത്ത

www.malankaralibrary.com



രവാദിത്വം പ്രഥമമായും മെത്രാന്മാരുടെ സംഘത്തിനായതുകൊണ്ട് പ്രേഷിതപ്രവർത്തനങ്ങളുടെ സംവിധാനത്തിൽ മെത്രാന്മാർക്ക് വലിയൊരു പങ്കുണ്ട്. പ്രേഷിതപ്രവർത്തനരംഗത്ത് സന്യാസസമൂഹങ്ങളുടെ പ്രവർത്തനങ്ങൾ എല്ലാം തന്നെ രൂപതാധ്യക്ഷനിൽ വിധേയമായിരിക്കണം. പ്രേഷിതപ്രവർത്തനത്തിന് ആളുകളെ ഒരുക്കുമ്പോൾ പ്രേഷിതവേല ശരിയായും ക്രമീകൃതമായും നിർവഹിക്കുവാൻ സുവിശേഷവേല ചെയ്യുന്നവർ ശ്രദ്ധിക്കണം. അവരുടെ ജോലിയിൽ പ്രത്യേകിച്ചും അക്രൈസ്തവമതങ്ങളോടും സംസ്കാരങ്ങളോടും സമ്പർക്കം പുലർത്തുന്നതിൽ ശാസ്ത്രീയമായി പരിശീലിപ്പിക്കപ്പെടുകയും അവരുടെ നിർവഹണത്തിൽ കാര്യക്ഷമമായി സഹായിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ഡിക്രി പ്രതിപാദിക്കുന്നു.

### 2.6. പ്രേഷിതസഹകരണം

സഭ ഒന്നാകെയാണ് പ്രേഷിതദൗത്യം നിർവഹിക്കുന്നത്. സുവിശേഷവേല ദൈവജനത്തിന്റെ മൗലികമായ കടമയാണ്. ഇക്കാരണത്താൽ ഓരോ വ്യക്തിയും സുവിശേഷപ്രഘോഷണത്തിനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കണം. ലോകത്തോടുള്ള സുവിശേഷപ്രഘോഷണ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതോടൊപ്പം തങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട കടമ ഉത്തമമായ ക്രൈസ്തവജീവിതം നയിക്കുയാണെന്ന് ഡിക്രി ഓർമിപ്പിക്കുന്നു. സുവിശേഷപ്രഘോഷണ ദൗത്യത്തിന്റെ സുപ്രധാന പങ്കു വഹിക്കുന്ന മെത്രാന്മാർ, തങ്ങളുടെ രൂപതകളെക്കുറിച്ച് ശ്രദ്ധാലുക്കളായിരിക്കുന്നതോടൊപ്പം തങ്ങൾ ലോകം മുഴുവന്റെയും രക്ഷയ്ക്കുവേണ്ടിയാണ് അഭിഷിക്തരായിരിക്കുന്നതെന്ന് ഓർമിക്കേണ്ടതുമുണ്ട്. അതുകൊണ്ടു തന്നെ സഭകൾ തമ്മിലുള്ള കൂട്ടായ്മയിലൂടെയും പരസ്പരസഹകരണത്തിന്റെയും കണ്ണികളായാണ് മെത്രാന്മാർ പ്രവർത്തിക്കേണ്ടത്. മാത്രമല്ല, തങ്ങളെ ഏല്പിച്ചിരിക്കുന്ന ഏവരിലും പ്രേഷിതചൈതന്യം ആളിക്കത്തിക്കുവാൻ മെത്രാന്മാർ ചുമതലപ്പെട്ടിരിക്കുന്നു.

മെത്രാൻ പദവിയിലെ ത്രിവിധ ദിവ്യധർമങ്ങളിൽ സഹകാരികളായ വൈദികരും ലോകത്തെ സുവിശേഷം അറിയിക്കുന്നതിൽ പ്രധാന പങ്ക് എന്നും വഹിച്ചിട്ടുള്ള സന്യാസസഭകളും വിമർശനബുദ്ധിയോടെ

www.malankaralibrary.com



തങ്ങളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുവാനുമുള്ള ആഹ്വാനവും ഈ അധ്യായത്തിൽ കാണാം. മറ്റധ്യായങ്ങളിൽ എന്ന പോലെ അല്മായപ്രേഷിതരെക്കുറിച്ചും ആഴമായ ഉൾക്കാഴ്ചകൾ ഇവിടെയും നല്കുന്നുണ്ട്. ഇടവകകളിലും രൂപതയിലെ പ്രവർത്തനങ്ങളിലും പങ്കുചേരുന്ന അല്മായർ വികസനദിശയിൽ കൂടി നീങ്ങുന്ന ജനങ്ങൾക്ക് സാമൂഹിക സാമ്പത്തിക സഹകരണം ഉദാരമായി നല്കുവാൻ ഡിക്രി ആഹ്വാനം ചെയ്യുന്നു.

സർവകലാശാലകളിലും ഇതര സയൻസ് ഇൻസ്റ്റിറ്റ്യൂട്ടുകളിലും തങ്ങളുടെ ചരിത്രപരവും ശാസ്ത്രീയവും മതപരവുമായ ഗവേഷണങ്ങൾ വഴി സുവിശേഷ പ്രബോധകരെ സഹായിച്ചുകൊണ്ടും, അക്രൈസ്തവരുമായുള്ള ആശയവിനിമയത്തിന് കളമൊരുക്കിക്കൊണ്ട് ജനങ്ങളെയും മതങ്ങളെയുംപ്പറ്റിയുള്ള അറിവ് വികസിപ്പിക്കുന്ന അല്മായർ പ്രത്യേകിച്ചും പ്രശംസാർഹർ തന്നെ. ഭൗതികനഗരത്തിന്റെ നിർമാണത്തിൽ അതിന്റെ അടിസ്ഥാനം കർത്താവിൽ സ്ഥാപിതമാകണമെന്നും അതവരെ ലക്ഷ്യീകരിച്ചിരിക്കണമെന്നുമുള്ള വസ്തുത കൺമുമ്പിൽ വച്ചുകൊണ്ട് അവർ സഹോദരമനോഭാവത്തോടെ മറ്റുക്രൈസ്തവരും അക്രൈസ്തവരും അന്തർദേശീയ സംഘടനകളിലെ സംഘങ്ങളുമായി സഹകരിക്കണമെന്നും ഡിക്രി പറയുക വഴി പ്രേഷിതപ്രവർത്തനത്തിന്റെ വ്യാപ്തിയാണ് യഥാർത്ഥത്തിൽ ചൂണ്ടിക്കാണിക്കുന്നത് (AG.41).

### 3. പ്രേഷിതപ്രവർത്തനവും മറ്റു പ്രമാണരേഖകളും

ആമുഖത്തിൽ സൂചിപ്പിച്ചതുപോലെ പ്രേഷിതപ്രവർത്തനത്തെ സംബന്ധിച്ച ഡിക്രി സൂനഹദോസിൽ അവതരിപ്പിക്കുന്നത് സമാപനത്തിന്റെ തലേദിവസമാണ്. എന്നാലും സൂനഹദോസിന്റെ എല്ലാ പ്രമാണരേഖകളുമായും ഒരു ആന്തരിക ബന്ധം 'പ്രേഷിതപ്രവർത്തന'ത്തിൽ കാണാൻ സാധിക്കും ഏറെ പ്രത്യേകിച്ചും 'ജനതകളുടെ പ്രകാശനം', 'സഭ ആധുനികലോകത്തിൽ', 'അക്രൈസ്തവമതങ്ങളോടുള്ള ബന്ധം അല്മായ പ്രേഷിതത്വം' എന്നിവയുമായി. സഭ ആധുനികലോകത്തിൽ എന്ന പ്രമാണരേഖയുടെ ആദ്യവാക്യം തന്നെ പ്രേഷിതപ്രവർത്തനത്തിന്റെ വേറൊരു പതിപ്പായി സൂക്ഷ്മദൃക്കുകൾക്ക് കാണുവാൻ സാധിക്കും.

www.malankaralibrary.com



### 4. പില്ക്കാല പ്രബോധനങ്ങൾ

പ്രേഷിതപ്രവർത്തനത്തിന്റെ ചുവടുപിടിച്ചുകൊണ്ടാണ് 1975-ൽ പോൾ 6-ാമൻ പുറപ്പെടുവിച്ച സുവിശേഷപ്രഘോഷണവും ജോൺ പോൾ രണ്ടാമന്റെ പ്രേഷിതപ്രവർത്തനത്തെ സംബന്ധിച്ച സുപ്രസിദ്ധമായ 'രക്ഷകന്റെ മിഷൻ' എന്ന ചാക്രികലേഖനവും 1999-ൽ പ്രസിദ്ധീകരിച്ച 'ഏഷ്യയിലെ സഭ' എന്ന അപ്പസ്തോലിക പ്രബോധനങ്ങൾ രചിക്കപ്പെട്ടത്. ഇവ സൂചിപ്പിക്കുന്നതു തന്നെ പ്രേഷിതപ്രവർത്തനമെന്ന ഡിക്രിയുടെ ആനുകാലിക പ്രസക്തിയാണ് കാണിക്കുന്നത്. സഭയുടെ ആത്മാവാണ് പ്രേഷിതപ്രവർത്തനം. അതുകൊണ്ടു തന്നെ സഭയെ സംബന്ധിച്ച പ്രബോധനങ്ങളിൽ ഈ ഡിക്രിയുടെ സുവ്യക്തമായ പ്രതിഫലനം എപ്പോഴും ഉണ്ടായിരിക്കും.

### സഹായകഗ്രന്ഥങ്ങൾ


1. Joseph Puthenpurackal, 'Ad Gentes-The Decree on the Church's Missionary Activity' in Kristu Jyothi (March 2000) 39-61.
2. Paolo Giglioni, "The Church's Missionary Activity" in *Mission For the Third Millenium*, Rome 1993, 169-212.
3. Paul Pulikkan, *Indian church at Vatican II*, Thrissur, 2001.
4. Sebastian Karotemprel (ed.), *Following Christ in Mission*, Bombay 1995.
5. Shaji Jerman, Mission: Missiological and Canonical Perspecties, Alwaye, 2005.

www.malankaralibrary.com

# സ്ത്രീകളുടെ പ്രശ്നങ്ങളും വത്തിക്കാൻ കൗൺസിലും

ഡോ. പുഷ്പ ജോസഫ് എഫ്. എം. എം.

"സ്ത്രീകളുടെ ദൈവവിളിയെ പൂർണമായി അംഗീകരിക്കുമ്പോൾ, ലോകത്തിൽ അവർ സ്വാധീനം നേടുമ്പോൾ, അവർക്കുള്ള പ്രാഭവവും, ശക്തിയും നേടിയെടുക്കുമ്പോൾ ആ മണിക്കൂർ വരുന്നു. അല്ല, സത്യത്തിൽ വന്നുകഴിഞ്ഞു. അതുകൊണ്ട്, മനുഷ്യവർഗം ആഴമായ രൂപാന്തരീകരണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ മനുഷ്യവംശം നിലംപതിക്കാതിരിക്കുവാൻ സുവിശേഷചൈതന്യം ഉൾക്കൊണ്ട സ്ത്രീകൾക്ക് ധാരാളം ചെയ്യുവാൻ കഴിയും".[1]

**ആമുഖം**

20-ാം നൂറ്റാണ്ടിന്റെ മധ്യകാലഘട്ടം മുതൽ തന്നെ സാർവത്രിക സഭയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ കത്തോലിക്കാദൈവശാസ്ത്ര സംവാദങ്ങളിൽ പ്രമുഖവിഷയമായി മാറിക്കഴിഞ്ഞിരുന്നു. പ്രത്യേകിച്ച്, കഴിഞ്ഞ ഏതാനും ദശകങ്ങളായി ഇതിന്റെ പ്രാധാന്യവും സംവേഗശക്തിയും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. സഭാഭരണസംവിധാനം മൗലിക സ്വഭാവത്തോട് കൂടിയ ഫെമിനിസ്റ്റ് ദൈവശാസ്ത്രത്തെയും, അവരുടെ ബൈബിൾ വ്യാഖ്യാനത്തെയും സംശയത്തോടെയാണ് വീക്ഷിക്കുന്നത്. സ്ത്രീവിമോചനവാദികളും സഭാനേതൃത്വവും തമ്മി

www.malankaralibrary.com



ലുള്ള അഭിപ്രായഭിന്നതയെക്കുറിച്ച് പഠിക്കുമ്പോൾ രണ്ട് പ്രശ്നങ്ങളാണ് വിശകലനം ചെയ്യാനുള്ളത്. ഒന്ന്, ഫെമിനിസ്റ്റ് ദൈവശാസ്ത്രത്തിന്റെ നരവംശശാസ്ത്രം. രണ്ടാമത്, വത്തിക്കാൻ രേഖകളിലെ സ്ത്രീസംവാദത്തിന്റെ സ്വഭാവം. അവ ചർച്ച ചെയ്യുന്നതിന് ആമുഖമായി വത്തിക്കാൻ കൗൺസിലിനു മുമ്പ് സഭയിലുണ്ടായിരുന്ന സ്ത്രീ വിമോചന സംവാദങ്ങളിലെ സ്വഭാവത്തെക്കുറിച്ച് മനസ്സിലാക്കാം.

**1. സ്ത്രീത്വദർശനം: കൗൺസിലിന് മുമ്പ്**

'സ്ത്രീകൾ മനുഷ്യജീവികളോ, അല്ലയോ?' എന്ന തലക്കെട്ടോടുകൂടിയ ഓൺലൈൻ ലേഖനത്തിൽ[2] വത്തിക്കാൻ കൗൺസിലിനെ മുമ്പുണ്ടായിരുന്ന, സ്ത്രീകൾക്കെതിരായ ധാരാളം ദൈവശാസ്ത്രമുൻവിധികളെക്കുറിച്ച് ലേഖകൻ എടുത്തു പറയുന്നുണ്ട്. അതിലൊന്ന് 'ദൈവത്തിന്റെ ഛായ' (imago dei) എന്ന സങ്കല്പവുമായി ബന്ധപ്പെട്ടതാണ്. ദൈവത്തിന്റെ ഛായ എന്നത് ദൈവവും മനുഷ്യവർഗവും തമ്മിലുള്ള പ്രതീകാത്മകബന്ധത്തെയാണ് സൂചിപ്പിക്കുന്നത്. ഉത്പത്തി പുസ്തകത്തിലെ 'ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു...' എന്ന വാക്യത്തിലാണ് ഇതിന്റെ അടിസ്ഥാനം (ഉത്പ. 1:27). മനുഷ്യരിലുള്ള ബൗദ്ധികവും ആധ്യാത്മികവും ധാർമികവുമായ അതുല്യഗുണങ്ങൾ സാക്ഷാത്കരിക്കുവാനുള്ള പരിശ്രമത്തിൽ മനുഷ്യൻ ദൈവത്തിന്റെ ഛായ പ്രതിഫലിപ്പിക്കുന്നു. ഈ കഴിവാണ് അവനെ മറ്റു സൃഷ്ടവർഗങ്ങളിൽ നിന്ന് വേർതിരിക്കുന്നത്.

ദൈവത്തിന്റെ സ്വയം സാക്ഷാത്കാരത്തിന്റെ വേദിയാണെന്നതിന് പുറമെ, ദൈവത്തിന്റെ ഛായ എന്നതുകൊണ്ട് ദൈവത്തിന്റെ പദ്ധതികളും ലക്ഷ്യങ്ങളും അറിയുകയും പൂർത്തിയാക്കുകയും ചെയ്യേണ്ട സൃഷ്ടികളാണ് മനുഷ്യർ എന്ന അവബോധം ഉണ്ടാവുക എന്നുകൂടി അർത്ഥമുണ്ട്. ഇതുവഴി മനുഷ്യവർഗം ദൈവത്തിന്റെ സഹസ്രഷ്ടാക്കളാവുകയും ചെയ്യുന്നു.[3]

രണ്ടാം വത്തിക്കാൻ കൗൺസിലിനുമുമ്പുള്ള ദൈവശാസ്ത്രത്തിൽ സ്ത്രീകളുടെ രക്ഷാകരതുല്യതയും ദൈവഛായയും സഫലീകരിച്ചിരുന്നത് പുരുഷതുല്യനാകുന്നതുവഴിയോ, അല്ലെങ്കിൽ ക്രിസ്തുവിൽ സമ്പൂർണ പുരുഷത്വം സ്വീകരിക്കുന്നതുവഴിയോ മാത്രമായിരു

www.malankaralibrary.com



ന്നു. പുരുഷന്മാരുടെ അനന്യസാധാരണമായ ദൈവസാദൃശ്യത്തെപ്പറ്റി വത്തിക്കാൻ കൗൺസിലിനുമുമ്പുള്ള നിർവചനം പുതിയ ആദം-ഹവ്വ പ്രതിരൂപാത്മകതയിൽ പ്രബലമാണെന്ന് കേരി എലിസബത്ത് ബോറിസ്സൺ ചൂണ്ടിക്കാണിക്കുന്നു. അവരുടെ വാക്കുകളിൽ, "പുരുഷകേന്ദ്രീകൃതലിംഗ അസന്തുലിതാവസ്ഥ ആദ്യമനുഷ്യ ദമ്പതിമാരിൽ നിന്നും രക്ഷയുടെ ക്രമത്തിലേക്ക് കൊണ്ടുവന്നിരിക്കുകയാണ്. ദൈവസദൃശ്യനായ ആദം, പുതിയ ആദവും പൂർണപുരുഷത്വത്തിൽ പിറന്ന ദൈവികരക്ഷകനുമായ ക്രിസ്തുവിനെ പ്രതിനിധീകരിക്കുന്നു. ദൈവസാദൃശ്യത്തിലല്ലാത്ത ഹവ്വ, സഭയെയും മറിയത്തെയും പ്രതിനിധീകരിക്കുന്നു. ഈ ദൈവശാസ്ത്ര ലിംഗഭേദമാതൃകകൾ ഓർത്തഡോക്സ്-കത്തോലിക്കാ ക്രിസ്തുവിജ്ഞാനീയത്തിന്റെയും, സഭാവിജ്ഞാനീയത്തിന്റെയും, മരിയവിജ്ഞാനീയത്തിന്റെയും അടിസ്ഥാനമായി നിലകൊള്ളുന്നു".[4]

അങ്ങനെ സ്ത്രീത്വത്തെ, തരംതാണതും, ദുർബലവുമായാണ് കൗൺസിലിനു മുമ്പുള്ള ദൈവശാസ്ത്രം വിവരിക്കുന്നത്. 20-ാംനൂറ്റാണ്ടിന്റെ മധ്യഘട്ടംവരെ പുരുഷമേധാവിത്വവും സ്ത്രീകളുടെ അധീനസ്ഥിതിയും കത്തോലിക്കാസഭയിൽ നിലനിന്നിരുന്നു. എന്നാൽ, സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ മേഖലയിലുണ്ടായ വിപ്ലവകരമായ മാറ്റങ്ങൾ ഈ സ്ത്രീ അധീനത്വത്തെ ന്യായീകരിക്കാനാവാത്തതാക്കി മാറ്റി. പുരുഷനും സ്ത്രീക്കും അനന്യമായ അവകാശങ്ങൾ പ്രധാനം ചെയ്ത 1948-ലെ സാർവത്രിക മനുഷ്യാവകാശ പ്രഖ്യാപനം ഒരു പുതിയ ലോകക്രമത്തിലേക്കുള്ള മുന്നേറ്റമായിരുന്നു. 1960-ൽ ഒരു പുത്തൻ ഉണർവോടെ ആരംഭിച്ച സ്ത്രീ മുന്നേറ്റത്തിന് ഒരു പുതിയ സ്വയാവബോധം പ്രകടിപ്പിക്കുവാൻ സാധിച്ചു. 1975-ൽ ഐക്യരാഷ്ട്രസംഘടന പ്രഖ്യാപിച്ച "സ്ത്രീകളുടെ വർഷം" ലോകവ്യാപകമായി സ്ത്രീകളുടെ കീഴായ്മയ്ക്ക് അറുതി വരുത്താൻ ശ്രമം നടത്തുന്നതിന് പ്രേരകമായി.

സഭയിൽ, സ്ത്രീകളോടുള്ള കത്തോലിക്കാ ദൈവശാസ്ത്രത്തിന്റെ സമീപനങ്ങളിൽ സുപ്രധാനവും അടിസ്ഥാനപരവുമായ മാറ്റങ്ങൾ വരുത്തുന്നതിന് രണ്ടാം വത്തിക്കാൻ കൗൺസിലിന് സാധിച്ചു. സഭയെന്നത്, ജ്ഞാനസ്നാനം സ്വീകരിച്ചവരെല്ലാം തുല്യരായിരിക്കുന്ന ദൈവജനമാണെന്ന നിർവചനം പ്രതീക്ഷാനിർഭരായ കാഴ്ചപ്പാടുകളാണ് നല്കിയത്. 1963-ൽ ജോൺ 23-ാം മാർപാപ്പ പുറത്തിറക്കിയ "ഭൂമി

www.malankaralibrary.com



യിൽ സമാധാനം'' എന്ന ചാക്രികലേഖനം ഈ പ്രതീക്ഷയെ ബലപ്പെടുത്തി. ഈ ചാക്രികലേഖനത്തിൽ സ്ത്രീകളുടെ വിമോചന മുന്നേറ്റത്തെ കാലത്തിന്റെ അടയാളങ്ങളായാണ് അദ്ദേഹം വീക്ഷിക്കുന്നത്. ആദ്യമായിട്ടാണ് സഭയുടെ ഭാഗത്തുനിന്നും അനുകൂലമായ ഒരു സമീപനം ഉണ്ടായത്.[5]

## 2. കൗൺസിലും സ്ത്രീകളും

സ്ത്രീകളെക്കുറിച്ചുള്ള കൗൺസിൽ വിചിന്തനങ്ങളെ വിശകലനം ചെയ്യാൻ നാം ഉപയോഗിക്കുന്നത് ഏഴു രീതികളാണ്:

- വിവേചനത്തിനെതിരെയുള്ള സഭയുടെ സമീപനം.
- സ്ത്രീകളും പ്രതീകങ്ങളും.
- സ്ത്രീകളും പുതിയ സൃഷ്ടികളും (പുതിയ ക്രമം).
- സ്ത്രീകളും സഭയിലെ പുതിയ ബന്ധങ്ങളും.
- സ്ത്രീകളും വിവാഹവും.
- സ്ത്രീകളും സന്യസ്തജീവിതവും.
- സ്ത്രീകളും കൗൺസിലിന്റെ സമാപനസന്ദേശവും.

വിവേചനത്തിനെതിരായി പ്രമാണരേഖകളിലുള്ളതിൽ ഭൂരിഭാഗവും പ്രത്യക്ഷമായും ലിംഗാടിസ്ഥാനത്തിലുള്ള വിവേചനത്തെ പരാമർശിക്കുന്നവയാണെന്നുള്ള കാര്യം രസകരമാണ്. സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരേ വിധത്തിലുള്ള സ്വഭാവവും ഉത്പത്തിയുമാണ് ഉള്ളത്. എല്ലാവരും ക്രിസ്തുവിൽ ഒരേ രക്ഷ സ്വീകരിച്ചവരാണ്. എല്ലാവർക്കും ഒരേ ദിവ്യാഹ്വാനവും ജീവിതലക്ഷ്യവുമാണുള്ളത്. അതിനാൽ എല്ലാ മനുഷ്യർക്കുമുള്ള മൗലികസമത്വം അംഗീകരിക്കപ്പെടണമെന്നുള്ള കാര്യം അംഗീകരിച്ചുകൊണ്ട് ലിംഗഭേദപരമായ വിവേചനത്തെ 'സഭ ആധുനിക ലോകത്തിൽ' എന്ന ചാക്രികലേഖനം വെല്ലുവിളിക്കുന്നു (GS. 29). ഈ പ്രസ്താവന മറ്റു പലതും പോലെ മനുഷ്യവംശത്തിലെ ആൺ-പെൺ ആവിഷ്കരണത്തിന്റെ സമാനതകളെക്കുറിച്ചുള്ള അവബോധം സൂചിപ്പിക്കുന്നതാണ്. തങ്ങളുടെ പൂർണതീരുമാനത്തിനാവശ്യമായ അടിസ്ഥാനവകാശങ്ങളെക്കുറിച്ചുള്ള അനുമാനത്തോടെ വൈവിധ്യങ്ങളായ ബൗദ്ധിക, ധാർമിക വിഭവങ്ങളിൽ നിന്നുത്ഭവിക്കുന്നതും, ദൈവികനിയമങ്ങളിൽ വേരുറപ്പിച്ചിരിക്കുന്നതുമായ വൈവിധ്യ

www.malankaralibrary.com



ങ്ങളെ അത് തിരിച്ചറിയുന്നു.[6]

വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖകളിലെ സ്ത്രീപ്രതീകങ്ങളെക്കുറിച്ചുള്ള വിചിന്തനം പ്രതിഫലിക്കുന്നത്, കൗൺസിലിന്റെ പ്രതീകാത്മക ഭാഷയുടെ ഉപയോഗത്തിൽ അന്തർലീനമായ സ്ത്രീകളോടുള്ള സമീപനങ്ങളിലാണ് (LG 7, 8, 9). ഹവ്വ/മറിയം പോലുള്ള പ്രതീകങ്ങൾ ഉപയോഗിച്ചിരിക്കുന്നത് മരണം/ജീവിതം, അമ്മ/മണവാട്ടി തുടങ്ങിയ പ്രതീകങ്ങളിലെ പരമ്പരാഗത പ്രാധാന്യത്തോടെ സഭയെ സൂചിപ്പിക്കുവാനാണ്.

കൗൺസിൽ പ്രമാണരേഖകളിലെ സ്ത്രീദർശനം പ്രകടമാകുന്ന മറ്റൊരു സന്ദർഭം മനുഷ്യൻ ക്രിസ്തുവിൽ ഒരു പുതിയ സൃഷ്ടിയാണെന്ന അവതരണത്തിലാണ്. സ്ത്രീ-പുരുഷ പരസ്പരാശ്രയത്വം കൂടുതൽ വ്യക്തമായി പ്രതിപാദിച്ചിരിക്കുന്ന ഒന്നാണ് ക്രിസ്തുവിൽ പുതിയ സൃഷ്ടി എന്ന സങ്കല്പം. ഫ്രാൻസിസ് മോറിസ്സെയുടെ അഭിപ്രായത്തിൽ ജീവിതത്തിന്റെയും ജീവിതദൗത്യത്തിന്റെയും എല്ലാ മേഖലകളിലും സ്ത്രീ-പുരുഷ ബന്ധത്തെക്കുറിച്ച് സമതുലിതമായ ഒരു അവബോധം സൃഷ്ടിക്കുന്നതിന് യോജിച്ച പദപ്രയോഗമാണ് ക്രിസ്തുവിൽ പുതിയ സൃഷ്ടി എന്ന ആശയം. സ്ത്രീയും പുരുഷനും ക്രിസ്തുവിൽ ഒരു പുതിയ സൃഷ്ടിയാണ് എന്നു പറയുമ്പോൾ അവർ തമ്മിലുള്ള പാരസ്പര്യം ക്രിസ്തുകേന്ദ്രീകൃതമായ യാഥാർത്ഥ്യമായിത്തീരുകയാണ്. അതുവഴി, ക്രിസ്തുവിന്റെ തന്നെ സ്വയാവിഷ്കാരത്തിന്റെ പ്രകാശനമായിത്തീരുന്നു സ്ത്രീ-പുരുഷ ബന്ധം. പുതിയ സൃഷ്ടിയിലെ അന്യോന്യവും, തുല്യ അവകാശപൂർവകവുമായ ബന്ധങ്ങൾ സഭയിലെ സ്ത്രീയുടെ സ്ഥാനം മനസ്സിലാക്കുന്നതിന് പ്രാപ്തമാണ്.[7]

സഭ തന്റെ ദൗത്യനിർവഹണത്തിന്റെ ഭാഗമായി സ്ഥാപിക്കുന്ന പുതിയ ബന്ധങ്ങളെപ്പറ്റി പ്രതിപാദിക്കുമ്പോൾ, കുറഞ്ഞത് അഞ്ച് സാഹചര്യങ്ങളിലെങ്കിലും പുരുഷനോടൊപ്പം സ്ത്രീയുടെ സഹകരണത്തെക്കുറിച്ച് കൗൺസിൽ പരാമർശിച്ചിട്ടുണ്ട് എന്ന് മോറിസ്സെ രേഖപ്പെടുത്തുന്നു; പ്രാദേശികസഭകളിലൂടെ (AG. 21), സത്യത്തിന്റെ സേവനം (GS. 3), ഭൗമികപുരോഗതി (GS. 39), വിശ്വാസത്തിന്റെയും അനുദിന ജീവിതത്തിന്റെയും ഐക്യത്തിലൂടെ (DG. 5, 7, 39), നീതിയിലും പരി

www.malankaralibrary.com



ശുദ്ധിയിലും അധിഷ്ഠിതമായ ഭരണസമ്പ്രദായം (GS. 34) എന്നിവയാണ് ആ സന്ദർഭങ്ങൾ. ക്രിസ്തുവിൽ പുതിയ ക്രമത്തിനായി പരിശുദ്ധാത്മാവ് പ്രേരിപ്പിക്കുമ്പോൾ സഭ മാറിക്കൊണ്ടിരിക്കുന്ന സാമൂഹിക സംവിധാനത്തെ പ്രതിഫലിപ്പിക്കുക മാത്രമല്ല ചെയ്യേണ്ടത്. വ്യക്തമായ നിർദ്ദേശങ്ങളും നേതൃത്വവും നല്കുന്നതുമൂലം പുതിയക്രമം നടപ്പിലാക്കാൻ പുരുഷന്മാരോടൊപ്പം സ്ത്രീകളും പ്രയത്നിക്കണം.[8]

വൈവാഹികതലത്തിലും സ്ത്രീത്വത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ദൃഢമായ പ്രഖ്യാപനമാണ് പ്രമാണരേഖകൾ നടത്തുന്നത്. ഭാര്യാഭർത്താക്കന്മാരുടെ പരസ്പരസ്നേഹത്തിലും ധാരണയിലും പ്രതിഷ്ഠിക്കപ്പെട്ട തുല്യ വ്യക്തിമഹത്വത്തിൽ നിന്നാണ് വിവാഹത്തിന്റെ ഘടന തന്നെ വരുന്നതെന്ന് 'സഭ ആധുനികലോകത്തിൽ' പ്രഖ്യാപിക്കുന്നു (GS. 49). സന്താനോല്പാദനത്തിൽ ഭാര്യാഭർത്താക്കന്മാർക്കുള്ള സജീവഭാഗഭാഗിത്വത്തെക്കുറിച്ച് വിവരിക്കുന്ന സന്ദർഭത്തിൽ , വിവാഹജീവിതത്തിലെ ദൃഢമായ സഹവർത്വത്തെക്കുറിച്ച് 'സഭ ആധുനികലോകത്തിൽ' സൂചിപ്പിക്കുന്നുണ്ട് (GS. 48). എന്നാൽ ശിശുസംരക്ഷണത്തിലെ പരസ്പര ഉത്തരവാദിത്വത്തെക്കുറിച്ച് പ്രമാണരേഖ ഒന്നും പ്രസ്താവിക്കുന്നില്ല. മക്കളുടെ രൂപവത്കരണത്തിന് പിതാവിന്റെ ക്രിയാത്മകമായ സാന്നിധ്യം വളരെ ഉപകാരപ്രദമാണ്. എന്നാൽ, ഭവനത്തിൽ വച്ചുള്ള അമ്മയുടെ പരിചരണം വിശിഷ്യ, പ്രായം കുറഞ്ഞ കുട്ടികൾക്ക് അപരിത്യാജ്യമാണ്. സ്ത്രീകളുടെ ന്യായമായ സാമൂഹികപുരോഗതിയെ അവഗണിക്കാതെ തന്നെ ഈ ആവശ്യം സംരക്ഷിക്കപ്പെടണമെന്ന് രേഖ (GS. 52) പറയുന്നു.

അനേകം ഫെമിനിസ്റ്റുകൾ ചൂണ്ടിക്കാണിക്കുന്നതുപോലെ, മുകളിലത്തെ പ്രസ്താവന ശിശുസംരക്ഷണ കാര്യത്തിൽ സ്ത്രീകൾക്ക് സ്വാഭാവികമായി ഏല്പിക്കപ്പെട്ട ഒരുത്തരവാദിത്വമുണ്ടെന്ന അനുമാനങ്ങളിലേക്കാണ് നയിക്കുന്നത്. പിതാവിന്റെ സാന്നിധ്യം കുട്ടികൾക്കും കൂടുതൽ ഗുണകരമാണെങ്കിലും അത്യാവശ്യമല്ല എന്നു പറയുന്നു. ഈ ദൗർബല്യമുണ്ടെങ്കിലും പുരുഷകേന്ദ്രീകൃത കാഴ്ചപ്പാടുകളിൽ നിന്ന് കുടുംബഘടനയെ പരസ്പര ഭാഗഭാഗിത്വവും ദമ്പതിമാർക്ക് ഉത്തരവാദിത്വവുമുള്ള രീതിയിലേക്ക് മാറ്റിയത് വത്തിക്കാൻ കൗൺസിലിന്റെ മഹത്തായ നേട്ടങ്ങളിലൊന്നാണ്. ഇത് സ്ത്രീകളിൽ വിമോചനസ്വാധീനം ചെലുത്തുവാൻ സഹായിക്കുകയും ചെയ്യും.[9]

www.malankaralibrary.com



സന്യസ്ത ജീവിതത്തെക്കുറിച്ചുള്ള കൗൺസിൽ പ്രസ്താവനകൾ സ്ത്രീപങ്കാളിത്തത്തിന് യോജ്യമായ ഉദാഹരണങ്ങളാണ്. ദൈവരാജ്യവ്യാപനത്തിൽ സ്ത്രീക്കും പുരുഷനും പരസ്പരഭാഗഭാഗിത്വവും ദൗത്യവുമുണ്ടെന്നത് Ad gentes (6), Apostolicam Actuositatem (25) തുടങ്ങിയ പ്രമാണരേഖകൾ വ്യക്തമാക്കുന്നു. സന്യസ്തജീവിത നവീകരത്തെക്കുറിച്ചുള്ള പ്രമാണരേഖയായ Perfectae Caritatis സ്ത്രീ-പുരുഷ സന്യസ്തർക്ക് നിരന്തരമായ നവീകരണവും ഒരുക്കവും ആവശ്യമാണെന്ന് ഉദ്ബോധിപ്പിക്കുന്നു (No.18). എന്നിരുന്നാലും പേപ്പൽ ആവൃതികൾ സ്ത്രീകൾക്ക് മാത്രമായാണ് നിലനിർത്തിയിരിക്കുന്നത് എന്ന കാര്യം ഇവിടെ വിസ്മരിക്കുന്നില്ല.

വത്തിക്കാൻ കൗൺസിലിന്റെ സമാപനസന്ദേശത്തിലും, സഭാനേതൃത്വത്തിന്റെ സ്ത്രീത്വത്തോടുള്ള സമീപനം വ്യക്തമാക്കുന്നുണ്ട്. സ്ത്രീകളുടെ അവസ്ഥയിലും ലോകവീക്ഷണത്തിലുമുണ്ടായ വ്യതിയാനങ്ങളെക്കുറിച്ച് വളരെ ഹൃദയസ്പൃക്കായ രീതിയിൽ കൗൺസിൽ എടുത്തുപറയുന്നു. അതേസമയം, സ്ത്രീകളുടെ ജീവിതത്തിൽ സാധാരണ സംഭവിക്കുന്ന ആശ്രിതബന്ധങ്ങളുടെ ഭാഷയിലാണ് ഈ സന്ദേശം എഴുതപ്പെട്ടിരിക്കുന്നതെന്ന് ഈ സന്ദേശം പെൺമക്കളോടും അമ്മമാരോടും വിധവകളോടുമാണ് സംസാരിക്കുന്നതെന്നും ഫെമിനിസ്റ്റുകൾക്ക് പരാതിയുണ്ട്.[10] കാരണം, സ്ത്രീകളെക്കുറിച്ചുള്ള സംഭാഷണം സാധിച്ചിരിക്കുന്നത് അവരുടെ വ്യക്തിത്വത്തിലോ, മനുഷ്യജീവി എന്ന നിലയിൽ അവരുടെ അസ്തിത്വ യാഥാർത്ഥ്യങ്ങളുടെ ഭാഷയിലോ അല്ല, മറിച്ച് ആൺ-പെൺ ലിംഗഭേദങ്ങളുടെ അടിസ്ഥാനത്തിലാണ്.

ഈ സന്ദേശം സ്ത്രീകളുടെ മാറിക്കൊണ്ടിരിക്കുന്ന ചുറ്റുപാടുകളെക്കുറിച്ച് ഒരു ഗ്രാഹ്യം നല്കുന്നുണ്ടെങ്കിലും, അവരെ പക്വതയുള്ള, ഉത്തരവാദിത്വമുള്ള വ്യക്തികളായും, ജോലിയിലും പ്രവർത്തനങ്ങളിലും സ്വയം തീരുമാനത്തിനുള്ള കഴിവുള്ളവരായും, ദൈവരാജ്യസ്ഥാപനത്തിൽ പങ്കാളികളായും സമർത്ഥിക്കുന്ന വളരെ കുറച്ച് തെളിവുകളെ നല്കുന്നുള്ളൂ. മറിച്ച്, പുരുഷമേധാവിത്വ കുടുംബത്തിൽ സ്ത്രീകൾക്കുണ്ടായിരുന്ന പരമ്പരാഗത സ്ഥാനം അവതരിപ്പിക്കുന്ന ധാരാളം പ്രസ്താവനകളെ കണ്ടുമുട്ടുന്നുണ്ടുതാനും. ഉദാഹരണമായി, 'കുടുംബവും പ്രത്യുല്പാദനവും' അല്ലെങ്കിൽ 'സംരക്ഷണാർത്ഥ വിവേചനം' എന്നിവയെപ്പറ്റിയുള്ള കൗൺസിൽ പ്രസ്താവനകളിൽ പുരുഷകേന്ദ്രീകൃത സമീപനമാണുള്ളത് (GS. 67).

www.malankaralibrary.com



മാത്രമല്ല, പുരുഷ-സ്ത്രീ സമത്വത്തിന്റെ ഭാഷ സംസാരിച്ച കൗൺസിൽ എന്തുകൊണ്ട് അതിന്റെ നടത്തിപ്പിലോ ചർച്ചകളിലോ സ്ത്രീകളെ ഉൾപ്പെടുത്തിയില്ലെന്ന് ഫെമിനിസ്റ്റുകൾ ചോദിക്കുന്നു. പ്രഖ്യാപനവും പ്രവൃത്തിയും തമ്മിലുള്ള അന്തരത്തെപ്പറ്റിയുള്ള അവരുടെ വിവരണം ശ്രദ്ധിക്കുക: "പരിശുദ്ധ സിംഹാസനത്തിന്റെ ഭരണഘടന, നയരൂപീകരണം, ഏകസമ്മതിദായകസംഘം, കർദ്ദിനാൾ സംഘം എന്നിവയിലൊന്നും സ്ത്രീകളെ ഉൾപ്പെടുത്തിയിട്ടില്ല. വത്തിക്കാൻ പ്രമാണരേഖകളുടെ രൂപീകരണത്തിലോ, ഉള്ളടക്കത്തിലോ സ്ത്രീകളുമായി കൂടിയാലോചിക്കേണ്ടതിന്റെ യാതൊരാവശ്യകതയും സഭയ്ക്കു തോന്നിയില്ല. ഇത്തരം കൂടിയാലോചനകളിൽ സ്ത്രീകൾ സ്വമനസ്സാലേ പങ്കുചേരണമെന്നതിന് യാതൊരു സൂചനയും നല്കുന്നില്ല. ഞങ്ങളുടെ അഭിപ്രായത്തിൽ സഭയുടെ ഭരണസംവിധാനമെന്നത്, സ്ത്രീകളുടെ എന്തിനും സമ്മതംമൂളുന്ന ജോലിക്കപ്പുറം അവരുടെ അവസ്ഥയെക്കുറിച്ചും, ആവശ്യങ്ങളെക്കുറിച്ചും ഉള്ള കൂടിയാലോചനകളിൽ നിന്ന് അവരെ ഒഴിവാക്കുന്ന ഒരു സംവിധാനമാണ്."[11]

### 3. വത്തിക്കാൻ കൗൺസിലാനന്തര സമീപനങ്ങൾ

കൗൺസിലിന് ശേഷവും സ്ത്രീത്വത്തെ സംബന്ധിച്ച് ക്രമാനുസൃതമായ ഒരു ചർച്ച കാണുന്നത് Mulieris Dignitatem (1988) (സ്ത്രീകളുടെ മഹത്ത്വവും ദൈവവിളിയും) എന്ന അപ്പസ്തോലിക ലേഖനത്തിലാണ്. ധ്യാനസദൃശ്യമായ ഒരു രീതിയാണ് തന്റെ ആശയങ്ങൾ പ്രകടിപ്പിക്കുവാൻ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഇതിൽ ഉപയോഗിച്ചിരിക്കുന്നത്. ആദ്യമേ തന്നെ സ്രഷ്ടാവിന്റെ അനശ്വരപദ്ധതിയെക്കുറിച്ചാണ് മാർപാപ്പ പ്രതിപാദിക്കുന്നത്. സ്ത്രീയും പുരുഷനും തുല്യമായ രീതിയിൽ മനുഷ്യവ്യക്തികളാണെങ്കിലും ഒരു പ്രത്യേക വ്യത്യാസം അവരെ വേർതിരിക്കുന്നുവെന്ന് പ്രഖ്യാപിച്ചത് ശ്രദ്ധേയമാണ്. സ്ത്രീപുരുഷന്മാർക്കിടയിൽ അടിസ്ഥാനതുല്യതയുണ്ടെന്നും അതോടൊപ്പം തന്നെ അടിസ്ഥാനവ്യത്യാസം ഉണ്ടെന്നും തന്റെ ഉപസംഹാരത്തിൽ മാർപാപ്പ പറയുന്നു. സ്ത്രീകൾ അവരുടെ മഹത്വവും ദൈവവിളിയും അനുഭവിക്കുന്ന ജീവിതരീതികൾ കന്യകാത്വവും മാതൃത്വവും (ആധ്യാത്മിക മാതൃത്വവും, വൈവാഹിക മാതൃത്വവും) ആണെന്ന് മാർപാപ്പ പ്രസ്താവിക്കുന്നു.

www.malankaralibrary.com



സ്ത്രീകളുടെ മാറിവരുന്ന ജീവിതരീതികളോട് ഈ പ്രമാണ രേഖ പ്രതികരിച്ചിട്ടില്ല എന്നത് എടുത്തുപറയേണ്ട കാര്യമാണ്. മാത്രമല്ല, ഈ രേഖയിൽ സ്ത്രീകളുടെ വിചാര-വികാരങ്ങൾ കൂടി ശ്രദ്ധിക്കപ്പെടാതെ പോകുന്നു. റെനെവാൻ ഈഡന്റെ (Rene Van Eyden) അഭിപ്രായത്തിൽ, നമുക്കു നല്കപ്പെട്ടിരിക്കുന്നത് സ്ത്രീകളെക്കുറിച്ചുള്ള അമൂർത്തവും സാർവത്രികവുമായ ഒരു പ്രബന്ധമാണ്. ഇതിൽ നമ്മുടെ സ്ത്രീകളുടെയും ലോകമെമ്പാടുമുള്ള സ്ത്രീകളുടെയും വ്യക്തിഗത വികാരങ്ങൾക്ക് യാതൊരു സ്ഥാനവുമില്ല. അതുപോലെ അവരുടെ സാമൂഹികസ്ഥിതി തന്നെ അവഗണിക്കപ്പെട്ടിരിക്കുന്നു.[12]

'മാതൃത്വം: സ്ത്രീകളുടെ ആത്മീകവും ഭൗതികവുമായ ദൈവവിളി' എന്നത് ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ സ്ത്രീദർശനങ്ങളിലെ പ്രധാന വിഷയമാണ് എന്ന് ഈ പ്രമാണരേഖ മനസ്സിലാക്കി തരുന്നു. മാതൃത്വം എന്നത് സ്ത്രീകൾ ആയിരിക്കേണ്ട ഒരവസ്ഥ എന്ന അർത്ഥത്തിലല്ല മാർപാപ്പ വീക്ഷിക്കുന്നത്, മറിച്ച് മാതൃത്വമാണ് സ്ത്രീത്വത്തെ നിർവചിക്കുന്നത് എന്ന ആശയാടിസ്ഥാനത്തിലാണ്. അങ്ങനെ ജീവശാസ്ത്രപരമായ ഗുണവിശേഷങ്ങളാലാണ് സ്ത്രീ നിർവചിക്കപ്പെടുന്നത്.

പ്രമാണരേഖയിലും അതിന്റെ നിർമിതിയിലും സ്ത്രീ മാതൃകകളുടെ വികലമാക്കപ്പെട്ട ആശയങ്ങളുണ്ട്. സ്ത്രീയുടെ ജീവിതസഫലീകരണം മാതൃത്വത്തിലേക്ക് ചുരുങ്ങിയിരിക്കുകയാണ്. സ്ത്രീയുടെ പ്രത്യുല്പാദനസ്ഥാനം യഥാർത്ഥത്തിൽ ഒരു ശക്തിസ്രോതസ്സായിരുന്നു. എന്നാൽ, പുരുഷമേധാവിത്വത്തോട് വിധേയപ്പെട്ടതോടെ അത് അശക്തിയായി മാറി. വയൽ വിത്തിന്റെ ഉടമസ്ഥന് അധീനപ്പെട്ടിരിക്കുന്നതുപോലെ ബീജദാതാവായ പുരുഷന്റെ മേധാവിത്വത്തോട് വിധേയപ്പെടുവാൻ സ്ത്രീകളെ മാതൃത്വം പ്രേരിപ്പിക്കുന്നു. സ്ത്രീകളെ പൊതുജീവിതത്തിലെ അധികാര, തീരുമാന പങ്കാളിത്ത സ്ഥാനങ്ങളിൽ നിന്ന് ഒഴിവാക്കാനുള്ള ഒരു ഒഴിവുകഴിവായി മാതൃസഹജമായ ഉത്തരവാദിത്വങ്ങളെ ഉപയോഗിക്കാറുണ്ട്. മാതൃത്വവും മാതൃധർമവും പുതുജീവന്റെ ഉത്പാദനത്തിനും, നിലനില്പ്പിനും, പോഷണത്തിനും അത്യാവശ്യമാണ് എന്ന കാഴ്ചപ്പാടിലാണ് കാണുന്നത്. എന്നാൽ ഇന്ന് അത് അടിമത്വത്തിനുള്ള ഉപകരണമായി മാറിയിരിക്കുന്നു.

www.malankaralibrary.com



രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷമുള്ള പ്രമാണരേഖകൾ പരസ്പര ബഹുമാന പൂരകങ്ങളായ നരവംശ ശാസ്ത്ര മാതൃകകളാണ് ഉപയോഗിക്കുന്നത് എന്നത് ശരിതന്നെ. മനുഷ്യനെന്ന നിലയിൽ സ്ത്രീകൾ പുരുഷനോട് തുല്യരാണ്. ഇങ്ങനെ, തുല്യമായ അവകാശങ്ങളും, ഉത്തരവാദിത്വങ്ങളും ഉണ്ടെങ്കിലും മാതൃത്വമെന്ന പ്രത്യേക ദൈവവിളി അവരുടെ ഭൗതികരൂപങ്ങളെ നിർവചിപ്പിക്കുന്നതായി രേഖകളിൽ കാണുന്നു. തന്റെ പ്രഥമ ഉത്തരവാദിത്വത്തെ അപകടത്തിലാക്കാത്ത ജോലികളെ സ്ത്രീകൾ ഏറ്റെടുക്കാവൂ. സ്ത്രീകൾ പുരുഷഗുണ വിശേഷങ്ങൾ കൈയടുക്കുവാൻ ഉദ്യമിക്കരുത്. ഇത് അവരുടെ മൗലികമഹത്ത്വത്തിന്റെ നാശത്തിലേക്കും പുരുഷവത്കരണത്തിലേക്കും നയിക്കും. ഈ വ്യാഖ്യാനത്തിലെ സുപ്രധാന പങ്കുവഹിക്കുന്നത് ഒരേ സമയം അമ്മയും കന്യകയുമായ മറിയമാണ്. എല്ലാ ക്രിസ്ത്യൻ സ്ത്രീകൾക്കുമുള്ള മഹത്തായ പ്രതീകമാണവൾ. സത്രീകളുടെ യഥാർത്ഥ മഹത്വവും ദൈവവിളിയും പൂർണമായി ആവിഷ്കരിച്ചിരിക്കുന്നത് അവളിലാണ്. ജോൺ പോൾ രണ്ടാമനെ സംബന്ധിച്ചിടത്തോളം ഈ ആശയം മരിയഭക്തിയുടെ കാര്യം മാത്രമല്ല, മറിയത്തെ സഭയുടെ പ്രതിരൂപമായിത്തന്നെ അദ്ദേഹം പരിഗണിക്കുകയാണിവിടെ.[13]

**ഉപസംഹാരം**

സഭാപ്രമാണരേഖകളെ വിമർശനാത്മകമായി അപഗ്രഥിക്കുമ്പോൾ സ്ത്രീകളോടുള്ള സഭയുടെ കാഴ്ചപ്പാടിലെ അസ്ഥിരത വ്യക്തമാകുന്നതാണ്. ഒരു ഭാഗത്ത് സ്ത്രീകൾക്ക് സ്വാതന്ത്ര്യം നിഷേധിക്കുന്നത് അനീതിയാണെന്ന് പഠിപ്പിക്കുമ്പോൾ മറുഭാഗത്ത് ഇതേ സഭ തന്നെ സ്ത്രീകൾക്ക് തുല്യപദവി കൊടുക്കുന്നത് പ്രായോഗികമായി വിലക്കുന്നു. ഈ വൈരുദ്ധ്യത്തിനു കാരണം സഭാപ്രമാണരേഖകൾ ദ്വൈതഭാവ നരവംശശാസ്ത്രത്തിൽ അടിസ്ഥാനമിട്ടിരിക്കുന്നു എന്നതാണ്. മനുഷ്യവർഗത്തിന് രണ്ട് വ്യത്യസ്ത സ്വഭാവങ്ങൾ എന്ന ചിന്താധാരയിലാണ് ദ്വൈതഭാവ നരവംശശാസ്ത്രം സഞ്ചരിക്കുന്നത്. ഇത് സ്ത്രീകളെ പുരുഷന്മാരുടെ എതിർധ്രുവങ്ങളായി കണക്കാക്കുകയും അവർക്കിടയിലുള്ള ഭിന്നത വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള ആൺ-പെൺ ദ്വൈതഭാവത്തെ ആത്മ-ശരീര ഭാവങ്ങളുമായി സംയോജിപ്പിക്കുന്നത് വഴി പുരുഷനെ അവന്റെ യുക്തിയാലും

www.malankaralibrary.com



ബുദ്ധിശക്തിയാലും നിർവചിക്കുന്നതിനും സ്ത്രീയെ അവരുടെ സ്വഭാവത്താലും ലിംഗഭേദത്താലും നിർവചിക്കുന്നതിനും ശ്രമിക്കുന്നു. പുരുഷന്റെ വിവേചനശക്തിയിലേയ്ക്കുള്ള ചായ്‌വും തീരുമാനരൂപീകരണത്തിലേക്കുള്ള കഴിവും പൊതുകാര്യങ്ങളിൽ നേതൃത്വം നല്കുന്നതിന് അവനെ പ്രാപ്തനാക്കുന്നു. അതേ സമയം, ജീവിതത്തോടും, സ്നേഹത്തോടും കുട്ടികളെ പരിപോഷിപ്പിക്കുന്നതിലേക്കുമുള്ള സ്ത്രീ സ്വഭാവത്തിന്റെ അടുപ്പം, വ്രണിതരെ ശുശ്രൂഷിക്കുന്ന, വീട്ടുകാര്യങ്ങൾ നോക്കുന്ന, കുഞ്ഞുങ്ങളെ പ്രസവിക്കുന്ന ഒരു സ്വകാര്യസാമ്രാജ്യത്തിലേക്ക് അവരെ ഒതുക്കുന്നു. യവനദർശനങ്ങളിൽ അടിസ്ഥാനമിട്ട ഈ ലിംഗഭേദരീതി, സ്ത്രീകൾ പുരുഷന്മാരിൽനിന്ന് വ്യത്യസ്തർ മാത്രമല്ല, അവരുടെ കീഴിലാണെന്ന ചിന്തകൂടി ഉറപ്പിക്കുന്നതിനാൽ സ്ത്രീയുടെ അധീനത്വസ്ഥിതി വർദ്ധിക്കുകയാണ് ചെയ്യുന്നത്.

വത്തിക്കാൻ സ്ത്രീ ദർശനം അവരുടെ മാതൃത്വ-പ്രത്യുത്പാദന കഴിവുകളുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയിരിക്കുന്നതാണ്. ഈ സങ്കല്പം സ്ത്രീ മഹത്വത്തിന്റെ ശ്രേഷ്ഠതയ്ക്ക് കടിഞ്ഞാടുന്നു. മാതൃത്വത്തോടും ഭാര്യാത്വത്തോടും സമീകരിക്കുന്ന സ്ത്രീത്വദർശനത്തിന്റെ അടിസ്ഥാനത്തിലല്ല മറിച്ച് മനുഷ്യത്വത്തിന്റെ അടിസ്ഥാനത്തിലാണ് സ്ത്രീകളുടെ മഹത്വം മനസ്സിലാക്കേണ്ടത്. സ്ത്രീകളുടെ സുസ്ഥിതികളെക്കുറിച്ചുള്ള ചർച്ചകൾ വത്തിക്കാൻ ഗൗരവത്തിലെടുക്കുകയാണെങ്കിൽ കൗൺസിലിന്റെ നരവംശശാസ്ത്ര കാഴ്ചപ്പാടുകൾ ഉടച്ചുവാർക്കേണ്ടതുണ്ട്. ക്രിസ്തുവിന്റെ രക്ഷയിലും രക്ഷാകര ദൗത്യത്തിലും ഒരുപോലെ സ്ത്രീകളും പുരുഷന്മാരും പങ്കുചേരുന്ന നരവംശ ദൈവശാസ്ത്രമായിരിക്കണം സഭയുടെ സ്ത്രീ സമീപനത്തിന്റെ അന്തരാത്മാവ്.

**കുറിപ്പുകൾ**


1. *The Council's Message to Women* (December 8, 1965), AAS 58 (1966) pp. 13-14
2. Brother Audy and Father Eugene, "An Entertaining Discussion on Whether Women are Human Beings or Not" Online Version, www.women-church.org. 13 August 2005, p. 4.
3. Online Dictionary of the Theological terms, www.counterbalancenet/

www.malankaralibrary.com



*theogloss/ imagobody.html*, 13 August, 2005, p. 5.

4. Cari Elisabeth Borrison, The Ordination of Women: To Nature Tradition by *Continuing in Culturation*, *Studia Theologica* 46 (1992) pp. 3-13.
5. Ibid.
6. Francis Morrisey, "The Juridical Status of the Women in Contemperory Ecclesial Law" in James A. Corriden (eds.), *Sexism and Church Law* (New York: Paulist Press, 1977) p. 4.
7. Ibid., pp. 6-7.
8. Ibid., p. 8.
9. Kim E. Power, (Of Godly Men and Medicine: Ancient Biology and the Christian Fathers on the Nature of Women, *Church* 15 (Spring 1994) pp. 26-33.
10. Francis Morrisey, Op.cit., p. 15.
11. Women – Church Convergence, Equal in As Equal Does: Catholic.
12. Rene Van Eyden, "The Creation of womanhood: A Hierarechical Construction" (Online Version) http:, *www.women and Vatican II*, Othares feministas sobre a Igreja Cathlica, rene Van Eyden, Elisabeth Schussler Fiorenza, Mary E. Hunt, Ladernos nog, Publicacoes CDD, Sao Paulo 2001, p. 33.
13. Elisabeth Schussler Fiorenza, *Jesus, Miriam's Child, Sophia's Prophet: Critical Issues in Feminist Christology*, (New York: Continum, 1994) pp. 163-177.

www.malankaralibrary.com

# ആരാധനക്രമം വത്തിക്കാൻ കൗൺസിലിലും ശേഷവും

റവ. ഡോ. ആന്റണി നരികുളം

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പതിനാറ് പ്രമാണരേഖകളിൽ ഏറ്റവും ആദ്യം ചർച്ചാവിഷയമായതും പാസാക്കപ്പെട്ടതും ആരാധനക്രമത്തെപ്പറ്റിയുള്ളതാണ്. ഒരു കോൺസ്റ്റിറ്റ്യൂഷൻ എന്ന നിലയിൽ വിഷയത്തിന്റെ താത്വിക അടിത്തറകൾ ഇതിൽ ദൃശ്യമാണ്. അതേസമയം ആദ്യം ചർച്ചചെയ്യപ്പെട്ടതുകൊണ്ടാകാം, തിരുസ്സഭ, ദൈവാവിഷ്കരണം, സഭ ആധുനിക യുഗത്തിൽ തുടങ്ങിയ കോൺസ്റ്റിറ്റ്യൂഷനുകൾക്ക് ലഭിച്ചത്രയും ദൈവശാസ്ത്രപരവും അജപാലനപരവുമായ പരിഗണന 'ആരാധനക്രമ'ത്തിന് കിട്ടാതെ പോയത്. എങ്കിലും ഈ പ്രമാണരേഖയിലെ ഏഴ് അധ്യായങ്ങളിലായി വ്യാപിച്ചുകിടക്കുന്ന 130 ഖണ്ഡികകൾ സഭയുടെ ആരാധനക്രമജീവിതത്തിൽ മാറ്റങ്ങൾ വരുത്താൻ പര്യാപപ്തമായെന്നത് നിസ്തർക്കമാണ്. കൗൺസിലിൽ നടക്കാതെ പോയ പലകാര്യങ്ങളും പിന്നീടുള്ള വർഷങ്ങളിൽ ഔദ്യോഗികമായി നല്കപ്പെട്ട രേഖകളിൽ നിഴലിക്കുന്നുണ്ടെന്ന കാര്യം പ്രസ്താവ്യവുമാണ്.

www.malankaralibrary.com



### 1. കൗൺസിലും പ്രാദേശികസഭകളും

കൗൺസിലിന്റെ ആരാധനക്രമസംബന്ധിയായ തീരുമാനങ്ങളും നിർദ്ദേശങ്ങളും ആഗോളസഭയിൽ വലിയ ചലനങ്ങൾക്ക് കാരണമായെന്നതിന് 1960-കളിലെയും 1970-കളിലെയും സഭാചരിത്രം സാക്ഷിയാണ്. 1969-ൽ ബാംഗ്ലൂരിൽ വച്ചു നടന്ന "Church in India Today" സെമിനാർ ഭാരതസഭ കൗൺസിലിനെ എങ്ങനെ നോക്കിക്കണ്ടു എന്നതിന് തെളിവാണ്. ഈ സെമിനാറിൽ സംബന്ധിച്ച അംഗങ്ങളിൽ ആവേശമുണർത്തിയ വിഷയങ്ങളിൽ ഒന്ന് ആരാധനക്രമമായിരുന്നു. സെമിനാറിനുശേഷം ഭാരതസഭയിൽ, പ്രത്യേകിച്ച് ലത്തീൻ, സീറോ മലബാർ സഭകളിൽ, ആരാധനക്രമത്തിന്റെ പരിഷ്കരണവും സാംസ്കാരികാനുരൂപണവും സുപ്രധാന ചർച്ചാവിഷയമാണ്. എന്നാൽ, പുനരുദ്ധാരണത്തോട് അത്ര ആവേശം ഉണ്ടായിരുന്നതായി കാണുന്നില്ല. അനുരൂപണത്തിന്റെ ആവശ്യകത ബോധ്യപ്പെട്ടതിന്റെ പേരിൽ നടപ്പിൽ വന്നതാണ് 'ഭാരതീയ പൂജ'. അത് ഏകറീത്ത് പ്രസ്ഥാന (One Rite Movement) ത്തിനു തിരികൊളുത്തിയെങ്കിലും വ്യക്തിസഭകളുടെ പാരമ്പര്യവും തനിമയും സംരക്ഷിക്കണമെന്ന ചിന്ത പ്രബലമായതോടെ ആ പ്രസ്ഥാനം അധികം താമസിയാതെ അപ്രത്യക്ഷമായി. ആദ്യകാലങ്ങളിൽ 'ഭാരതീയ പൂജ' ഉണർത്തിയ താത്പര്യം പില്ക്കാലത്ത് അസ്തമിച്ചുവെന്നതും ചരിത്രം.

കൗൺസിലിന്റെ കാറ്റ് ശക്തമായി വീശിയ രാജ്യങ്ങളാണ് ഏഷ്യയിൽ ഇന്ത്യ, ഫിലിപ്പൈൻസ് എന്നിവയും ആഫ്രിക്കയിൽ കോംഗൊയും. 'ഫിലിപ്പീനൊ കുർബാന'യും 'സൈറിയൻ കുർബാന'യും മറ്റും അതിന്റെ പരിണിതഫലങ്ങളാണ്. എന്നാൽ 1980-കളോടുകൂടി നവീകരണശ്രമങ്ങൾക്ക് മങ്ങലേറ്റതായി കാണുന്നു. പുരോഗമനവാദികളിലും അമിതാവേശവും പാരമ്പര്യവാദികളുടെ കടുംപിടുത്തവും ഇതിനു കാരണമായിട്ടുണ്ട്.

### 2. ആരാധനക്രമം കൗൺസിൽ വീക്ഷണത്തിൽ

വത്തിക്കാൻ കൗൺസിലിന്റെ ആരാധനക്രമ വീക്ഷണത്തിൽ 'പുനരുദ്ധാരണം, പരിഷ്കരണം, അനുരൂപണം' (Restoration, Rivison,

www.malankaralibrary.com



Adaptation) എന്നീ മൂന്നു പദങ്ങളിൽ ഒതുക്കാമെന്ന് തോന്നുന്നു. വിശ്വാസികളിൽ ബഹുഭൂരിപക്ഷത്തിനും അജ്ഞാതമായിരുന്ന ഭാഷകളിൽ പരികർമ്മം ചെയ്യപ്പെട്ടിരുന്ന തിരുക്കർമ്മങ്ങൾ മാതൃഭാഷകളിൽ ലഭ്യമാക്കുക കൗൺസിലിന്റെ പ്രഥമലക്ഷ്യമായിരുന്നില്ലെങ്കിലും, സാധാരണക്കാരെ സംബന്ധിച്ചിടത്തോളം അതു പ്രധാനപ്പെട്ട കാര്യം ആയിരുന്നു. അവർക്ക് പരിഷ്കരണത്തിലായിരുന്നു കൂടുതൽ താത്പര്യം. കൂടാതെ, ഇരുപതാം നൂറ്റാണ്ടിൽ രാഷ്ട്രീയ സ്വാതന്ത്ര്യം ലഭിച്ച പല രാജ്യങ്ങളിലും പ്രാദേശിക സംസ്കാരങ്ങളെപ്പറ്റിയുള്ള ചിന്ത പ്രബലവുമായിരുന്നു. അതുകൊണ്ട് ആരാധനക്രമത്തിന്റെ പരിഷ്കരണവും അനുരൂപണവും അത്യന്താപേഷിതമായി കണക്കാക്കപ്പെട്ടതിൽ അത്ഭുതമില്ല.

പക്ഷേ, സഭാപാരമ്പര്യങ്ങൾ സംരക്ഷിക്കാൻ കടപ്പെട്ട മെത്രാന്മാരെ സംബന്ധിച്ചിടത്തോളം സന്തുലിതമായ ഒരു നിലപാട് സ്വീകരിക്കേണ്ടത് ആവശ്യമായിരുന്നു. പ്രമാണരേഖയുടെ ആമുഖത്തിൽത്തന്നെ അക്കാര്യം അവർ വ്യക്തമാക്കി: 'ശരിയായ പാരമ്പര്യത്തെ സംരക്ഷിച്ചുകൊണ്ട് ആധുനികകാലത്തിന്റെ ആവശ്യങ്ങളെ നേരിടാൻ പോരുന്ന പുത്തൻചൈതന്യം സഭയിലേക്ക് പകരാൻ കൗൺസിലിനു ആഗ്രഹമുണ്ട്-ഇതായിരുന്നു പിതാക്കന്മാരുടെ നിലപാട് (ആരാധനക്രമം, 4). ഇതിനു സഹായകമായ പലനിർദ്ദേശങ്ങളും പ്രമാണരേഖയിലുണ്ട്. ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാം.

ആരാധനക്രമത്തിൽ പരിവർത്തനാതീതമായ ദൈവസ്ഥാപിത ഘടകങ്ങളുണ്ട്; പരിവർത്തനവിധേയമായ ഘടകങ്ങളുമുണ്ട്. പരിവർത്തനവിധേയമായവയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്താവുന്നതും വരുത്തേണ്ടതുമാണ് (No. 21). പുനരുദ്ധാരണ പ്രക്രിയയിൽ പ്രാർത്ഥനാഗ്രന്ഥങ്ങളും കർമവിധികളും അവ സൂചിപ്പിക്കുന്ന ദിവ്യരഹസ്യങ്ങളെ കൂടുതൽ വ്യക്തമായി പ്രകാശിപ്പിക്കത്തക്കവിധം ക്രമീകരിക്കണം (No. 21). ശരിയായ പാരമ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടുവേണം പരിഷ്കരണം വരുത്താൻ. അതിന് ദൈവശാസ്ത്രം, ചരിത്രം, അജപാലനം എന്നീ ഘടകങ്ങൾ പ്രത്യേകം പരിശോധിക്കണം. പരിഷ്കരിച്ച ക്രമങ്ങൾ നിലവിലിരിക്കുന്നവയിൽ നിന്ന് ഘടനാപരമായി (organically) വളർന്നുവരണം (No. 23). ജനങ്ങളുടെ സജീവഭാഗഭാഗിത്വം ഉറപ്പാക്കാൻ പോരുന്ന വിധത്തിൽവേണം ആരാധനക്രമഗ്രന്ഥങ്ങൾ പരിഷ്ക

www.malankaralibrary.com



രിക്കാൻ (No. 31). തിരുക്കർമ്മങ്ങൾ ലളിതമായിരിക്കണം. ഹ്രസ്വവും വ്യക്തവുമായിരിക്കണം; അനാവശ്യആവർത്തനങ്ങൾ ഉണ്ടായിരിക്കരുത്; അത് അധികം വിശദീകരണം കൂടാതെ തന്നെ വിശ്വാസികളുടെ ഗ്രഹണശക്തിയിൽ ഒതുങ്ങണം (No. 34). വിശ്വാസമോ, പൊതുനന്മയോ ഉൾപ്പെടാത്ത കാര്യങ്ങളിൽ കർക്കശമായ ഐക്യരൂപം ആവശ്യമില്ല. ഉചിതമായ പ്രാദേശിക സാംസ്കാരികഘടകങ്ങൾ ആരാധനാക്രമത്തിൽ ചേർക്കാവുന്നതാണ് (No. 37-40).

ഏറെ പ്രത്യാശയോടുകൂടിയാണ് മെത്രാന്മാർ ഈ നിർദ്ദേശങ്ങൾ നല്കിയത്. കൗൺസിലിനു തൊട്ടുമുമ്പുള്ള വർഷങ്ങളിൽ ആരാധനാക്രമത്തിന്റെ കാര്യത്തിൽ സഭാസമൂഹത്തിലുണ്ടായിരുന്ന തീക്ഷ്ണത 'ദൈവപരിപാലനയുടെ ലക്ഷണവും പരിശുദ്ധാത്മാവിന്റെ പ്രചോദന'വുമായിട്ടാണ് അവർ കണ്ടത് (No. 43). അതേസമയം, സഭയുടെ നന്മയ്ക്ക് ഉപകാരപ്പെടുമെന്ന തീർച്ചയില്ലാത്തപ്പോൾ ആരാധനാക്രമങ്ങൾ നവീകരിക്കുന്നത് അനുചിതമാണെന്നും അഭിപ്രായപ്പെട്ടു (No.23).

### 3. പുനരുദ്ധാരണം, നവീകരണം, അനുരൂപണം

പുനരുദ്ധാരണവും, നവീകരണവും ഒരുമിച്ചു നടക്കേണ്ടവയാണോ? അതോ, പുനരുദ്ധാരണ പ്രക്രിയ പൂർത്തിയായിട്ടുവേണമോ നവീകരണം ആരംഭിക്കാൻ? എന്താണ് ശരിയായ പുനരുദ്ധാരണം? ഈ ചോദ്യങ്ങൾക്ക് കൃത്യവും തൃപ്തികരവും എല്ലാവർക്കും സ്വീകാര്യവുമായ ഉത്തരങ്ങൾ ലഭ്യമല്ലാത്തത് ആരാധനക്രമ നവീകരണശ്രമങ്ങളെ കുറച്ചൊന്നുമല്ല തടസ്സപ്പെടുത്തിയത്. ഈ ആശയക്കുഴപ്പം ഇന്നും തുടരുന്നു. മാത്രമല്ല, ഈ അവ്യക്തത ആരാധനാക്രമപരിഷ്കരണവുമായി ബന്ധപ്പെട്ടവരെ രണ്ടു ചേരികളിലാക്കുകയും ചെയ്തു: പാരമ്പര്യവാദികളും പുരോഗമനവാദികളും. വാസ്തവത്തിൽ, പുനരുദ്ധാരണവും നവീകരണവും ഒരേ നാണയത്തിന്റെ രണ്ടുവശങ്ങളല്ലേ?

ചരിത്രപഠനത്തെപ്പറ്റി ശരിയായ ധാരണ ഈ പ്രശ്നം പരിഹരിക്കാൻ സഹായകമായേക്കും. ആരാധനാക്രമം പരിഷ്കരിക്കുമ്പോൾ ചരിത്രം സൂക്ഷ്മമായി പരിശോധിക്കണമെന്ന് കൗൺസിൽ അനുശാ

www.malankaralibrary.com



സിക്കുകയും ചെയ്തിട്ടുണ്ടല്ലോ.

പഴയ കാര്യങ്ങൾ ആവർത്തിക്കാൻ വേണ്ടിയാണോ ആരാധന ക്രമത്തിന്റെ ചരിത്രം പഠിക്കുന്നത്? അതോ, ചരിത്രത്തിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ട് ആധുനികകാലത്തിന്റെ ആവശ്യങ്ങളോട് ഉചിതമായ സംവദിക്കാനോ? ആരാധനക്രമപണ്ഡിതനായ റോബർട്ട് റ്റാഫ്റ്റ് ഇതേപ്പറ്റി നടത്തിയിട്ടുള്ള നിരീക്ഷണങ്ങൾ ശ്രദ്ധാർഹങ്ങളാണ്. അദ്ദേഹം എഴുതി: 'ഒരു മനോരോഗവിദഗ്ധൻ രോഗികളുടെ ബാല്യകാലാനുഭവങ്ങൾ പഠിക്കാൻ ശ്രമിക്കുന്നതുപോലെയായിരിക്കണം ആരാധനാക്രമപാരമ്പര്യങ്ങളുടെ ചരിത്രം നാം പരിശോധിക്കേണ്ടത്. പഴയകാല ചരിത്രം പഠിക്കുക എന്നതായിരിക്കരുത് ലക്ഷ്യം. മറിച്ച്, ഇപ്പോഴെന്തുകൊണ്ട് ഇപ്രകാരം പ്രവർത്തിക്കുന്നുവെന്ന് കണ്ടെത്തലാണ് പ്രധാനം.[1] 'പാരമ്പര്യത്തെ എല്ലാറ്റിന്റെയും മാനദണ്ഡ (Norm) മായി പരിഗണിക്കേണ്ടതില്ല. പുതിയ പാഠങ്ങൾ പഠിക്കാൻ അവ സഹായകരമാണെന്നതിൽ സംശയമില്ല. പഴമ നമ്മെ ഭരിക്കാൻ അനുവദിക്കരുത്. എന്നാൽ, ഇന്നിനെ അനുരൂപപ്പെടുത്താൻ ചരിത്രപഠനം ഉപകാരപ്പെടും'.[2] ആരാധനാക്രമപണ്ഡിതനായ എയ്ഡൻ കവനാഗ് പറഞ്ഞിരിക്കുന്നതുപോലെ, പഴമയെ പുനരുജ്ജീവിപ്പിക്കുക എന്നതല്ല ചരിത്രപഠനത്തിന്റെ ഉദ്ദേശ്യം. അത് 'അസാധ്യ'മാണെന്നു മാത്രമല്ല, മൂഢവുമാണ്. വർത്തമാനകാലത്തിനുവേണ്ടി ആരാധനാക്രമത്തെ അനുരൂപപ്പെടുത്തുക എന്നതായിരിക്കണം അതിന്റെ ലക്ഷ്യം.[3]

ജോൺപോൾ രണ്ടാമൻ മാർപാപ്പ 'കിഴക്കിന്റെ വെളിച്ചം' (Orientale Lumen) എന്ന അപ്പസ്തോലിക പ്രബോധനത്തിൽ എഴുതിയത് എത്രയോ വാസ്തവമാണ്: 'പാരമ്പര്യം ഒരിക്കലും പഴയവസ്തുക്കൾക്കും രൂപങ്ങൾക്കും വേണ്ടിയുള്ള നഷ്ടസ്വപ്നമല്ല; കൈവിട്ടുപോയ ആനുകൂല്യങ്ങളെപ്പറ്റിയുള്ള ഖേദവുമില്ല, സഭയിൽ വസിക്കുന്ന സ്നേഹം നിത്യയൗവനത്തിൽ സംരക്ഷിക്കുന്ന വരനെപ്പറ്റിയുള്ള സജീവസ്മരണയാണത്'.[4] ഒരു പ്രത്യേകസഭയുടെ ആചാരങ്ങളും പതിവുകളും തീർത്തും കൈമാറ്റപ്പെടാൻ പാടില്ലാത്തവയാണെന്ന് പരിഗണിക്കുമ്പോൾ വളരുകയും വികസിക്കുകയും ചെയ്യുന്ന ജീവസത്തയുടെ സ്വഭാവം നഷ്ടപ്പെടാനുള്ള അപകടം പാരമ്പര്യത്തിനുണ്ടാകുമെന്ന അദ്ദേഹത്തിന്റെ മുന്നറിയിപ്പും ശ്രദ്ധിക്കപ്പെടേണ്ടതാണ്.

www.malankaralibrary.com



'പുനരുദ്ധാരണം' എന്നതുകൊണ്ട് 'പിന്തിരിയൽ' (turning back) ആണ് അർത്ഥമാക്കുന്നതെങ്കിൽ അതൊരിക്കലും യാഥാർത്ഥ്യമാകാൻ പോകുന്നില്ലെന്നാണ് കർദ്ദിനാൾ ജോസഫ് റാറ്റ്സിംഗർ ഒരിക്കൽ അഭിപ്രായപ്പെട്ടത്. മറിച്ച്, അത് നഷ്ടപ്പെട്ടു പോയ മൂല്യങ്ങൾ തിരിച്ചു പിടിക്കാനുള്ള ശ്രമമായിരിക്കണം. ഭാഷാപരമായി വിശകലനം ചെയ്യുമ്പോൾ 'പുനരുദ്ധാരണം' എന്നാൽ 'പരിഷ്കരണം' തന്നെയാണെന്ന അദ്ദേഹത്തിന്റെ വീക്ഷണവും ശ്രദ്ധക്കപ്പെടേണ്ടതാണ്.[5] അതുകൊണ്ട് റഷ്യൻ ഓർത്തഡോക്സ് ദൈവശാസ്ത്രജ്ഞനായ അലക്സാണ്ടർ ഷെഷ്മാൻ പറഞ്ഞതാണ് ശരി: പാരമ്പര്യവാദികളുടെ ആർക്കിയോളജിസവും പുരോഗമനവാദികളുടെ മാറ്റത്തിനുവേണ്ടിയുള്ള മാറ്റവും ഉപേക്ഷിച്ച് പാരമ്പര്യത്തെയും ആധുനികതയെയും സമന്വയിപ്പിക്കുകയാണ് ആവശ്യമായിരിക്കുന്നത്. പാരമ്പര്യവാദികളുടെ 'കാല്പനിക പുരാവസ്തു കേന്ദ്രീകൃതഭാവം' (Romantic Archiolosim) ഒരിക്കലും സ്വീകാര്യമല്ല. കാരണം, 'ഇന്ന് എന്തു ചെയ്യണം?'' എന്നതിലുപരി 'ഇന്നലെ എങ്ങനെയായിരുന്നു?'' എന്നതാണ് അക്കൂട്ടരുടെ പ്രധാന ചർച്ചാവിഷയം. ഇതുപോലെതന്നെ ഒഴിവാക്കേണ്ടതാണ് 'അത്യാന്താധുനീകരണ'വും.[6]

## 4. ആരാധനക്രമവും സജീവഭാഗഭാഗിത്വവും

വത്തിക്കാൻ കൗൺസിൽ വിഭാവനം ചെയ്ത ആരാധനക്രമനവീകരണത്തിന്റെ അവശ്യഘടകമായിരുന്ന വിശ്വാസികളുടെ സജീവഭാഗഭാഗിത്വം. അതു സംബന്ധിച്ച് പ്രത്യേകം നിർദ്ദേശങ്ങൾ പ്രമാണരേഖ നല്കുകയുണ്ടായി. വൈദികർ ആരാധനാക്രമങ്ങൾ അനുഷ്ഠിക്കുമ്പോൾ അതു സാധുവായും നൈയാമികമായും പരികർമ്മം ചെയ്താൽ മാത്രം പോരാ. വിശ്വാസികൾ അതിൽ ബോധപൂർവകമായും സജീവമായും ഫലപ്രദമായും പങ്കെടുക്കാൻ ആവശ്യമായ മാർഗങ്ങൾ സ്വീകരിക്കാനും ശ്രദ്ധിക്കണം (No. 11). വൈദികർ ആരാധനക്രമജീവിതം നയിക്കുന്നതോയൊപ്പം വിശ്വാസികൾക്ക് അതു പകർന്നു കൊടുക്കാനും ഉത്സാഹിക്കണം (No. 18). തീക്ഷ്ണതയോടും ക്ഷമയോടും കൂടി ആരാധനാക്രമത്തെപ്പറ്റി വിശ്വാസികൾക്ക് ഉപദേശം നല്കാൻ ആത്മപാലകർക്ക് കടമയുണ്ട് (No.19). വിശ്വാസികൾക്ക് യഥാർത്ഥ ക്രിസ്തീയ ചൈതന്യം സമാർജ്ജിക്കാനുള്ള പ്രഥമവും അനുപേക്ഷണീയവുമായ ഉറവിടം ആരാധനാക്രമമായതുകൊണ്ട്, ഇടയ

www.malankaralibrary.com



ന്മാർക്ക് ചേർന്ന തങ്ങളുടെ എല്ലാ പ്രവർത്തനങ്ങളിലും ലക്ഷ്യം സാധിക്കാനുള്ള മാർഗങ്ങൾ ആത്മപാലകർ ആരായണം (No. 14).

നിർഭാഗ്യവശാൽ, സജീവഭാഗഭാഗിത്വത്തെ വളരെ സങ്കുചിതമായ അർത്ഥത്തിൽ പലരും മനസ്സിലാക്കി. ഉച്ചത്തിൽ പ്രാർത്ഥിക്കുന്നതും ആലപിക്കുന്നതും കാഴ്ചവയ്പു പ്രദക്ഷിണം നടത്തുന്നതും സന്ദർഭോജിതമായ പ്രാർത്ഥനകൾ കൂട്ടിച്ചേർക്കുന്നതുമൊക്കെയാണ് സജീവത്വത്തിന്റെ അടിസ്ഥാനമെന്ന് അക്കൂട്ടർ കരുതി. ഇത് തീർച്ചയായും ആവശ്യമാണ്. അതിലുപരി, വിശ്വാസികൾ ബോധപൂർവകമായും ഭക്തിയോടെയും പങ്കെടുത്ത് അതിന്റെ ശക്തിയിൽ ജീവിക്കുന്നതാണ് സജീവഭാഗഭാഗിത്വത്തിന്റെ സുപ്രധാന ഘടകമെന്ന വസ്തുത ശ്രദ്ധിക്കാതെ പോയി. ഒപ്പം ആരാധനാക്രമത്തിൽ നിശബ്ദതയ്ക്കുള്ള സ്ഥാനവും അപ്രത്യക്ഷമായി.

ആരാധനക്രമം ലളിതവത്കരിക്കണമെന്ന് കൗൺസിൽ നിർദ്ദേശിച്ചത് സജീവഭാഗഭാഗിത്വം പ്രോത്സാഹിപ്പിക്കാനാണ്. 'ലളിതം' (simple) എന്നാൽ 'ഗുണം കുറഞ്ഞ' (poor) അല്ലെങ്കിൽ 'വിലകുറഞ്ഞ' (cheap) എന്നല്ല അർത്ഥം[7] ആരാധനക്രമഭാഷ സംസാരഭാഷയാകണമെന്ന് വിശുദ്ധ സംഗീതം (Sacred Song) 'സുഖമാത്രപ്രയോജന സംഗീത' (Utilitarian) മാകണമെന്നുമുള്ള ചിന്ത ഇത്തരം 'ലളിതവത്കരണ' താത്പര്യത്തിന്റെ പ്രതിഫലനമാണ്.

സജീവഭാഗഭാഗിത്വത്തിനു സഹായകമായ ഒരു പ്രധാനഘടകമാണ് സംഗീതം. സംഗീതത്തിന് മനുഷ്യമനസ്സിനെ ദൈവത്തിലേക്ക് ഉയർത്താൻ കഴിവുണ്ടെന്നത് നിസ്തർക്കമാണല്ലോ. അതുകൊണ്ട്, കൗൺസിലിന്റെ നിർദ്ദേശപ്രകാരം ആരാധനാക്രമത്തിലെ ഗീതാലാപനത്തിന് പ്രാമുഖ്യം ലഭിക്കുകയും ചെയ്തു. എന്നാൽ, ഗീതാലാപനം, ആരാധനക്രമം തന്നെയാണെന്ന കാര്യം വിസ്മരിച്ച് പലരും അതിനെ ആരാധനാക്രമത്തിന്റെ 'അലങ്കാരം' മാത്രമാക്കി അധഃപതിപ്പിച്ചു. അങ്ങനെയാണ് ദേവാലയാന്തരീക്ഷത്തിന് യോജിക്കാത്ത രീതിയിൽ ആലപിക്കുന്ന രീതികൾ പ്രചുരപ്രചാരം നേടിയത്. ഈ പ്രക്രിയയിൽ കൗൺസിൽ നല്കിയ നിർദ്ദേശങ്ങൾ-തിരുക്കർമങ്ങളുടെ വിശുദ്ധിക്കു ചേർന്ന ഗീതങ്ങളെ ആലപിക്കാവൂ; അവ ഗായകസംഘത്തിനു മാത്രം

www.malankaralibrary.com



പാടുവാൻ കഴിയുന്നവയാകാതെ വിശ്വാസികളുടെ ഭാഗഭാഗിത്വം ഉറപ്പുവരുത്തുന്നവയാകണം; ദേവാലയത്തിന്റെ പരിശുദ്ധിക്കുചേർന്ന സംഗീതോപകരണങ്ങളെ ഉപയോഗിക്കാവൂ; ബൈബിളിൽ നിന്നും ആരാധനാക്രമത്തിന്റെ ഉറവിടങ്ങളിൽ നിന്നും ചൈതന്യം സ്വീകരിക്കുന്ന ഗീതങ്ങളേ ആലപിക്കാവൂ തുടങ്ങിയവ (No. 120, 21). വേണ്ടത്ര ഗൗരവത്തോടെ സ്വീകരിക്കുകയോ പ്രാവർത്തികമാക്കുകയോ ചെയ്തില്ല.

#### 5. ആരാധനക്രമവും ഭക്താനുഷ്ഠാനങ്ങളും

ഭക്താനുഷ്ഠാനങ്ങളിൽ കുടുങ്ങിക്കിടന്നിരുന്ന വിശ്വാസികളെ സഭയുടെ ശക്തികേന്ദ്രമായ ആരാധനക്രമത്തിലേക്ക് ആനയിക്കുക കൗൺസിലിന്റെ ലക്ഷ്യമായിരുന്നു. അതേസമയം, അത് ഭക്താനുഷ്ഠാനങ്ങളും മാറ്റിനിർത്തിക്കൊണ്ടായിരിക്കരുതെന്ന് കൗൺസിൽ നിർദ്ദേശിച്ചു (No. 12,13). എന്നാൽ ആ നിർദ്ദേശങ്ങളുടെ അന്തഃസത്ത ഗ്രഹിക്കാതെ ചിലർ അതിനെ വ്യാഖ്യനിച്ചു. തത്ഫലമായി ഭക്താനുഷ്ഠാനങ്ങൾ (കൊന്ത, വിയസാക്ര, നൊവേന, തീർത്ഥാടനം...) ലിറ്റർജിക്കു വിരുദ്ധമാണെന്ന തെറ്റിദ്ധാരണ പ്രചരിക്കാൻ ഇടയായി. കാലക്രമേണ അത് ഒരു പരിധി വരെ തിരുത്തപ്പെട്ടു.

പില്ക്കാലത്ത്, ഭക്താനുഷ്ഠാനങ്ങൾ പൂർവാധികം ശക്തിയോടെ രംഗപ്രവേശം ചെയ്യുന്നതാണ് നാം കണ്ടത്. ഇന്ന് നൊവേനാ സങ്കേതങ്ങളിലേക്കും തീർത്ഥാടനകേന്ദ്രങ്ങളിലേക്കുമുള്ള ഭക്തജനപ്രവാഹം വർദ്ധിച്ചിരിക്കുന്നു. ഈ പ്രതിഭാസം അതിൽ തന്നെ തെറ്റല്ല. അനേകർക്ക് ആത്മീയാനന്ദത്തിനും വിശ്വാസതീക്ഷ്ണതയ്ക്കും അത് വേദിയായി ഭവിച്ചതുകൊണ്ട് പ്രോത്സാഹനവും അർഹിക്കുന്നു. പക്ഷേ, കൗൺസിൽ വിഭാവനം ചെയ്ത രീതിയിൽ-ആരാധനക്രമത്തിലേക്കുള്ള ചവിട്ടുപടികളായി-അവയെ പരിവർത്തിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ എന്നു സംശയമാണ്.

ഭക്താനുഷ്ഠാനങ്ങളുടെ അനിയന്ത്രിതമായ പോക്കിനും കടിഞ്ഞാണിടാൻ 1986-ൽ അഖിലേന്ത്യാ കത്തോലിക്കാ മെത്രാൻ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒരു ഗവേഷണ സെമിനാർ ബാംഗ്ലൂരിൽ വച്ചു നടത്തുകയുണ്ടായി. അതിലെ തീരുമാനങ്ങളും നിർദ്ദേശങ്ങളും

www.malankaralibrary.com



ഏതാണ്ട് ഇപ്രകാരം സംഗ്രഹിക്കാം: ഭക്താനുഷ്ഠാനങ്ങൾ ജനങ്ങളെ യേശുവിലേക്ക് നയിക്കണം; ദൈവരാജ്യത്തിന്റെ മൂല്യങ്ങളായ നീതി, സ്വാതന്ത്ര്യം, സാഹോദര്യം തുടങ്ങിയവ വളർത്താൻ പോരുന്നതാകണം; ദൈവവചനത്തിന്റെ ശക്തിയിലൂടെ ജനത്തിന്റെ വിശ്വാസജീവിതത്തെ അവ സ്വാധീനിക്കുന്നു; അവ ആരാധനക്രമത്തിന്റെ ചൈതന്യത്തിന് ചേർന്നതാണ്; സാമ്പത്തികനേട്ടം മുൻനിറുത്തിക്കൊണ്ട് അവയെ പ്രോത്സാഹിപ്പിക്കരുത്.[8] കഴിഞ്ഞ ഇരുപത് വർഷത്തിനിടെ ഈ ലക്ഷ്യങ്ങൾ സാധിക്കാൻ ഭാരതസഭയിലെ ഭക്താനുഷ്ഠാനങ്ങൾക്ക് കഴിഞ്ഞോ?

2005-ൽ മംഗലാപുരത്തു വച്ച് നടന്ന ഇന്ത്യൻ ലിറ്റർജിക്കൽ അസ്സോസിയേഷന്റെ സമ്മേളനം ഈ വിഷയം വീണ്ടും ചർച്ച ചെയ്തു. അതിന്റെ തീരുമാനങ്ങളും സമാന സ്വഭാവമുള്ളവയാണ്; കച്ചവടതാത്പര്യങ്ങൾ പ്രാർത്ഥനാന്തരീക്ഷത്തെ മലീമസമാക്കുന്നു; പ്രാർത്ഥനയ്ക്ക് നിശബ്ദത ആവശ്യമാണെന്ന ചിന്ത അപ്രത്യക്ഷമായിരിക്കുന്നു; ആരാധനക്രമവും ഭക്താനുഷ്ഠാനങ്ങളും തമ്മിലുള്ള അന്തരം കുറഞ്ഞ് ഭക്താനുഷ്ഠാനങ്ങളെ ആരാധനാക്രമത്തിന്റെ തന്നെ ഭാഗമാക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നു; സാമ്പത്തികലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടുള്ള സംവിധാനങ്ങൾ യഥാർത്ഥവിശ്വാസത്തിനും ഭക്തിക്കും തടസ്സം സൃഷ്ടിക്കുന്നു.[9] തീർത്ഥകേന്ദ്രങ്ങളിലും അതുപോലുള്ള പ്രാർത്ഥനാലയങ്ങളിലും ഒഴുകിയെത്തുന്ന പണം പരസ്നേഹത്തിൽ അധിഷ്ഠിതവും നീതിപൂർവമായ സമൂഹങ്ങൾ കെട്ടിപ്പടുക്കുന്നതിന് ഉപയുക്തവുമായ രീതിയിൽ ചെലവഴിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും സമ്മേളനം ചൂണ്ടിക്കാണിക്കുകയുണ്ടായി.

ആരാധനാക്രമത്തെപ്പറ്റിയുള്ള അജ്ഞതയും ധനത്തോടുള്ള താത്പര്യവും ഭൗതികജീവിതത്തിലെ ആഭിമുഖ്യങ്ങളും ഇന്ദ്രിയങ്ങളെ തൃപ്തിപ്പെടുത്താനുള്ള താത്പര്യങ്ങളും ഭക്താനുഷ്ഠാനങ്ങളുടെ വളർച്ചയ്ക്ക് കാരണമായിട്ടുണ്ടാകാം. അനുഷ്ഠാനങ്ങളിലെ സ്വാതന്ത്ര്യവും സർഗശക്തിക്കുള്ള സാധ്യതയും ഈ വളർച്ചയെ ത്വരിതപ്പെടുത്തിയിരിക്കാം ആരാധനാക്രമാനുഷ്ഠാനങ്ങളിലെ നിർജ്ജീവത്വവും ഒരളവുവരെ ഇതിനു കാരണമായിട്ടുണ്ടാകാം. കാരണങ്ങളെന്തുതന്നെയായാലും കൗൺസിലിന്റെ നിർദ്ദേശം നടപ്പിലാക്കുക എന്നതാണ് പ്രശ്ന

www.malankaralibrary.com



പരിഹാരത്തിനുള്ള വഴി. ഭക്താനുഷ്ഠാനങ്ങളെ പ്രോത്സാഹിപ്പിക്കണം; പക്ഷേ, അവ ആരാധനാക്രമത്തിൽ നിന്ന് മുളയെടുക്കുന്നവയും ആരാധനാക്രമത്തിലേക്ക് ജനങ്ങളെ നയിക്കുന്നവയുമായിരിക്കണം (No. 13).

### 6. ആരാധനാക്രമവിവാദങ്ങൾ

കൗൺസിലിനുശേഷം ആരാധനക്രമം എന്നും വിവാദവിഷയമായിരുന്നു. അടുത്തകാലത്ത്, പുതിയൊരു വിവാദത്തിന് തിരികൊളുത്തിയ രണ്ട് ഔദ്യോഗിക രേഖകൾ വെളിച്ചം കാണുകയുണ്ടായി. അവയിൽ ആദ്യത്തേത് ആരാധനാക്രമഗ്രന്ഥങ്ങളിലെ പരിഭാഷയെ സംബന്ധിച്ച Liturgium Authenticam എന്ന പ്രബോധനരേഖയാണ്.[10] രണ്ടാം വത്തിക്കാൻ സൂനഹദോസ് സഭയിൽ വലിയൊരു ആവേശമായി മാറിയ 1960-കളുടെ അവസാനം പരിഭാഷകളുടെ മാനദണ്ഡങ്ങളെപ്പറ്റി പ്രസിദ്ധീകരിച്ച ഒരു രേഖയ്ക്ക് പകരമായിട്ടാണ് Liturgim Authenticam 2001-ൽ പുറപ്പെടുവിച്ചത്. 1969-ലെ രേഖ വിഭാവനം ചെയ്തിരുന്ന പല സ്വതന്ത്രരീതികളും ഒഴിവാക്കിക്കൊണ്ടുള്ളതായിരുന്നു 2001-ലെ രേഖ. ഉദാഹരണത്തിന്, വാക്കുകളോ, പദസമുച്ചയങ്ങളോ അല്ല പരിഭാഷപ്പെടുത്തേണ്ടത്, മറിച്ച് ഒരു പ്രാർത്ഥന എഴുതപ്പെട്ട കാലത്ത് അതിലൂടെ എന്ത് ആശയമാണോ പകരാൻ ആഗ്രഹിച്ചത്. ആ സന്ദേശത്തിലാണ് തർജ്ജമക്കാരൻ ശ്രദ്ധിക്കേണ്ടതെന്ന് 1969-ലെ രേഖ വ്യക്തമാക്കി. മാത്രമല്ല, സാധാരണക്കാർക്കുപോലും എളുപ്പം മനസ്സിലാക്കി പ്രാർത്ഥിക്കാൻ ഉതകുന്ന വാക്യശൈലി ഉപയോഗിക്കണമെന്നും നിർദ്ദേശിച്ചു.[11] എന്നാൽ, 2001-ലെ രേഖ ഈ തത്വത്തിൽ നിന്ന് വ്യതിചലിച്ചുവെന്ന ആക്ഷേപമുണ്ടായി; പദാനുപദ തർജ്ജമയോടാണ് പുതിയരേഖയ്ക്ക് ആഭിമുഖ്യമെന്ന പരാതിയുമുണ്ടായി.

ബലിയർപ്പണത്തിൽ ശ്രദ്ധിക്കേണ്ട ചില ആചാരാനുഷ്ഠാനങ്ങളെ വിശദീകരിക്കുന്നതാണ് രണ്ടാമത്തെ രേഖ.[12] അതിൽ വിശുദ്ധ കുർബാനയുമായി ബന്ധപ്പെട്ട 'അപഭ്രംശങ്ങൾ' ചൂണ്ടിക്കാണിക്കുകയുണ്ടായി. ആ രേഖയിലെ ചില നിർദ്ദേശങ്ങൾ-പ്രധാന കാസയിൽനിന്ന് തിരുരക്തം മറ്റു കാസകളിലേക്ക് പകർത്തുന്നതിനെപ്പറ്റിയും ദിവ്യകാരുണ്യം ഇരുസാദൃശ്യങ്ങളിൽ നല്കുന്നതിനെപ്പറ്റിയും അന്യഭാഷകളിൽ സമൂഹബലിയർപ്പിക്കുന്നതിനെപ്പറ്റിയും മറ്റുമുള്ള നിർദ്ദേശങ്ങൾ-വിമർശന വിധേയമാകുകയുണ്ടായി.

www.malankaralibrary.com



ചില വ്യക്തികളും സമൂഹങ്ങളും ആരാധനക്രമാനുഷ്ഠാനങ്ങളിൽ സ്വീകരിച്ച അതിരുകടന്ന പ്രവണതകളായിരിക്കാം ഇപ്രകാരമുള്ള പ്രബോധനങ്ങൾക്കും നിരോധനങ്ങൾക്കും കാരണം. പുരോഗമനവാദികളുടെ കടിഞ്ഞാണില്ലാത്ത പരിഷ്കരണ പ്രവണതകളും പഴമയിലേക്കുള്ള തിരിച്ചുപോക്കാണ് പ്രശ്നപരിഹാരത്തിനുള്ള ഏകപോംവഴിയെന്ന് വിശ്വസിക്കുന്ന പാരമ്പര്യവാദികളുടെ ശാഠ്യവും സഭയെ കുറച്ചൊന്നുമല്ല ക്ഷീണിപ്പിച്ചത്. ഇതിന്റെ പേരിൽ ക്രമവത്കൃതവും നിയമാനുസൃതവുമായ പല അനുഷ്ഠാനങ്ങളെയും തള്ളിപ്പറയാനും ആരാധനാക്രമത്തെ സ്വഭീഷ്ടമനുസരിച്ച് കൈകാര്യം ചെയ്യാനും ചിലർക്കിടയായി.

1970-കളിലും 1980-കളിലും ഉണ്ടായ ചില പരിഷ്കരണങ്ങൾ ശരിയായ ദിശയിലുള്ളവയായിരുന്നില്ലെന്ന ചിന്ത പലർക്കുമുണ്ട്. ചില പരിഷ്കരണങ്ങൾ വിശുദ്ധ കാര്യങ്ങളെപ്പറ്റിയുള്ള അവബോധം (Sense of the Sacred) നഷ്ടപ്പെടാൻ കാരണമായെന്നതാണ് ഒരു പരാതി. ആരാധനക്രമം ദൈവികരഹസ്യങ്ങളുടെ ആഘോഷമെന്നതിലുപരി മനുഷ്യരുടെ ജീവിതത്തിന്റെ ആഘോഷമായിരിക്കണമെന്ന ചിന്ത വിശുദ്ധ സങ്കല്പങ്ങൾക്കു ഹാനികരമായെന്നും ചിലർ കരുതുന്നു. ചുരുക്കത്തിൽ ആധുനികമനുഷ്യന്റെ ആനുകാലികാവശ്യങ്ങളോടു താദാത്മ്യപ്പെടുത്തണമെന്ന ന്യായമായ ആവശ്യം പ്രാവർത്തികമാക്കിയപ്പോൾ, വേണ്ടത്ര ശ്രദ്ധയില്ലാതെ പോയെന്നാണ് പ്രധാന വിമർശനം.

കൗൺസിലിനു ശേഷമുള്ള ആരാധനക്രമവിവാദങ്ങളുടെ അടിസ്ഥാനകാരണം പഴയക്രമത്തിൽനിന്ന് പുതിയ ക്രമത്തിലേക്കുള്ള മാറ്റമല്ലെന്ന് കർദ്ദിനാൾ റാറ്റ്സിംഗർ പറയുന്നു. ആരാധനക്രമാഘോഷങ്ങളെപ്പറ്റിയുള്ള പരസ്പര വിരുദ്ധങ്ങളെന്നു തോന്നിക്കാവുന്ന വീക്ഷണങ്ങളാണ് വിവാദങ്ങൾക്കു കാരണമായതെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ഒരു വീക്ഷണപ്രകാരം, ആരാധനക്രമനവീകരണമെന്നു പറഞ്ഞാൽ സൃഷ്ടിപരത, സ്വാതന്ത്ര്യം, ആഘോഷം, സമൂഹം എന്നിവയെ ആസ്പദമാക്കിയുള്ള കാര്യങ്ങളാണ്. ക്രമങ്ങൾ (rites), കടമ, ആന്തരികത, സഭാനിയമങ്ങൾ തുടങ്ങിയവ 'പഴയ' ലിറ്റർജിയുടെ ഭാഗമാണ് മറ്റൊരു വീക്ഷണം.[13] ഈ വീക്ഷണമനുസരിച്ച് ലിറ്റർജി ഓരോ സമൂഹവും സന്ദർഭോചിതമായി സൃഷ്ടിക്കുന്നതാണ്, അത് ഒരു പ്രത്യേക

www.malankaralibrary.com



സ്ഥലത്തും സമയത്തും സമ്മേളിക്കുന്ന സമൂഹത്തിന്റെ ആഘോഷമാണ്. അല്ലാതെ, ആഘോഷിക്കുന്നതിനായി അവർക്ക് 'നല്കപ്പെടുന്ന'തും (given) വസ്തുനിഷ്ഠവുമായ (objective) ദൈവികദാനമല്ല. അതുകൊണ്ട് ആരാധനക്രമനവീകരണത്തിന്റെ പേരിലുള്ള സ്വയം വിമർശനം (self critism) സ്വയം നാശത്തിലേക്കു (self-destruction) വഴുതിവീഴാതിരിക്കാൻ ശ്രദ്ധിക്കണം.[14]

**ഉപസംഹാരം**

കൗൺസിലിന്റെ ആരാധനക്രമനവീകരണത്തിന്റെ ഫലമെന്തെന്ന ചോദ്യത്തിന് ആദ്യം മനസ്സിൽ വരുന്ന ഉത്തരമിതാണ്: ആരാധനക്രമത്തിന്റെ ലളിതവത്കരണം, പ്രാർത്ഥനകൾ, മാതൃഭാഷയിലാക്കിയതിന്റെ സന്തോഷം, സജീവഭാഗഭാഗിത്വം, ആരാധനക്രമത്തിന്റെ സാമൂഹിക സ്വഭാവത്തെപ്പറ്റിയുള്ള അവബോധം. അതേയമയം, ഇതിന് ഒരു മറുവശമുണ്ട്: നിയതക്രമങ്ങളോടുള്ള എതിർപ്പ്, സൃഷ്ടിപരതയുടെ പേരിലുള്ള ഏകപക്ഷീയവ്യതിചലനങ്ങൾ, ബഹളമയമായ പ്രാർത്ഥനകളും ഗീതങ്ങളും, നിശബ്ദതയുടെ അഭാവം.

രണ്ടാം വത്തിക്കാൻ സൂനഹദോസിനു ശേഷം സഭാജീവിതത്തെ കൗൺസിലിനു മുമ്പും പിമ്പും എന്നു വേർതിരിക്കുന്ന ഒരു പ്രവണതയുണ്ട്. ഈ ലേഖനത്തിന്റെ തലക്കെട്ടും (വത്തിക്കാൻ കൗൺസിലിലും ശേഷവും) ഈ പ്രവണതയുടെ ഭാഗമാണ്. ശരിയായ അർത്ഥത്തിൽ മനസ്സിലാക്കിയില്ലെങ്കിൽ അപകടകരമായ ഒരു വേർതിരിവാണിത്. കൗൺസിലിനു മുമ്പും കൗൺസിലിലും കൗൺസിലിനുശേഷവും ഒരേയൊരു സഭ തന്നെയാണുള്ളത്. ചരിത്രത്തിലൂടെ നാഥനിലേക്കു തീർത്ഥയാത്ര നടത്തുന്ന സഭ ഇന്നലെയും ഇന്നും നാളെയും ഒന്നുതന്നെയാണ്.

ലിറ്റർജിയെ സംബന്ധിച്ചും ഇതു വാസ്തവമാണ്. ലിറ്റർജിയുടെ അർത്ഥത്തെയും ലക്ഷ്യത്തെയും സംബന്ധിച്ച് ഒരു വ്യത്യാസവുമില്ല. അതിന്റെ അവതരണരീതിയിലും, വ്യാഖ്യാനത്തിലും മറ്റും വ്യത്യാസങ്ങൾ കാണാമെങ്കിലും ഒരു കാലഘട്ടത്തിലെ സഭാപ്രബോധനങ്ങളെ അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യുകയും മറ്റൊരു കാല

www.malankaralibrary.com



ഘട്ടത്തിലേതു സ്വീകാര്യമാണെന്ന് കരുതുകയും ചെയ്യുന്നത് കത്തോലിക്കാ വീക്ഷണങ്ങളിലെ ആർച്ചുബിഷപ്പ് മാർസൽ ലെഫേവ്റിന്റെ 'ആരാധനാക്രമം മൗലികവാദം' ഈ വീഷണത്തിന്റെ പരിണിതഫലമാണ്. വിശുദ്ധ 10-ാം പീയൂസിന്റെ ആരാധനക്രമപ്രബോധനങ്ങളുടെയും ഒന്നാം വത്തിക്കാൻ സൂനഹദോസിന്റെയും അംഗീകരിക്കുന്ന അദ്ദേഹം പോൾ ആറാമൻ, ജോൺ പോൾ രണ്ടാമൻ എന്നീ മാർപാപ്പമാരുടെ പ്രബോധനങ്ങളെയും രണ്ടാം വത്തിക്കാൻ സൂനഹദോസിനെയും അംഗീകരിക്കാൻ തയ്യാറായില്ല. 'ഇത് അപകടകരമായ ഒരു പ്രവണതയാണ്'. വിശുദ്ധ അഗസ്റ്റിൻ പറഞ്ഞുവച്ചതാണ് ലിറ്റർജി പോലുള്ള വിഷയങ്ങളിൽ നമുക്ക് മാർഗദീപമാണ്: അവശ്യകാര്യങ്ങളിൽ ഐക്യം; സംശയകാര്യങ്ങളിൽ സ്വാതന്ത്ര്യം; എല്ലാകാര്യങ്ങളിലും സ്നേഹം.

**കുറിപ്പുകൾ**

1. Robert Taft, 'The liturgical year: studies, prospets, reflections' in *worship* 55 (1981)3.
2. Robert Taft, *The Liturgy of the Hours in the Christian East*, Cochin - no date, P.ix.
3. Aidau Kovanagh, O*n Liturgical Theology*, Minnesota, 1992, P.131.
4. Apostolic Exhortation '*Orientale Lumen*', Rome, 1995, No.8.
5. Joseph Ratzinger - *Vittorio Messori, The Ratzinger Report,* San Francisco,1985, P.38.
6. Joseph Ratzinger - V*ittorio Messori, The Ratzinger Report*, P.P. 131-132.
7. Joseph Ratzinger - *Vittorio Messori, The RatzingerReport*, P.128.
8. Paul Puthanangady (ed.), *Popular Devotions in India*, Banglore, 1986.
9. Statement in W*ord and Worship*, November – December, 2005, P.P.417-418.
10. Congregation for Divine Worship and the Discipline of the Sacrements, *Liturgiam Authenticam*, Rome, 2001.

www.malankaralibrary.com



11. Consilium for the Implementation of the Constitution on the Sacred Liturgy, *Instruction on Translation of Liturgical Books*, Rome, 1969.
12. Congregation for Divine Worship and the Discipline of the Sacrements, *Sacrementum Redemptoris*, Rome, 2004.
13. Joseph Ratzinger, *Feast of Faith*, San Francisco, 1986, P.61.
14. Joseph Ratzinger – *Vittorio Messori, The Ratzinger Report*, P.29.

www.malankaralibrary.com

# കൗൺസിൽ വീക്ഷണത്തിന്റെ സ്വീകരണം

റവ. ഡോ. പോൾ പുളിക്കൽ

## 1. ആമുഖം

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സ്വീകരണം സങ്കീർണവും വൈവിധ്യവുമാർന്ന മാനങ്ങൾ ഉൾക്കൊള്ളുന്നു. കൗൺസിൽ വീക്ഷണം പ്രയോഗത്തിലാക്കാനുള്ള പ്രയാണത്തിൽ ഭാരതസഭയിലും പ്രത്യേകിച്ച് കേരളസഭയിലും ഉയർന്നുവന്ന സവിശേഷ സാഹചര്യങ്ങളുടെയും പ്രശ്നങ്ങളുടെയും ഒരവലോകനവും വിലയിരുത്തലുമാണ് നാം ഇവിടെ നടത്തുക. ഭാവിയിലെ കൗൺസിൽ സ്വീകരണത്തിന് ദിശാസൂചകമായി വർത്തിക്കേണ്ട ചില ദർശനങ്ങൾ നല്കാനും നാമിവിടെ പരിശ്രമിക്കുന്നു. കൗൺസിൽ സ്വീകരണത്തിന്റെ (പ്രയോഗത്തിൽ) വിവിധ മേഖലകൾ വിശാലമാണ്. ലിറ്റർജി, സാംസ്കാരികാനുരൂപണം, മതാന്തരസംവാദവും സൗഹൃദവും, എക്യുമെനിസം, സാമൂഹികപ്രതിബദ്ധത തുടങ്ങിയവ നമ്മുടെ പ്രത്യേക പഠനത്തിന് വിഷയമാക്കേണ്ടതാണ്.

## 2. കൗൺസിൽ സ്വീകരണത്തിന്റെ വ്യാഖ്യാനരീതി

കൗൺസിൽ സ്വീകരണം സഭ മുഴുവന്റെയും ദൗത്യമാണ്. ആത്മാവിനാൽ നയിക്കപ്പെടുന്ന സഭയിലെ ഓരോ അംഗവും തങ്ങളുടെ വിശ്വാസത്തിന്റ തുറവിയിൽ ആത്മാവിനാൽ പ്രചോദിതരായി ഈ

www.malankaralibrary.com



സ്വീകരണത്തിൽ ഭാഗഭാക്കുകളാണ്.[1] സഭ മുഴുവനും ഈ സ്വീകരണത്തിൽ പങ്കാളിയാണെങ്കിൽ ഭാരത, കേരളസഭയുടെ പശ്ചാത്തലത്തിൽ നിന്ന് എന്താണ് നാം പഠിക്കേണ്ടത്? സംസ്കാരം, വംശം, ഭാഷ എന്നിവയിലെ വൈവിധ്യവും ലോകമഹാമതങ്ങളുടെ സാന്നിദ്ധ്യവും ക്രൈസ്തവസഭയുടെ ന്യൂനപക്ഷസ്വഭാവവും വലിയൊരു വിഭാഗം ഇന്ത്യൻ ജനതയുടെ സാമ്പത്തികാടിമത്തവും നമ്മുടെ സവിശേഷസാഹചര്യങ്ങളാണ്. കത്തോലിക്കാ കൂട്ടായ്മയിലെ മൂന്നുസഭകളുടെ സഹവർത്തിത്വവും സഹവാസവും കൗൺസിൽ സ്വീകരണത്തെപ്പറ്റി ചിന്തിക്കുമ്പോൾ നമ്മുടെ മുമ്പിൽ വരേണ്ടതാണ്. ആഗോളീകരണവും പുതിയ സാമ്പത്തികക്രമങ്ങളും അവ ഉയർത്തുന്ന വെല്ലുവിളികളും സാധ്യതകളും നാം പഠനവിഷയമാക്കണം.

കൗൺസിൽ സ്വീകരണത്തിനുള്ള മാനദണ്ഡങ്ങൾ പരിശോധിക്കുമ്പോൾ വിവിധ ഘടകങ്ങൾ തമ്മിലുള്ള ഒരു പാരസ്പര്യസ്വീകരണത്തിന് (a dialogical reception) നാം ഊന്നൽ കൊടുക്കേണ്ടതാണ്. ഈ മേഖലയിൽ ചില ചോദ്യങ്ങൾ മാനദണ്ഡങ്ങളായി നമുക്ക് കൊടുക്കാം. 1. കൗൺസിൽ രേഖകളുടെ സ്വീകരണം ക്രിസ്തീയ പാരമ്പര്യത്തോടും അനുഭവത്തോടും വിശ്വസ്തത പുലർത്തുന്നുണ്ടോ? 2. വിശ്വാസികളുടെ പൊതുസമ്മതത്തിനനുസരിച്ചു വേണം (Sensus Fidelium) വിശ്വാസസത്യങ്ങളുടെ രൂപീകരണം എന്ന തത്ത്വത്തോട് കൗൺസിൽ സ്വീകരണം തുറവി പുലർത്തുന്നുണ്ടോ? 3. ക്രിസ്തീയ സാഹചര്യങ്ങളുടെ എക്യുമെനിക്കൽ ആവശ്യങ്ങളോട് കൗൺസിലിന്റെ സ്വീകരണം നീതി പുലർത്തിയോ? 4. സഭയുടെ ന്യായമായ അധികാരസ്ഥാനങ്ങളോടും സഭാപഠനങ്ങളോടും കൗൺസിലിന്റെ സ്വീകരണം വിശ്വസ്തത കാണിക്കുന്നുണ്ടോ? 5. ക്രൈസ്തവേതര മതങ്ങളിലെ ജനകോടികളുടെ രക്ഷാസാധ്യതയുമായി എപ്രകാരം കൗൺസിൽ രേഖകളുടെ സ്വീകരണം സംവദിക്കുന്നു?

'സഭകളുടെ കൂട്ടായ്മയുടെ ദൈവശാസ്ത്രം' കൗൺസിൽ സ്വീകരണത്തിൽ സുപ്രധാന പങ്കുവഹിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിനു മുമ്പ് വ്യക്തിഗത/പ്രാദേശികസഭകളെ സാർവത്രികസഭയുടെ ഭാഗമായി മാത്രമാണ് കണ്ടിരുന്നത്. വ്യക്തിഗതസഭകളെ സാർവത്രികസഭയുടെത്തന്നെ പ്രകാശനമായിക്കാണാൻ കൗൺസിൽ സഭാശാസ്ത്രം-പ്രത്യേകിച്ച് പൗരസ്ത്യസഭകളുടേത്-ശ്രമിക്കുന്നു. രണ്ടാം

www.malankaralibrary.com



വത്തിക്കാൻ കൗൺസിൽ വ്യക്തിഗതസഭയുടെ ആധ്യാത്മികതയും കാനൻ നിയമവും ലിറ്റർജിയും ദൈവശാസ്ത്രവീക്ഷണങ്ങളും അംഗീകരിച്ചുവെന്നും കൂട്ടായ്മയുടെ ദൈവശാസ്ത്രത്തിന് ഊന്നൽ കൊടുത്തുവെന്നും നാം ഓർക്കേണ്ടതാണ്.

### 3. കൗൺസിലും സാംസ്കാരികാനുരൂപണവും[2]

സഭാജീവിതം "ഓരോ സംസ്കാരത്തിന്റെയും സ്വഭാവ സവിശേഷതകളിലേക്കും തനതായ പാരമ്പര്യങ്ങളിലേക്കും അനുരൂപണം ചെയ്യപ്പെടണമെന്ന്" കൗൺസിൽ ആഗ്രഹിക്കുന്നു (AG. 22). സാംസ്കാരികാനുരൂപണം വഴിയായി സഭ തന്റെ അസ്തിത്വത്തെ അർത്ഥപൂർണമായ ഒരടയാളമായും അത് തന്റെ ദൗത്യത്തിന് കാര്യക്ഷമമായ ഒരു ഉപകരണമായും മാറുന്നതായി 'സഭ ഏഷ്യയിൽ' (No. 21) വ്യക്തമാക്കുന്നു. കൗൺസിൽ സ്വീകരണത്തിന്റെ അളവുകോലായി ഈ സാംസ്കാരികാനുരൂപണ പ്രക്രിയയെ കണക്കിലെടുക്കാം. സഭയുടെ ഇതുവരെയുള്ള യഥാർത്ഥ പാരമ്പര്യങ്ങളിൽ നിന്ന് മാറിനിന്നുള്ള ഒന്നല്ല ഈ സാംസ്കാരികാനുരൂപണം.

സാംസ്കാരികാനുരൂപണത്തിൽ ദൈവശാസ്ത്രജ്ഞരുടെ പങ്ക് അനിവാര്യമാണ്. ഇന്ത്യൻ പൈതൃകവും തത്ത്വചിന്തയും ക്രിസ്തീയ ദർശനം വ്യാഖ്യാനിക്കാൻ ഉപയുക്തമാക്കാൻ ഭാരതസഭ ശ്രദ്ധിക്കണമെന്ന് "വിശ്വാസവും യുക്തിയും" (No. 72). എന്ന ലേഖനത്തിൽ ജോൺ പോൾ രണ്ടാമൻ പാപ്പ ഇന്ത്യൻ ക്രൈസ്തവരോട് ആവശ്യപ്പെടുന്നു. നല്ലതും ശ്രേഷ്ഠവുമായ മറ്റു മതങ്ങളിലെ മൂല്യങ്ങളെ മാനിക്കുവാനുള്ള കൗൺസിൽ ആഹ്വാനത്തിന് ചെവികൊടുക്കുമ്പോൾ തന്നെ (NA. 2) വൈരുദ്ധ്യാത്മക നിലപാടുകൾ എല്ലാം ഒരുപോലെ സ്വീകാര്യമെന്ന വാദവും (syncretism) ക്രിസ്തീയ ജീവിതശൈലിയുടെ ഒലിച്ചുപോക്കും സംഭവിക്കരുത്. കൗൺസിൽ രേഖകളുടെ സ്വീകരണത്തിലും പ്രയോഗത്തിലും മെത്രാന്മാർക്ക് ദൈവശാസ്ത്രജ്ഞരുടെ സഹായം തേടാവുന്നതാണ്. CBCI യുടെ ദൈവശാസ്ത്രകമ്മീഷൻ ചെയർമാൻ ബിഷപ്പ് തോമസ് ഡാബ്രെ പറയുന്നതുപോലെ സഭ പ്രബോധന രേഖകളുടെ സ്വീകരണം സജീവവും പ്രാദേശികവും ഭാരതീയവുമാകാൻ ദൈവശാസ്ത്രജ്ഞരുടെ സഹായം ആവശ്യമാണ്[3] ('കേരളീയവുമാകാൻ') എന്നു നമുക്ക് കൂട്ടിച്ചേർക്കാം.

www.malankaralibrary.com



കൗൺസിൽ സ്വീകരണം വ്യത്യസ്ത സഭകളുടെ ചരിത്രവും സ്വഭാവസവിശേഷതകളും ആധ്യാത്മിക പൈതൃകവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. കൗൺസിൽ സ്വീകരണം നൈയാമികമായ ഒരു തീരുമാനം എന്നതിനെക്കാൾ സഭയിലെ നിരന്തരമായ ഒരു പ്രക്രിയയാണ്. ചുരുക്കത്തിൽ "വിശ്വാസസമൂഹത്തിന്റെ സവിശേഷ സാഹചര്യങ്ങൾക്കിടയിൽ കൗൺസിൽ പ്രബോധനങ്ങളുടെ സ്വയം പ്രേരിതമായ ഒരു സ്വാംശീകരണം ആണ് കൗൺസിൽ സ്വീകരണം" എന്നു പറയാം. ഈ പ്രബോധനങ്ങളുടെ അരൂപി പിഞ്ചെല്ലാനുള്ള സഭ മുഴുവന്റെയും സഭാംഗങ്ങൾ ഓരോരുത്തരുടെയും പ്രതിബദ്ധതയും ഇവിടെ കടന്നു വരുന്നു.

**4. ഭാരതസഭയുടെ കൗൺസിൽ പങ്കാളിത്തം[4]**

സാമ്പത്തിക സാമൂഹിക മേഖലകളിൽ നീതിപൂർവകമായ സമീപനം, ദരിദ്രരോട് സുവിശേഷം പ്രസംഗിക്കാനുള്ള ആഹ്വാനം, ക്രൈസ്തവേതരമതങ്ങളുടെ പൈതൃകം കാണിക്കാനുള്ള സന്നദ്ധത, ക്രൈസ്തവികതയുടെ ഇന്ത്യൻ മണ്ണിലെ സാംസ്കാരികാനുരൂപണം, പ്രത്യേകമായി ലിറ്റർജിയുടെ അനുരൂപണം, സഭാനവീകരണത്തിൽ ധീരമായ മുൻകൈയെടുക്കൽ സാധ്യമാകും വിധം ആവശ്യമായ സ്വാതന്ത്ര്യത്തോടുകൂടിയുള്ള ബിഷപ്പസ് കോൺഫ്രൻസുകളുടെ രൂപീകരണം എന്നിവ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഭാരതപങ്കാളിത്തത്തിൽ എടുത്തുപറയേണ്ടവയാണ്. അതേസമയം വ്യക്തമായ ഒരു ദൈവശാസ്ത്രത്തിന്റ അഭാവം, അധികാരവികേന്ദ്രീകരണത്തിന്റെ അസാന്നിധ്യം അധികാരസീമകളുടെ ബഹുത്വം (Multijurisdiction) സംബന്ധിച്ച ഭിന്നതകൾ തുടങ്ങിയവ കൗൺസിലിനെ അർത്ഥപൂർണമായ ഇന്ത്യൻ പങ്കാളിത്തത്തിന് വിലങ്ങു തടിയായിരുന്ന വസ്തുതകൾ ആണ്.

**5. കൗൺസിലിനു ശേഷം**

1969-ൽ ബാംഗ്ലൂരിൽ നടന്ന "Church in India Seminar" കൗൺസിൽ സ്വീകരണത്തിന് മാർഗരേഖ നല്കി എന്നു പറയാം. സഭയുടെ ദൗത്യത്തിൽ പ്രത്യേകമായ ദർശനവും പ്ലാനുകളും ഈ സെമിനാർ നല്കും. ഇന്ത്യൻ മണ്ണിൽ രൂഢമൂലമായ ഒരു സഭയെയും ഭാരത്തിലെ വിവിധ ഭാഷകളോടും സംസ്കാരങ്ങളോടും ജീവിതരീതിക

www.malankaralibrary.com



ളോടും സഹവസിച്ചുകൊണ്ട് ഇന്ത്യൻ ജനതയുടെ സന്തോഷത്തിലും പ്രത്യാശകളിലും ദുഃഖത്തിലും ഉത്കണ്ഠകളിലും (GS. 1) പങ്കുപറ്റുന്ന ഒരു സഭാദർശനമാണ് ഈ സെമിനാർ മുന്നിൽ കണ്ടത്. പ്രത്യേകമായ രീതിയിൽ ലിറ്റർജിയിലാണ് കൗൺസിൽ വിഭാവനം ചെയ്ത അനുരൂപണം നടന്നത്. ഈ മേഖലയിലെ സുപ്രധാന നാഴികക്കല്ല് 1967-ൽ ഉദ്ഘാടനം ചെയ്യപ്പെട്ട NBCLC ആയിരുന്നു. 1968 മുതൽ ആരംഭിച്ച All India Liturgical Meetings ലിററർജി നവീകരണത്തിൽ പ്രത്യേക പങ്കുവഹിച്ചു.[5] ലിറിറർജി നവീകരണത്തിൽ ചില സവിശേഷതകൾ നമുക്ക് ശ്രദ്ധിക്കാം. ദക്ഷിണേന്ത്യയിൽ എന്നതിനെക്കാൾ ഉത്തരേന്ത്യയിൽ പട്ടണത്തെക്കാൾ ഗ്രാമങ്ങളിൽ, ഇടവകസമൂഹങ്ങളെക്കാൾ കൂടുതലായി സന്യാസപരിശീലന ഭവനങ്ങളിൽ, മുതിർന്ന തലമുറയെക്കാൾ യുവജനങ്ങളിലാണ് ലിറ്റർജി നവീകരണം കൂടുതലായി സ്വീകരിക്കപ്പെട്ടത്. ഒരു അജപാലക ലിറ്റർജിക്കൽ പരിശീലനം സഭാനവീകരണത്തിന്റെ ഒരു അടിയന്തരാവശ്യമായി പൊതുവെ കാണപ്പെട്ടു. അല്മായർക്ക് ആഴമായ ലിറ്റർജി പരിശീലനം നല്കേണ്ടതുണ്ടെന്നും ലിറ്റർജിയുടെ സാമൂഹികസ്വഭാവം വ്യക്തമായി സൂക്ഷിക്കണമെന്നും നവീകരണത്തിൽ ചില ഊന്നലുകൾ - ഉദാ: ദൈവവചനശുശ്രൂഷ, ഗ്രൂപ്പ് ലിറ്റർജി, കുഞ്ഞുങ്ങൾക്കും യുവജനങ്ങൾക്കുമുള്ള സവിശേഷമായ ലിറ്റർജികൾ etc ഉണ്ടാകണമെന്നും പൊതുവെ അഭിപ്രായമുണ്ടായി.

കൗൺസിലിനു ശേഷമുള്ള ആദ്യദശകത്തിൽ ലിറ്റർജിയിൽ നിരവധി പരീക്ഷണങ്ങൾ ഉണ്ടായി. ഭാരതീയപൂജയും (വിവിധ സാഹചര്യങ്ങൾക്കും ആഘോഷങ്ങൾക്കും ഉത്സവങ്ങൾക്കും പ്രത്യേക ടെക്സ്റ്റുകൾ) കാനോന നമസ്കാരത്തിൽ ക്രൈസ്തവേതര മതഗ്രന്ഥങ്ങളുടെ പരീക്ഷണാർത്ഥമുള്ള ഉപയോഗം എടുത്തു പറയേണ്ടതാണ്. 'ക്രിസ്തുരഹസ്യങ്ങളുടെ ആഴമായ സമ്പത്ത് വെളിപ്പെടുത്തുന്ന യഥാർത്ഥമായ, വിവിധ രൂപങ്ങളിലുള്ള ഒരു ആരാധനാക്രമം കരുപ്പിടിപ്പിക്കുകയായിരുന്നു ഈ സാംസ്കാരികാനുരൂപണങ്ങളുടെ ലക്ഷ്യം'. 1973-ൽ ആരംഭിച്ച ഭാരതീയ പൂജ 1975-ൽ റോമിലെ ദൈവാരാധനയ്ക്കുള്ള കോൺഗ്രിഗേഷൻ പിൻവലിച്ചു. സീറോമലബാർ സഭയിൽ ധർമാരാം കോളേജിൽ നിന്ന് ഭാരതീയസാഹചര്യങ്ങൾക്കനുരൂപപ്പെടുത്തിയ ഒരു ക്രമം CMI പരിശീലന ഭവനങ്ങളിൽ ഉപയോഗിക്കാൻ രൂപപ്പെടുത്തിയെടുത്തു. ഈ രണ്ടു ടെക്സ്റ്റുകളുടെയും അടിസ്ഥാനത്തിൽ കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ ഭാരതീയ പൂജയുടെ മറ്റൊരു ക്രമത്തിനും

www.malankaralibrary.com



രൂപം കൊടുത്തു. ചില ഇടവകകളിലും പരിശീലനഭവനങ്ങളിലും അത് പരീക്ഷണാർത്ഥം ഉപയോഗിക്കപ്പെട്ടെങ്കിലും റോമിന്റെ നിർദ്ദേശാനുസരണം അവയും പിൻവലിക്കപ്പെട്ടു.[6]

### 6. മതാന്തരസംവാദം

1965 മുതൽത്തന്നെ മതാന്തരസംവാദത്തിനായി വിവിധ ഡയലോഗ് സെന്ററുകൾ തുറക്കുകയും നിരവധി ചർച്ചാ സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്തു. 1969-ൽ മതാന്തരസംവാദത്തിനായി ഒരു കമ്മീഷൻ CBCI സംഘടിപ്പിച്ചു. ഈ രംഗത്തെ സുപ്രധാന സംഭവം 1973-ലെ സുവിശേഷവത്കരണത്തെ സംബന്ധിച്ചു നടന്ന Patna National Consultation ആണ്. സ്വയം ശുദ്ധീകൃതരായി ദൈവികരഹസ്യത്തിനുമുമ്പിൽ ഹൃദയം തുറക്കുവാനും മറ്റു മതങ്ങളുടെ ആധ്യാത്മികാനുഭവത്തിൽ നിന്ന് സമ്പന്നരാകാനും ശ്രമിക്കുകയെന്ന ദിശാബോധമാണ് ഇക്കാലഘട്ടത്തിൽ ഭാരതസഭയെ നയിക്കുന്നത്. 1974-ലെ CBCI കോൺഫ്രറൻസ് 'മറ്റു മതപാരമ്പര്യങ്ങളിലെ ദൈവത്തിന്റെ രക്ഷാകര സാന്നിധ്യത്തിലുള്ള ക്രൈസ്തവ വിശ്വാസത്തിന്റെ പ്രതികരണമായി മതാന്തരസംവാദത്തെ കാണുവാൻ' സഭയെ ഉദ്ബോധിപ്പിച്ചു. 1974-ലെ സുവിശേഷവത്കരണത്തെപ്പറ്റിയുള്ള സിനഡിൽ ഒരു ചാലകശക്തിയായി CBCI യുടെ ഈ മേഖലയിലെ പ്രബോധനങ്ങൾ നിലകൊണ്ടു. 1977-ലും 1989-ലും ഡയലോഗിനുള്ള CBCI കമ്മീഷൻ പുറപ്പെടുവിച്ച മാർഗരേഖ സ്വന്തം വിശ്വാസത്തിന് സാക്ഷ്യം വഹിച്ചുകൊണ്ട് തന്നെ മറ്റുമതങ്ങളിലെ മൂല്യങ്ങളിൽ നിന്ന് സമ്പന്നരാകാൻ സഭാംഗങ്ങളെ ആഹ്വാനം ചെയ്തു.

### 7. എക്യുമെനിസം

കൗൺസിലിനുശേഷം എക്യുമെനിക്കൽ രംഗത്തെ സുപ്രധാന നാഴികക്കല്ലുകൾ താഴെപ്പറയുന്നവയാണ്. 1970-ലെ എക്യുമെനിക്കൽ മാർഗരേഖ, (റോമിലെ ക്രൈസ്തവൈക്യത്തിനുള്ള കാര്യാലയത്തിൽ നിന്ന്) CBCI, NCCI, സിറിയൻ ഓർത്തഡോക്സ് സഭ എന്നിവർ സംയുക്തമായി രൂപീകരിച്ച All India Co-ordinating Body (1970), എക്യുമെനിക്കൽ ക്രിസ്റ്റ്യൻ സെന്റർ (1972), സൊസൈറ്റി ഫോർ ബിബ്ലിക്കൽ സ്റ്റഡീസ്, ഇൻഡ്യൻ ക്രിസ്റ്റ്യൻ തിയോളജിക്കൽ അസ്സോസിയേഷൻ, ചർച്ച്

www.malankaralibrary.com



ഹിസ്റ്ററി അസോസിയേഷൻ ഓഫ് ഇൻഡ്യ എന്നിവയുടെ രൂപീകരണം തുടങ്ങിയവ എടുത്തു പറയാവുന്നതാണ്. വിയന്നയിലെ Pro-Oriente കേരളത്തിലെ സീറോമലബാർ, മലങ്കരസഭകളുമായി ചേർന്ന് ഓർത്തഡോക്സ്, അസ്സീറിയൻ സഭകളുമായി സ്തുര്യർഹമായ രീതിയിൽ എക്യുമെനിക്കൽ ഡയലോഗ് നടത്തുന്നു.

ഇക്കാലഘട്ടത്തിലെ ചില കുറവുകൾ താഴെപ്പറയുന്നവയാണ്. ലിറ്റർജിയും മറ്റുമുള്ള പരീക്ഷണങ്ങൾക്കായി വേണ്ടവിധം ജനങ്ങളെ ഒരുക്കിയിരുന്നില്ല എന്നതും പരീക്ഷണത്തിൽ നിന്ന് സഭയ്ക്ക് ഗുണകരമായത് സ്വീകരിക്കാനുള്ള സമയദൈർഘ്യം ഇത്തരം സംരംഭങ്ങൾക്ക് നല്കിയില്ല എന്നതും കാര്യമായ ഒരു ന്യൂനതയായിരുന്നു. All India Seminar-ലെ താരതമ്യേന കുറഞ്ഞ അകത്തോലിക്കാ പങ്കാളിത്തം, പെന്റക്കോസ്റ്റൽ വിഭാഗങ്ങളുടെ മുന്നേറ്റം, സിറിയൻ ഓർത്തഡോക്സ് സഭയിലെ പിളർപ്പ് തുടങ്ങിയവ എക്യുമെനിക്കൽ രംഗത്തെ വെല്ലുവിളികളായിരുന്നു. മതാന്തരസംവാദത്തോടുള്ള സംശയങ്ങളും ഉത്കണ്ഠകളും വളരെ വ്യക്തമായി ഈ കാലഘട്ടത്തിൽ കാണാം.

### 8. 1975–1987

ഇക്കാലഘട്ടത്തിലെ സുപ്രധാന സംഭവങ്ങൾ താഴെപ്പറയുന്നവയാണ്. 1976-ൽ ബാംഗ്ലൂരിൽ നടന്ന റിസേർച്ച് സെമിനാറിലും ദേശീയ ചർച്ചാസമ്മേനത്തിലും സഭാശുശ്രൂഷകളിൽ അല്മായ പങ്കാളിത്തം വർദ്ധിപ്പിക്കുക, ഡീക്കൻ സ്ഥാനത്തിന്റെ അർത്ഥം വീണ്ടും കണ്ടെത്തുക, സഭാശുശ്രൂഷകളിൽ സ്ത്രീകൾക്ക് കൂടുതലായ പങ്കാളിത്തം നല്കുക എന്നീ വിഷയങ്ങളെപ്പറ്റി ആഴമായ ചർച്ചകൾ നടത്തുകയും ഈ ചർച്ചയുടെ കണ്ടെത്തലുകൾ 1977-ൽ FABC ഹോംകോംഗിൽ സംഘടിപ്പിച്ച 'ശുശ്രൂഷകളെപ്പറ്റിയുള്ള Asian Colloquium' ലേക്ക് അയച്ചുകൊടുക്കുകയും ചെയ്തു. സെമിനാരി പരിശീലനത്തിന്റെ അനുരൂപണം, പുതിയ അല്മായ ശുശ്രൂഷകളുടെ രൂപീകരണം (ഉദാ: animator of prayer, minister for liturgical animation, minister of social concern...) എന്നിവയും സെമിനാറിലെ വിഷയങ്ങളായിരുന്നു.

കൗൺസിലിന്റെ 15 വർഷങ്ങൾക്കുശേഷം വിദ്യാജ്യോതി മാസിക കൗൺസിൽ സ്വീകരണത്തെപ്പറ്റി പഠിച്ചു.[7] അതിന്റെ രത്നച്ചു

www.malankaralibrary.com



രുക്കം ഇതായിരുന്നു: "കൗൺസിൽ നവീകരണത്തിനായി തിടുക്കം കാണിക്കുന്നവരും ഈ വേഗത പിഞ്ചെല്ലാൻ കഴിയാത്തവരുമായി വലിയ അന്തരം കാണുന്നു". ഈ കാലഘട്ടത്തിലെ ദൈവശാസ്ത്രവിചിന്തനങ്ങളിലും സഭാജീവിതത്തിലും കാണുന്ന സുപ്രധാനമായ ഒരു ചിന്ത സഭ പാവപ്പെട്ടവരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കണമെന്ന യാഥാർത്ഥ്യമാണ്. മനുഷ്യാവകാശങ്ങൾക്കും സാമൂഹികനീതിക്കും വേണ്ടി പല സമർപ്പിതരും രംഗത്തുവരുന്നതും വിമോചനദൈവശാസ്ത്രം സഭാജീവിതത്തിൽ സജീവപരിഗണനയ്ക്കു വരുന്നതും ഇക്കാലഘട്ടത്തിലാണ്. 1981-ൽ ബാംഗ്ലൂരിൽ നടന്ന Indian Church in the Struggle for a New Society സെമിനാർ സാമൂഹ്യ സാമ്പത്തിക അസമത്വങ്ങളും ഉള്ളവനും ഇല്ലാത്തവനും തമ്മിൽ വർദ്ധിച്ചുവരുന്ന അന്തരവും വ്യക്തമാക്കി.

1983-ൽ ലിറ്റർജി, എക്യുമെനിസം, ബൈബിൾ നവീകരണം, ധാർമിക പ്രബോധനങ്ങൾ, സമ്പർക്ക മാധ്യമങ്ങൾ എന്നീ മേഖലകളിൽ കൗൺസിൽ സ്വീകരണം വിദ്യാജ്യോതി മാസിക വീണ്ടും പഠനവിധേയമാക്കി.[8] ലിറ്റർജി നവീകരണം താഴെപ്പറയുന്ന മേഖലകളിൽ ദൃശ്യമാണ്. സഭയുടെ യാമപ്രാർത്ഥനകളിൽ ക്രൈസ്തവേതര മതഗ്രന്ഥങ്ങളിൽ നിന്നുള്ള പ്രാർത്ഥനകളുടെ പരീക്ഷണാർത്ഥമുള്ള ഉപയോഗം, ഒരു ഇന്ത്യൻ അനാഫറയുടെ രൂപീകരണം, ക്രിസ്ത്യൻ കലകളിൽ ഇന്ത്യൻ പ്രതീകങ്ങളുടെ ഉൾചേർക്കൽ, വി. കുർബാനയുടെ നവീകരണത്തിനായി നല്കപ്പെട്ട 12 കാര്യങ്ങൾ. താഴെത്തട്ടിലേക്കിറങ്ങാത്ത എക്യുമെനിക്കൽ ഡയലോഗിൽ ഔരോ സഭയും തങ്ങളുടെ സുരക്ഷിതത്വം മാത്രമാണ് മുന്നിൽ കണ്ടതെന്ന വിലയിരുത്തലാണ് കുറവുകളിലൊന്നായി ചൂണ്ടിക്കാണിക്കപ്പെട്ടത്.

1985-ലെ രണ്ടാം വത്തിക്കാൻ കൗൺസിലിനെപ്പറ്റിയുള്ള പ്രത്യേകമായ സിനഡും 1986-ലെ ജോൺ പോൾ രണ്ടാമൻ പാപ്പായുടെ ഭാരതസന്ദർശനവും കൗൺസിൽ സ്വീകരണത്തിന്റെ മേഖലയിൽ സുപ്രധാന സംഭാവനകൾ നല്കിയിട്ടുണ്ട്.

### 9. കൗൺസിൽ സ്വീകരണവും ആനുകാലികസഭയും

1987-ലെ മാർപാപ്പയുടെ എഴുത്തോടെ പുതിയൊരു ഹയ

www.malankaralibrary.com



റാർക്കിക്കൽ സംവിധാനം ഭാരതസഭയിൽ സംജാതമായി. ഓരോ സഭകളുടെയും എപ്പിസ്കോപ്പൽ സംവിധാനങ്ങൾ നിലവിൽ വരുകയും ഭാരതസഭയുടെ പൊതുതാത്പര്യവിഷയങ്ങൾക്കായി CBCI നിലകൊള്ളുകയും ചെയ്തു. ഇക്കാലഘട്ടത്തിൽ തീവ്രമായ വലതുപക്ഷ ഹിന്ദുത്വ ശാക്തീകരണവും മറുഭാഗത്ത് സംഘടിതമായ ദളിത് മുന്നേറ്റവും നമുക്ക് കാണാം. 1991-ൽ ഭാരതം കൈക്കൊണ്ട സ്വതന്ത്രവ്യാപാരസ്ഥിതിയും അതിന്റെ ക്രിയാത്മക നിഷേധാത്മകവശങ്ങളും കൗൺസിലിന്റെ സാമ്പത്തിക ധാർമിക മേഖലയിലെ സ്വീകരണത്തിൽ നിർണായക പങ്കുവഹിക്കുന്ന ഘടകങ്ങളാണ്. മതതീവ്രവാദം വർദ്ധിച്ചുവരുന്ന കാലഘട്ടത്തിൽ വിശ്വാസപ്രഘോഷണം സംവാദാത്മകമാക്കുക എന്നത് കൗൺസിലിന്റെ അരൂപിക്ക് ചേർന്നുപോകുന്നതാണ്. പരിസ്ഥിതിയുടെ ആവശ്യങ്ങൾ, ദളിതർ, ആദിവാസികൾ, സ്ത്രീകൾ, തൊഴിലാളികൾ, ഭൂരഹിത കർഷകർ, ചേരിനിവാസികൾ എന്നിവരുടെ ജീവിതാനുഭവങ്ങൾ ഉൾച്ചേർത്തുള്ള ദൈവശാസ്ത്രത്തിന് ഇന്ന് പ്രത്യേകമായി ഊന്നൽ കൊടുക്കുന്നു..

മഹാജൂബിലിക്കും സഹസ്രാബ്ദത്തിനും ഒരുക്കമായി 1999-ൽ നടന്ന ഏഷ്യൻ സിനഡ് കൗൺസിൽ സ്വീകരണത്തിൽ സുപ്രധാന പങ്കുവഹിച്ചിട്ടുണ്ട്. സിനഡിന്റെ സമാപനരേഖയായ 'സഭ ഏഷ്യയിൽ' കൗൺസിൽ ചൈതന്യത്തോട് അങ്ങേയറ്റം വിശ്വസ്തത പുലർത്തുന്ന ഒന്നാണ്. കൗൺസിലിന്റെ "കൂട്ടായ്മയുടെ സഭാശാസ്ത്രത്തിന്റെ" സുപ്രധാനമായ പുനർപ്രഖ്യാപനമാണ് ഈ രേഖയിൽ നാം കാണുക. ഏഷ്യൻ സിനഡ് ഏഷ്യയിലെ-ഭാരതത്തിലെ സഭകൾക്ക് നല്കിയ ദൗത്യം 'തീർത്തും ആർജ്ജവത്വമുള്ള പ്രാദേശികസഭകളാകാനും സമഗ്രമായ സുവിശേഷവത്കരണത്തിന് രൂപം കൊടുക്കാനുമാണ്'. എക്യുമെനിക്കൽ രംഗത്തെ സുപ്രധാന സംഭവമാണ് 1999-ൽ CBCI യും NCCI യും ചേർന്ന് നടത്തിയ നാഷണൽ എക്യുമെനിക്കൽ അസംബ്ലി. സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ടിരിക്കുന്നവരുടെ, പ്രത്യേകിച്ച് സ്ത്രീകളുടെ, ശാക്തീകരണത്തിനായി യത്നിക്കുക, വിവേചനത്തിനെതിരെ പോരാടുക, പാവപ്പെട്ടവർക്കും ഇന്ത്യയുടെ സംസ്കാരത്തിനുമെതിരെ ആഗോളവത്കരണം നടത്തുന്ന കടന്നുകയറ്റം ചെറുക്കുക തുടങ്ങിയവ ഈ അസംബ്ലിയിലെ വിഷയങ്ങളായിരുന്നു.

www.malankaralibrary.com



### 10. ഭാരതമെത്രാൻ സംഘവും കൗൺസിൽ സ്വീകരണവും

മെത്രാന്മാരുടെ സംഘാതാത്മകതയെപ്പറ്റിയുള്ള കൗൺസിൽ പഠനത്തിന്റെ പശ്ചാത്തലത്തിൽ വേണം വ്യത്യസ്ത മെത്രാൻ സംഘങ്ങളുടെ രൂപീകരണം മനസ്സിലാക്കാൻ. സുവിശേഷവത്കരണത്തിന് ആക്കംനല്കാനാണ് ഈ സംവിധാനം നടപ്പിൽ വന്നത്.[9] വിദ്യാഭ്യാസ സാമൂഹികക്ഷേമ സംവിധാനങ്ങളിൽ കൗൺസിലിനുമുമ്പുള്ള കാലഘട്ടത്തിൽ ഭാരതഹൈറാർക്കി ഊന്നൽ കൊടുത്തെങ്കിൽ കൗൺസിലിനുശേഷമുള്ള ഊന്നൽ താഴെപ്പറയുന്ന മേഖലകളിലാണ്. സുവിശേഷവത്കരണത്തിന്റെ ഭാഗം തന്നെയായ വിമോചനം, മതാന്തരസംവാദം (1973 പാറ്റ്നയിലെ ദേശീയ ചർച്ച) പാവപ്പെട്ടവരോടും അധഃസ്ഥിതരോടുമൊപ്പം നിലകൊള്ളുന്ന, നീതിപൂർവകമായ സമൂഹത്തിനുവേണ്ടി യത്നിക്കുന്ന ഒരു സഭ (CBCI സമ്മേളനം, ബാംഗ്ലൂർ, 1978). ജാതിവ്യവസ്ഥയെ മനുഷ്യാവകാശങ്ങളുടെ നിഷേധമായും ക്രിസ്തീയസാക്ഷ്യത്തിന്റെ ഒറ്റിക്കൊടുക്കലായും CBCI കണ്ടത് കൗൺസിൽ വീക്ഷണത്തിൽ അർത്ഥപൂർണമാണ്. ഭാരതസഭയുടെത്തന്നെ ഒരു കളങ്കമായി 'ജാതിവ്യവസ്ഥ' മാറിയിരിക്കുന്നു എന്ന സത്യത്തെപ്പറ്റി അവർ അവബോധമുള്ളവരായിരുന്നു.

### 11. കൗൺസിൽ സ്വീകരണത്തിലെ രണ്ടു പ്രത്യേക പഠനങ്ങൾ

**A. പൗരസ്ത്യസഭകൾ**[10]: *OE* എന്ന ഡിക്രി എപ്രകാരം സീറോ മലബാർ സഭയിൽ സ്വീകരിക്കപ്പെട്ടു എന്നതാണ് ഒന്ന്. ഈ മേഖലയിൽ 2004-ൽ മാങ്ങാനത്തുവച്ച് നടന്ന സിമ്പോസിയം പ്രത്യേകം പ്രസ്താവ്യമാണ്. കൂട്ടായ്മയുടെ സഭാശാസ്ത്രം കൗൺസിലിന്റെ തനതായ സംഭാവനയായിരുന്നുവെന്നും 1985-ലെ പ്രത്യേക സിനഡ് പറയുന്നതുപോലെ "കൗൺസിൽ രേഖകളുടെ മുഖ്യവും അടിസ്ഥാനപരവുമായ ആശയം കൂട്ടായ്മയുടെ സഭാശാസ്ത്രമാണ്" എന്നും ഈ സിമ്പോസിയം വ്യക്തമാക്കി. വിവിധ സഭകൾ തമ്മിൽ സ്ഥാനത്തിലും അവകാശങ്ങളിലും ഉത്തരവാദിത്വങ്ങളിലും പ്രത്യേകിച്ച് സുവിശേഷവത്കരണത്തിലും തുല്യതയുണ്ടെന്ന *OE* പ്രഖ്യാപനം (No.3) ഇന്ത്യയിൽ ഇനിയും പാലിക്കപ്പെടേണ്ടിയിരിക്കുന്നുവെന്ന് സിമ്പോസിയം വ്യക്തമാക്കി. ഇന്ത്യയിലും പുറത്തും പൗരസ്ത്യസഭകൾക്ക് പൂർണമായ പ്രവർത്തനസ്വാതന്ത്ര്യം നല്കുന്നത്

www.malankaralibrary.com



വ്യക്തിഗതസഭയുടെ വളർച്ചയ്ക്കും എക്യുമെനിസത്തിന്റെ മുന്നേറ്റത്തിനും ആവശ്യമാണ്. *OE*, CCEO എന്നീ നിർദ്ദേശങ്ങൾ സ്വീകരിക്കപ്പെടാത്തത് കേരളത്തിനു പുറത്തുള്ള കുടിയേറ്റ ജനതതിയുടെ ആധ്യാത്മിക പരിശീലനത്തിന് തടസ്സമാകുന്നുവെന്നും ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്ന മതസ്വാതന്ത്ര്യത്തിന്റെ നിഷേധമാകുവെന്നും സിമ്പോസിയം ചൂണ്ടിക്കാട്ടി.

**B. ദൈവാവിഷ്കരണം**[11]: ഈ പ്രമാണരേഖയുടെ 40-ാം വർഷം പ്രമാണിച്ച് 2003-ൽ ബാംഗ്ലൂരിൽവച്ച് നടത്തപ്പെട്ട ചർച്ചാ സെമിനാർ ഈ രേഖ എപ്രകാരം ഇന്ത്യയിൽ സ്വീകരിക്കപ്പെട്ടു എന്നതിന് ഒരു വിലയിരുത്തൽ നല്കി. ഭാരതത്തിന്റെ ബഹുവിധമായ സാമൂഹിക സാംസ്കാരിക പ്രശ്നങ്ങൾക്ക് ദൈവവചനത്തിന്റെ വിമോചനാത്മകവും സംവാദാത്മകവുമായ പരിപ്രേക്ഷ്യത്തിന് ഊന്നൽ നല്കുന്ന ദൈവവചനവിശകലനം പരിഹാരമാവുമെന്ന് ഈ സെമിനാർ വ്യക്തമാക്കി. മതങ്ങളുടെ വൈവിധ്യത്തിന്റെ പശ്ചാത്തലത്തിൽ ദൈവവചന വ്യാഖ്യാനം നടത്തുവാൻ ആഹ്വാനം ചെയ്ത സെമിനാർ ബൈബിളിലും മറ്റു മതഗ്രന്ഥങ്ങളിലും കാണുന്ന വചനത്തിന്റെ ജീവശക്തിക്ക് ഭാരത ജനതയുടെ ഐക്യത്തിനു കാരണമാകാൻ കഴിയുമെന്ന് വിലയിരുത്തി. ഇന്ത്യയുടെ സാമൂഹിക സാംസ്കാരിക യാഥാർത്ഥ്യങ്ങൾക്കനുസരിച്ച് ബൈബിൾ വ്യാഖ്യനത്തിന് ഇന്ത്യൻ സമീപനങ്ങൾ സ്വീകരിക്കുമ്പോൾ മാത്രമെ അനുരൂപണം സാധ്യമാവൂ.

**12. ഉപസംഹാരവും വിലയിരുത്തലും**

കൗൺസിലും അതിനുശേഷവും ഇന്ത്യയുടെ സാംസ്കാരിക, ആധ്യാത്മിക, താത്ത്വിക പാരമ്പര്യങ്ങളെക്കുറിച്ച് ഭാരതസഭയ്ക്ക് ആഴമായ അവബോധമുണ്ടായി. സഭയുടെ നവീകരണത്തിന് നവമായി ഭാരതമണ്ണിൽ സഭയ്ക്ക് വേരോട്ടമുണ്ടാകണമെന്ന് കൗൺസിൽ ആഹ്വാനം ചെയ്തു. ഇന്ത്യയിലെ മറ്റു മതപാരമ്പര്യങ്ങളിലെ ദൈവത്തിന്റെ സവിശേഷമായ സാന്നിധ്യത്തെപ്പറ്റിയുള്ള വിചിന്തനം കൗൺസിലാനന്തര സഭയുടെയും ദൈവശാസ്ത്രത്തിന്റെയും ഒരു മുഖ്യദർശനമാണ്.[12] കൗൺസിലിന്റെ അരൂപിയിൽ ജനങ്ങളുടെ ദാരിദ്ര്യത്തിന്റെയും ചൂഷണത്തിന്റെയും പശ്ചാത്തലത്തിൽ അവരുടെ ജീവിതപോരാട്ടങ്ങൾക്കൊപ്പം നിൽക്കാനും മനുഷ്യജീവിതത്തിന്റെ സമഗ്രതയോടുള്ള

www.malankaralibrary.com



സഭയുടെ ഉത്തരവാദിത്വം വ്യക്തമാക്കാനും ഈ കാലഘട്ടത്തിൽ സഭ ശ്രമിച്ചു. Church in India Seminar മതസൗഹാർദ്ദദർശനത്തിനും സാഹചര്യദൈവശാസ്ത്രത്തിനും (Contextual Theology) പ്രാധാന്യം കൊടുത്ത ഒന്നായിരുന്നു.

വോട്ടിന്റെ ഏറ്റക്കുറച്ചിൽ നോക്കി കാര്യങ്ങൾ നിശ്ചയിക്കുന്ന ആധുനിക ജനാധിപത്യരീതിയല്ലെങ്കിലും കൗൺസിലിന്റെ കൂട്ടായ്മയുടെ ദൈവശാസ്ത്രം കൂട്ടുത്തരവാദിത്വ ദർശനവും വഴിയായി ദൈവജനത്തിന്റെ പ്രതീക്ഷകളും അനുഗ്രഹങ്ങളും സഭാഭരണസംവിധാനങ്ങളിൽ കടന്നുവരുകയും ജനാധിപത്യവ്യവസ്ഥിതിയുടെ മൂല്യങ്ങൾ സഭ ഉൾക്കൊള്ളുകയും ചെയ്തു. കൗൺസിലിനു മുമ്പുതന്നെ സീറോ മലബാർ സഭയ്ക്കുണ്ടായിരുന്ന 'പള്ളിയോഗ'ത്തിന്റെ പ്രവർത്തന സാധ്യതകൾക്ക് കൗൺസിൽ നിർദ്ദേശങ്ങളോടെ കൂടുതൽ ദിശാബോധം കൈവന്നു. ലത്തീൻ സഭയിലാകട്ടെ പാസ്റ്ററൽ കൗൺസിലും പാരിഷ് കൗൺസിലും രണ്ടാം വത്തിക്കാൻ കൗൺസിലിനോടുകൂടിയാണ് നിലവിൽ വന്നത് (സീറോ മലബാർ, മലങ്കര സഭകളിൽ രൂപതാതലത്തിലെ പാസ്റ്ററൽ കൗൺസിലും സൂനഹദോസിന്റെ സംഭാവനകളാണ്). എങ്കിലും കൂട്ടായ്മയും കൂട്ടുത്തരവാദിത്വവും വാക്കുകളിൽ മാത്രം ഒതുങ്ങുന്നതായും വൈദികരും സന്യസ്തരും അല്മായരും വിവിധ തട്ടുകളിൽ കഴിയുന്നതായും ഉള്ള തോന്നൽ ഇന്ന് വർദ്ധിച്ചുവരുന്നുണ്ട്. വിവിധ കൗൺസിലിലേക്കുള്ള തിരഞ്ഞെടുപ്പുകളുടെയും അവയുടെ നടത്തിപ്പിന്റെയും രാഷ്ട്രീയവത്കരണവും ഈ രംഗത്തെ വെല്ലുവിളിയാണ്.

കേരളകത്തോലിക്കാസഭയിലെ സുപ്രധാന വഴിത്തിരിവാണ് എൺപതുകളിലുണ്ടായ കരിസ്മാറ്റിക് നവീകരണം. വി. ഗ്രന്ഥാധിഷ്ഠിതമായി വ്യക്തിയുടെ മാനസാന്തരവും സൗഖ്യവും ലക്ഷ്യം വച്ച ഈ നവീകരണം ഏറെ നന്മകൾ സഭയ്ക്ക് നല്കിയിട്ടുണ്ട്. എന്നാൽ 'അനുഭവത്തിന്' ഏറെ ഊന്നൽ നല്കുന്ന ആധ്യാത്മികതയും വ്യക്തിപരതയ്ക്ക് ആക്കംനല്കുന്ന പരിപാടികളും നവീകരണപ്രസ്ഥാനത്തിൽ തിരുത്തലുകൾ ആവശ്യമായ മേഖലകളാണ്.

സഭയിലെ വിവിധ റീത്തുകൾക്കിടയിലും സഭാനേതൃത്വത്തിലും

www.malankaralibrary.com



ഇന്ന് ഡയലോഗ് വർദ്ധിച്ചുവരേണ്ടതുണ്ട്. റീത്തുകൾ തമ്മിൽ പാരസ്പര്യത്തിനു പകരം അപരിചിതത്വം കടന്നുവരുന്നുവോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. റീത്തുകൾ (സഭകൾ) തമ്മിൽ കൂടുതൽ സഹകരണത്തിന്റെ പാതകൾ ഇന്ന് വെട്ടിത്തുറക്കപ്പെടണം.

ആരാധനക്രമനവീകരണം കൂടുതൽ അർത്ഥവത്തും ഫലപ്രദമാകണമെങ്കിൽ സഭകൾ ഇനിയും ഏറെ കാലം സഞ്ചരിക്കേണ്ടിയിരിക്കുന്നു. ആരാധനാക്രമത്തിലെ സാംസ്കാരികാനുരൂപണം നമ്മുടെ അടിയന്തരശ്രദ്ധ പതിയേണ്ടതാണ്. സംഗീതം, വേഷഭൂഷാദികൾ, ആംഗ്യങ്ങൾ, കർമവിധികൾ ശില്പകല എന്നിവയെല്ലാം ഓരോ സഭയിലും ആഴമായ അനുരൂപണം ആവശ്യമാണ്. സാംസ്കാരികാനുരൂപണം പൊതുവായി എടുക്കുമ്പോൾ ബ്രാഹ്മണ സംസ്കാരവുമായി മാത്രം സംവദിച്ച സഭ ദളിത്, ആദിവാസികൾ എന്നിവരുടെ പ്രശ്നങ്ങളുമായി ചെറിയ തോതിൽ മാത്രമേ സമ്പർക്കം പുലർത്തിയിട്ടുള്ളൂ.

ആഘോഷത്തിനും ആർഭാടത്തിനും ഒന്നാം സ്ഥാനം നല്കുന്ന നിർമാണപ്രവർത്തനങ്ങളും തിരുനാൾ പരിപാടികളും ദരിദ്രനായ യേശുവിന് സാക്ഷ്യം വഹിക്കാനുള്ള കൗൺസിൽ ആഹ്വാനത്തിൽ നിന്ന് സഭ പിന്നോട്ടുപോകുന്നുവെന്ന പ്രതീതിയാണ് ജനിപ്പിക്കുന്നത്. ഇടവകസമൂഹത്തിൽ സാമൂഹ്യനീതി ഉറപ്പുവരുത്താനും ധൂർത്തും പാഴ്ച്ചെലവുകളും ഇല്ലാതാക്കാനും സഭാനേതൃത്വം ഉണർന്നുപ്രവർത്തിക്കേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസമേഖലയിലെ സഭയുടെ ശക്തമായ സജീവസാന്നിധ്യം കേരളത്തിന് പൂർണസാക്ഷരത കൈവരിക്കാനും അവർണ്ണർക്കും പാവപ്പെട്ടവർക്കും വിദ്യാഭ്യാസസൗകര്യങ്ങൾ ലഭിക്കാനും സഹായിച്ചു. എങ്കിലും കച്ചവടമനസ്ഥിതിയോടെ വിദ്യാഭ്യാസരംഗത്തെ വീക്ഷിക്കാനും നീതിബോധവും പാവപ്പെട്ടവരോടുള്ള പരിഗണനയുമില്ലാതെ ഈ രംഗത്ത് പ്രവർത്തിക്കാനും ചിലർ തുനിഞ്ഞത് കൗൺസിലിന്റെ വിദ്യാഭ്യാസനയത്തെ തകിടം മറിക്കലായിരുന്നു.

കൗൺസിലിന്റെ സ്വീകരണത്തിൽ നാം പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു രംഗമാണ്, മതാന്തരസൗഹൃദവും സംഭാഷണവും. കേരളം അടി

www.malankaralibrary.com



ക്കടി ജാതീയമായും വർഗീയമായും വിഭജിക്കപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നല്ല സുഹൃത്തുക്കളായി ജീവിച്ചുകൊണ്ട്, സമൂഹത്തിന്റെ ഉത്കർഷത്തിനായി പ്രവർത്തിച്ചുകൊണ്ട്, വിവിധ മതസമ്പത്തുകൾ പങ്കുവച്ചുകൊണ്ട് മതാന്തരബന്ധത്തിൽ വളരുവാനുള്ള കൗൺസിൽ ആഹ്വാനം ഏറെ പ്രസക്തമാണ്.

സാമൂഹ്യ സാമ്പത്തിക മേഖലകളിൽ വികസനത്തിൽ ഊന്നൽ കൊടുക്കുവാൻ സഭയ്ക്ക് സവിശേഷമായ ഉത്തരവാദിത്വവും അവകാശവുമുണ്ടെന്ന് കൗൺസിൽ വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഏറെ ദരിദ്രരുള്ള നമ്മുടെ നാടും ജനങ്ങളും സഭയുടെ പ്രത്യേക പരിഗണനയ്ക്കു പാത്രമാകണം. തന്റെ വിമോചനദൗത്യത്തെപ്പറ്റി ഭാരത/കേരള കത്തോലിക്കാസഭയ്ക്ക് കൂടുതൽ അവബോധമുണ്ടാകണം.

സഭയുടെ ശക്തിസ്രോതസ്സായ യുവജനങ്ങളെ ഇന്ന് സഭയ്ക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അവരുടെ കർമശേഷിയെ മാനിച്ചുകൊണ്ട് വ്യക്തമായ കർമപരിപാടികൾക്ക് എല്ലാ രൂപതകളിലും സഭ നേതൃത്വം കൊടുക്കണം. സ്ത്രീകളെ മാനിക്കുന്ന, അവരുടെ ദൗത്യത്തിനും ശുശ്രൂഷയ്ക്കും പ്രാധാന്യം കൊടുക്കുന്ന ഒരു സഭയും ഇന്നുണ്ടാകണം. തകരുന്ന കുടുംബദാമ്പത്യബന്ധങ്ങൾ, പെരുകുന്ന മദ്യമയക്കുമരുന്നു സംസ്കാരം, മാറിവരുന്ന വ്യവസായികാന്തരീക്ഷം എന്നിവ കൗൺസിൽ സ്വീകരണത്തിൽ നാം കൂടുതലായി ശ്രദ്ധിക്കേണ്ട വസ്തുതകളാണ്. വ്യവസായവത്കൃതമായ, സമത്വബോധമുള്ള, പാരിസ്ഥിതിക പ്രശ്നങ്ങൾക്കുത്തരം കൊടുക്കുന്ന കേരളസമൂഹം സഭയുടെ സ്വപ്നമാണ്.

നിത്യം നവീകരിക്കപ്പെടാനുള്ള ദൈവത്തിന്റെ വിളിക്ക് രണ്ടാം വത്തിക്കാൻ കൗൺസിലിൽ സഭ കാതോർത്തു നിന്ന് ഉത്തരം നല്കി. ഈ കൗൺസിൽ നവീകരണവും സ്വീകരണവും ഇന്നും തുടരേണ്ടത് ദൈവത്തിന്റെ വിളിക്ക് നാം നല്കുന്ന പ്രത്യുത്തരമാണ്.

www.malankaralibrary.com



**കുറിപ്പുകൾ**


1. E. MONTERIO, *The Theological and Ecclesiological Concept of Reception in the Tradition of the Church*, in *Reception of the Documents of the Universal Magisterium by the Local Churches and thier Pastoral Interpretation*, Colloquium (NBCLC, 26-28 Nov. 2003, Bangalore, India), P. 2.

2. S. ATHAPPILLY, *Universal Magisterium and Reception in the Local Church. An Oriental Perspective, Reception....Colloquium, Bangalore, 2003*, P. 2.

3. T. DABRE, *Reception of the Documents of the Universal Magisterium by the Community of the Theologians and Theological Institutes*, in *VJTR* 68 (2004) 85-97, 196-207. G. ROUTHIER, La périodisation in G. ROUTHIER (ed.), *Réceptions de Vatican II. Le concile au re:sque de l'hisotoire et des espaces humains*, Leuven 2004, 225-244, pp. 225-226.

4. P. PULIKKAN, *Indian Church at Vatican II, A Historico-Theological Study of the Indian Participation in the Second Vatican Council*, Trichur, 2001; P. PULIKKAN, *The Indian Church at Vatican II*, in Vidyajyothi, Journal of Theological Reflection (hearafter *VJTR*) 66 (2002) 164-174.

5. J. DE CUYPER, *First All-India Liturgical Meeting*, in *CM* 32 (1968) 221-224; J. DUPUIS, *Second All India Liturfical Meeting*, in *CM* 33 (1969) 219-223; J. DUPUIS, *Planning the Liturgy of Tomorrow*, in *CM* 36 (1972) 93-105.

6. P. PUTHANANGADY, *Inculturation of Liturgy in India*, in A. NARIKULAM (ed.), *Inculturation and Liturgy*, Alwaye, 1992, 98-113.

7. EDITORIAL, in *VJTR* 45 (1981) 3-4, p. 3.

8. M. AMALADOSS, *The Liturgy: Twenty Years After Vatican II*, in *VJTR* 47 (1983) 231-239.

9. CBCI EVALUATION COMMITTEE, *CBCI Evaluation Report, The Catholic Bishop's Conference of India: Retrospect and Prospects* , New Delhi 1995.

www.malankaralibrary.com



10. Symposium on *Orientalium Ecclesiarum, Its 'Reception' in the Syro Malabar Church*, Oct.8-10, Kottayam, 2004.

11. Statement of the Colloquium, *The Interpretation of the Bibile in the Context of India, a Colloquium on Dei Verbum, Nov. 10-12, 2003* in *VJTR* 68 (2004) 141-145.

12. P. PULIKKAN, *Nostra Aetate, The Indian Church and the Hindu Religion* in G. ROUTHIER (ed.) *Réceptions de Vatican II*, 153-173.

www.malankaralibrary.com

# ശുദ്ധിപത്രം

N.B. : **അച്ചടിപ്പിശകുകളിൽ അത്യാവശ്യമായിട്ടുള്ളവയുടെ തിരുത്തലുകൾ ചുവടെ ചേർക്കുന്നു. നിർദ്ദിഷ്ടപുറങ്ങളിലും വരികളിലും താഴെ കൊടുത്തിരിക്കുന്ന പ്രകാരം തിരുത്തി വായിക്കുക**

| പുറം | വരി | |
|---|---|---|
| 5 | 4 | ജൂബിലിയോടനുബന്ധിച്ച് |
| 25 | 18 | സാരാംശവും |
| 32 | 3 | സാധുതയെ |
| 33 | 22 | Institutionalization |
| 43 | 13 | മൂർത്തീകരണങ്ങളായിരിക്കണം |
| 58 | 16 | നാഴികക്കല്ലായിത്തീർന്ന |
| 60 | 25 | പാരമ്പര്യത്തിൽ അടിയുറച്ചതും |
| 63 | 5-6 | Contrast |
| 63 | 14 | പ്രാമാണ്യവും |
| 65 | 4-5 | ഉപയോഗിച്ച് |
| 65 | 18 | ഇവ ഉള്ളൂ |
| 66 | 21 | Subsists |
| 67 | 14 | ദിവ്യവസ്തുവായി |
| 70 | 3 | Christifideles |
| 74 | 21 | Come |
| 74 | 26 | ഉപോദ്ഘാതത്തിൽ |
| 79 | 3 | ഫ്രെഡറിക്ക് |
| 79 | 3 | മരണവാർത്തയറിഞ്ഞത് |
| 81 | 8 | Christifideles |
| 83 | 19 | പ്രത്യേകമായ |
| 84 | 12 | അംഗവും |
| 99 | 2-3 | പ്രകടമാണുതാനും |
| 101 | 6 | അവിഭാജ്യ അസ്തിത്വമാണ് |
| 101 | 15 | സർവാതിശായിത്വ |
| 110 | 27 | പ്രദാനം |
| 112 | 26 | Christian |
| 114 | 29 | Scriptura |
| 115 | 19 | Mihi non placet |
| 122 | 17 | lectio |
| 123 | 13 | ഉദീരണം |
| 128 | 11 | oikumene |
| 129 | 14 | ഗുണവിശേഷമാണ് |
| 135 | 24 | ആവശ്യങ്ങളും |
| 140 | 8 | ദൈവശാസ്ത്ര |
| 142 | 7-8 | എല്ലാ ക്രൈസ്തവരെയും ക്രിസ്തുവിൽ ഒന്നിപ്പിക്കുക എന്നത് മാനുഷികമായ |
| 142 | 22 | വൈവിധ്യം |
| 150 | | 'രക്ഷകന്റെ മിഷൻ' |
| 152 | 2 | പരിശുദ്ധാത്മാവിന്റെ |
| 153 | 19-20 | പുരോഗമന |
| 154 | 10 | ഭാഗമാക്കാതിരിക്കുകയും |
| 156 | 12 | പ്രേഷിതത്വത്തിനു |
| 156 | 30 | പ്രവർത്തനങ്ങൾ |
| 159 | 4 | കരുതുന്നതിനാൽ |
| 160 | 7-8 | മതപരിവർത്തനത്തിന് |
| 160 | 32 | തഴപ്പെടണം? |
| 161 | 8 | സന്ദിഗ്ധാവസ്ഥ |
| 168 | 4 | ലക്ഷീകരിക്കുന്ന |
| 170 | 12 | പ്രധാനമായും |
| 170 | 26 | മാനിക്കേണ്ടതാണെന്ന് വ്യക്തമാക്കുന്നു |
| 171 | 2 | പന്ഥാവ് |
| 171 | 24 | പ്രേഷിതപ്രവർത്തനങ്ങളിലെ |
| 173 | 11 | കളമൊരുക്കിക്കൊണ്ടും |
| 177 | 20 | പ്രദാനം ചെയ്ത |
| 178 | 24 | ഡിക്രി |
| 179 | 12 | ക്രിസ്തുവിൻ |
| 180 | 14 | സഹവർത്തിത്വത്തെ |
| 186 | 3 | Inculturation |
| 191 | 18-19 | മൗഢ്യവുമാണ് |
| 191 | 25 | ഖേദവുമല്ല |
| 192 | 7 | ശ്രദ്ധിക്കപ്പെടേണ്ടതാണ് |
| 199 | 1 | അസ്വീകാര്യമാണെന്ന് |
| 199 | 2 | വീക്ഷണമല്ല |
| 199 | 4 | പ്രബോധനങ്ങളെയും |
| 199 | 5 | സൂനഹദോസിനെയും |
| 204 | 23 | കൗൺസിലിലെ |
| 207 | 19 | ചർച്ചാസമ്മേളനത്തിലും |
| 212 | 7 | ദൈവശാസ്ത്രവും |

www.malankaralibrary.com

# രണ്ടാം വത്തിക്കാൻ കൗൺസിൽ

## ഒരു പഠനം

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 40 –ാം വാർഷികത്തോടനുബന്ധിച്ച് റൂബി ജൂബിലി സംഗമം പി. ഒ. സി. യിൽ 2005 ഡിസംബർ 9, 10 തീയതികളിൽ സംഘടിപ്പിക്കുകയുണ്ടായി. വത്തിക്കാൻ പ്രതിനിധി അഭിവന്ദ്യ ആർച്ച്ബിഷപ്പ് പെദ്രോ ലോപ്പസ് ക്വിന്താന ഉദ്ഘാടനം ചെയ്ത സംഗമത്തിൽ അവതരിപ്പിച്ചവയും, കൗൺസിൽ നല്കിയ ഉൾക്കാഴ്ചകളുടെ പുനർപഠനവും, കൗൺസിലിന്റെ അന്തസത്ത സഭയിലും സമൂഹത്തിലും എത്രമാത്രം സ്വീകരിക്കപ്പെട്ടുവെന്ന വിലയിരുത്തലും, കൗൺസിലിന്റെ ചൈതന്യം ഇന്നത്തെ കേരളസഭയിൽ കൂടുതൽ വ്യാപകമായും തീവ്രമായും സാക്ഷാത്കരിക്കാനുള്ള മാർഗങ്ങളുടെ അന്വേഷണവും ഉൾക്കൊള്ളുന്നവയുമായ പ്രബന്ധങ്ങളുടെ സമാഹാരം.



TO SERVE IN TRUTH AND LOVE

Kerala Catholic Bishops' Council's

Pastoral Orientation Centre

P.B. No. 2251, PALARIVATTOM, KOCHI-682 025, KERALA, INDIA
Tel: 0484-2805722, 2805815 Fax: 0484-2806214
E-mail : kcbc@ipath.net.in

www.malankaralibrary.com

MALANKARA
LIBRARY